**നിയമനിർമ്മാണകാര്യം**

**(ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും)**

**1. 2013-ലെ അബ്കാരി (ഭേദഗതി) ബിൽ**

മി.സ്പീക്കർ: ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, അങ്ങേയ്ക്ക് 2013-ലെ അബ്കാരി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): സർ, 2013-ലെ അബ്കാരി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): സർ, 2013-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി.മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): സർ, വികസന ക്ഷേമരംഗത്ത് കേരളം ഒരു മാതൃകയാണ്. കേരള മോഡൽ, ആരോഗ്യ-വിദ്യാഭ്യാസ രംഗത്തെ നമ്മുടെ നേട്ടങ്ങൾ അഭൂതാവഹമാണ്. എന്നാൽ ഈ നേട്ടങ്ങൾ നേടാൻ സാധിച്ചപ്പോൾത്തന്നെ മദ്യപാനത്തിന്റെ കാര്യത്തിൽ വളരെ കറുത്ത ഒരു മുഖം കേരളത്തിനുണ്ട്. വളരെ ആശങ്കാജനകമായ വിധത്തിൽ അത് വർദ്ധിച്ചുവരികയാണ്. ആ സാഹചര്യത്തിലാണ് അബ്കാരി നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചത്. ദേശീയതലത്തിൽ പരിശോധിച്ചാൽ മദ്യത്തിന്റെ 16 ശതമാനവും വിറ്റഴിക്കുന്നത് കേരളത്തിലാണ്. ആളോഹരി മദ്യ ഉപഭോഗത്തിൽ ഒന്നാംസ്ഥാനത്തുണ്ടായിരുന്ന പഞ്ചാബിനെ പിന്തള്ളി 8.3 ലിറ്ററുമായി കേരളം ഒന്നാംസ്ഥാനം കരസ്ഥമാക്കി കുപ്രസിദ്ധി നേടിയിരിക്കുകയാണ്. കാൽനൂറ്റാണ്ടിനുമുമ്പ് 300 -ൽ ഒരാൾ മദ്യപിച്ചിരുന്നു വെങ്കിൽ ഇന്ന് 20-ൽ ഒന്നായി അത് ചുരുങ്ങി. ജനസംഖ്യയുടെ 5% തീർത്തും മദ്യത്തിന് അടിമകളായി. മദ്യപന്മാരുടെ എണ്ണത്തിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവിന്റെ കാരണങ്ങളിലൊന്ന് യുവതലമുറയുടെ ഈ രംഗത്തേയ്ക്കുള്ള രംഗപ്രവേശമാണ്. മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 1980-കളിൽ 19 വയസ്സായിരുന്നു, എന്നാൽ 1990-കളിൽ ഇത് 17 വയസ്സായും ഇന്ന് 14 വയസ്സായും ചുരുങ്ങിയിരിക്കുകയാണ്. മുൻ സർക്കാ രിന്റെ അഞ്ച് വർഷക്കാല ഭരണത്തിൽ വിറ്റഴിച്ച മദ്യം 23712 കോടി രൂപയുടേതായിരുന്നു. വിദേശ മദ്യ ഷോപ്പുകളുടെ എണ്ണം 384 ആയി ഉയർന്നു. കെ.എസ്.ബി.സി.-യുടെ വിറ്റുവരവ് 11 വർഷത്തിനുള്ളിൽ 420

ശതമാനത്തിന്റെ റിക്കോർഡ് വർദ്ധനവ് രേഖപ്പെടുത്തി. കെ.എസ്.ബി.സി. 2001-2002-ൽ 1694 കോടി രൂപയുടെ മദ്യം വിറ്റഴിച്ചു. 2012-2013-ൽ ഇത് 8818.18 കോടി രൂപയായി കുതിച്ചുയർന്നു. 1981-82-ൽ 144 എണ്ണം മാത്രമായിരുന്ന ബാർ ഹോട്ടലുകൾ 2012-13 ആയപ്പോഴേയ്ക്കും 742 ആയി വർദ്ധിച്ചു. കഴിഞ്ഞ കാൽനൂറ്റാണ്ടിൽ കേരളത്തിലെ മദ്യവിൽപ്പന റിക്കോർഡ് സൃഷ്ടിച്ചു. ഐ.എം.എഫ്.എൽ-ന്റെ വിൽപ്പനയിൽ 232 കോടി കെയ്സിന്റെ വർദ്ധനവുണ്ടായി. ബിയറിന്റെ വിൽപ്പനയിലും വൻ മുന്നേറ്റം ദൃശ്യമായി. 1988-ൽ വെറും 5.16 ലക്ഷം കെയ്സ് വിറ്റഴിച്ചിരുന്ന സ്ഥാനത്ത് 2012-13-ൽ 1.02 കോടി കെയ്സുകളായി അത് ഉയർന്നിരിക്കുകയാണ്. മാത്രമല്ല ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് കേരളീയരുടെ ഉപഭോഗം. വിദ്യാർത്ഥികൾപോലും മദ്യാസക്തിക്ക് അടിമകളാകുന്ന ദുരവസ്ഥയാണ് ഇന്നുള്ളത്. വിവാഹ മോചനക്കേസ്സുകളിലെ 80 ശതമാനത്തിലും മദ്യാസക്തിയാണ് പ്രധാന വില്ലൻ. റോഡപകടങ്ങളിൽ ഇന്ത്യ ലോകത്ത് മൂന്നാം സ്ഥാനത്താണ്. 2011-ലെ കണക്കുപ്രകാരം 4.9 ലക്ഷം റോഡപകടങ്ങളിലായി 1.42 ലക്ഷംപേർ കൊല്ലപ്പെട്ടു. ഇതിൽ മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടായ അപകടങ്ങൾ കാൽലക്ഷം ആണ്. 10553 പേർ മരണപ്പെടുകയും ചെയ്തു. ഭീതിജനകമായ ഈ വസ്തുതകൾ ഉൾക്കൊണ്ടുകൊണ്ട് രൂപം നൽകിയതാണ് ഈ സർക്കാരിന്റെ മദ്യനയം. 2011-2012-ലെ മദ്യനയത്തിലെ പ്രസക്ത ഭാഗം - മദ്യ വ്യവസായത്തെ ഒരു വരുമാന സ്രോതസ്സായി കാണാനോ എക്സൈസ് വകുപ്പിനെ വെറുമൊരു റെഗുലേറ്ററി സംവിധാനം എന്ന പരമ്പരാഗതശൈലിയിൽ മുന്നോട്ടുകൊണ്ടുപോകാനോ

സർക്കാർ ഉദ്ദേശിക്കുന്നില്ല. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനോടൊപ്പം സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സംവിധാനമായി എക്സൈസ് വകുപ്പിനെ മാറ്റിയെടുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതുകൊണ്ട് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായാണ് പ്രധാനമായും ബാറുകൾ അനുവദിക്കുന്നത് എന്നാണ് പൊതുവെ പറയുന്നത്. എന്നാൽ ഈ ലക്ഷ്യത്തിൽനിന്നും വ്യതിചലിച്ച് ആവശ്യത്തിലധികം ബാറുകൾ സംസ്ഥാനത്ത് നിലവിൽ വന്നുകൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് നിലവിൽ 683 ബാറുകൾ പ്രവർത്തിക്കുന്നുണ്ട്. തീർച്ചയായും ഈ പ്രവണത കർശനമായി നിയന്ത്രിക്കണമെന്നാണ് സർക്കാർ കരുതുന്നത്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ അമിത വ്യാപനം കർശനമായി തടയേണ്ടതുണ്ട്. ഇതിലേയ്ക്കായി എഫ്.എൽ3 ലൈസൻസുകൾ അനുവദിക്കുന്നതിന് പുതിയ നിബന്ധനകളും മാനദണ്ഡങ്ങളും കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു. 17-08-2011-ലെ സർക്കാർ ഉത്തരവ് നം. 107/2011 ഇതിനാവശ്യമായ ഭരണപരമായ നടപടികളും സ്വീകരിക്കുകയുണ്ടായി. ബാറുകളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് സർക്കാർ നയത്തിന്റെ ചിറക് അരിഞ്ഞുവീഴ്ത്തി. ഇപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അതിന്റെ നിയമയുദ്ധം തുടരുകയാണ്. ഈ സാഹചര്യത്തിലാണ് 2011-2012-ലെ മദ്യനയത്തിൽ രണ്ട് പ്രധാന കാര്യങ്ങൾ പ്രഖ്യാപിച്ചത്. ഒന്ന് - മദ്യം വിൽക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽനിന്നും 21 വയസ്സായി ഉയർത്താൻ തീരുമാനിച്ചു. അതുപോലെതന്നെ സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ □മദ്യപാനം ആരോഗ്യത്തിന് ഹാനികരം□ എന്ന നിയമ

പരമായ മുന്നറിയിപ്പ് നൽകുന്നതിനുള്ള തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് 1077-ലെ കേരള അബ്കാരി നിയമത്തിൽ ഭേദഗതി ആവശ്യമായി വന്നു. പ്രായപരിധി വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതികൾ 15 (എ), 15 (ബി), 67 (എ) എന്നീ വകുപ്പുകളിലും നിയമപരമായ മുന്നറിയിപ്പ് സംബന്ധിച്ച പുതിയ വകുപ്പ് 551 ആയും നിർദ്ദേശിച്ചിരിക്കുന്നു. വിദേശ മദ്യച്ചട്ടം 15 (എ) പ്രകാരം കെ.എസ്.ബി.സി. വെയർഹൗസുകളിൽനിന്നും വിൽക്കുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യം, ബിയർ എന്നിവയിൽ ഗാലനേജ് ഫീസ് അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 1077-ലെ അബ്കാരി നിയമത്തിലെ സെക്ഷൻ 18(4)-ൽ ആണ് ഇതിന്റെ പരമാവധി നിരക്ക് നിർദ്ദേശിച്ചിട്ടുള്ളത്. 2001-ൽ കെ.എസ്.ബി.സി. റീട്ടെയിൽ വ്യാപാരം ഏറ്റെടുത്തതിനുശേഷം ആദ്യകാലഘട്ടങ്ങളിൽ നഷ്ടം സംഭവിച്ചതുമൂലം സർചാർജ് അടയ്ക്കുന്നതിൽനിന്നും കെ.എസ്.ബി.സി.-യെ ഒഴിവാക്കിയിരുന്നു. കോർപ്പറേഷൻ ലാഭത്തിലായപ്പോൾ ഒഴിവാക്കിയ സർചാർജ് തുകയായ 666.33 കോടിരൂപ അഡീഷണൽ ഗാലനേജ് ഫീസായി നൽകണമെന്ന് ധനകാര്യ വകുപ്പ് തീരുമാനിക്കുകയുണ്ടായി. മേൽപ്പറഞ്ഞ വകുപ്പുപ്രകാരം പരമാവധി ചുമത്താവുന്ന ഗാലനേജ് ഫീസ് ഒരു ബൾക്ക് ലിറ്ററിനുമേൽ പരമാവധി 10 രൂപ ആയിരുന്നു. പ്രതിവർഷം 133.39 കോടി രൂപ ഗാല്യനേജ് ഫീസ് അധികമായി ചുമത്തുന്നതിന് ഇത് പ്രതിബന്ധമായി. വരുംവർഷങ്ങളിലെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നിരക്ക് പരമാവധി 10 രൂപയിൽ നിന്ന് 30 രൂപയായി വർദ്ധിപ്പിച്ചുകൊണ്ടുള്ള ഭേദഗതിയാണ് അബ്കാരി നിയമ

ത്തിലെ സെക്ഷൻ 18(4)(b)-ൽ നിർദ്ദേശിച്ചിരിക്കുന്നത്. മറ്റൊരു ഭേദഗതി, എക്സൈസ് കമ്മീഷണറുടെ അനുമതിയില്ലാതെ പാർട്ട്നർഷിപ്പും ഡയറക്ടർ ബോർഡ് പുന:സംഘടനയും നടത്തുമ്പോൾ ബാർ ലൈസൻസുള്ള നക്ഷത്ര പദവിയില്ലാത്ത ഒരു ഹോട്ടലിന്റെ പാർട്ട്നർഷിപ്പോ, ഡയറക്ടർ ബോർഡോ എക്സൈസ് കമ്മീഷണറുടെ അനുവാദമില്ലാതെ പുന:സംഘടിപ്പിക്കുന്നത് കൂടുതൽ ഫീസ് ഈടാക്കിക്കൊണ്ട് അനുവദിക്കുന്നതിന് 2011-12-ലെ അബ്കാരി നിയമപ്രകാരം അനുമതി നൽകുകയുണ്ടായി. 2007-ന് മുമ്പ് ഇങ്ങനെ അനുവദിച്ചിരുന്നുവെങ്കിലും അതിനുശേഷം ടൂസ്റ്റാർ പദവിയിലി ല്ലാത്ത ബാർ ഹോട്ടലുകൾക്ക് ഇത് അനുവദിക്കേണ്ടതില്ലായെന്ന് തീരുമാ നിച്ചു. ഈ വിഷയം കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയുണ്ടായി. പാർട്ട്നർഷിപ്പ് ആക്ടിലോ കമ്പനീസ് ആക്ടിലോ ഇങ്ങനെയൊരു നിയന്ത്രണം ഇല്ലാത്ത സാഹചര്യത്തിൽ, ഇത്തരം സ്ഥാപനങ്ങളിൽ പുന: സംഘടന എന്തുകൊണ്ട് അനുവദിക്കുന്നില്ലായെന്നുള്ള ചോദ്യം ബഹുമാന പ്പെട്ട ഹൈക്കോടതി ഉയർത്തുകയുണ്ടായി. 2011-ലെ ചട്ട ഭേദഗതിക്ക് മുൻകാലപ്രാബല്യമില്ലാത്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി യുടെ ഇതുസംബന്ധിച്ചുള്ള ഉത്തരവ് പാലിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാവുകയും എക്സൈസ് കമ്മീഷണർക്കെതിരെ കണ്ടംറ്റ് നടപടി സ്വീകരിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ നിയമവകുപ്പിന്റെ ഉപദേശ ത്തോടുകൂടിയാണ് അബ്കാരി നിയമത്തിലെ സെക്ഷൻ 67-ന് ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ അവസരത്തിൽ ഒരുകാര്യം പ്രത്യേകം ചൂണ്ടി ക്കാട്ടുകയാണ്. നിലവിലെ ഫൈൻ തുക 25,000 രൂപയായിരുന്നു. അത്

3,00,000 രൂപയായി ഉയർത്തിക്കൊണ്ട് ഈ ഭേദഗതികൾ അംഗീകരിക്കുന്നൊരു നയമാണ് സ്വീകരിച്ചത്. കൂടാതെ, ടൂസ്റ്റാർ പദവിയില്ലാത്ത ഹോട്ടലുകളിലെ നിലവിലെ പാർട്ട്നർ പിരിഞ്ഞുപോകണമെങ്കിൽ 2,00,000 രൂപയും പുതുതായി വരുന്ന പാർട്ട്നർ അല്ലെങ്കിൽ ഡയറക്ടർ 20,00,000 രൂപയും ഫീസിനത്തിൽ അടയ്ക്കേണ്ടതാണ്. ബാർ ഹോട്ടലുകളിൽ പാർട്ട്നറായ ഒരാൾക്ക് പിരിഞ്ഞുപോകണമെങ്കിൽ വ്യവസ്ഥയില്ലായിരുന്നു. ആൾ മരണപ്പെട്ടാൽ മാത്രമേ ഇത് സാധ്യമാവുകയുള്ളു. ആ സാഹചര്യത്തിലാണ് 2,00,000 രൂപ ഫൈൻ ഈടാക്കി ഒരാൾക്ക് പിരിഞ്ഞുപോകാനുള്ള വ്യവസ്ഥ കൊണ്ടുവന്നത്. അതുപോലെതന്നെ ഒരു പാർട്ട്നർക്ക് പുതുതായി ചേരണമെങ്കിൽ 20,00,000 രൂപ എന്നുള്ള വ്യവസ്ഥയും കൊണ്ടുവന്നു. ഈ വ്യവസ്ഥകൾക്കനുസൃതമായി നിയമത്തിൽ മാറ്റം വരുത്തുന്നതിനുള്ള ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് വളരെ നല്ല സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഭേദഗതികളാണ്. ഇനി ഈ ഭേദഗതിയിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ പരിശോധിച്ച്, തീർച്ചയായും പ്രായോഗികമായ ഭേദഗതികളും നിർദ്ദേശങ്ങളും ഉൾക്കൊള്ളാൻ തയ്യാറാണ് എന്നുകൂടി അറിയിച്ചുകൊണ്ട് നിറുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട. കോടിയേരി ബാലകൃഷ്ണൻ അങ്ങേയ്ക്ക് നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: Sir, I move that-

"This House resolves to disapprove The Kerala Abkari (Amendment) Ordinance, 2013 (Ordinance No.32 of 2013)". ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് ഇങ്ങനെയൊരു ഓർഡിനൻസ് ഇറക്കാനും, ഈ ബിൽ കൊണ്ടുവരാനുമുള്ള കാരണം ഇവിടെ വിശദീകരിച്ചു. എന്നാൽ അദ്ദേഹം ഒരു കാര്യം മാത്രം പറഞ്ഞില്ല. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനു ശേഷമുള്ള ഈ മാസക്കാലത്തിനിടയിൽ എന്തുമാറ്റമാണ് നമ്മുടെ സംസ്ഥാന ത്തുണ്ടായത്? ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം ഒരു ഔൺസ് മദ്യത്തിന്റെ ഉപയോഗമെങ്കിലും കുറയ്ക്കാൻ സാധിച്ചിട്ടുണ്ടോ? പിന്നെ എന്തി നാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്? ഈ ബില്ലിന്റെ ലക്ഷ്യം, മദ്യപാനം കുറച്ചുകൊണ്ടുവരാനാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷെ ഓർഡിൻസ് പ്രാബല്യത്തിൽ വന്ന് മാസങ്ങളായിട്ടും മദ്യത്തിന്റെ ഉപയോഗം കുറഞ്ഞില്ലെന്ന് മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞ കണക്കു പ്രകാരം മദ്യത്തിന്റെ ഉപയോഗം കൂടിയിരിക്കുകയാണ്. എന്താണ് ഈ ഓർഡിനൻസിന്റെ ഫലത്തിലുണ്ടായിട്ടുള്ള അനുഭവം? ഈ ബിൽ നിയമമാ ക്കിക്കഴിഞ്ഞാലും ഇതുതന്നെയല്ലേ ഭാവിയിൽ സംഭവിക്കാൻ പോകുന്നത്? അതുകൊണ്ട് ഈ ഓർഡിനൻസിന്റെ പ്രസക്തിയെതന്നെ ചോദ്യം ചെയ്യപ്പെടു ന്നതാണ് ഇവിടെയുള്ള അനുഭവം. ഓർഡിനൻസ് കൊണ്ടു വന്നതിനുശേഷം മദ്യത്തിന്റെ ഉപയോഗം ഇത്ര കുറഞ്ഞു; സ്കൂൾ കുട്ടികളുടെ മദ്യപാനം ഇത്ര കുറഞ്ഞു എന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം? അപ്പോൾ ഓർഡിനൻസ് പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള ഒരു കാര്യവും

ചെയ്യാൻ കഴിയാത്ത ഈ ഗവൺമെന്റ് എങ്ങനെയാണ് ഈ നിയമം നടപ്പാക്കാൻ പോകുന്നത്? ഈ ഗവൺമെന്റിന് ഈ നിയമം നടപ്പാക്കാനുള്ള ഇച്ഛാശക്തിയില്ല. അതുകൊണ്ട് ഇങ്ങനെയുള്ളയൊരു ഗവൺമെന്റ് എന്ത് നിയമം ഉണ്ടാക്കിയിട്ടും ആ നിയമം ഇവിടെ നടപ്പിലാക്കാൻ കഴിയില്ല എന്നതാണ് ഇതിനകത്ത് വ്യക്തമായിരിക്കുന്നത്. 1077-ലെ അബ്കാരി ആക്ട് എന്ന് പറയുമ്പോൾ ഇത് കൊച്ചിയിലെ ഒരു ആക്ടാണ്. 1902-ൽ ആഗസ്റ്റ് മാസം 5-ാം തീയതിയാണ് കൊച്ചിയിൽ ഇത് സംബന്ധിച്ച് ഒരു ആക്ട് ഉണ്ടായത്. ആ കൊച്ചി ആക്ടാണ് പിന്നീട് കേരള ആക്ട് ആക്കി മാറ്റിയത്. അതുതന്നെ 1967-ൽ മേയ് മാസം 11-നാണ് കേരളാതലത്തിലേയ്ക്ക് ഈ ആക്ട് വ്യാപിക്കുന്നത്. കേരളാടിസ്ഥാനത്തിൽ 1967 മുതൽ നിലനിൽക്കുന്ന ഒരു ആക്ടാണ് ഈ അബ്കാരി ആക്ട്. ഈ അബ്കാരി ആക്ടിന്റെ തുടർച്ചയായി ധാരാളം റൂൾസുകൾ ഉണ്ടാക്കിയിട്ടുണ്ട്. അബ്കാരി നിയമങ്ങൾ സംബന്ധിച്ചുള്ള നിരവധി റൂൾസ് ഇതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച് മദ്യത്തിന്റെ ഉപയോഗം, വിപണനം, വ്യാജവിൽപ്പന ഇതിനെല്ലാം സമഗ്രമായ ഒരു നിയമം നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതൊക്കെ ഉണ്ടായിട്ടും ഇവിടെ സംഭവിക്കുന്ന കാര്യം മുമ്പുണ്ടായിരുന്നതിൽ നിന്ന് വ്യത്യസ്ഥമായി മദ്യത്തിന്റെ ഉപഭോഗം സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിച്ചുവരികയാണെന്നുള്ളത് ഉദ്ദേശ്യകാരണത്തിൽ തന്നെ വ്യക്തമാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിക്കുന്ന കണക്ക് വളരെ ഭീകരമാണ്. ഇന്ത്യാരാജ്യത്ത് തന്നെ ആകെ ഉൽപ്പാദിപ്പിക്കുന്ന മദ്യത്തിന്റെ 16 ശതമാനം നമ്മുടെ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുവെന്നുള്ള

താണ്. വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന എല്ലാ കമ്പനിക്കാരും കേരളത്തിലേയ്ക്കാണ് ഉറ്റുനോക്കുന്നത്. അവരുടെ ഏറ്റവും വലിയ വിപണനം കേന്ദ്രമെന്ന് പറയുന്നത് ഇന്ന് കേരളമാണ്. വിജയ് മല്ല്യ സാമ്രാജ്യം പടുത്തുയർത്തുന്നത് കേരളക്കാർക്ക് ഈ മദ്യം വിറ്റിട്ടാണ്. അദ്ദേഹത്തിന്റെ പ്രധാനമായിട്ടുള്ള മദ്യവിൽപ്പനകേന്ദ്രം ഇന്ന് കേരളമാണ്. ഇത് ഇത്രയധികം വർദ്ധിച്ച് വരുന്നൂവെന്നുള്ളത് നമ്മളെ ഞെട്ടിപ്പിക്കുന്ന ഒരു കാര്യമാണ്. ഇതിന്റെ ഭാഗമായി ഈ ഓർഡിനൻസിനകത്ത് കുറഞ്ഞ പ്രായപരിധി 18 വയസ്സ് എന്നുള്ളത് 21 വയസ്സായി വർദ്ധിപ്പിച്ചിരിക്കുന്നത്. നിലവിലുള്ള നിയമപ്രകാരം 18 വയസ്സിന് താഴെയുള്ള ഏതൊരാളും ഏതെങ്കിലും മദ്യം ഉപഭോഗം നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇതാണ് നമ്മുടെ നിലവിലുള്ള നിയമമെങ്കിൽ അതിലെ പ്രായപരിധി 18 വയസ്സ് എന്നുള്ളത് 21 വയസ്സാക്കി മാറ്റി. നിലവിലുള്ള നിയമത്തിലെ 15 (ബി)-ലെ <u>18 വയസ്സിൽ താഴെയുള്ള ആളുകൾക്ക് മദ്യം വിൽക്കുന്നതിനുള്ള നിരോധനം</u>:- ഇത് നിലവിലുള്ള നിയമത്തിലുണ്ട്. മദ്യം വിൽക്കുന്നതിന് ലൈസൻസ് നേടിയിട്ടുള്ള യാതൊരാളും, അത്തരം ലൈസൻസുള്ളയാളുടെ ജോലിക്കാരനായ യാതൊരാളുമോ അല്ലെങ്കിൽ അത്തരം ലൈസൻസുള്ളയാളോ പ്രത്യക്ഷമോ പരോക്ഷമോ ആയ അനുമതിയോടെ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്നയാളോ പതിനെട്ട് വയസ്സിൽ താഴെയുള്ള യാതൊരാൾക്കും മദ്യം വിൽക്കാനോ കൊടുക്കാനോ പാടില്ലാത്തതാകുന്നു. 18 വയസ്സ് എന്നുള്ളത് 21 വയസ്സായി ഉയർത്തി. 21 വയസ്സായി ഉയർത്തിയപ്പോൾ ഇത് സംബന്ധി

ച്ചുള്ള അനുഭവമെന്താണെന്നുള്ളത് ചില പത്രങ്ങൾ ഇതുസംബന്ധിച്ച് ഒരു പരിശോധന നടത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് യാതൊരു മാറ്റവുമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് പത്രങ്ങളിൽ വന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മദ്യം വാങ്ങാൻ വരുന്ന ആളുകളുടെ പ്രായം എത്രയാണെന്ന് ആരെങ്കിലും പരിശോധിക്കുന്നുണ്ടോ; മദ്യം വാങ്ങാൻ പോകുന്ന ആൾ ജനന സർട്ടിഫിക്കറ്റുമായാണോ പോകുന്ന ത്; 21 വയസായാലേ മദ്യം നൽകുകയുള്ളൂ എന്ന് പറയാൻ ആരെങ്കിലും പരി ശോധനാ കേന്ദ്രത്തിൽ നിൽക്കുന്നുണ്ടോ? ഈ ഗവൺമെന്റ് പ്രായം വർദ്ധിപ്പി ക്കുന്ന രണ്ട് കാര്യങ്ങൾ ചെയ്തു. സ്കൂൾ പ്രവേശനത്തിന് അഞ്ച് വയസ് എന്നത് ആറ് വയസാക്കി മാറ്റി. അതിപ്പോൾ വീണ്ടും ആറ് എന്നത് അഞ്ച് വയസാക്കി. അതുപോലെ മദ്യം വാങ്ങുന്നതിന് 18 വയസ് എന്നുള്ളത് 21 വയസാക്കി മാറ്റി. ഈ നിയമം കണ്ടാൽ നമ്മുടെ നാട്ടിൽ ബിവറേജ് കോർപ്പ റേഷനുമുന്നിൽ ജനന സർട്ടിഫിക്കറ്റ് നോക്കിയാണ് മദ്യം കൊടുക്കുന്നതെന്ന് തോന്നും. ഈ നിയമം എത്രത്തോളം പരിഹാസ്യമാണ്. മദ്യത്തിന്റെ ഉപ യോഗം സംബന്ധിച്ച് റിപ്പോർട്ടർ ടി.വി പരിശോധിച്ച ഒരു റിപ്പോർട്ട് വായി ക്കാൻ കഴിഞ്ഞു. അതിൽ ‘ബാറുകളിൽ ഏത് കുട്ടിക്കും മദ്യം, ടിപ് മതി, എക്സൈസിന് മുട്ടിടിക്കും’ എന്നുപറഞ്ഞാണ് ന്യൂസ് കൊടുത്തിട്ടുള്ളത്. അതിൽ പറയുന്നത് ‘നഗരത്തിലുള്ള പല ബാറുകളിലും ഞങ്ങൾ കുട്ടികളെ കണ്ടു. എല്ലായിടത്തും 15 വയസുപോലും തികയാത്ത കുട്ടിയെ ബഹുമാന പൂർവം വണങ്ങി വെയിറ്റർ എത്തി. ഞൊടിയിടയിൽ ഓർഡർ ചെയ്ത മദ്യവും നൽകി. ബില്ലിന്റെ കാശും ടിപ്പും ചോദിച്ചുവാങ്ങി.. ബാറിനുള്ളിൽ

ഒരാളും പ്രതികരിച്ചില്ല. അകത്തേയ്ക്ക് പോകുമ്പോൾ സെക്യൂരിറ്റിയെ കണ്ടില്ല. ബാർ മുതലാളിക്ക് കച്ചവടം നടന്നാൽ മതി. ബാറിൽ കയറി നടപടി യെടുക്കാൻ ഏത് എക്സൈസുകാരനാണ് ധൈര്യമുള്ളത്? ശ്രീ. കെ. ബാബു വിന് ധൈര്യമുണ്ടോ'? എന്നാണ് റിപ്പോർട്ടർ ടി.വി ചോദിച്ചിരിക്കുന്നത്. ഏത് എക്സൈസ് ഉദ്യോഗസ്ഥനാണ് ബാറിൽ കയറി പരിശോധിക്കാൻ ധൈര്യമു ള്ളത്. മാസാമാസം കിട്ടുന്ന കിമ്പളം നഷ്ടപ്പെടുത്താൻ ആർക്കാണ് താല്പര്യം. റിപ്പോർട്ടർ ടി.വി ഒരു സർവേ നടത്തിയപ്പോൾ ചോദിച്ചതാണ്. പല ബാറുകളിലും 21 വയസ് തികയാത്ത വിദ്യാർത്ഥികൾ സംഘങ്ങളായി ചേർന്ന് മദ്യപിക്കാനെത്തുന്നുണ്ട്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേ ഷമുള്ള സ്ഥിതിയാണ് ഇവിടെ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇപ്പോൾ ബിവ റേജ് കോർപ്പറേഷനുമുന്നിൽ കുട്ടികൾ മദ്യം വാങ്ങാനായി നിൽക്കാറില്ല. ബിവറേജിനു മുന്നിൽ നിന്നാൽ വേഗത്തിൽ ആളിനെ മനസിലാകുമെന്ന കാര ണത്താൽ അവിടെനിന്ന് മാറിയിട്ടുണ്ടാവും. ഈ നിയമംകൊണ്ട് ഗുണം കിട്ടി യത് ബാറുകൾക്കാണ്. 21 വയസിന് താഴെയുള്ള കുട്ടികളോട് മന്ത്രി പറയു ന്നത് നിങ്ങൾ ബിവറേജസിനു മുന്നിൽ പോയി നിൽക്കാതെ ബാറിലേയ്ക്ക് പൊയ്ക്കോളൂ എന്നാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, Statement of objects and reasons-ൽ പറഞ്ഞിരിക്കുന്ന വിഷയം, To prevent the sale of liquor to the persons below 21 years. ഇത് മദ്യം വാങ്ങുന്നവർക്കും വിൽക്കുന്നവർക്കും ബാധക മാകും. അപ്പോൾ 21 വയസിൽ താഴെയുള്ള ഒരു തൊഴിലാളിക്ക് liquor

shop-ൽ പണിയെടുക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്നില്ലേ; അത് മൗലികാവകാശത്തിന്റെ ലംഘനമല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ഓർഡിനൻസ് പ്രകാരം 21 വയസ് കഴിഞ്ഞ ആളിന് മാത്രമേ liquor shop നുള്ളിലേയ്ക്ക് പ്രവേശിക്കാൻ കഴിയുകയുള്ളൂ. ചുരുക്കത്തിൽ, മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി 21 ആക്കി ഉത്തരവിറക്കിയത് ബാറുകൾക്കാണ് നേട്ടമുണ്ടാക്കിയതെന്നാണ് റിപ്പോർട്ടർ ടി.വി പറഞ്ഞിരിക്കുന്നത്. ഗവൺമെന്റിന് ഏറ്റവും കൂടുതൽ താല്പര്യം ബാറുകളോടാണ്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നപ്പോൾ പുതിയതായി 62 ബാറുകൾക്ക് അംഗീകാരം കൊടുത്തത്. ഘട്ടം ഘട്ടമായി മദ്യ നിരോധനം എന്നതായിരുന്നു സർക്കാരിന്റെ നയം. ആദ്യ ഘട്ടത്തിൽ 15, രണ്ടാം ഘട്ടത്തിൽ 25, മൂന്നാം ഘട്ടത്തിൽ 62 ...........

ശ്രീ. വി.എസ്. സുനിൽകുമാർ: സർ, സ്കൂളുകൾ അനുവദിച്ചതുപോലെ ബാറുകൾ അനുവദിച്ചതും ജാതി അടിസ്ഥാനത്തിലാണെന്ന കാര്യം അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബാർ അനുവദിച്ചതിന്റെ ജാതി കണക്ക് ഞാൻ പരിശോധിച്ചിട്ടില്ലെങ്കിലും 62 ബാറുകൾ അനുവദിച്ചതിൽ 15 ബാറുകളും എക്സൈസ് വകുപ്പുമന്ത്രിയുടെ ജില്ലയിലാണ് ലഭിച്ചിരിക്കുന്നത് എന്ന കാര്യം ഞാൻ ശ്രദ്ധിച്ചിരുന്നു. ഞാൻ മന്ത്രിയായപ്പോൾ ജില്ലയിൽ 15 ബാറുകൾ അനുവദിച്ചു എന്നുപറഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിക്ക് അഭിമാനിക്കാം. ആഭ്യന്തരവകുപ്പുമന്ത്രി പോലീസ് സ്റ്റേഷൻ കൊണ്ടുവന്നു, വ്യവസായ വകുപ്പുമന്ത്രി വ്യവസായങ്ങൾ കൊണ്ടുവന്നു എന്നുപറയുന്നതുപോലെ

എക്സൈസ് വകുപ്പുമന്ത്രിക്ക് അദ്ദേഹത്തിന്റെ ജില്ലയിൽ 15 ബാറുകൾ കൊണ്ടുവന്നു എന്ന് പറയാം. ബാറുകളിലേയ്ക്ക് ആളുകളെ ആകർഷിക്കുന്ന വിധത്തിലാണ് ഈ നിയമം നടപ്പിലാക്കിയിരിക്കുന്നത്. കോളേജ് വിദ്യാർത്ഥി കൾ പ്രധാനമായും ഇപ്പോൾ ആശ്രയിക്കുന്നത് ബാറുകളെയാണെന്നാണ് ഈ റിപ്പോർട്ടിൽ പറയുന്നത്. ഇത് ഗൗരവകരമായ പ്രശ്നമാണ്. വരുംതലമുറയെ ക്കുറിച്ചുള്ള സർക്കാരിന്റെ ഉത്കണ്ഠ ആത്മാർത്ഥതയുള്ളതാണെങ്കിൽ ഇക്കാ ര്യത്തിൽ ഇടപെടണം എന്നാണ് ഇതിൽ പറയുന്നത്. ഇതിൽ ചില വീഡിയോ ദൃശ്യങ്ങളും റിപ്പോർട്ട് ചെയ്തിരുന്നു. ഒരു പയ്യൻ ബാറിൽ നിന്നും മദ്യം വാങ്ങി പുറത്തേയ്ക്ക് വരുന്ന ദൃശ്യവും ഉണ്ടായിരുന്നു. ശ്രീ. കെ. ബാബു മന്ത്രിയായിരിക്കുന്ന അവസരത്തിൽ ഈ നിയമം പിച്ചിചീന്തപ്പെട്ടിരിക്കുകയാ ണ്. ഈ ഓർഡിനൻസിന് എന്ത് വിലയാണുള്ളത്? ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടും എക്സൈസ് വകുപ്പ് എന്ത് നടപടിയാണെടുത്തത്? മദ്യം വാങ്ങാ നായി പയ്യൻ ബാറിനകത്തേയ്ക്ക് പോയപ്പോഴും പുറത്തേയ്ക്ക് വന്നപ്പോഴും സെക്യൂരിറ്റിക്കാരൻ കണ്ടതായി ഭാവിച്ചില്ല. ആ ദൃശ്യവും കാണിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പുമന്ത്രി കാണണം എന്നു പറഞ്ഞാണ് അവർ കൊടുത്തി രിക്കുന്നത്. പയ്യൻ ബാറിനുള്ളിൽ കയറി ടിപ്പ് കൊടുത്ത് മദ്യം വാങ്ങുന്ന ചിത്രം ഇതിലുണ്ട്. നഗരത്തിലെ എല്ലാ ബാറുകളിലും ഇതാണ് സ്ഥിതിയെ ന്നാണ് ഒരു ടെലിവിഷൻ ചാനൽ ഇത് സംബന്ധിച്ച് സംപ്രേക്ഷണം ചെയ്ത ത്. അതുപോലെ മെട്രോ മനോരമയും ഇത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടു ണ്ട്. ‘മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി സർക്കാർ 21 വയസാക്കി. പക്ഷേ കർശനമാക്കാൻ പോലീസോ എക്സൈസ് വകുപ്പോ മെനക്കെടുന്നില്ല. നഗര ത്തിലെ സ്കൂൾ വിദ്യാർത്ഥികൾ, വേണ്ടവർക്കെല്ലാം മദ്യം സുലഭമാണ്. നഗര

ത്തിലെ പല സ്കൂളുകളിലും മുതിർന്ന ക്ലാസിലെ കുട്ടികളിൽ ചിലർ മദ്യപിച്ചെത്തുന്നു എന്ന് ചില ടീച്ചർമാർ അയച്ച കത്തിനെത്തുടർന്ന് മെട്രോ മനോരമ നടത്തിയ അന്വേഷണത്തിലാണ് വിവരം പുറത്തുവന്നത്'. നിങ്ങളുടെ പത്രമായ മലയാള മനോരമ സർവ്വേ നടത്തി പറഞ്ഞിരിക്കുകയാണ്. എന്നാൽ നേരിട്ട് ബിവറേജ് ഔട്ട്ലെറ്റിൽ കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുണ്ടെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുകൊണ്ട് ശ്രീ. കെ. ബാബുവിന്റെ ബാറുകാർക്കാണ് ഗുണം കിട്ടിയത്. ബിവറേജസ് കോർപ്പറേഷനുമുന്നിൽ നിൽക്കുന്ന ആളുകളെല്ലാം ബാറുകളിലേയ്ക്ക് പ്രവഹിച്ചു. എന്താണ് ഇതുകൊണ്ടുണ്ടായ ഗുണം? ഇപ്പോൾ നടക്കുന്നതെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിയും മനസ്സിലാക്കണം. ഇപ്പോൾ ബിവറേജസ് കോർപ്പറേഷനിൽ കുട്ടികൾ പോയി മദ്യം വാങ്ങുന്നില്ല. കുട്ടികൾക്ക് മദ്യം വാങ്ങിക്കൊടുക്കാൻ ഏജന്റുമാരെ നിർത്തിയിരിക്കുകയാണ്. ഏജന്റുമാർ മദ്യം വാങ്ങും. ചെറിയ കുപ്പിക്ക് 50 രൂപയും വലിയ കുപ്പിക്ക് 100 രൂപയും കൊടുത്ത് ഏജന്റുമാരിൽ നിന്ന് കുട്ടികൾ മദ്യം വാങ്ങും. 21 വയസ്സുള്ളവർക്ക് മാത്രമേ മദ്യം കിട്ടുകയുള്ളുവെന്ന് നിയമം എഴുതിവയ്ക്കുകയും കുട്ടികൾ 100 രൂപ കൊടുത്ത് ഏജന്റുമാരിൽ നിന്ന് മദ്യം വാങ്ങുകയുമാണ് ചെയ്യുന്നത്. നിങ്ങൾക്ക് ഈ നിയമം നടപ്പിലാക്കാൻ എക്സൈസ് വകുപ്പുണ്ടോ; പോലീസ് വകുപ്പുണ്ടോ; എന്തിനാണ് നടപ്പിലാക്കാൻ കഴിയാത്ത ഓർഡിനൻസ് പുറപ്പെടുവിച്ചത്; ബിവറേജസ് കോർപ്പറേഷനിൽ നിന്നും മദ്യം വാങ്ങി കുട്ടികൾക്ക് കൊടുത്ത് ഏജന്റുമാർ അവരുടെ റേറ്റ് വാങ്ങുകയാണ്. സിനിമാ ടാക്കീസിൽ ഇത്തരത്തിൽ ഒരു ഏർപ്പാടുണ്ട്. ടിക്കറ്റുകൾ ഒന്നിച്ച് വാങ്ങി കരിഞ്ചന്തയിൽ വിൽക്കും. അതുപോലെ ബിവറേജസ് കോർപ്പറേ

ഷൻ ഔട്ട്ലെറ്റുകളിൽ നിന്ന് മദ്യം വാങ്ങി സ്കൂൾ കുട്ടികൾക്ക് വിലയ്ക്ക് കൊടുക്കുന്നു. ഇത്രയും പരിഹാസ്യമായ സ്ഥിതി നമ്മുടെ സംസ്ഥാനത്ത് ഉണ്ടായില്ലേ; ഇതുപരിശോധിച്ചപ്പോൾ നിങ്ങളുടെ പത്രമായ മലയാള മനോരമ പറയുന്നത്, എല്ലാ ബിവറേജസ് ഔട്ട്ലെറ്റിന് മുമ്പിലും ഏജന്റുമാർ സ്കൂൾ കുട്ടികളെയും കാത്തിരിക്കുകയാണെന്നാണ്. സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന് ഈ പത്രംതന്നെ പറഞ്ഞിരിക്കുന്നു. ഈ വാർത്ത പുറത്തുവന്നിട്ട് ബഹുമാനപ്പെട്ട ഗവൺമെന്റും എക്സൈസ് വകുപ്പും എന്തുചെയ്തു? ഇതൊന്നും പരിശോധിക്കാൻ സംവിധാനമില്ലാത്ത സർക്കാർ ഒരു ഓർഡിനൻസ് ഇറക്കിയത് പ്രചരണത്തിനുവേണ്ടിയല്ലേ? നടപ്പാക്കാൻ സാധിക്കാത്ത നിയമം എന്തിനാണ് കൊണ്ടുവന്നത്? ഇവിടെ മദ്യത്തിന്റെ ഉപയോഗം വർദ്ധിച്ചുവരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രിയും സമ്മതിച്ചിരിക്കുന്നു. ഈ ഉപയോഗം കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും സംവിധാനം സർക്കാരിനുണ്ടോ? കഴിഞ്ഞദിവസം സർക്കാരിന്റെ ഒരു പ്രഖ്യാപനം കണ്ടു. ബിവറേജസ് കോർപ്പറേഷനിൽ മദ്യം വാങ്ങാൻ പോകുന്ന ആളുകൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത വിധത്തിൽ മദ്യം വാങ്ങാനുള്ള സംവിധാനം ചെയ്തുകൊടുക്കാമെന്നാണ് പുതിയ പ്രഖ്യാപനം. മദ്യഷാപ്പിൽ സ്വയം സേവാ കൗണ്ടർ തുറക്കുമെന്ന് മന്ത്രി ശ്രീ. കെ. ബാബു നിയമസഭയെ അറിയിച്ചുവെന്നാണ് വാർത്ത. ഉയർന്ന വിലയുള്ള മദ്യത്തിന്റെ ഉപഭോക്താക്കൾക്ക് വരിനിൽക്കുന്നത് ഒഴിവാക്കി ഇഷ്ടാനുസരണം തെരഞ്ഞെടുക്കാൻ കഴിയുന്ന വിധത്തിലുള്ള സെൽഫ് ഹെൽപ് കൗണ്ടർ തുടങ്ങുമെന്നാണ്. കേരളത്തിന്റെ സ്ഥിതി എന്താണ്; തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലെ ഓരോ കേന്ദ്രങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം ഏർപ്പെടുത്തും. പണമുള്ള കുടിയന്മാരേ വരിക, നിങ്ങൾക്ക് നല്ല സൗകര്യം ഞാൻ

ഏർപ്പാട് ചെയ്തിട്ടുണ്ടെന്നാണ് മന്ത്രി പറയുന്നത്. ഇത്തരത്തിലൊരു പ്രഖ്യാപനം നടത്തുന്ന ഒരു ഗവൺമെന്റ് മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുമെന്ന് പറഞ്ഞാൽ ആരാണ് കേരളത്തിൽ വിശ്വസിക്കുന്നത്.

ശ്രീ. ജി. സുധാകരൻ : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, നായനാർ മുഖ്യമന്ത്രി ആയിരുന്ന കാലത്ത് മുൻ യു.ഡി.എഫ്. മെമ്പറായിരുന്ന എറണാകുളത്തുനിന്നുള്ള ഒരു സുഹൃത്ത് മദ്യം പൊതിഞ്ഞ് ബാഗിൽ സൂക്ഷിച്ച് ഈ സഭയിൽ കൊണ്ടുവന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട സ്പീക്കർ അത് കണ്ടുപിടിക്കുകയും റിമൂവ് ചെയ്യാൻ ശ്രമിച്ചപ്പോൾ ശ്രീമതി സാവിത്രി ലക്ഷ്മണൻ, ശ്രീമതി ശോഭനാ ജോർജ് ഉൾപ്പെടെയുള്ള വനിതാ എം.എൽ.എ. മാരും പാർലമെന്ററി പാർട്ടി നേതാക്കന്മാരും അദ്ദേഹത്തെ സംരക്ഷിച്ച് വാച്ച് ആന്റ് വാർഡിനുപോലും പിടിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. പൊതുവെ യു.ഡി.എഫ്.-ലുള്ള പല നേതാക്കന്മാർക്കും ഈ പ്രശ്നമുള്ളപ്പോൾ കുട്ടികൾ മദ്യം ഉപയോഗിക്കുന്നതിൽ എന്തെങ്കിലും അത്ഭുതമുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിനെക്കുറിച്ച് എനിക്ക് കൂടുതൽ അറിയില്ല. ഇതുസംബന്ധിച്ച് ഈ സർക്കാരിന്റെ പ്രഖ്യാപനവും പ്രവർത്തനവും തമ്മിൽ ആത്മാർത്ഥതയില്ല. മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുമെന്ന് മാനിഫെസ്റ്റോയിൽ പറഞ്ഞ ഗവൺമെന്റാണ് ഇക്കാര്യങ്ങളെല്ലാം നടക്കുമ്പോൾ നോക്കി നിൽക്കുന്നത്. പുതിയതായി അനുവദിച്ച 56 ബാർ ലൈസൻസുകളിൽ 38 എണ്ണം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ ആത്മാർത്ഥത ഉണ്ടായിരുന്നെങ്കിൽ മറ്റ് 18 എണ്ണം തടയാമായിരുന്നില്ലേ എന്നാണ് ശ്രീ. പി.സി. ജോർജിന്റെ സംഘടനയായ കെ.സി.ബി.സി. ചോദിക്കുന്നത്. ഇലക്ഷൻ കാലത്ത് മതമേലദ്ധ്യക്ഷന്മാരുടെയും

ക്രിസ്തീയ വിഭാഗത്തിൽപ്പെട്ടവരുടെയും വോട്ട് വാങ്ങാൻ അവരുമായി ചേർന്ന് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുമെന്ന് പ്രഖ്യാപനം നടത്തി. പക്ഷേ നടപടി മുഴുവൻ അതിനെതിരായിട്ടായിരുന്നുവെന്ന് കെ.സി.ബി.സി. മെത്രാന്മാർക്ക് അയച്ച കത്ത് സംബന്ധിച്ചൊക്കെ പത്രവാർത്തയിൽ പറയുന്നുണ്ട്. യഥാർത്ഥത്തിൽ മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരുമെന്ന് പ്രഖ്യാപിച്ച ഈ ഗവൺമെന്റാണ് ഘട്ടംഘട്ടമായി മദ്യം വ്യാപിപ്പിച്ചുകൊണ്ട് ഈ നടപടിയിലേയ്ക്ക് പോയിരിക്കുന്നത്. ജനങ്ങൾ മദ്യത്തിനായി ചെലവിടുന്ന പണത്തിന്റെ കൂടെ മദ്യം കഴിച്ചുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങളുടെ ചെലവുകൂടി ഉൾക്കൊള്ളിച്ചാൽ പ്രതിവർഷം ഒരു ജനത മദ്യത്തിന്റെ പേരിൽ ഹോമിക്കുന്ന തുക 20,000 കോടിരൂപയെങ്കിലും വരുമെന്നാണ് മാതൃഭൂമി പത്രം പറഞ്ഞത്.

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സർ, അങ്ങ് മന്ത്രിയായിരുന്ന 5 വർഷവും മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കുകയാണ് ചെയ്തത്. അങ്ങേയ്ക്ക് അത് നിഷേധിക്കാൻ കഴിയില്ല. കണക്കനുസരിച്ച് ഓരോ വർഷവും മദ്യത്തിന്റെ ഉപയോഗം 20 ശതമാനം കൂടിക്കൊണ്ടിരിക്കുകയായിരുന്നു. ശ്രീ. കെ. ബാബുവിന്റെ നേതൃത്വത്തിൽ മദ്യവർജ്ജനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഭഗീരഥപ്രയത്നത്തിന്റെ ഫലമായി, കഴിഞ്ഞ രണ്ട് വർഷത്തെ കണക്കനുസരിച്ച് 20 ശതമാനം വർദ്ധനവിനുപകരം 16 ശതമാനം വർദ്ധനവേ ഉണ്ടായിട്ടുള്ളു. അതായത് മദ്യത്തിന്റെ ഉപയോഗം 4 ശതമാനം കുറഞ്ഞിരിക്കുന്നു. ആ നിലയ്ക്ക് കെ.സി.ബി.സി. യുടെ പ്രവർത്തനവും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രവർത്തനവും നല്ലതാണ്. മദ്യവർജ്ജനമാണ് ലക്ഷ്യം. മദ്യനിരോധനം അപകടമാണ്. മദ്യവർജ്ജനവുമായി ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകുമ്പോൾ അതിനെ അഭിനന്ദിക്കാനുള്ള മര്യാദ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കാണിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മദ്യവർജ്ജനം പ്രഖ്യാപിച്ച സർക്കാരാണല്ലോ പണമുള്ളവർക്ക് പ്രത്യേക കൗണ്ടറുകൾ ഏർപ്പാട് ചെയ്തത്. അതിനെക്കുറിച്ച് എന്താണ് ബഹുമാനപ്പെട്ട ചീഫ് വിപ്പിന് പറയാനുള്ളത്?

ശ്രീ. പി.സി. ജോർജ്: അത്രയ്ക്കുള്ള ശല്യം ഒഴിവാകുമല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പൈസയുള്ളവർ ശല്യമില്ലാതെ നല്ലതുപോലെ കുടിക്കട്ടേയെന്നല്ലേ അങ്ങ് പറയുന്നത്. അവർ സാധാരണ കുടിയന്മാരുടെ അടുത്ത് നിൽക്കാതെ മറ്റൊരു കൗണ്ടറിൽ പോയി കുടിച്ചോളൂവെന്ന്. മദ്യപന്മാരെപ്പോലും പൈസയുള്ള കുടിയന്മാരും പൈസയില്ലാത്ത കുടിയന്മാരുമായി രണ്ടായി തിരിച്ചില്ലേ?

ശ്രീ. പി.സി. ജോർജ്: അങ്ങ് മനസ്സിലാക്കേണ്ട കാര്യം സമ്പന്നന്മാർ കുറച്ചുകൂടുതൽ പണം കൊടുത്ത് കുടിക്കട്ടേ. അത്രയും പണം കൂടി ഗവൺമെന്റിന് കിട്ടട്ടേ. ആ പണം കൊണ്ട് ശുശ്രൂഷ ചെയ്തുകൂടേ. മദ്യം കുടിക്കുന്നവരിൽ പാവപ്പെട്ടവരും പണക്കാരുമുണ്ട്. മദ്യം വിഷമാണ്. മദ്യപിക്കുന്ന പിതാവ് കുടുംബത്തിന്റെ ശത്രുവാണ്. ആ മുദ്രാവാക്യവുമായി ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. പക്ഷേ, കുടിയില്ലാതാക്കാൻ പറ്റില്ല. ഋഷീശ്വരന്മാർ സോമരസം കുടിച്ചിരുന്നുവെന്നാണ് പറയുന്നത്. മദ്യം നമുക്ക് നിരോധിക്കാൻ കഴിയുമോ; മനുഷ്യസഹജമായ ദൗർബല്യമാണ് മദ്യപാനം. മദ്യപന്മാരെ രക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് ധാരാളം സെന്ററുകൾ തുടങ്ങുന്നുണ്ട്. അതിനുള്ള പണം സമ്പന്നന്മാരിൽ നിന്നും കൂടുതൽ വാങ്ങുന്നതിന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മന:പ്രയാസപ്പെടേണ്ട. രണ്ടുതരം പൗരന്മാരും എല്ലാം ശരിയാണ് ചെയ്യുന്നതെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിൽ നിന്നുതന്നെ ഈ സഭയ്ക്ക് ബോദ്ധ്യപ്പെട്ടുവെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മദ്യപന്മാരിൽ നിന്ന് കൂടുതൽ പൈസ വാങ്ങുന്നില്ല. കസേരയിട്ട് ഇരുന്നു കുടിക്കാനുള്ള പ്രത്യേക കൗണ്ടർ എന്നതാണ് പ്രശ്നം.

ശ്രീ. ജി. സുധാകരൻ : രണ്ട് വർഗ്ഗമെന്നുള്ളത് ഒരു വർഗ്ഗമാക്കുന്നതിന്റെ വിശദീകരണം, സാമ്പത്തിക ശേഷിയുള്ളവൻ കുടിച്ച് നശിച്ച് പാപ്പരായി അവർ കൂടി തൊഴിലാളി വർഗ്ഗമാകട്ടേയെന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

ശ്രീ. ബാബു എം.പാലിശ്ശേരി : മദ്യത്തിന്റെ ഉപയോഗം കുറഞ്ഞുവെന്നാണ് കണക്കുകൾ പറയുന്നത്. എല്ലാ പെട്ടിക്കടകളിലും മദ്യം കിട്ടാറുണ്ട്. അരിഷ്ടമെന്നാണ് അതിന്റെ പേര്. മദ്യം, മദ്യഷാപ്പിൽ മാത്രമല്ല പെട്ടിക്കടകളിൽ വരെ കിട്ടുന്ന അവസ്ഥയാണ്.

ശ്രീ. രാജു എബ്രഹാം : റേഷനരിയുടെ കാര്യത്തിൽ ഇൻഡ്യയിൽ എ.പി.എൽ/ബി.പി.എൽ. കൊണ്ടുവന്നത് കോൺഗ്രസ് ഗവൺമെന്റാണ്. മദ്യത്തിന്റെ കാര്യത്തിലും എ.പി.എൽ/ബി.പി.എൽ. കൊണ്ടുവന്നത് മറ്റൊരു കോൺഗ്രസ് ഗവൺമെന്റ് ആണെന്ന നേട്ടം ബഹുമാനപ്പെട്ട ബാബു മന്ത്രിക്ക് ക്രെഡിറ്റ് തന്നെയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, മദ്യനിരോധനം കേരളത്തിൽ നടപ്പിലാക്കിയിട്ടുള്ള ഒരേയൊരു പ്രദേശം അട്ടപ്പാടിയാണ്. മദ്യവർജ്ജനമല്ല, മദ്യനിരോധനം. ആ അട്ടപ്പാടിയിലാണ് ഏറ്റവും കൂടുതൽ മദ്യം വിൽക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മദ്യനിരോധനം പ്രഖ്യാപിച്ച അട്ടപ്പാടിയിൽ മദ്യം കിട്ടുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ

സഭയിലിന്നു രാവിലെ പറഞ്ഞില്ലേ? മദ്യം നിരോധിച്ച അട്ടപ്പാടിയിൽ മദ്യം കിട്ടുന്നുവെന്ന് നമ്മുടെ സംസ്ഥാനത്തിന്റെ തലവനായ എക്സിക്യൂട്ടീവ് അധികാരമുള്ള മുഖ്യമന്ത്രി പറയുന്നു. ഇതിൽപ്പരം എന്ത് സ്റ്റേറ്റ്മെന്റാണ് വേണ്ടത്? അട്ടപ്പാടിയിൽ മദ്യം കിട്ടുന്നുവെന്ന് ഗവൺമെന്റുതന്നെ പറയുന്നു. അപ്പോൾ മദ്യനിരോധനം നടപ്പാക്കാൻ പറ്റില്ല. അട്ടപ്പാടിയിൽ പരാജയപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നു രാവിലെ ഇവിടെ സമ്മതിച്ചു. മദ്യനിരോധനം പ്രായോഗികമല്ലെന്ന് ആദ്യമേ പറഞ്ഞത് ഞങ്ങളാണ്. മദ്യവർജ്ജനത്തിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഈ യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള മദ്യനയം അംഗീകരിക്കാൻ എന്തുകൊണ്ട് നിങ്ങൾക്ക് സാധിച്ചില്ല? അവിടെയാണ് നിങ്ങളുടെ പരാജയം.

ശ്രീ. പി. സി. ജോർജ്: സർ, ഇൻഡ്യൻ ജനതയുടെ ഒരു പ്രത്യേകത നിയമ നിഷേധത്തിലൂടെ ഒരു രാജ്യം സ്വാതന്ത്ര്യം പ്രാപിച്ചു, മഹത്തായ ഭാരതം. X X X X X+ സർ, എന്റെ ഐഡിയ ഒന്നു പറയട്ടെ, ആശയം പറയട്ടെ, ജനവിരുദ്ധ നിയമമെന്ന് ജനം കണ്ടാൽ സ്വാഭാവികമായും അത് നിരോധിക്കും. ആ നിരോധനമാണ് മദ്യനിരോധനത്തിൽ വരുന്ന കുഴപ്പം. അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. (ബഹളം)

മി. ചെയർമാൻ: യെസ്.. യെസ്..

ശ്രീ. ബെന്നി ബെഹനാൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബ്രിട്ടീഷുകാർ ഉണ്ടാക്കിയ നിയമം നിഷേധിച്ച് ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം നേടിത്തന്ന സമരം നടത്തിയ രാഷ്ട്ര പിതാവിനെ അപമാനിക്കത്തക്ക രീതിയിൽ

---
+ എക്സ്പഞ്ച്

ശ്രീ. പി. സി. ജോർജ് പറഞ്ഞത് പിൻവലിക്കണമെന്ന അഭിപ്രായക്കാരനാണ് ഞാൻ.

മി. ചെയർമാൻ: അത് രേഖയിൽ നിന്ന് നീക്കം ചെയ്യുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, X X X X X+ ആ അഭിപ്രായം പറഞ്ഞത് രാഷ്ട്ര പിതാവിനെ അപമാനിക്കലാണെന്നത് ഇവരുടെയൊക്കെ മനസ്സിന്റെ സങ്കുചിത മനഃസ്ഥിതിയാണ്.

മി. ചെയർമാൻ: രാഷ്ട്രപിതാവിനെ പരാമർശിച്ചുകൊണ്ടുള്ള പരാമർശനങ്ങൾ രേഖയിലുണ്ടാകുന്നതല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രായോഗികമല്ലാത്ത ഒരു നിയമവും നിലനിൽക്കില്ല എന്നതാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞതിന്റെ ഉദ്ദേശ്യം. അത് വെറുതെ ഈ കോൺഗ്രസ്സുകാർ തെറ്റിദ്ധരിച്ചിട്ട് ശ്രീ. പി. സി. ജോർജിനെ കുഴപ്പത്തിലാക്കേണ്ട വല്ല കാര്യവുമുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, നിങ്ങൾ കൂടുതൽ തെറ്റിദ്ധരിക്കാതിരുന്നാൽ മതി. ഞങ്ങൾക്ക് ഒരു തെറ്റിദ്ധാരണയുമില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഒരു സത്യം പറഞ്ഞാൽ അതിനെ വിരുദ്ധമായി വ്യാഖ്യാനിക്കുന്നത് മര്യാദയാണോ? അതാണോ കോൺഗ്രസ്സ് സംസ്കാരം, അതെവിടത്തെ കോൺഗ്രസ്സ് സംസ്കാരമാണ്?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പറഞ്ഞത് ഇവിടെ ശ്രീ. പി. സി. ജോർജ് X X X X X+ കുറിച്ചു പറഞ്ഞു. X X X X X+ ശ്രീ. പി. സി. ജോർജ് പറഞ്ഞത് ശരിയല്ല. പിന്നെ ഞാൻ വളരെ വിനയത്തോടുകൂടി

---

+ എക്സ്പഞ്ച്

പറയുന്നു, ഞങ്ങളെ കോൺഗ്രസ്സ് സംസ്കാരം പഠിപ്പിക്കാൻ ശ്രീ. പി. സി. ജോർജ് വളർന്നിട്ടില്ല. ഒരു സംശയവും അക്കാര്യത്തിൽ വേണ്ട.

ശ്രീ. പി. സി. ജോർജ്: സർ, ഞാനത് അംഗീകരിക്കുന്നു. ആരു നോക്കിയാലും ഇവരെ സംസ്കാരം പഠിപ്പിക്കാൻ പറ്റുകയില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ ബ്രിട്ടീഷുകാർ വിചാരിച്ചിട്ടുപോലും നിയന്ത്രിക്കാൻ പറ്റിയിട്ടില്ല. എന്നിട്ടുവേണം അതിനപ്പുറത്തുള്ള ആളുകൾ. കോൺഗ്രസ്സിനെ സംസ്കാരം പഠിപ്പിക്കാൻ ആരും വളർന്നിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് സംസ്കാരത്തിന്റെ ഒരു പ്രശ്നമല്ല, ഇത് മദ്യത്തിന്റെ പ്രശ്നമാണ്. ഇവിടെ ശ്രീ. ബാബു. എം. പാലിശ്ശേരി ഈ സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പലകാര്യങ്ങളും കിട്ടുന്നുവെന്നുപറഞ്ഞു. തമിഴ്നാട്ടിൽ നിരോധിച്ച ഒരു സാധനമാണ് മാമ്പട്ട. ഈ മാമ്പട്ട കേരളത്തിൽ സുലഭമായി കിട്ടുന്നുവെന്ന് മാധ്യമം പത്രം വസ്തുതകൾ സഹിതം ഒരു റിപ്പോർട്ട് കൊടുത്തു. ഗവൺമെന്റ് എന്തുചെയ്തു? തമിഴ്നാട്ടിൽ നിരോധിച്ച മാമ്പട്ട കേരളത്തിലേക്കൊഴുകിയിട്ട് അത് വിൽക്കുന്ന ഒരാളെയെങ്കിലും പിടിക്കാൻ നിങ്ങൾക്കു കഴിഞ്ഞോ? ഇത് കൂടുതലായി വിറ്റഴിക്കുന്നത് നെയ്യാറ്റിൻകര പ്രദേശത്താണ്.

ശ്രീ. എ. എം. ആരിഫ്: സർ, ഈ മാമ്പട്ട പോലെതന്നെ പല പേരുകളിലുള്ള വ്യാജമദ്യം സുലഭമായി ഇവിടെയുണ്ട്. ആനമയക്കി, നിലംതപ്പി, പുല്ലുപറിയൻ, ഭാര്യാമർദ്ദിനി, ഷക്കീല, മണവാട്ടി എന്നിങ്ങനെയുള്ള പേരുകളിലുള്ള സാധനങ്ങൾ സുലഭമായി ലഭിക്കുന്നതുകൊണ്ടാണ് അവർ ഈ പറയുന്ന കണക്കിലെ അളവിലുള്ള വ്യത്യാസം വരുന്നത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതിനെക്കുറിച്ച് ഈ പത്രം പറയുന്നത്, ഇത് ഉപയോഗിക്കുന്ന സന്ദർഭത്തിൽ ശരീരത്തിന് നല്ല ഉന്മേഷവും സന്തോഷവുമുണ്ടാകുമെന്നാണ്. ഇതിന്റെ മറവിലാണ് വ്യാപകമായിട്ട് ഇത് വിറ്റഴിക്കുന്നതെന്നാണ് ഈ പത്രം പറയുന്നത്. 1500 രൂപ മുടക്കി ഇത് വാങ്ങിയാൽ 30,000 രൂപ ലാഭം കിട്ടുമത്രെ. 1500 രൂപ മുതൽ മുടക്കിയാൽ 30,000 രൂപ വാരിയെടുക്കാമെന്ന തരത്തിലാണ് ഈ മാമ്പട്ട വിൽപ്പന തകൃതിയായി നടക്കുന്നത്. എക്സൈസുകാരും പോലീസുകാരും അറിയാതെയാണോ ഇത് വിൽക്കുന്നത്? നെയ്യാറ്റിൻകര, പാറശ്ശാല പ്രദേശത്ത് ഇത് സുലഭമായി കിട്ടുകയാണ്. പത്രം ഇത് റിപ്പോർട്ട് ചെയ്തിട്ട് മാസങ്ങളായില്ലേ? നിങ്ങൾ ഒരാളെയെങ്കിലും പിടിച്ചിട്ടുണ്ടോയെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു? അപ്പോൾ നിയമമില്ലാത്തതുകൊണ്ടാണോ? ഇത് സുലഭമായി കിട്ടുന്നുവെന്ന് മാധ്യമങ്ങൾ കാണുന്നു. എക്സൈസ്കാരോ പോലീസുകാരോ കാണുന്നില്ല. നമ്മുടെ രാജ്യത്തെ വ്യവസ്ഥാപിതമായിട്ടുള്ള ബിവറേജസ് കോർപ്പറേഷന്റെ മദ്യം മാത്രമല്ല വ്യാജമദ്യം സുലഭമായി വിൽക്കുന്ന ഒരു സ്റ്റേറ്റായി കേരളം മാറിയിരിക്കുന്നു. വ്യാജമദ്യം വിൽക്കുന്നതുകൊണ്ടാണ് അട്ടപ്പാടിയിൽ മദ്യം വിൽക്കുന്ന ഒരു സാഹചര്യം വന്നത്. വ്യാജമദ്യമല്ലേ അവിടെ വിൽക്കുന്നത്? ചില സ്ഥലത്ത് മദ്യം വിൽക്കാൻ വേണ്ടി എക്സ്പെർട്ടുകളുണ്ട്. അരയിൽ ട്യൂബ് ചുറ്റിവച്ച്, ട്യൂബിൽ മുഴുവൻ ചാരായം നിറച്ചിട്ട് ആവശ്യക്കാരുടെ വായിലേയ്ക്ക് ട്യൂബ് വച്ചുകൊടുക്കും, അതാണ് ട്യൂബ് ചാരായം. ഇങ്ങനെയെന്തെല്ലാം തരത്തിലാണ് ചാരായം, വിദേശ മദ്യമെന്നൊക്കെ പറഞ്ഞുകൊണ്ട് വിൽക്കുന്നത്. അതുകൊണ്ട് ഈ നിയമം കൊണ്ടുവന്നതുകൊണ്ടൊന്നും ഇത് തടയാൻ കഴിയില്ല. പ്രായോഗി

കമായി ഇത് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതിനുകഴിയണമെങ്കിൽ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഈ സർക്കാർ നടപ്പിലാക്കണം. ഉദയഭാനു കമ്മ്യൂണിസ്റ്റല്ലല്ലോ. ഗാന്ധിയനായിട്ടുള്ള ഉദയഭാനു നേരത്തെ കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് കൊടുത്ത റിപ്പോർട്ടാണ്. കേരളത്തിലെ മദ്യനയം എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് വ്യക്തമായ, പ്രായോഗികമായ രൂപം ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലുണ്ട്. ഇവിടെ മദ്യത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിയണമെങ്കിൽ കള്ളുഷാപ്പുകളെയാണ് പ്രോത്സാഹിപ്പിക്കേണ്ടത് എന്ന് അതിനകത്ത് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ചാരായവും വിദേശമദ്യ വിൽപ്പനയുമല്ല വേണ്ടത്. ശരിയായിട്ടുള്ള കള്ള് ചെത്തിക്കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെയുള്ള ലഹരി കുറഞ്ഞിട്ടുള്ള മദ്യമുണ്ടാക്കണമെന്നാണ് ഉദയഭാനു കമ്മീഷൻ ശുപാർശയിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചത്. പക്ഷെ ഗവൺമെന്റ് ചെയ്യുന്നതെന്താണ്; നിലവിലുള്ള കള്ളാഷാപ്പുതന്നെ ഇല്ലാതാക്കി. ഈ ഗവൺമെന്റിനൊരു മദ്യ നയമില്ല. മന്ത്രി പറയുന്നത് മദ്യ നയം ഉടനെ വരുമെന്നാണ്. എപ്പോൾ വരാൻ? രണ്ടുവർഷമായി ഒരു മദ്യനയമില്ലാത്ത സർക്കാർ, എപ്പോഴും മദ്യനയം പ്രഖ്യാപിക്കേണ്ടത് ലേലം ചെയ്തുകൊടുക്കുന്ന സന്ദർഭത്തിലാണ്. അപ്പോൾ ഇവർ പറയുന്നത് തൽക്കാലം മൂന്നു മാസത്തേയ്ക്കുകൂടി നീട്ടിയിരിക്കുന്നുവെന്നാണ്. ഇതൊരു അഡ്ജസ്റ്റ്മെന്റിനുവേണ്ടിയാണ്. മദ്യനയമില്ലാത്ത ഒരു സർക്കാരാണിത്. ഇപ്പോൾ ജസ്റ്റിസ് രാമചന്ദ്രനെ ഇതിനുവേണ്ടി നിശ്ചയിച്ചുവെന്നുപറഞ്ഞു. ജസ്റ്റിസ് രാമചന്ദ്രന് ടേംസ് ഓഫ് റഫറൻസ് എപ്പോഴാണ് കൊടുത്തത്? ഈ അടുത്ത ദിവസമാണെന്നു തോന്നുന്നു അദ്ദേഹത്തിന് ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചുകൊടുത്തത്. ടേംസ് ഓഫ് റഫറൻസ് നിശ്ചയിച്ചുകൊടുത്തിട്ടുണ്ടോയെന്ന് കഴിഞ്ഞ

നിയമസഭാ സമ്മേളനത്തിൽ ചോദിച്ചു. കൊടുത്തിട്ടില്ലായെന്നാണ് ഉത്തരം. അപ്പോൾ നിങ്ങൾ ഒരു ജഡ്ജിയെ കമ്മീഷനായി വയ്ക്കുക, ആ ജഡ്ജ് എന്തുചെയ്യണമെന്നുള്ള നിർദ്ദേശം കൊടുക്കാതിരിക്കുക, ഇതിന്റെ ഫലമായി ഒരു ആത്മാർത്ഥതയില്ലാത്ത വിധത്തിലാണ് നിങ്ങൾ കാര്യങ്ങൾ കൊണ്ടു പോകുന്നത്. അതുകൊണ്ട് മദ്യനയമില്ലായെന്ന് വന്നപ്പോൾ ഇവിടെ കള്ള് ഷാപ്പുകൾ അടച്ചുപൂട്ടുകയും വിദേശ മദ്യ ഷാപ്പുകളുടെ എണ്ണം വർദ്ധിച്ചു വരികയും ചെയ്തു. ആറായിരത്തോളം കള്ള് ഷാപ്പുകളുണ്ടായിരുന്ന സംസ്ഥാനമാണ് കേരളം. അതിൽ യു.ഡി.എഫ്. ആണ് കള്ള് ഷാപ്പുകൾ നിർത്തലാക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചത്. 1982-ൽ ഒരു എക്സൈസ് വകുപ്പുമന്ത്രിയുണ്ടായിരുന്നു, അദ്ദേഹത്തിന്റെ പേര് ശ്രീനിവാ സൻ എന്നാണ്. കള്ള് ഷാപ്പ് പാടില്ല, ഷാപ്പ് ലൈസൻസ് കൊടുക്കാൻ പാടില്ല, ചെത്തുതൊഴിലാളികൾക്ക് പെർമിറ്റ് കൊടുക്കുക, ചെത്തുതൊഴിലാളി കൾ സ്വയം കള്ള് ചെത്തി വിൽപ്പന നടത്തിക്കൊള്ളട്ടെ എന്നു ശ്രീനിവാസൻ എന്ന എക്സൈസ് മന്ത്രി പറഞ്ഞു.

ഓരോ ചെത്തുതൊഴിലാളിയുടെ വീടും കള്ളുഷാപ്പാക്കാനുള്ള നിർദ്ദേ ശമെന്നുള്ള നിലയിൽ ചെത്തുതൊഴിലാളികളുടെ പ്രസ്ഥാനം ശക്തമായി അതിനെ എതിർത്തു. അന്ന് വലിയ സമരങ്ങൾ നടന്നു. അതിന്റെ ഫലമായി അന്ന് ആ നീക്കം ഉപേക്ഷിക്കേണ്ടിവരികയും കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വളർന്നുവരികയും ചെയ്തു. യു.ഡി.എഫ്. ഗവൺമെന്റ് 1972 ഷാപ്പുകൾ നിറുത്തിക്കളഞ്ഞു. ആ ഷാപ്പുക ളൊക്കെ പിന്നീട് പുനഃസ്ഥാപിച്ചത് സഖാവ് പി. കെ. ഗുരുദാസൻ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന കാലത്താണ്. കള്ളുചെത്ത് വ്യവ

സായ തൊഴിലാളികളുടെ ഭാവി ഇന്ന് അനിശ്ചിതത്വത്തിലാണ്. ഈ കള്ളു ഷാപ്പുകൾ ഇനി എത്രകാലം നിലനിൽക്കുമെന്നുള്ള ചോദ്യമാണിപ്പോൾ ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. കള്ളുചെത്ത് തൊഴിലാളികളുടെ പ്രശ്ന ങ്ങളിൽ ഗവൺമെന്റ് വേണ്ടത്ര ഗൗരവം കാണിക്കുന്നില്ല. അവരുടെ പെൻഷനുവേണ്ടി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 കോടി 40 ലക്ഷം രൂപ കൊടുത്തിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് ഇതുവരെ കൊടു ത്തത് 44 ലക്ഷം രൂപ മാത്രമാണ്. ചെത്തുവ്യവസായം നിലനിൽക്കണ മെങ്കിൽ ആ തൊഴിലാളികളെ സംരക്ഷിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ ഇപ്പോൾ നീര ഉത്പാദനം ഗവൺമെന്റ് പ്രഖ്യാപിക്കുകയും അതിനുവേണ്ടി ബഡ്ജറ്റിൽ 15 കോടി രൂപ മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ ക്കുറിച്ച് ഗവൺമെന്റിന് വ്യക്തതയുണ്ടോ; നീര ഉത്പാദനം നടക്കണമെങ്കിൽ അബ്കാരി ആക്ടിൽ മാറ്റം വരണ്ടേ? ഈ അബ്കാരി ആക്ട് ഭേദഗതി ചെയ്യാൻ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ നീര ഉത്പാദനം നടത്തണമെ ന്നുള്ള തീരുമാനം ഗവൺമെന്റിനുണ്ടെങ്കിൽ അതുകൂടി കാണിച്ചുകൊണ്ട് നിയമത്തിൽ ഭേദഗതി വരണ്ടെ? നീര എന്ന മധുരക്കള്ള് ചെത്തി ഒരു ദിവസം കഴിഞ്ഞ് പിറ്റേ ദിവസമാകുമ്പോൾ അത് കള്ളായി മാറും. അധികം ദിവസം ഇത് വയ്ക്കാൻ കഴിയില്ല. നീര ഉത്പാദിപ്പിക്കുന്നവർ പിറ്റേദിവസം അത് സൂക്ഷിച്ചാൽ എക്സൈസുകാർ വന്ന് അവരെ പിടികൂടി ജയിലിലടയ്ക്കും. ഇവിടത്തെ കേര കർഷകരെ ജയിലിൽ അടയ്ക്കാൻവേണ്ടിയാണോ ഈ സർക്കാർ ഉദ്ദേശിക്കുന്നത്? നീര ഉത്പാപ്പിക്കാൻ കർഷകരോട് പറഞ്ഞിട്ട് നീര ഉത്പാദിപ്പിക്കുന്ന കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കാൻ നിയമ ത്തിൽ ഭേദഗതിയില്ല. പ്രചരണത്തിനുവേണ്ടി ഇങ്ങനെ ഓരോ കാര്യങ്ങൾ

പ്രഖ്യാപിക്കുകയും ബഡ്ജറ്റിൽ ഇതിനുവേണ്ടി 15 കോടി രൂപ നീക്കിവയ്ക്കുകയും ചെയ്തിട്ട് എന്തുനടന്നു? പ്രഖ്യാപിക്കുന്ന കാര്യങ്ങൾ നടപ്പാക്കാൻ ആത്മാർത്ഥതയുണ്ടെങ്കിൽ അബ്കാരി നിയമ ഭേദഗതിയോടൊപ്പം നീര കർഷകർക്ക് സംരക്ഷണംകൊടുത്തുകൊണ്ട് ഒരു വകുപ്പ് കൊണ്ടുവരാൻ എന്തുകൊണ്ട് നിങ്ങൾക്ക് സാധിക്കില്ല. പ്രശ്നങ്ങൾ ഇങ്ങനെ സങ്കീർണ്ണമാക്കുന്ന ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവല്ലേ ഇത്? മറ്റൊന്ന്, ഈ നിയമത്തിനകത്ത് വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത് മദ്യത്തിന്റെ ഉപയോഗമോ ഉപഭോഗമോ പ്രദർശനമോ കാണിക്കുന്ന സിനിമകളിലെ രംഗങ്ങളിൽ ഒരു മുന്നറിയിപ്പ് പ്രദർശനം കാണിക്കണമെന്നാണ്. "മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണ്" എന്നെഴുതിവച്ചിട്ടാണ് ഇപ്പോൾ സിനിമയിൽ നടന്മാർ മദ്യം കുടിക്കുന്നത്. പ്രമുഖ നടൻമാർ മദ്യം കുടിക്കുന്നത് കാണിക്കുമ്പോൾ 21 വയസിനുതാഴെയുള്ള കുട്ടികൾ വിചാരിക്കും എനിക്കും നാളെ മമ്മൂട്ടിയോ മോഹൻലാലോ ആകണം. അങ്ങനെ ആകണമെങ്കിൽ കുറച്ച് വീശണം. ഈ തോന്നലല്ലേ ചെറിയ കുട്ടികളിലുണ്ടാകുന്നത്? ചെറിയ കുട്ടികൾ ഇപ്പോൾ ചെയ്യുന്നത് മദ്യപാനം നടത്തുന്ന സ്ഥലത്ത് "മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണ്" എന്ന ഒരു ബോർഡുവയ്ക്കും. ഇങ്ങനെ ബോർഡുവച്ച് കുടിക്കാം എന്നാണ് ശ്രീ. കെ. ബാബുവിന്റെ മദ്യ നയം. ആരുവേണമെങ്കിലും കുടിച്ചോ പക്ഷെ മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണെന്ന ബോർഡ് അവിടെ വയ്ക്കണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, "പുകവലി ആരോഗ്യത്തിന് ഹാനീകരമാണ്" എന്ന ബോർഡുവച്ച് തുടർച്ചയായി ബോധവത്ക്കരിച്ചതുകൊണ്ടല്ലേ

പുകവലി കുറേയേറെ അവസാനിച്ചത്. അതിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. പി. ജയരാജൻ: സർ, ലോകത്ത് ഒരു രാജ്യത്തും മദ്യനിരോധനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇത് ബോധവത്ക്കരണത്തിലൂടെ സൃഷ്ടിക്കേണ്ടതാണ്. സിഗരറ്റിന്റെ ഉപയോഗം കുറഞ്ഞുവന്നത് ബോധവത്ക്കരണത്തിന്റെ ഭാഗമായിട്ടാണ്. ഇവിടെ നിയമനിർമ്മാണത്തിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത് വ്യാപകമായി മദ്യത്തിന്റെ ആസക്തി സൃഷ്ടിച്ചെടുക്കുകയാണ്. അതിനുള്ള നിർദ്ദേശങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിൽ 18 കോടി തെങ്ങുണ്ട്. ഒരു ലക്ഷം തെങ്ങാണ് ചെത്തുന്നത്. അതു സംബന്ധിച്ച ഫലപ്രദമായ നിർദ്ദേശങ്ങളോ നടപടികളോ അല്ല ഉള്ളതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചൂണ്ടിക്കാണിക്കുന്നത്. ആ കാര്യത്തെക്കുറിച്ച് അങ്ങേയ്ക്ക് ബോധ്യമുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതുസംബന്ധിച്ച് എന്റെ ആക്ഷേപം ബോർഡ് വച്ചിട്ട് മദ്യം കുടിക്കുന്നതുകാണിച്ചാൽ മദ്യത്തിന്റെ ഉപയോഗം കുറയില്ല. മദ്യപാനം കൊണ്ടുണ്ടാകുന്ന ആപത്ത് എന്തൊക്കെയാണ് എന്നുള്ളത് ആളുകളെ ആദ്യം ബോധ്യപ്പെടുത്തണം. എത്ര ആളുകളാണ് മദ്യപാനം നിമിത്തം നശിച്ചുകൊണ്ടിരിക്കുന്നതെന്ന വസ്തുത നമ്മുടെ കൺമുമ്പിൽ കാണുന്നതാണ്. സിനിമാക്കാർ ഒരു ബോർഡു വച്ചിട്ട് മദ്യം കുടിച്ചതുകൊണ്ട് ഇതില്ലാതാകുമെന്ന് കരുതുന്നില്ല.

ശ്രീ. എം. ചന്ദ്രൻ: സർ, സിനിമയിൽ ബോർഡുവച്ചിട്ട് ഇഷ്ടംപോലെ കള്ളുകുടിച്ച് പ്രദർശിപ്പിക്കാമെന്നാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു പറയുന്നത്. പ്രമുഖ സിനിമാ നടൻമാരൊക്കെ മദ്യപാനം

സിനിമയിൽ പ്രദർശിപ്പിക്കേണ്ട കാര്യമില്ല. അന്തരിച്ച സിനിമാനടൻ എം.ജി. ആർ. സിനിമയിലൂടെ ജനങ്ങളുടെ മനംകവർന്ന് അതിന്റെ ഭാഗമായി മുഖ്യ മന്ത്രിയായ ആളാണ്. അദ്ദേഹം ഒരു സിനിമയിലും മദ്യപിച്ചോ പുകവലിച്ചോ അഭിനയിച്ചിട്ടില്ല. അതുകൊണ്ട് അഭിനയിക്കുന്നവർ മദ്യപാനം നടത്തി അഭിന യിക്കുന്നത് ഒഴിവാക്കുകയല്ലേ ചെയ്യേണ്ടത്? അതുപോലെ മറ്റൊരു പ്രശ്നം, സീരിയലുകളെക്കുറിച്ച് ഇതിൽ പരാമർശിച്ചിട്ടുപോലുമില്ല. സീരിയ ലുകളിലൊക്കെ നിരവധി മദ്യപാനികളെ അവതരിപ്പിക്കുന്നുണ്ട്. സീരിയലു കൾ ജനങ്ങൾ കാണുന്നതാണ്. സിനിമയിൽ അവസാനം മദ്യപാനിയായ നായകൻ നന്നായിവരും. പക്ഷെ സീരിയലിൽ അതുകൂടി കാണാൻ കഴി യില്ല. കാരണം ഇരുപത്തിയഞ്ചോ ഇരുന്നൂറ്റിയമ്പയോ എപ്പിസോഡ് കഴിഞ്ഞി ട്ടായിരിക്കും മദ്യപാനിയായ നായകൻ നന്നായി വരുന്നത്. ഇപ്പോൾ സ്ഥിരം കുടിയനായിട്ടാണ് അവതരിപ്പിക്കുന്നത്. അത് നിരോധിക്കുകതന്നെവേണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട എം. ചന്ദ്രൻ ചൂണ്ടിക്കാണിച്ച കാര്യം ഈ ഓർഡിനൻസിനകത്തുള്ള ഏറ്റവും വലിയൊരു ന്യൂനതയാണ്. ഇതിനകത്ത് സീരിയലിന്റെ കാര്യം പരാമർശിച്ചിട്ടേയില്ല. സിനിമയിൽ മാത്രമല്ല, മറ്റുതലത്തിലുള്ള രംഗങ്ങളിലെല്ലാംതന്നെ പ്രത്യേകിച്ച് സീരിയലുകളിൽ മദ്യപാനം വ്യാപകമായി വന്നുകൊണ്ടിരിക്കുകയാണ്. അതിന് കടുത്ത ശിക്ഷ കൊടുക്കുമെന്ന് ഇതിനകത്ത് പറയുന്നുണ്ട്. ഇതിനകത്ത് പറയുന്ന ശിക്ഷ "ഏതൊരാളും കുറ്റുസ്ഥാപനത്തിൻമേൽ 6 മാസം വരെയാകാവുന്ന വെറും തടവോ 10,000 രൂപ വരെയാകാവുന്ന പിഴയ്ക്കോ അല്ലെങ്കിൽ ഇവ രണ്ടിനുംകൂടിയോ ശിക്ഷിക്കപ്പെടേണ്ടതാണ്" എന്നാണ്. ഇങ്ങനെ ചെയ്താൽ തന്നെ 6 മാസം വരെയുള്ള വെറും തടവ്

അല്ലെങ്കിൽ 10,000 രൂപ ഇത്തരത്തിലുള്ള ഒരു ശിക്ഷ കൊടുത്തുകൊണ്ട് സിനിമാരംഗത്ത് അല്ലെങ്കിൽ സീരിയൽ രംഗത്ത് കാണുന്ന ഇതുപോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് ഇവിടെ ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. അദ്ദേഹം ചോദിച്ചത് പുക വലി എങ്ങനെ കുറഞ്ഞുവെന്നാണ്. പുകവലി ഒരുകാലത്ത് വലിയൊരു ആപത്തായിരുന്നു. നമ്മളൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്കൂൾ കുട്ടികൾവരെ പുകവലിക്കുന്ന ഒരു കാലമായിരുന്നു. കോളേജുകളിൽ ഒട്ടുമിക്ക ആളുകളും പുകവലിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് സ്കൂളുകളിലോ കോളേജുകളിലോ ചെന്നാൽ പുകവലിയെവിടേയുമില്ല. മുമ്പ് പാർട്ടി ഓഫീസുകളിൽ ചെന്നാൽ അവി ടെയും പുകവലിച്ച് കളയുന്ന ബീഡിക്കുറ്റികളുടെ കൂട്ടമായിരിക്കും. ഇപ്പോൾ പാർട്ടി ഓഫീസുകളിലൊന്നും ബീഡിക്കുറ്റികൾ കാണാനേ കഴിയില്ല. അത് സമൂഹത്തിൽ വന്ന ഒരു മാറ്റമാണ്. വിദ്യാർത്ഥികളിൽ മാത്രമല്ല, രാഷ്ട്രീയ പ്രവർത്തകന്മാരിലും പുകവലിക്കെതിരായിട്ടുള്ള അവബോധം വന്നതിന്റെ ഭാഗമായിട്ടാണ് പുകവലി കുറച്ചുകൊണ്ടുവരാൻ സാധിച്ചത്. സിനിമയിൽ പുകവലിക്കുന്ന സീനുണ്ടാകുന്ന സ്ഥലത്ത് എഴുതിവച്ചിട്ടല്ല അത് കുറച്ചത്. വലിയ രീതിയിലുള്ള ബോധവത്ക്കരണം വഴിയാണ് പുകവലി കുറയ്ക്കാൻ സാധിച്ചത്. അതുപോലൊരു ബോധവത്ക്കരണപ്രവർത്തനം ഇക്കാര്യത്തിൽ നടക്കുന്നില്ല.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചത് മദ്യ നിരോധനംകൊണ്ട് പ്രയോജനമില്ലായെന്നാണ്. മദ്യം വ്യാപകമായി ലഭി ക്കുന്നതുകൊണ്ടാണ് നമ്മുടെ പുതിയ തലമുറ മദ്യപാനത്തിലേയ്ക്ക് പോകു

ന്നതെന്നും അങ്ങ് തന്നെ സൂചിപ്പിക്കുകയുണ്ടായി. രണ്ടും രണ്ട് രീതിയിലാണ് അങ്ങ് പറഞ്ഞത്. ഒരുഭാഗത്ത് പുതിയ തലമുറയിൽ ഏറ്റവും കൂടുതൽ മദ്യ പാനം വർദ്ധിക്കുന്നു, സ്കൂൾ വിദ്യാർത്ഥികൾപോലും മദ്യപിക്കുന്ന ഒരന്ത രീക്ഷം കേരളത്തിലുണ്ടാകുന്നു എന്നുപറഞ്ഞു. അപ്പോൾ വ്യാപകമായ രീതിയിൽ മദ്യം കിട്ടാത്ത ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടേണ്ടതും കേരളത്തിന് അനിവാര്യതയാണ്. വ്യാപകമായ രീതിയിൽ മദ്യം കിട്ടുന്നതുകൊണ്ടാണ് പുതിയ തലമുറയെ അതിലേയ്ക്ക് ആകർഷിക്കുന്നത്. എന്നുമാത്രമല്ല, ഇവിടെ പറഞ്ഞതുപോലെ വിദേശമദ്യം എന്നു പറയുന്നത് നമ്മുടെ രാഷ്ട്രത്തിന് സത്യത്തിൽ ബ്രിട്ടീഷുകാർ തന്ന ഒരു വിപത്താണ്. ജാലിയൻവാലാബാഗിൽ കൂട്ടക്കൊല നടത്തിയ ജനറൽ ഡയറിന്റെ പിതാവ് എഡ്വേർഡ് ഡയറാണ് ആദ്യത്തെ വിദേശ മദ്യകമ്പനി ഇന്ത്യയിൽ സ്ഥാപിച്ചത്. സാമ്രാജ്യത്വത്തെ നമ്മൾ ഇവിടെ നിന്നും ആട്ടിയോടിച്ചു, പക്ഷെ അവൻ തന്ന സംസ്കാരത്തെ ഇന്നും കേരളത്തിലെ ജനങ്ങൾ വാരിപ്പുണരുന്നു എന്നുകൂടി ഇവിടെ ബോധ്യ മാവുകയാണ്. അതുകൊണ്ട് മദ്യ നിരോധം ഈ രംഗത്ത് ഒരു അനിവാര്യത യാണ് എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടെങ്കിൽ പുതിയ തലമുറയെയെ ങ്കിലും രക്ഷിക്കാൻ കഴിയുമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മദ്യനിരോധനം പ്രായോഗിക മല്ലെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ അട്ടപ്പാടി? ബഹുമാനപ്പെട്ട മുഖ്യ മന്ത്രി രാവിലെ പറഞ്ഞില്ലേ അട്ടപ്പാടിയിൽ മദ്യം കിട്ടുന്നുവെന്ന്. മദ്യം നിരോ ധിച്ച ഒരു പ്രദേശത്ത് മദ്യം കിട്ടുന്നു. എവിടെ നിരോധിച്ചാലും അട്ടപ്പാടിയാ യിരിക്കും ആവർത്തിക്കുക എന്നുള്ളത് വ്യക്തമല്ലേ? കേരളത്തിൽ മുമ്പ് മദ്യ നിരോധനമുണ്ടായിരുന്നല്ലോ, ആ മദ്യനിരോധനം അപ്രായോഗികമാണെന്നു കണ്ട് 1967-ൽ സി. എച്ച്. മുഹമ്മദ് കോയ അംഗമായ ഇ. എം. എസ്.-ന്റെ

മന്ത്രിസഭയല്ലേ മദ്യനിരോധനം എടുത്തുകളഞ്ഞത്; അപ്രായോഗികമാണെന്നു കണ്ടല്ലേ അത് എടുത്തുകളഞ്ഞത്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സി. എച്ച്. മുഹമ്മദ് കോയ അംഗമായിരുന്ന മന്ത്രിസഭ മദ്യനിരോധനം പിൻവലിക്കുന്ന സമയത്ത് ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് കേരള നിയമസഭയിൽ വിയോജനക്കുറിപ്പെഴുതിയിട്ടുണ്ട് എന്നുള്ള കാര്യംകൂടി അങ്ങ് ഓർക്കണം. അന്നുനടന്ന വോട്ടിംഗിൽ മുസ്ലീംലീഗ് പങ്കെടുത്തിട്ടില്ല. രേഖകൾ പരിശോധിച്ചാൽ അത് അറിയാൻ കഴിയും. മുസ്ലീംലീഗ് വിയോജനക്കുറിപ്പെഴുതിയാലും അത് പാസ്സാക്കാനുള്ള ഭൂരിപക്ഷം അന്നത്തെ മന്ത്രിസഭയ്ക്കുണ്ടായിരുന്നു. മുസ്ലീം ലീഗിന്റെ വിയോജനക്കുറിപ്പോടുകൂടിയാണ് അന്നത് പാസ്സാക്കിയത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതിന്റെ അർത്ഥം ആളുകളെ പറ്റിക്കുന്നതിനുവേണ്ടി ഒരു വിയോജനക്കുറിപ്പെഴുതുകയും കാര്യങ്ങൾ നടപ്പിലാക്കിക്കോ എന്നുപറയുകയും ചെയ്തു എന്നതല്ലേ? അതുപോലെതന്നെയാണ് ഇപ്പോഴും ഇവിടെ സംഭവിക്കുന്നത്. നിങ്ങളുടെ എം.എൽ.എ. പ്രതിനിധാനം ചെയ്യുന്ന അട്ടപ്പാടിയിലല്ലേ മദ്യം സുലഭമായി ലഭിക്കുന്നുവെന്ന് പറയുന്നത്; ആ മണ്ഡലം മുസ്ലീംലീഗിന്റെ മണ്ഡലമല്ലേ; പ്രായോഗികമല്ലെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞില്ലേ; മദ്യം നിരോധിച്ച സ്ഥലമല്ലേ അട്ടപ്പാടി? മദ്യനിരോധനം പ്രാവർത്തികമാക്കാൻ കഴിയില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അട്ടപ്പാടി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിലെ മദ്യനിരോധനവും അവിടെ കള്ളവാറ്റ് നടക്കുന്നതും രണ്ടുകൊല്ലത്തിനിടയിലുണ്ടായ ഒരു സംഭവവികാസമല്ല. മദ്യത്തെക്കുറിച്ചുള്ള പൊതുചർച്ചയെന്ന നിലയിൽ സൂചിപ്പിക്കുകയാണ്, അട്ടപ്പാടി മദ്യം ലഭിക്കാത്ത മേഖലയാണ്. പക്ഷെ

വനാന്തരങ്ങളിലുൾപ്പടെ വളരെ വ്യാപകമായ തോതിൽ വ്യാജവാറ്റ് നടക്കുന്നുണ്ട്, മുൻപും നടന്നിട്ടുണ്ട്, ഇപ്പോഴുമുണ്ട്. എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് എത്തിപ്പെടാൻപോലും കഴിയാത്ത സ്ഥലങ്ങളിലാണ് വാറ്റ് നടക്കുന്നത്. മാത്രമല്ല, പുരുഷന്മാരെപ്പോലെത്തന്നെ സ്ത്രീകളും ചെറിയ കുട്ടികളും ഉൾപ്പെടെ മദ്യം ഉപയോഗിക്കുകയാണ്. വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്, രാവിലെ ഞാനത് പറഞ്ഞുവന്നപ്പോൾ ഒരു ഭാഗത്ത് ബഹളമായി. ഇത്തരം സാമൂഹ്യവും ആരോഗ്യപരവുമായ വിഷയങ്ങളെ ഗൗരവമായി കാണണം. ഇന്നത്തെ ഈ പ്രശ്നങ്ങളും ഇതിനോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. ഭക്ഷണംപോലും കഴിക്കാതെ ഗർഭിണികളായ സ്ത്രീകൾപോലും വ്യാപകമായ തോതിൽ, ഈ കൊടിയവിഷമാണ് മദ്യമായി അവിടെ കുടിച്ചുകൊണ്ടിരിക്കുന്നത്. 745 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ മൂന്ന് പഞ്ചായത്തുകളിലെ ഇത്തരം പ്രശ്നങ്ങളെ നിയന്ത്രിക്കേണ്ടത് വെറും പതിനഞ്ചോളം വരുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാരാണ്. ഈ പാക്കേജിന്റെ ഭാഗമായി പതിനഞ്ച് ഉദ്യോഗസ്ഥന്മാരെക്കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. എന്നിരുന്നാൽപ്പോലും ഈ വിഷയത്തോടുള്ള സത്യസന്ധവും ആത്മാർത്ഥവുമായ സമീപനമെന്നുള്ള നിലയിൽ പറയട്ടെ, ഇത് നിയന്ത്രിക്കാൻ മുപ്പത് ഉദ്യോഗസ്ഥർ പര്യാപ്തമല്ല. ഒരു ജില്ലയെക്കാൾ വിസ്തൃതിയുള്ള, വളരെ സങ്കീർണ്ണമായ യാത്രാപ്രശ്നങ്ങളുള്ള ഒരു പ്രദേശത്ത് മുപ്പത് എക്സൈസ് ഉദ്യോഗസ്ഥന്മാർ വിചാരിച്ചാൽ ഈ വൻറാക്കറ്റുകളെ തുരത്താൻ കഴിയുകയില്ല. മാത്രമല്ല, ഇതിന് ആദിവാസി സമൂഹത്തിന്റെ പിന്തുണയുമുണ്ട്. പോലീസിനോ എക്സൈസിനോ പോയി ഇവരെ പിടിക്കണമെങ്കിൽ ആദിവാസികളുടെ സഹകരണമില്ലാതെ പറ്റില്ല. അവർക്കുവേണ്ടിയുള്ള ഒരു സാധന

മെന്ന രീതിയിലാണ് ഈ സംഗതി വരുന്നത്. അതുകൊണ്ട് അവബോധം തന്നെയാണ് പ്രധാനം. ഈ വിഷക്കള്ള് കുടിക്കുന്നതുകൊണ്ടാണ്, ഈ വിഷ ച്ചാരായം കുടിക്കുന്നതുകൊണ്ടാണ് ഇത്ര വലിയൊരു പ്രതിസന്ധിയെ കേരള ത്തിലെ ആദിവാസി സമൂഹം അല്ലെങ്കിൽ അട്ടപ്പാടിയിലെ ആദിവാസി സമൂഹം നേരിടുന്നതെന്ന് ബോധ്യപ്പെടുത്തണം. നിരോധനം അവിടെ ഫല പ്രദമല്ല എന്നത് ചർച്ചയുടെ ഭാഗമായി അംഗീകരിക്കുന്നതിൽ ഒരു പ്രയാസവു മില്ല. ഇടതുപക്ഷഭരണ കാലത്തും വലതുപക്ഷ ഭരണ കാലത്തുമെല്ലാം അതി ശക്തമായ നിരോധനമുണ്ടെങ്കിലും ഇത് തമിഴ്നാട് ബോർഡറാണ്. തമിഴ്നാ ട്ടിൽ നിന്ന് സുലഭമായി ഈ പറഞ്ഞ രൂപത്തിലുള്ള ആനമയക്കിയും ആളെമ യക്കിയുമെല്ലാം ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് വളരെ വിശദമായ ചർച്ച നടത്തേണ്ടതുണ്ട്. നിരോധനം ഫലപ്രദമല്ലാത്തതുകൊണ്ട് മദ്യം നിരോധിച്ച ഒരു മേഖലയിൽ നിന്നും നിരോധനം എടുത്തുകള യുകയെന്നുപറഞ്ഞാൽ വലിയ പ്രതിഷേധം ആ രംഗത്ത് ഉയർന്നുവരും. ഏതായിരുന്നാലും ഈ വിഷയത്തിൽ എനിക്ക് അഭിപ്രായപ്പെടാനുള്ളത് നിരോധനം നീക്കി കൂടുതൽ പ്രോത്സഹാനം നൽകുന്നതിനപ്പുറത്ത് ശക്ത മായ അവബോധവും അതിശക്തമായ ഇടപെടലുകളും ഉണ്ടാകണമെന്നാണ്. മുപ്പത് ആളുകളെക്കൊണ്ടൊന്നും ഇത് നിയന്ത്രിക്കാൻ കഴിയുകയില്ല. അതി ശക്തമായ ഇടപെടലുകൾ ഉണ്ടാക്കിക്കൊണ്ട് ഇത്തരം സംഗതികളെ നിരു ത്സാഹപ്പെടുത്തുക തന്നെയാണ് വേണ്ടത്. ഇതിനെ മണ്ഡലം എം.എൽ.എ.-യുമായിട്ടോ ഭരണകൂടങ്ങളുമായോ ബന്ധിപ്പിക്കുന്നതിൽ കാര്യമില്ല. ഇതൊരു സാമൂഹിക പ്രശ്നമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, മദ്യത്തിന്റെ കാര്യത്തിൽ മുസ്ലീംലീഗ് ഔപ ചാരികമായ ഒരു നിലപാട് സ്വീകരിക്കുന്നുണ്ട്. ശക്തമായിട്ടുള്ള വിയോജി

പ്പാണ് മദ്യത്തിന്റെ കാര്യത്തിൽ മുസ്ലീംലീഗിനുള്ളത്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അക്കാര്യം ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറയുകയും ചെയ്തു. ഇന്ന് ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി ഒരു ബിൽ ഇവിടെ അവതരിപ്പിക്കുന്നുണ്ട് - മുനിസിപ്പൽ പ്രദേശത്ത് കൗൺസിലിന്റെ അനുവാദമില്ലാതെ കള്ളുഷാപ്പുകളോ മദ്യഷാപ്പുകളോ തുടങ്ങാൻ പാടില്ല. അങ്ങനെയാണെങ്കിൽ ലളിതമായൊരു ചോദ്യം, മുസ്ലീം ലീഗിന്റെ നിയന്ത്രണത്തിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ പരിപൂർണ്ണമായും മദ്യനിരോധനം നടപ്പിലാക്കുമോ?

ശ്രീ. പി. സി. ജോർജ്: സർ, രാഷ്ട്രീയപ്പാർട്ടികൾ മദ്യനിരോധനത്തെ അനുകൂലിക്കുന്നത് സംബന്ധിച്ചാണ് ശ്രീ. എ. കെ. ബാലനും ശ്രീ. കോടി യേരി ബാലകൃഷ്ണനും സംസാരിക്കുന്നത്. മദ്യപന്മാർക്ക് പാർട്ടി മെമ്പർഷിപ്പ് കൊടുക്കുകയില്ലെന്ന നിബന്ധന പണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലു ണ്ടായിരുന്നു. ഇപ്പോഴും ആ നിയമം ഭരണഘടനയിലുണ്ടോ; ഉണ്ടെങ്കിൽ ആ നിയമപ്രകാരം എത്രപേർ പാർട്ടിക്കകത്ത് കാണും എന്നുകൂടി അങ്ങ് പറയുമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഈ വിഷയം സംബന്ധിച്ച് മുസ്ലീംലീഗ് പാർട്ടിയുടെ നയം വളരെ വ്യക്തമാണെന്ന് അങ്ങ് നേരത്തേ ഇവിടെ സംസാരിച്ചു. മുസ്ലീംലീഗ് പാർട്ടിക്ക് ഇടപെടാൻ കഴിയുന്ന സ്ഥലങ്ങ ളിൽ മദ്യത്തിനെതിരായിട്ടുള്ള ശക്തമായ ബോധവൽക്കരണം നടത്താറുണ്ട്. മലപ്പുറം ജില്ലാ പഞ്ചായത്തിൽ മുസ്ലീംലീഗ് വളരെ ശക്തമായ ബോധവൽക്ക രണം നടത്തി ജില്ലയിൽ ഏറെ ദിവസങ്ങളോളംതന്നെ കാമ്പെയിൻ നടത്തി മുന്നോട്ടുപോകുകയും ചെയ്തു. ഇപ്പോഴും ഞങ്ങൾ ആ നിലയിൽത്തന്നെ നിൽക്കുന്നു. പക്ഷെ സംസ്ഥാനത്ത് ഒരു നിയമം നിലനിൽക്കുമ്പോൾ ആ

നിയമത്തിന് വിരുദ്ധമായി, നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ നിയമം ലംഘിക്കുകയല്ല, ആ നിയമത്തിന് വിരുദ്ധമായി മുസ്ലീംലീഗ് പാർട്ടിക്ക് മാത്രമായി മുന്നോട്ട് പോകാൻ കഴിയില്ല. പക്ഷെ സാധ്യമായ രീതിയിൽ മദ്യ നിരോധനത്തിനും മദ്യവർജ്ജനത്തിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്താറുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു ഉദാഹരണം പറയട്ടെ, കഴിഞ്ഞ രണ്ടുവർഷം കൊണ്ടുനടത്തിയ ശ്രമകരമായ പരിശ്രമത്തിന്റെ ഭാഗമായി ഒരൊറ്റ കള്ളുഷാപ്പും ഒരു ബാറുമില്ലാത്ത നിയോജക മണ്ഡലമായി താനൂർ മാറിയിട്ടുണ്ടെന്ന് ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയും. അതുകൊണ്ട് ആ രീതിയിലുള്ള ബോധവൽക്കരണം സാധ്യമാണ്. അത് സാധ്യമല്ലെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. എം. ചന്ദ്രൻ: സർ, കഴിഞ്ഞ വർഷം കേരളത്തിൽ ഏറ്റവും കൂടുതൽ മദ്യം വിറ്റത് തിരൂരിലാണ്. താനൂരിലുള്ള കുടിയന്മാരെല്ലാം തിരൂരിലേയ്ക്ക് പോയതുകൊണ്ടല്ലേ ഏറ്റവും കൂടുതൽ മദ്യം അവിടെ വിറ്റത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതിൽ കാര്യം വളരെ വ്യക്തമാണ്. മുസ്ലീംലീഗിന്റെ രണ്ട് മെമ്പർമാർ ഇവിടെ സംസാരിച്ചു. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറഞ്ഞു, മദ്യനിരോധനം വേണം. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു, അത് പ്രായോഗികമല്ല, ബോധവൽക്കരണമാണ് വേണ്ടത്. ഇതാണ് വസ്തുത. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതാണ് ശരി. അദ്ദേഹത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, അട്ടപ്പാടിയിലെ അനുഭവം വച്ച് ബോധവൽക്കരണമാണ് വേണ്ടത്. അതാണ് പ്രായോഗികം. ഈ പ്രായോഗികമായ നിലയിൽനിന്ന് ചിന്തിക്കുന്നതിനുപകരം അപ്രായോഗികമായ കാര്യങ്ങൾ പറഞ്ഞ് പ്രശ്നത്തിലേയ്ക്ക് പോകുന്നത് ശരിയല്ല. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയുടെ മണ്ഡല

ത്തിൽ ചിലപ്പോൾ മദ്യനിരോധനം സാധിച്ചിട്ടുണ്ടാകാം. പക്ഷെ, ആ മണ്ഡലത്തിലെ എല്ലാവരും കുടിയന്മാരല്ലാതായി മാറിയെന്ന് ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണിക്ക് അവകാശപ്പെടാൻ കഴിയുമോ? ആ മണ്ഡലത്തിലെ കുടി ശീലിച്ച ആളുകൾ മറ്റൊരു മണ്ഡലത്തിൽപ്പോയി കുടി തുടങ്ങി. ഇതാണ് സംഭവിക്കുന്നത്. ശ്രീ. മഞ്ഞളാംകുഴി അലി ഇന്നൊരു ബിൽ ഇവിടെ കൊണ്ടുവരാൻ പോകുകയാണ്. അബ്കാരി ആക്ടുമായി കണക്റ്റഡായിട്ടുള്ള ഒരു ബില്ലാണത്. ആ ബില്ലിൽ, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുനിസിപ്പാലിറ്റികളിൽ ഇതിന് ലൈസൻസ് കൊടുക്കണമെങ്കിൽ മുനിസിപ്പൽ കൗൺസിലിന്റെ അംഗീകാരം വേണമെന്ന് പറയുന്നുണ്ട്. ഈ ഗവൺമെന്റിന് സ്റ്റേറ്റ് അടിസ്ഥാനത്തിൽ ഒരു മദ്യനയമില്ല. പഞ്ചായത്തുകളിൽ ഒരു നയം, മുനിസിപ്പാലിറ്റികളിൽ ഒരു നയം, കോർപ്പറേഷനുകളിൽ മറ്റൊരു നയം. ഇതുകൊണ്ട് എന്താണ് സംഭവിച്ചത്? ലൈസൻസ് കൊടുക്കുന്ന കാര്യത്തിലുണ്ടായിരുന്ന അഴിമതി വികേന്ദ്രീകരിച്ചുപോയി. ഇതിപ്പോൾ എല്ലാവരെയും പോയി കാണണം. മുമ്പ് ശ്രീ. കെ. ബാബുവിനെ മാത്രം പോയി കണ്ടാൽ മതിയായിരുന്നു. ഇപ്പോൾ ലൈസൻസ് ലഭിക്കാൻ നാട്ടിൻപുറത്തുള്ള മുഴുവനാളുകളെയും പോയി കാണേണ്ട സ്ഥിതിയായില്ലേ? ഷാപ്പുകിട്ടേണ്ട ആളുകൾ പഞ്ചായത്തിലുള്ള മുഴുവനാളുകളുടെയും പിന്നാലെ നടക്കണം. ആദ്യം ശ്രീ. കെ. ബാബുവിനെ വന്നുകാണണം, അതിനുശേഷം അവർ അങ്ങോട്ട് നടക്കാൻ തുടങ്ങും. ഇതെല്ലാം സംഘടിപ്പിച്ചെടുക്കണമെങ്കിൽ എന്തെല്ലാം പ്രയാസങ്ങളാണിപ്പോൾ ഓരോരുത്തരും അനുഭവിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. സി. പി. മുഹമ്മദ്: പഞ്ചായത്തുകളിലേയ്ക്കും താഴേത്തട്ടിലേയ്ക്കും അധികാരം വിട്ടുകൊടുത്തത് മഹത്വമാണെന്ന് അങ്ങേയ്ക്ക് കരുതിക്കൂടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആ മഹത്വം കൊണ്ടാണ് മിക്ക സ്ഥലത്തും പല ആളുകളേയും പുറത്താക്കേണ്ടി വരുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് ഒരു നയം വേണം. ആ പഞ്ചായത്തിന് കൊടുക്കണ്ട എന്ന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചാൽ പോരേ? ഒരു പ്രത്യേക സ്ഥലത്ത് ഞങ്ങൾ ബാർ നൽകുന്നില്ല എന്ന് തീരുമാനിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. ഈരാറ്റുപേട്ടയിൽ ബാർ വേണം എന്നു ശ്രീ. കെ. ബാബു തീരുമാനിച്ചാൽ പോരേ? അത് ശ്രീ. പി. സി. ജോർജ് തീരുമാനിക്കേണ്ട കാര്യം എന്താണ്? ആ തീരുമാനം ശ്രീ. കെ. ബാബുവിന് വിട്ടുകൊടുത്താൽ പോരേ? അതുപോലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്ക് ബാർ കൊടുക്കുന്ന കാര്യം ശ്രീ. കെ. ബാബു തീരുമാനിച്ചാൽ പോരെ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.....,

പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്കുണ്ടായിരുന്ന ഈ അധികാരം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കളഞ്ഞപ്പോൾ ഈ സർക്കാർ അത് ഏറ്റെടുത്തതാണ്. അതിനുശേഷം കേരളത്തിലെ സാമൂഹിക സംഘടനകൾ, മദ്യനിരോധന സമിതി, കെ.സി.ബി.സി. തുടങ്ങി എല്ലാ വിഭാഗം ആളുകളും വളരെ കാലങ്ങളായി നടത്തിയ സമരങ്ങളുടേയും അനിശ്ചിതകാലനിരാഹാര സമരങ്ങളുടെയും ഫലമായുണ്ടായ സാമൂഹിക സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിൽ ഈ അധികാരം തിരിച്ചുകൊടുക്കാൻ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഇത് കൊടുക്കാൻ പാടില്ല എന്നാണോ? അങ്ങനെയാണെ

ങ്കിൽ അങ്ങ് അത് വ്യക്തമാക്കണം. ഈ കാര്യത്തിൽ ഒരു ക്ലാരിറ്റി വേണം. അത് ഈ സഭയ്ക്ക് അറിയണമെന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു കാരണവശാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കാൻ പാടില്ല. ഈ അധികാരം സംസ്ഥാന ഗവൺമെന്റിന്റെ കൈവശമായിരിക്കണം. എവിടെയാണ് ബാർ കൊടുക്കേണ്ടത്, ഏത് നയം സ്വീകരിക്കണം എന്നത് സംബന്ധിച്ച് ഒരു അവ്യക്തതതയും ഞങ്ങൾക്കില്ല.

ശ്രീ. പി. സി. ജോർജ്: പഞ്ചായത്തുകൾക്ക് കൊടുക്കുമ്പോൾ അവർ നിഷേധിച്ചോട്ടെ എന്ന നല്ല ബുദ്ധിയോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു ഈ അധികാരം ത്രിതലപഞ്ചായത്തുകൾക്ക് നൽകിയത് എന്നതാണ് യഥാർത്ഥസത്യം. പക്ഷേ പഞ്ചായത്ത് മെമ്പർമാരും പഞ്ചായത്ത് കമ്മിറ്റിയും ഇങ്ങനെയാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിചാരിച്ചില്ല. അവിടെയാണ് അബദ്ധം പറ്റിയത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർക്കാരിന്റെ നയമുണ്ടെങ്കിൽ ഗവൺമെന്റിന് നിശ്ചയിച്ചാൽ പോരേ? ഏതൊക്കെ സ്ഥലങ്ങളിൽ കൊടുക്കണം, ഏതൊക്കെ സ്ഥലങ്ങളിൽ കൊടുക്കണ്ട എന്ന് ഗവൺമെന്റിന് തീരുമാനിക്കാമല്ലോ? കെ.സി.ബി.സി.ക്കാരെയും ക്രിസ്തീയ മത മേലധ്യക്ഷൻമാരെയും തൃപ്തിപ്പെടുത്താൻവേണ്ടി ചെയ്യുന്ന ഒരു വിദ്യയല്ലേ നിങ്ങൾ ചെയ്തത്? ഈ അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണെന്ന് അവരോട് പറഞ്ഞു. അങ്ങനെ കെ.സി.ബി.സി-ക്കാരുടെ കയ്യടി വാങ്ങി. ഫലത്തിൽ ഇത് നടപ്പിലാക്കുന്ന സ്ഥലത്തു മുഴുവൻ പ്രശ്നങ്ങളായി. എല്ലാ പാർട്ടിയിലുമുള്ളവർ ഇപ്പോൾ ഒന്നിച്ചുചേർന്ന് ലൈസൻസിനായി കൊടുക്കുകയാണ്. എല്ലാ സ്ഥലത്തും ഈ പ്രശ്നങ്ങളു

ണ്ട്, അപ്പോൾ ഇത് പ്രായോഗികമല്ല എന്ന് അനുഭവത്തിൽ നിന്ന് മനസ്സിലായില്ലേ? അതുകൊണ്ട് ശ്രീ. മഞ്ഞളാംകുഴി അലിയോട് ഈ ആക്ടിലെ ആ പ്രൊവിഷൻ പിൻവലിക്കാൻ പറയണം. സ്റ്റേറ്റ് ഗവൺമെന്റിൽ തന്നെ ഇത് നിലനിർത്തുന്ന വിധത്തിൽ മാത്രമേ പ്രായോഗികമാകുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി മഞ്ഞളാംകുഴി അലിയെ ഉപദ്രവിക്കാതിരിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട പി. സി. ജോർജ് ഒരു ചോദ്യം ചോദിച്ചു, അദ്ദേഹത്തിന് എന്റെ പാർട്ടിയുടെ ഭരണഘടന എത്തിച്ചുതരാം. മദ്യപാനികൾക്ക് പാർട്ടി മെമ്പർഷിപ്പ് കൊടുക്കില്ല എന്ന് ഞങ്ങളുടെ പാർട്ടി ഭരണഘടനയിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആരെങ്കിലും അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ അവരെ പാർട്ടിയിൽ നിന്ന് പുറത്താക്കും. എത്രയോ ആളുകളെ പാർട്ടിയിൽ നിന്ന് പുറത്താക്കിയിട്ടുണ്ട്. ശ്രീ. പി. സി. ജോർജിന് അങ്ങനെ വല്ല ആലോചനയുമുണ്ടെങ്കിൽ ഈ പറയുന്ന പരിപാടികളൊക്കെ നിറുത്തിയിട്ട് നമുക്ക് ആലോചിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ മദ്യം ഉപയോഗിക്കാറില്ല. മദ്യത്തിനെതിരെ ശക്തമായി പ്രചരണം നടത്തുന്ന ആളാണ്. പക്ഷേ മദ്യനിരോധനം ശാശ്വതമല്ലെന്നേ ഞാൻ പറയാറുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി. സി. ജോർജ് ഒരു കാലത്തും മദ്യപിച്ചിട്ടില്ല എന്ന് എനിക്ക് നന്നായി അറിയാം. അങ്ങ് മദ്യപാനിയാണെന്ന് ഞാൻ പറഞ്ഞിട്ടേയില്ല. പക്ഷേ പാർട്ടിയിൽ ഇങ്ങനെ ഒരു വകുപ്പുണ്ട് എന്ന് കണ്ടുകൊണ്ടാണ് അങ്ങ് വരാതിരിക്കുന്നതെങ്കിൽ അല്ലെങ്കിൽ അതുപോലെ വരാതിരിക്കുന്ന ആളുകളുണ്ടെങ്കിൽ.......,

ശ്രീ. സി. പി. മുഹമ്മദ്: മദ്യം കഴിക്കാതെ തന്നെ ശ്രീ. പി. സി. ജോർജിനെക്കൊണ്ട് പ്രശ്നമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കോൺഗ്രസ്സിന് ശ്രീ. പി. സി. ജോർജിനെക്കുറിച്ചുള്ള അഭിപ്രായമതാണ്.

മർക്കടസ്യ സുരാപാനേ

പൃഷ്ഠേ വൃശ്ചികദംശന

മനസ്സിലായില്ലേ കാര്യം. ശ്രീ. സി. പി. മുഹമ്മദിനോട് ചോദിച്ചാൽ അർത്ഥം പറഞ്ഞുതരും. അത് ശ്രീ. പി. സി. ജോർജ് മദ്യം കഴിക്കാത്ത ആളായതു കൊണ്ട് അദ്ദേഹത്തിന് ഇത് ബാധകമല്ല. അതുകൊണ്ട് കോൺഗ്രസ് വെറുതേ അദ്ദേഹത്തെ സംശയിക്കേണ്ട കാര്യമില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഒരു മണിക്കൂർ കഴിഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ചുരുക്കാൻ പോകുക യാണ്. ഈ നിയമവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇതുപോലുള്ള കാര്യങ്ങൾ ഗൗരവമായി എടുക്കണം. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെ ടുത്താനുള്ള ഒരു കാര്യം, സി-ഡിറ്റ് ആണ് ബീവറേജസ് കോർപ്പറേഷന്റെ ഹോളോഗ്രാം ചെയ്യുന്നത്, അത് അവരിൽ നിന്ന് മാറ്റി വേറെ ചില സംവിധാ നങ്ങൾ വരുന്നു എന്ന ആക്ഷേപം ഉണ്ട്. ഇതിലെ വസ്തുത അങ്ങ് ക്ലിയർ ചെയ്യണം. ഇത് സി-ഡിറ്റിൽ തന്നെ ചെയ്യുക, വേറെ പ്രസ്സുകാർക്ക് കൊടു ക്കേണ്ട കാര്യമില്ല എന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. വേറൊരു ഏജൻസിയെ ഉൾപ്പെടുത്തുമ്പോഴാണ് ആക്ഷേപം വരുന്നത്. ഇങ്ങനെയുള്ള ആക്ഷേപങ്ങളൊക്കെ ഒഴിവാക്കത്തക്ക വിധത്തിൽ, ശ്രീ. കെ. ബാബു ഇക്കാ ര്യത്തിൽ മാതൃക കാണിക്കണം. സി-ഡിറ്റിന് ഇതെല്ലാം ചെയ്യാൻ കഴിയു മെന്നും വേറെയാർക്കും നൽകേണ്ടതില്ലെന്നും അവർ തന്നെ നിർദ്ദേശം വച്ചി ട്ടുണ്ട്. ആക്ഷേപരഹിതമായി നടത്തുന്നതിനുവേണ്ടിയുള്ള ധീരമായ നില

പാട് സ്വീകരിച്ച് സി-ഡിറ്റ് തന്നെ എല്ലാ കാര്യങ്ങളും ചെയ്യുന്ന രീതി സ്വീകരിക്കുന്നതായിരിക്കും നല്ലത്.

ശ്രീ. പാലോട് രവി: കേരളത്തിൽ ചാരായം നിരോധിക്കുന്നതിനുമുമ്പ്, ജോലി കഴിഞ്ഞു വരുന്ന പാറ പൊട്ടിക്കുന്ന തൊഴിലാളികളും മറ്റും വളരെ കുറഞ്ഞ വിലയ്ക്ക് മദ്യം വാങ്ങി കഴിക്കുമായിരുന്നു. നല്ല മദ്യം അന്ന് ഷാപ്പുകളിൽ കിട്ടുമായിരുന്നു. അന്ന് ചാരായം നിരോധിച്ചു. ഭരണ-പ്രതിപക്ഷത്തുള്ളവർ അന്ന് അതിനെ അംഗീകരിച്ചു. ഇന്ന് കേരളത്തിന്റെ സ്ഥിതി എന്താണ്? ഓരോ ഗവൺമെന്റ് വരുമ്പോഴും വിദേശമദ്യത്തിന് വില അമിതമായി കൂട്ടുകയാണ്. വിലകൂടിയ മദ്യം വാങ്ങി കഴിക്കാനുള്ള സാമ്പത്തികശേഷി ഗ്രാമപ്രദേശങ്ങളിലെ തൊഴിലാളികൾക്കില്ല. അല്ലെങ്കിൽ മദ്യം ഉപയോഗിക്കുന്നവർക്കില്ല. മദ്യനിരോധനം പ്രായോഗികമല്ലെന്ന് അങ്ങിവിടെ പറഞ്ഞു. മദ്യം നിരോധിക്കാത്ത ഒരു സംസ്ഥാനത്ത്, മദ്യം കഴിക്കുന്നവർക്ക് ആരോഗ്യത്തിന് ഹാനിയുണ്ടാകാത്ത തരത്തിൽ കുറഞ്ഞ വിലയ്ക്ക് മദ്യം എത്തിക്കാനുള്ള ചുമതലകൂടി നമുക്കുണ്ടാകണ്ടേ? അതിന് പകരം ഓരോ വർഷവും വിദേശമദ്യങ്ങളുടെ വില കൂട്ടുകയാണ്. വ്യാജമദ്യം പലതരത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുന്നു, ആളുകൾ മരിച്ചുകൊണ്ടിരിക്കുന്നു. ഇതിനെന്താണ് പരിഹാരം? അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ആലോചിക്കണം. ഇതാണ് കേരളത്തിന്റെ അവസ്ഥ. സമ്പന്നർ നല്ല മദ്യം വാങ്ങി കുടിക്കുന്നു. അട്ടപ്പാടിയിൽ മാത്രമല്ല, കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും വിഷം കലർന്ന വ്യാജമദ്യം കഴിച്ച് ആളുകൾ നശിക്കുകയാണ്. ഇതിനെന്താണ് പരിഹാരം?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിദേശമദ്യത്തിന്റെ വില കൂടിക്കൂടി വരുന്നു. ഗവൺമെന്റ് ടാക്സും വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഇതിന്റെയൊക്കെ ഫലമായി കുടി ശീലിച്ച ആളുകളും സാധാരണക്കാരും

വ്യാജമദ്യത്തെ കൂടുതലായി ആശ്രയിച്ചു കൊണ്ടേയിരിക്കുന്നു. ശ്രീ. പാലോട് രവി പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇത് ഗവൺമെന്റ് ആലോചിക്കേണ്ട ഒരു കാര്യമാണ്. മദ്യം ശീലിച്ച ആളുകൾ ഏതു വിധേനയും എവിടെ പോയും വാങ്ങി കഴിക്കും, അതാണ് നമ്മൾ കണ്ടുവരുന്നത്. ഇതിന് അടിമപ്പെട്ടുപോയ ആളുകളെ പൂർണ്ണമായും അതിൽ നിന്ന് മോചിപ്പിക്കാൻ കഴിയാത്തിടത്തോളം കാലം......, ഇനി പുതുതായി കുടിയന്മാർ ഉണ്ടാകാതിരിക്കാൻ വേണ്ടി ശ്രമിക്കുക, അതിനാവശ്യമായ ബോധവത്ക്കരണം നടത്തുക. ഇത്തരത്തിൽ ഒരു ബഹുമുഖ പരിപാടി സംഘടിപ്പിക്കണം. ഗവൺമെന്റിന് നല്ല വരുമാനമാർഗ്ഗമാണ് എന്നുള്ളതുകൊണ്ട് ഇത് ഇങ്ങനെ തന്നെ പോകട്ടെ എന്നു വിചാരിച്ചാൽ കേരളം എവിടെയാണ് എത്താൻ പോകുന്നത്? കേരളത്തിലെ നാഷണൽ ഹൈവേയിൽക്കൂടി യാത്ര ചെയ്യുന്ന ഒരാൾ ധരിക്കുന്നത് കേരളം ഏറ്റവും അച്ചടക്കമുള്ള സംസ്ഥാനമാണെന്നാണ്. കാരണം ബീവറേജസ് കോർപ്പറേഷനു മുന്നിൽ ഇങ്ങനെ ക്യൂ നിൽക്കുന്നത് ലോകത്ത് എവിടെയെങ്കിലും കാണാൻ സാധിക്കുമോ? ഒറ്റ പോലീസുകാരൻ പോലുമില്ലാതെ അച്ചടക്കത്തോടെയാണ് ആളുകൾ ആ ക്യൂവിൽ നിൽക്കുന്നത്. ഇത് അച്ചടക്കത്തിന്റെ പ്രതീകമായി ആളുകൾ കണക്കാക്കും. നാഷണൽ ഹൈവേയുടെ തീരത്ത് ബീവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ പാടില്ല എന്നൊരു നിർദ്ദേശം ഹൈക്കോടതി തന്നെ പുറപ്പെടുവിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. സർക്കാരാണെങ്കിൽ ഈ മദ്യ വകുപ്പ് കൈവശം വച്ചുകൊണ്ട് പല കാര്യങ്ങളും നടത്തുന്നുണ്ട്. ഞാൻ അതിലേയ്ക്ക് പോകാൻ ഉദ്ദേശിക്കുന്നില്ല. ചില പത്രങ്ങളിൽ തന്നെ വാർത്ത വന്നിട്ടുണ്ട്. ഇത്തവ

ണത്തെ യൂത്ത് കോൺഗ്രസ്സിന്റെ ഇലക്ഷനിൽ വലിയ തോതിൽ പണമൊഴുക്കി. **************** [1] ആക്ഷേപവുമുണ്ട്.

ശ്രീ. പി. സി. വിഷ്ണുനാഥ്: പോയിന്റ് ഓഫ് ഓർഡർ........

യൂത്ത് കോൺഗ്രസ്സിന്റെ സംഘടനാ തെരഞ്ഞെടുപ്പിൽ എട്ട് ലക്ഷം അംഗങ്ങൾ മെമ്പർമാരായി ചേരുകയും മുൻ ഇലക്ഷൻ കമ്മീഷണറായിരുന്ന കെ. ജെ. റാവു, ലിങ്ദോ അടക്കമുള്ള ഒരു സ്വതന്ത്ര ഏജൻസിയുടെ മേൽനോട്ടത്തിൽ നടത്തിയ ഒരു തെരഞ്ഞെടുപ്പാണ്. ഡി.വൈ.എഫ്.ഐ.യെപ്പോലെ എ.കെ.ജി. സെന്ററിലെ ഫ്രാക്ഷൻ തീരുമാനിച്ച് പ്രസിഡന്റിനെ സെക്രട്ടറിയാക്കുകയും സെക്രട്ടറിയെ പ്രസിഡന്റാക്കുകയും ചെയ്യുന്ന കൺകെട്ട് വിദ്യയല്ല. ബൂത്തിലും മണ്ഡലത്തിലും സംസ്ഥാനത്തിലും പാർലമെന്റിലും സ്റ്റേറ്റിലുംവരെ 68,728 തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ സൃഷ്ടിച്ച പ്രക്രിയയാണ്. ആ പ്രക്രിയയെ ഏതെങ്കിലും പത്രത്തിൽ വന്ന ഒരു വാർത്ത വച്ചുകൊണ്ട് അങ്ങയെപ്പോലെ ബഹുമാന്യനായ, പോളിറ്റ് ബ്യൂറോ അംഗമായ ഒരു രാഷ്ട്രീയ നേതാവ് ഒരു പാർട്ടിയുടെ ആഭ്യന്തര ജനാധിപത്യ പ്രക്രിയയെ ഇങ്ങനെ അപമാനിക്കുന്നത് ശരിയല്ല. ഞാൻ മുൻ യൂത്ത് കോൺഗ്രസ് പ്രസിഡന്റാണ്. ആ സംഘടനാ തെരഞ്ഞെടുപ്പിനെ ഈ രൂപത്തിൽ അപമാനിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല. ഞാൻ വെല്ലുവിളിക്കുകയാണ് ഡി.വൈ.എഫ്.ഐ.ക്ക് ഇതുപോലെ ഇലക്ഷൻ നടത്താമോ?

മി. ചെയർമാൻ: പരിശോധിച്ച് ആവശ്യമായ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: യൂത്ത് കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത് മുഖവിലയ്ക്കെടുക്കാം.

---

[1]******************രേഖ പരിശോധിച്ച് നീക്കം ചെയ്യാവുന്നതാണ്.

മലപ്പുറത്ത് ഡി.സി.സി. സെക്രട്ടറി കഴിഞ്ഞ ദിവസം പത്ര സമ്മേളനം നടത്തി പറഞ്ഞത് അഞ്ച് കോടി രൂപയും മദ്യവും ഉണ്ടെങ്കിൽ ഏത് ഡി.വൈ.എഫ്. ഐ.ക്കാരനും യൂത്ത് കോൺഗ്രസ് പിടിക്കാൻ കഴിയുമെന്ന് തെളിഞ്ഞുവെന്നാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: കള്ള് കുടിച്ച് ബഹളം ഉണ്ടാക്കാൻ ഉഷാ ഉതുപ്പിന്റെ ഗാനമേളയല്ല എന്ന് നിങ്ങളുടെ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയൻ കോട്ടയം സമ്മേളനത്തിൽ പ്രസംഗിച്ചത് ലോകത്തെ ജനങ്ങൾ മുഴുവൻ കേട്ടതാണ്. അത് വേറൊരു പാർട്ടിയിലും ഉണ്ടായിട്ടില്ല. ഞാൻ ഗാനമേള നടത്തുന്നത് മാന്യമായിട്ടാണെന്നും നിങ്ങൾ സമ്മേളനം നടത്തുന്നതുപോലെ യല്ലായെന്നും പറഞ്ഞുകൊണ്ട് ഉഷാ ഉതുപ്പ് അത് നിഷേധിക്കുകയും അത് സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ പറയാൻ സി.പി.ഐ. (എം)-ന്റെ സെക്രട്ടറിക്ക് മാത്രമേ സാധിക്കൂ. നിങ്ങൾക്ക് സാധിക്കില്ല.

ശ്രീ. ജി. സുധാകരൻ: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് യൂത്ത് കോൺഗ്രസ്സിന്റെ സമുന്നത നേതാവായിരുന്നു, ഇപ്പോഴും ആയിരിക്കാം. അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് ഞാൻ പറയുന്നില്ല. നിയമസഭയുടെ ജനാധിപത്യത്തെക്കുറിച്ചാണല്ലോ പറയുന്നത്. ശ്രീ. ഉമ്മൻ ചാണ്ടിയെ അവിടെ നിന്ന് മാറ്റി ശ്രീ. രമേശ് ചെന്നിത്തലയെ മുഖ്യമന്ത്രിയാക്കാൻ വേണ്ടി ഇവിടെ എന്തെല്ലാം കോലാഹലങ്ങളാണ് നടക്കുന്നത്; മുഖ്യമന്ത്രി ആയില്ലെങ്കിലും ഉപമുഖ്യമന്ത്രിയെങ്കിലും ആക്കിയാൽ മതിയെന്ന് പറയുന്നു. ബഹുമാനപ്പെട്ട സ്പീക്കറെ കെ.പി.സി.സി. പ്രസിഡന്റാക്കുമെന്ന് പറയുന്നു. ഇത് എന്ത് ജനാധിപത്യമാണ്? യൂത്ത് കോൺഗ്രസ്സിൽ ഇത്രയും പ്രശ്നമില്ല. .......(ബഹളം).....

ഞാൻ ക്ഷോഭിക്കാൻവേണ്ടി പറയുന്നതല്ല. അങ്ങനെയൊരു ശ്രമം നടക്കുന്നില്ലേ; ഒരു മുഖ്യമന്ത്രിയെ മാറ്റി വേറെ ഒരാളെ മുഖ്യമന്ത്രിയാക്കുന്നത് ജനാധിപത്യമാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. പി. സി. വിഷ്ണുനാഥ് എന്റെ നേരെ ദേഷ്യപ്പെട്ടിട്ട് കാര്യമില്ല. യൂത്ത് കോൺഗ്രസ്സിന്റെ ഇലക്ഷനുമായി ബന്ധപ്പെട്ട് വന്ന വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അങ്ങ് യൂത്ത് കോൺഗ്രസ്സിന്റെ അഖിലേന്ത്യ നേതാവല്ലേ? ബാലറ്റ് പേപ്പർ കൈക്കലാക്കാൻ 'എ' ഗ്രൂപ്പ് ...... എന്തിന്..........ചെന്നിത്തലയെ തോൽപ്പിക്കാൻ, ചെന്നിത്തല ഗ്രൂപ്പിനെ ഒതുക്കാൻ വേണ്ടി 'എ' ഗ്രൂപ്പ് രണ്ടരക്കോടി രൂപ ചെലവഴിച്ചു. ഇങ്ങനെയാണ് ബാലറ്റ് പേപ്പർ കൈക്കലാക്കുന്നുവെന്ന വാർത്ത വന്നാൽ........... ബഹുമാനപ്പെട്ട ശ്രീ. പി. സി. വിഷ്ണുനാഥ് വായിച്ചിട്ടില്ലെങ്കിൽ അങ്ങ് വായിക്കാൻ വേണ്ടി പറഞ്ഞതാണ്. ഇനി വായിച്ചതിനുശേഷം പത്രം പറഞ്ഞത് തെറ്റാണെങ്കിൽ നിങ്ങൾ അക്കാര്യം ക്ലാരിഫൈ ചെയ്തു കൊള്ളൂ.

ശ്രീ. റ്റി. വി. രാജേഷ്: സർ, യൂത്ത് കോൺഗ്രസ്സിന്റെ കാസർഗോഡ് ജില്ലാ സമ്മേളനത്തിന്റെ റാലി ദിവസം ബാറുകൾക്ക് അവധി കൊടുത്ത കളക്ടറുടെ ഉത്തരവ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പല ഭരണകക്ഷിക്കാരുടെയും സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ എല്ലാ ബാറുകളും ഒഴിവാക്കണമെന്ന തീരുമാനം പൊതുവിലുണ്ട്. അത് യൂത്ത് കോൺഗ്രസ്സിന്റെ മാത്രമല്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഡി.വൈ.എഫ്.ഐ.യിൽ പ്രസിഡന്റുമാരെയും സെക്രട്ടറിമാരെയും തീരുമാനിക്കുന്നത് ഡി.വൈ.എഫ്.ഐ.യുടെ

സമ്മേളനമാണ്. സമ്മേളനത്തിനകത്ത് പങ്കെടുക്കുന്ന പ്രതിനിധികളാണ് അതിന്റെ പ്രസിഡന്റിനെയും സെക്രട്ടറിയേയും കമ്മിറ്റിയേയും തെരെഞ്ഞടുക്കുന്നത്. ഡി.വൈ.എഫ്.ഐ. എന്ന് പറയുന്നത് സി.പി.ഐ.(എം)-ന്റെ പോഷക സംഘടനയേയല്ല. സിപി.ഐ.(എം) ഡി.വൈ.എഫ്.ഐ.യിൽ ഇടപെടുകയില്ല. ഡി.വൈ.എഫ്.ഐ. സ്വതന്ത്രമായി പ്രവർത്തിക്കുന്ന സംഘടനയാണ്. ഡി.വൈ.എഫ്.ഐ.യുടെ പ്രസിഡന്റിനേയും സെക്രട്ടറിയേയും അവർക്കുതന്നെ തീരുമാനിക്കാനുള്ള പൂർണ്ണമായ അവകാശമുണ്ട്. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് അങ്ങനെയൊരു ആരോപണം ഉന്നയിച്ചത് ഡി. വൈ.എഫ്.ഐ.യെക്കുറിച്ച് നല്ലതുപോലെ പഠിക്കാത്തതുകൊണ്ടാണ്. അതുകൊണ്ടായിരിക്കും അങ്ങ് ഡി.വൈ.എഫ്.ഐ.യിൽ ചേരാതെ യൂത്ത് കോൺഗ്രസ്സിൽ ചേർന്നതെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അങ്ങ് പറഞ്ഞതാണ് ശരിയെങ്കിൽ ഞാൻ ആക്ഷേപം തന്നെ പിൻവലിച്ചു. സി.പി.ഐ.(എം) ഇടപെടാറില്ല, പാർട്ടിക്ക് ഫ്രാക്ഷനില്ല, പാർട്ടിക്ക് ചുമതലക്കാരില്ല, ശ്രീ. ഇ. പി. ജയരാജന് അങ്ങനെയൊരു പദവിയുമില്ല, സർവ്വതന്ത്ര സ്വതന്ത്രമായ സംഘടനയാണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. ഞാൻ എന്റെ ആക്ഷേപം പിൻവലിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എന്റെ ആക്ഷേപം ഇതല്ല. 'എ' ഗ്രൂപ്പുകാർ 'ഐ' ഗ്രൂപ്പുകാരെ കൊല്ലുന്നു. തൃശ്ശൂരിൽ ഒരു 'ഐ' ഗ്രൂപ്പുകാരനായ മധുവിനെ 'എ' ഗ്രൂപ്പുകാർ കൊന്നു. സംഘനാ ഇലക്ഷൻ നടത്തി ഒരു കൊലപാതകം നടന്ന സംസ്ഥാനമാണ് കേരളം. ഇതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെയെല്ലാം പിന്നിൽ മദ്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവിന്റെ പ്രസംഗം തടസ്സപ്പെടുത്തുന്നതിൽ എനിക്ക് വിഷമമുണ്ട്. തൃശ്ശൂ

രിൽ നടന്ന കൊലപാതകത്തിൽ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. കുടിപ്പകയിൽ നിന്നുണ്ടായ ഏറ്റുമുട്ടലിന്റെ അടിസ്ഥാനത്തിൽ നടന്ന കൊല പാതകമാണ്. അതിന് യൂത്ത് കോൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ല. പോലീസിൽ പിടിക്കപ്പെട്ടവർ കൊടുത്ത മൊഴിയും തെളിവുകളുമെല്ലാം ഉണ്ട്. വെറുതെ യൂത്ത് കോൺഗ്രസ്സിനെ ഇതിനകത്തേയ്ക്ക് വലിച്ചിഴക്കേണ്ട കാര്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, യൂത്ത് കോൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ല. യൂത്ത് കോൺഗ്രസ് നേതാക്കളാണ് പ്രതികളായി പിടിക്കപ്പെട്ടത് എന്നത് ഒരു വസ്തുതയാണ്. ഒരു ഇലക്ഷൻ നടക്കുമ്പോൾ ഇങ്ങനെയൊരു കൊലപാതകം നടന്നാൽ, ഈ സംസ്ഥാനത്ത് കെ.പി.സി.സി. ഇലക്ഷൻ നടക്കുന്ന സ്ഥിതി വന്നാൽ എന്താകുമെന്നാണ് ഞാൻ ആലോചി ക്കുന്നത്. അതുകൊണ്ടാണ് കെ.പി.സി.സി. ഇലക്ഷൻ തന്നെ വേണ്ടായെന്ന് വച്ചിരിക്കുന്നത്. കേരളം ഒരു അരക്ഷിതാവസ്ഥയിൽ എത്തി നിൽക്കുകയാ ണ്. സംസ്ഥാനത്ത് മദ്യത്തിന്റെ ഉപയോഗം കൂടിയതുമൂലം വാടക ചട്ടമ്പി കളും കൊലയാളികളുമെല്ലാം വർദ്ധിച്ചിരിക്കുകയാണ്. അങ്ങനെയുള്ള ഒരാ ളെപ്പോലും ഗുണ്ടാ നിയമം ഉപയോഗിച്ചുകൊണ്ട് പിടിക്കാൻ ആഭ്യന്തര വകു പ്പിന്റെ പോലീസിന് കഴിയുന്നില്ല. കവല ചട്ടമ്പികൾ, വാടക കൊലയാളികൾ, ക്രിമിനലുകൾ, മദ്യക്കച്ചവടക്കാർ ഇവരൊക്കെ സ്വൈര്യമായി വിഹരിക്കു മ്പോൾ, നമ്മുടെ ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് ഉപ യോഗിക്കുന്നത് വ്യാജ കള്ളന്മാർക്കോ മദ്യക്കച്ചവടക്കാർക്കോ എതിരായിട്ടല്ല. ഇവർക്കെതിരായി ഉപയോഗിക്കേണ്ട, സാമൂഹ്യവിരുദ്ധ പ്രവർത്തനം തടയാ നുള്ള നിയമം, പൊതുപ്രവർത്തകർക്ക് നേരെ ഉപയോഗിക്കുന്ന സ്ഥിതിയി

ലേയ്ക്ക് സംസ്ഥാനം എത്തിയിരിക്കുന്നു. ഇവിടെ നിയമത്തെ ദുരുപയോഗ പ്പെടുത്തുകയാണ് ചെയ്യുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ നിയമം കൊണ്ടുവന്നതും പാസ്സാക്കിയതും അങ്ങാണ്. അതിന്റെ പിതാവ് എന്നുളള സ്ഥാനത്താണ് അങ്ങ് ഇരിക്കുന്നത്. ആ നിയമത്തിനകത്ത് പറഞ്ഞിട്ടുളള കാര്യങ്ങൾ മാത്രമേ ഗവൺമെന്റ് ചെയ്യുന്നുളളൂ. അതിനകത്തും എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ ആ അപാകതകൾ കൂടി പരിശോധിച്ച് നടപടിയെടുക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എൽ.ഡി.എഫ്. ഭരണ കാലത്ത് ഈ നിയമം രാഷ്ട്രീയ പ്രവർത്തകന്മാർക്കെതിരെ ഉപയോഗിച്ചു വെന്ന ഒരാക്ഷേപവും ഉണ്ടായിട്ടില്ല. സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്ന വർക്കെതിരായി മാത്രമേ ഈ നിയമം ഉപയോഗിക്കാൻ പാടുളളൂവെന്ന് അങ്ങ് തന്നെ ഞങ്ങളോട് ഉപദേശിച്ചതാണ്. അതിൽ നിന്ന് വ്യത്യസ്തമായിട്ടു വന്ന ആദ്യത്തെ ആക്ഷേപമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട അങ്ങ് അത് തിരുത്തണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിയമത്തിനകത്ത് വന്നിട്ടുളള അപാകതകൾ പരിശോധിക്കും. പക്ഷേ, അന്ന് ആ ബെഞ്ചിലിരുന്നുകൊണ്ട് ഞങ്ങൾ ആവശ്യപ്പെട്ട ചില കാര്യങ്ങളുണ്ടായിരുന്നു. ഇത് രാഷ്ട്രീയ പ്രവർത്തകർക്കെതിരെ ഉപയോഗിക്കുന്നത് തെറ്റാണെന്ന് ഞങ്ങൾ പറഞ്ഞത് അങ്ങ് കേട്ടില്ല. അതുമാത്രമല്ല ആ നിയമത്തിന്റെയകത്ത് ഒരു ഭാഗത്തു പോലും എഴുതി വച്ചിട്ടുമില്ല. ആ റൂളിനകത്തുമില്ല. അതിനകത്ത് വ്യവസ്ഥാ പിതമായി പറഞ്ഞിട്ടുളള കാര്യത്തിനപ്പുറത്തേയ്ക്കൊന്നും ഞങ്ങൾ

പോകുന്നില്ല. രാഷ്ട്രീയപാർട്ടി എന്ന നിലയിൽ പൊളിറ്റിക്കൽ കാമ്പയിനകത്തൊന്നും ഞങ്ങൾ എതിർക്കില്ല. അതേസമയം രാഷ്ട്രീയ പാർട്ടിയെ ഒരു കവറേജാക്കി ഉപയോഗിച്ചുകൊണ്ട് ക്രിമിനൽ ആക്ടിവിറ്റീസ് നടത്തുന്നത് നോക്കി നിൽക്കാനും പറ്റില്ല. രാഷ്ട്രീയ പ്രവർത്തനം നടത്തുന്നതിന് സർവ്വ സ്വാതന്ത്ര്യമുണ്ട്, കാംപെയ്ൻ നടത്താം, എത്ര വേണമെങ്കിലും പ്രചരണവുമായി മുന്നോട്ട് പോകാം. 307 വകുപ്പു പ്രകാരം പ്രതികളായവർക്ക് എതിരെ . . . . . . . . ഞാനൊരു രാഷ്ട്രീയപാർട്ടി പ്രവർത്തകനാണ്, പ്രിവിലേജ് ക്ലാസ്സാണെന്ന വാദഗതി അങ്ങയെപ്പോലുള്ള ഒരാൾ ഉന്നയിക്കില്ലായെന്ന് തന്നെയാണ് എന്റെ വിശ്വാസം. ഇതൊക്കെയാണെങ്കിൽപ്പോലും പ്രാക്ടിക്കലായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് ചർച്ച ചെയ്ത് പരിഹരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 307 വകുപ്പ് പ്രകാരം പ്രതികളായവർക്കെതിരെ ഗുണ്ടാ ആക്ട് പ്രയോഗിക്കാൻ പോവുകയാണോ? കേരളത്തിൽ 307 വകുപ്പ് പ്രകാരം പ്രതികളായവർ എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലും ഉണ്ട്..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 307 വകുപ്പ് പ്രകാരം പ്രതികളായവരെല്ലാം പരിശുദ്ധന്മാരാണെന്ന നിലപാടിനോട് യോജിക്കാൻ പറ്റില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 307 വകുപ്പ് പ്രകാരം പ്രതികളായി സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയവരാണെങ്കിൽ അവരെ നിങ്ങൾക്ക് പിടിക്കാം. സമരത്തിൽ പങ്കെടുത്തവരെ, രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരെ.........അവർ ഏതെങ്കിലും കേസ്സിൽ പ്രതിയായി, രണ്ട് കേസ്സുകളിലധികമായി പ്രതിയായാൽ, ഉടനെ അവരെ ഗുണ്ടായെന്ന് ചിത്രീകരിക്കുന്ന സ്ഥിതി വന്നാൽ എങ്ങനെ ശരിയാകും. അത് പ്രയോഗിക്കേ

ണ്ടത് സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്ക് എതിരെയല്ലേ; അത് എന്തുകൊണ്ടാണ് അങ്ങ് ചെയ്യാത്തത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിയമത്തിനകത്തുതന്നെ വ്യവസ്ഥയുണ്ട്. സ്വമേധയാ എടുക്കുന്ന കേസ്സുകൾ ഇതിനകത്ത് കൗണ്ട് ചെയ്യുകയില്ല. ഞങ്ങളും അത് കൗണ്ട് ചെയ്തിട്ടില്ല. അതേസമയം ഇതിൽ നിന്നെല്ലാം പരിധി വിട്ട് അപ്പുറത്തേയ്ക്ക് പോകുന്ന ആളുകൾ......ഒരു രാഷ്ട്രീയ പ്രവർത്തകന്റെ അക്രമങ്ങളെന്ന് പറഞ്ഞ് നീതിന്യായ വ്യവസ്ഥ യിൽ പ്രത്യേക അക്രമമില്ലല്ലോ. നമ്മുടെ പൊളിറ്റിക്കൽ ആക്റ്റിവിക്ടീസിനെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള ഒരു നടപടിയും ഗവൺമെന്റ് എടുക്കില്ല. അതാണ് ഈ ഗവൺമെന്റിന്റെ നയം. അതേസമയം പ്രാക്ടിക്കലായി എന്തെ ങ്കിലും പരാതികൾ വന്നിട്ടുണ്ടെങ്കിൽ അത് പോസിറ്റീവായി പരിശോധിച്ച് അക്കാര്യത്തിൽ തീർപ്പുണ്ടാക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇങ്ങനെയുള്ള കേസ്സിൽപ്പെട്ടവരുടെ പേരിൽ നടപടിയെടുക്കുമ്പോൾ എല്ലാ പാർട്ടിക്കാരേയും ഒരുപോലെ കാണണ്ടേ; രാഷ്ട്രീയ വിവേചനത്തോടുകൂടി പ്രശ്നം കൈകാര്യം ചെയ്യാൻ പാടുണ്ടോ; കണ്ണൂരിലെ കെ.എസ്.യു. ക്കാരായ രണ്ടാളുകളുടെ നേർക്ക് ഈ നിയമം പ്രയോഗിച്ചതിന് അവിടത്തെ കോൺഗ്രസ്സ് നേതാവ് ശ്രീ. കെ. സുധാകരൻ ബഹളം വച്ചപ്പോൾ അങ്ങ് മുട്ടുമടക്കിയില്ലേ; ചാർജ്ജ് ചെയ്തില്ലല്ലോ; ഈ തരത്തിൽ ഉപയോഗിക്കുന്നത് ശരിയാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങൾ മുഖം നോക്കിയല്ല ഇതൊന്നും ചെയ്യുന്നത്. ഇതിനകത്ത് ഫസ്റ്റ് ക്ലാസ് പ്രതികൾ, സെക്കന്റ് ക്ലാസ് പ്രതികൾ അല്ലെങ്കിൽ ഫസ്റ്റ് ക്ലാസ് ക്രിമിനലുകൾ, സെക്കന്റ് ക്ലാസ്

ക്രിമിനലുകൾ എന്നിങ്ങനെ ക്രിമിനൽ ആക്ടിവിറ്റി നടത്തുന്ന ആളുകളെ നമുക്ക് തരംതിരിക്കാൻ കഴിയില്ല. ഞാൻ ഈ കസേരയിൽ ഇരുന്നിട്ട് കുറച്ചുകാലമല്ലേ ആയിട്ടുള്ളൂ. അങ്ങ് 5 വർഷം ഇരുന്ന ആളല്ലേ? അങ്ങേയ്ക്ക് ഇതെല്ലാം അറിയാമല്ലോ; ഇതൊന്നും അറിയാത്ത ആളാണെന്ന വാദഗതി എനിക്കില്ല. അറിഞ്ഞ പല കാര്യങ്ങളും അങ്ങേയ്ക്ക് ഇപ്പോൾ പറയാൻ കഴിയുന്നില്ല എന്നുള്ളതായിരിക്കാം അങ്ങേയ്ക്കുള്ള ബുദ്ധിമുട്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകൾ ഇലക്ഷൻ കമ്മീഷൻ അംഗീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളല്ലേ. ഇന്ത്യൻ ഭരണഘടനാ വ്യവസ്ഥയനുസരിച്ച് രാഷ്ട്രീയ പാർട്ടികൾക്ക് ചെയ്യാവുന്ന ചില കാര്യങ്ങളുണ്ട്. ആ കാര്യങ്ങൾക്ക് അപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കുന്നില്ല. അതോടൊപ്പംതന്നെ ഒരു പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള ഒരു വിഷമമോ നിങ്ങൾ ഉന്നയിക്കുന്ന കാര്യത്തിനകത്ത് പ്രസക്തമായ ഒരു വാദഗതിയോ ഉണ്ടെങ്കിൽ അതിനെതിരെ കണ്ണടയ്ക്കുന്ന ഒരു നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കില്ല. ഗവൺമെന്റ് അത് പോസിറ്റീവായി തന്നെ കാണും.

ശ്രീ. എളമരം കരീം: സർ, കേരളത്തിൽ വളരെ വിവാദമായ ഒരു ചാരക്കേസ് അന്വേഷിച്ചിരുന്ന സി.ബി.ഐ. ഓഫീസറുടെ ഒരു ഇന്റർവ്യൂ ഈ അടുത്ത ദിവസത്തെ സൺഡേ സപ്ലിമെന്റിൽ വന്നു. ഒരു പോലീസ് ഓഫീസർ വിചാരിച്ചാൽ ആരെയും കേസ്സിൽ പ്രതിയാക്കാം, ആരുടെയും ജീവിതം തകർക്കാം എന്നാണ് അദ്ദേഹം അതിൽ പറയുന്നത്. അതിന് ഉദാഹരണങ്ങളും പറയുന്നുണ്ട്. അത് ഞാൻ വിശദീകരിക്കുന്നില്ല. പോലീസിന്റെ നടപടികളെ കണ്ണടച്ച് ന്യായീകരിക്കുന്ന നിലപാടിലേയ്ക്ക്

പോയാൽ രാഷ്ട്രീയ പ്രവർത്തനം അസാദ്ധ്യമാകുന്ന സ്ഥിതി വരും. അവിടെ ജുഡീഷ്യസായി തീരുമാനം എടുക്കാൻ രാഷ്ട്രീയ നേതൃത്വം സന്നദ്ധമാകണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പരാമർശിച്ച 'KAPA നിയമം' അനുസരിച്ച് എടുത്ത കേസ്സുകളെ കണ്ണടച്ച് ന്യായീകരിക്കരുത്. ഉദാഹരണത്തിന് ഇവിടെ നൽകിയ ചോദ്യത്തിന്റെ മറുപടിയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗമായ ശ്രീമതി കെ.കെ. ലതികയുടെ മകന്റെ പേരിൽ ഇപ്പോൾ സ്വീകരിച്ച നടപടി ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയില്ല. 307 വകുപ്പ് പ്രകാരമുള്ള ഒരൊറ്റ കേസ്സും അയാളുടെ പേരിലില്ല. ഇത് പോലീസ് ഡിപ്പാർട്ടുമെന്റ് എഴുതി കൊടുത്ത മറുപടിയാണ്. ഇതുപോലെ ഇതേ നമ്പർ കേസ്സുകളിൽ പ്രതികളായ അസ്കർ അലി S/o. അബ്ദുൾറഹുമാൻ (പൊളിറ്റിക്കൽ അഫിലിയേഷൻ, ഐ.യു.എം.എൽ), അജ്മൽ S/o. അബ്ദുള്ള (പൊളിറ്റിക്കൽ അഫിലിയേഷൻ, ഐ.യു.എം.എൽ), മുഹമ്മദ് ഹിഷാം S/o. ഇബ്രാഹിം (പൊളിറ്റിക്കൽ അഫിലിറ്റി, കെ.എസ്.യു.), ജൂലിയസ് നിഹിതാസ് (ഉണ്ണി) S/o. മോഹനൻ മാസ്റ്റർ (സി.പി.ഐ.(എം). ഇയാളുടെ പേരിൽ മാത്രമാണ് 'KAPA നിയമം' അനുസരിച്ച് കേസ് എടുത്തത്. ഇങ്ങനെ ഒരു നടപടിയിലേയ്ക്ക് പോയാൽ എങ്ങനെ ജസ്റ്റിഫൈ ചെയ്യാൻ കഴിയും. ഇയാൾ എൻ.ഐ.ടി. വിദ്യാർത്ഥിയാണ്, ഒരക്രമത്തിനും പോകുന്ന ആളല്ല. സുവോ-മോട്ടോ അല്ലാതെ ഒരാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ആ പരാതിക്കാരൻ മറ്റൊരാളുടെ പേരിൽ കേസ്സ് എടുപ്പിച്ചാൽ ഇയാൾക്ക് നാട് കടന്നുപോകാൻ പറ്റുമോ? അപ്പോൾ ഈ ഉയർന്നുവന്ന

പ്രശ്നത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി അവസാനം പറഞ്ഞതുപോലെ ജുഡീഷ്യസായ ഒരു സ്ക്രൂട്ടിണിക്ക് വിധേയമാക്കുകയെന്നല്ലാതെ പോലീസ് നടപടിയെ കണ്ണടച്ച് ന്യായീകരിച്ചാൽ ഈ സ്റ്റേറ്റ്, പോലീസ് ഭരണത്തിലേയ്ക്ക് പോകും; സ്റ്റേറ്റ് ടെററിസത്തിലേയ്ക്ക് പോകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നടന്ന സംഭവത്തെക്കുറിച്ച് എനിക്ക് എന്റേതായ വിലയിരുത്തലുകളുണ്ട്. ഞാൻ അത് ഒരു പിതാവിന്റെ സ്വഭാവത്തോടുകൂടിയായിരിക്കും കാണുന്നത്. ഇതിനെ നിസ്സാരവൽക്കരിക്കുന്നത് ആ വാത്സല്യം ഇല്ലാത്ത ആളുകളാണ്. ഞാൻ കുറച്ച് വ്യത്യസ്തനാണ്. എന്റെ അടുത്ത് ഇതിനെക്കുറിച്ച് ഒരു പരാതി പറഞ്ഞു. എനിക്ക് ആ പരാതി കേട്ടപ്പോൾ ദു:ഖമുണ്ടായി. ഞാൻ അതിനെക്കുറിച്ച് അന്വേഷിച്ചു. അതിനുശേഷമുള്ള കാര്യങ്ങൾ പരാതി തരാൻ വന്ന ബഹുമാനപ്പെട്ട നിയമസഭാ അംഗങ്ങൾക്ക് അറിയാം. ഞാൻ അവരുടെ പേര് പറയുന്നില്ല; അവർ എന്നോട് ഉന്നയിച്ച വാദഗതി പറയുന്നില്ല; മറ്റൊന്നും പറയുന്നില്ല. ഈ കാര്യത്തിനകത്ത് ഗവൺമെന്റിന് എന്താണ് ആവശ്യം; ജനങ്ങൾക്ക് എന്താണ് ആവശ്യം? ഇവിടെ ക്രിമിനൽ ഗുണ്ടായിസം നടക്കരുത് എന്നതാണ് ജനങ്ങളുടെ ആവശ്യം. അത്തരം ഗുണ്ടായിസം നടത്തുന്നതിനെ എതിർക്കുന്നതിനുവേണ്ടിയാണ് ഈ നിയമം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിയമത്തിന്റെ പരിധിയിൽ നിന്നുമാത്രമെ ഞങ്ങൾ പ്രവർത്തിക്കൂ. ഇതിന് ഹൈക്കോടതി ജഡ്ജി ചെയർമാനായുള്ള ഒരു കമ്മിറ്റിയാണുള്ളത്. അല്ലാതെ ഇതെല്ലാം ഗവൺമെന്റിന്റെ തലയിൽ വയ്ക്കണ്ട. ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയാണ് ഇതൊക്കെ പരിശോധിക്കേണ്ടത്. അതിന് രണ്ടുമൂന്ന് ഘട്ടങ്ങളുണ്ട്. ആദ്യം നോട്ടീസ്

കൊടുക്കുമ്പോൾ പോലീസിന്റെ തലത്തിൽ ചെയ്യാവുന്ന കാര്യം, അതിനപ്പുറത്ത് ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജി ചെയർമാനായിട്ടുള്ള റിവ്യൂ കമ്മിറ്റിക്കുള്ള പവേഴ്സ്, ഇതിലേതെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ ഈ തലങ്ങളിലൊക്കെ തീർന്നുപോകും എന്നുതന്നെയാണ് എന്റെ വിശ്വാസം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സ്പിരിറ്റ് കടത്തുകാർക്ക് എതിരായിട്ടോ അല്ലെങ്കിൽ വ്യാജമദ്യവിൽപ്പനക്കാർക്ക് എതിരായിട്ടോ സാമൂഹിക വിരുദ്ധപ്രവർത്തന നിയമം എന്തുകൊണ്ടാണ് പ്രയോഗിക്കാത്തത്?

മി. ചെയർമാൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഒന്നര മണിക്കൂർ ആകാൻ പോകുന്നു. ഇനി ഒരു ബില്ലുകൂടിയുണ്ട്. ഞാൻ ഓർമ്മപ്പെടുത്തിയതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അബ്കാരി ആക്ടുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. അങ്ങനെയുള്ളവർക്കെതിരായി പ്രയോഗിക്കാത്ത ഈ നിയമം, ബിരുദാനന്തര ബിരുദവിദ്യാർത്ഥിയായ ഷാഹിർ, എസ്.എഫ്.ഐ. യുടെ സംസ്ഥാന നേതാവിന് എതിരായും കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് ബിനീഷിന് എതിരായും എൻ.ഐ.ടി. യിൽ നിന്നും ബി.ടെക് നേടിയിട്ടുള്ള എം.എൽ.എ. ശ്രീമതി കെ.കെ. ലതികയുടെ മകന് എതിരായും പ്രയോഗിക്കുകയാണ്. 5 വർഷത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണകാലത്ത് ഈ നിയമം ഉണ്ടായിരുന്നു. അന്ന് ആ നിയമം ദുരുപയോഗിച്ചു എന്ന ഒരു കേസ്സുപോലും പ്രതിപക്ഷം നിയമസഭയിൽ പറഞ്ഞിട്ടില്ല. ഇപ്പോൾ അതിന് വ്യത്യസ്തമായി വരികയാണ്. ഇപ്പോൾ കൊടകര യൂത്ത് കോൺഗ്രസ്സിന്റെ ബ്ലോക്ക് പ്രസിഡന്റ്, അദ്ദേഹം 15

കിലോഗ്രാം സ്വർണ്ണം മോഷ്ടിച്ച കേസ്സിലെ പ്രതിയാണ്. അയാൾക്ക് എതിരായി നിങ്ങൾ ഈ നിയമം ഉപയോഗിക്കുമോ? അപ്പോൾ ഇങ്ങനെയുള്ള ആളുകൾക്ക് എതിരായി ഉപയോഗിക്കാതെ രാഷ്ട്രീയ പ്രതിയോഗികൾക്ക് എതിരായി ഉപയോഗിക്കുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, തൃശ്ശൂരിലെ യൂത്ത് കോൺഗ്രസ്സിനെപ്പറ്റി കൊട്ടിഘോഷിച്ചുകൊണ്ടാണ് ശ്രീ. പി.സി. വിഷ്ണുനാഥ് പറഞ്ഞത്. അവിടെ ഈ പറഞ്ഞ രീതിയിൽ തെരഞ്ഞെടുപ്പ് നടന്നു. ജനാധിപത്യപരമായ നിലയിലാണ് തെരഞ്ഞെടുപ്പ് നടന്നത്. ആ തെരഞ്ഞെടുപ്പ് നടന്നപ്പോൾ കൊടകര മണ്ഡലത്തിലെ യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ആൾ, 14 കിലോഗ്രാം സ്വർണ്ണം സ്വർണ്ണ വ്യാപാരിയുടെ കയ്യിൽ നിന്നും തട്ടിപ്പറിച്ച് കൊണ്ടുപോയ കേസ്സിലെ രണ്ടാം പ്രതിയാണ്. നാലഞ്ച് കൊല്ലം മുമ്പ് ഉണ്ടായ കേസ്സ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അയാളുടെ പേരിൽ 18 കേസ്സുണ്ട്. അതുകൊണ്ട് അയാളുടെ പേരിൽ KAPA നിയമം എടുത്താൽ പോര. അങ്ങനെയുള്ള ആളെ യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റാക്കി വച്ചിരിക്കുന്ന ഇവർ, മാന്യമായി രാഷ്ട്രീയ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്ക് എതിരായി കേസ്സെടുക്കുന്നതിനെപ്പറ്റി എന്ത് ന്യായമാണ് അങ്ങേയ്ക്ക് പറയാനുള്ളത്; അങ്ങേയ്ക്ക് അതിനെക്കുറിച്ച് പറയാമോ?

മി. ചെയർമാൻ: ഇപ്പോൾ ഇതിൽ ആരാണ് പ്രസംഗിക്കുന്നത്. പ്രസംഗം ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനിൽ നിന്ന് പോയിക്കഴിഞ്ഞു. ഒന്നര മണിക്കൂറായി. ഇനിയും ബില്ലുണ്ട്.

ശ്രീ. ഇ.പി. ജയരാജൻ: സർ, തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ ഒരു സി. ഐ. വെട്ടി. .........ആ നിയമത്തെ ശക്തിപ്പെടുത്താൻ ഇതൊരു അനുഭവ പാഠമാണ്. നിയമം ദുരുപയോഗപ്പെടുത്തരുത്. ഈ നിയമസഭയിൽ തന്നെ ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി നിയമനിർമ്മാണ സമയത്ത് പ്രസംഗിച്ചത് നമ്മുടെ രേഖയിലുണ്ട്. ആ അനുഭവം ഈ നിയമത്തിനുണ്ടാകരുത്. അതാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ടാണ് ഇത്തരം ഒരു പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുന്നത്. തളിപ്പറമ്പ് പോലീസ് സ്റ്റേഷനിൽ അരിയിൽ ജാഫർ, ജാഹിദ്, അവിടത്തെ പ്രധാനപ്പെട്ട മൂന്ന് ക്രിമിനലുകൾ എന്നിവർ സി.ഐ. യെ ആക്രമിച്ച കേസ്സ്, പറങ്കിപ്പൊടി പാറ്റി സ്വർണ്ണക്കട കവർച്ച ചെയ്ത കേസ്സ്, ഇങ്ങനെ നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയായി 10 –ഉം 20 –ഉം അല്ല, എത്രയോ കേസ്സുകളിൽ പ്രതിയായവർ അവിടെ വിലസുകയാണ്. നിങ്ങൾ കേസ് എടുത്തിട്ടുള്ള ഒ. കെ. വിനീഷിന് നേരെ ഈ നിയമത്തിന്റെ ഏത് പിൻബലത്തോടുകൂടിയാണ് അദ്ദേഹത്തോട് അവിടത്തെ ഐ.ജി. നാടുകടത്താൻ ഉത്തരവിട്ട് വിശദീകരണം ചോദിച്ചത്. നിയമ വിരുദ്ധമായി പ്രവർത്തിക്കാൻ എങ്ങനെയാണ് ഒരു ഐ.ജി.ക്ക് ധൈര്യം കിട്ടുന്നത്. നിങ്ങളെയും മുഖ്യമന്ത്രിയെയും സംശയിക്കുന്നു. ഇവിടെ ഈ കരിനിഴൽ വീഴാൻ ഇടയാക്കിയിട്ടുണ്ട്. ഇത് നിയമത്തിന്റെ ദുരുപയോഗമാണ്. ശ്രീ. കെ. ബാബു ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ നിയമത്തിനും ആ ദുര്യോഗമുണ്ടാകരുത്. അപ്പുറവും ഇപ്പുറവും ഇരിക്കുന്നവർ ചിന്തിക്കേണ്ട വിഷയമാണ്. നിയമത്തെയും അതിന്റെ ലക്ഷ്യത്തേയും സംരക്ഷിച്ച് നിർത്തുക എന്ന ധാർമ്മികത ഏറ്റവും ഉയർത്തിപ്പിടിക്കേണ്ടത് പൊളിറ്റീഷ്യൻസാണ്. ആ

പൊളിറ്റീഷ്യൻസ് ഈ നിയമ ലംഘനത്തിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കരുത്. അതാണിവിടെ ഉണ്ടായിട്ടുള്ളത്. അതാണ് ഈ നിയമത്തെ സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മുമ്പാകെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് തന്നെയാണ് ഇതു പറയിപ്പിക്കുന്നതെന്ന് അറിയാവുന്നതുകൊണ്ടാണ് അങ്ങയോട് പറയുന്നത്. അങ്ങ് ഒരു പോളിറ്റ് ബ്യൂറോ അംഗമല്ലേ; അങ്ങേയ്ക്ക് കീഴിലാണ് ഇതെല്ലാം അണിനിരന്ന് ഈ അസ്ത്രമെല്ലാം അയയ്ക്കുന്നത്. അതുകൊണ്ട് എനിക്ക് സന്തോഷമേയുള്ളൂ. ഞാൻ ഒരു സ്പോർട്സ്മാൻ സ്പിരിറ്റോടുകൂടിയാണ് ഇതിനെ കാണുന്നത്. അങ്ങ് കൊണ്ടുവന്ന ഒരു നിയമം ഇപ്പോൾ നടപ്പാക്കിയതിൽ ചില അപാകതകളുണ്ടെന്ന് അങ്ങയുടെ പക്ഷത്തുനിന്നുതന്നെ പറയുന്നു. അത് എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെക്കുറിച്ച് കൂട്ടായി ആലോചിക്കണം. ഇതുവച്ച് രാഷ്ട്രീയവിദ്വേഷം തീർക്കുന്നതിനുള്ള ഒരു നടപടിയും ഞങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകില്ല. ഇപ്പോൾ പരാതിയായി എം.എൽ.എ. മാർ പറഞ്ഞതെല്ലാം ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഈ കാര്യങ്ങളെല്ലാം പരിശോധിച്ച് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് ആലോചിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇതിൽ ഒരു പ്രശ്നം മാത്രമേ യുള്ളൂ. ഈ നിയമം ദുരുപയോഗപ്പെടുത്താൻ പാടില്ലെന്നാണ് ബഹുമാന പ്പെട്ട ജയരാജൻ പറയുന്നത്. പുതിയ നിയമപ്രകാരം 21 വയസ്സുള്ള ഒരു കുട്ടിയെ ബിവറേജസ് കോർപ്പറേഷന് മുന്നിൽ കണ്ടുവെന്ന് പറഞ്ഞ് അവനെ പിടിച്ച് ജയിലിലാക്കാം. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുമ്പോൾ ഇത്

വളരെ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഒരു ഭേദഗതികൂടി ഉണ്ട്. പ്രധാന ആക്ടിലെ 67-ാം വകുപ്പിൽ - (എ) (2)-ാം ഉപവകുപ്പിൽ 25,000 രൂപ എന്നത് 3,00,000 രൂപയായി ഉയർത്താൻ അനുമതി നൽകിയിട്ടുണ്ട്. മൂന്ന് ലക്ഷമായി ഇത് വർദ്ധിപ്പിച്ചത് വലിയ രീതിയിൽ എതിർക്കേണ്ട പ്രശ്നമില്ല. പക്ഷേ ഇത്തരത്തിലുള്ള അധികാരങ്ങൾ വർദ്ധിപ്പിച്ച് കൊടുത്തതുകൊണ്ട് മാത്രമായില്ല. ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതിന് എക്സൈസ് വകുപ്പ് ഫലപ്രദമല്ല. ഒന്നാമതായി എക്സൈസ് വകുപ്പിന് അതിനുള്ള സംവിധാനമില്ല. മണ്ണാർക്കാട് എം.എൽ.എ. പറഞ്ഞതുപോലെ അവിടെ പതി നഞ്ചോ മുപ്പതോ ആളുകളെ നൽകിയിട്ട് എന്തുചെയ്യാനാണ്? അവിടെ 300 ആളുകളെ കൊടുത്താൽപ്പോലും അട്ടപ്പാടിയിൽ ഒരു ഭാഗത്തും തീരാൻ പോകുന്നില്ല. ഇന്ന് കാണുന്ന നിയമം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഇല്ലാത്തൊരു ഡിപ്പാർട്ടുമെന്റായിട്ടാണ് ഇപ്പോഴും എക്സൈസ് വകുപ്പ് തുടരുന്നത്.

ശ്രീ. സി.പി. മുഹമ്മദ്: സർ, അട്ടപ്പാടിയിൽ മദ്യം ഒഴിവാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി മൂന്ന് വർഷത്തേക്ക് 50 കോടി രൂപ യാണ് കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് പ്രഖ്യാപിച്ചത്. അത് ഫലപ്രദമായി ഉപയോഗിച്ചാൽ അട്ടപ്പാടിയിൽ ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ശ്രീ. ഇ.പി. ജയരാജൻ: ഇവിടെ 50 കോടി രൂപ എന്താകാനാണ്? അട്ട പ്പാടിയുടെ ഗുരുതരാവസ്ഥയ്ക്ക് ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കാൻ തയ്യാറുണ്ടോ? ശ്രീ. ജയറാം രമേശ് ഇവിടെ വന്നതുകൊണ്ട് എന്താണ് കാര്യം? ഇവിടെ ആരെല്ലാം വന്ന് പോകുന്നു?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. രമേശ് ചെന്നിത്തല അങ്ങോട്ട് പോകാൻ പാടില്ല, എന്നാൽ ശ്രീ. ജയറാം രമേശ് ഇങ്ങോട്ട് വരട്ടെ എന്നൊരു നിലപാട് സ്വീകരിച്ചു എന്നതിൽക്കവിഞ്ഞ് ഇതിൽ വേറൊന്നുമില്ല.

ശ്രീ. എം. ചന്ദ്രൻ: സർ, കേരളത്തിൽ മദ്യ നിരോധനം നടപ്പിലാക്കിയ അട്ടപ്പാടി പ്രദേശത്ത് മാത്രമാണ് ക്യൂ നിൽക്കാതെ മദ്യം ലഭിക്കുന്നതെന്ന കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണന് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് നേരത്തെ പറഞ്ഞ കാര്യമാണ്. അട്ടപ്പാടിയിൽ ശ്രീ. ജയറാം രമേശ് വന്നു എന്നതുകൊണ്ട് അവിടെ മാറ്റം ഉണ്ടാകാൻ പോകുന്നില്ല. "മദ്യം കിട്ടുന്നുണ്ടോ, മദ്യം കുടിക്കുന്നുണ്ടോ"- എന്നെല്ലാം കേന്ദ്രമന്ത്രി ഇവിടെ വന്ന് അന്വേഷിക്കേണ്ട സ്ഥിതിയായി. അദ്ദേഹം ഇവിടെ വന്ന് ഇപ്രകാരം ചോദിക്കുന്നത് ഞാൻ ടി.വി.യിൽ കണ്ടു. മുഖ്യമന്ത്രിയുടെ മുന്നിൽ നിന്നുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം ചോദിക്കുന്നത്. കേന്ദ്രമന്ത്രി വരുന്ന ദിവസം മാത്രമേ നമ്മുടെ മുഖ്യമന്ത്രി അവിടെ പോകുകയുള്ളൂ. ഇത് ആ പ്രദേശത്തോടുകാണിച്ച അവഗണനയുടെ ഏറ്റവും വലിയ ദുരന്തമല്ലേ? അബ്കാരി നിയമം നടപ്പിലാക്കാൻതക്കവണ്ണം ഇൻഫ്രാസ്ട്രക്ച്ചറുള്ള ഒരു ഡിപ്പാർട്ടുമെന്റല്ല ഇപ്പോഴും എക്സൈസ് വകുപ്പ്. ഈ നിയമം നടപ്പിലാക്കാൻ വേണ്ട ഒരു സംവിധാനമില്ലെങ്കിൽ പ്രസ്തുത ഓർഡിനൻസ് കൊണ്ടുവന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ഈ ഓർഡിനൻസ് കൊണ്ടുവന്നതിനുശേഷം ഒരു നടപടിയും എടുക്കാത്തതിനാൽ ഇത് റദ്ദാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. തിലോത്തമൻ: സർ, ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ ദീർഘമായി സംസാരിച്ചുകഴിഞ്ഞു. ആയതിനാൽ ദീർഘമായ ചർച്ചയ്ക്ക് ഞാൻ മുതിരുന്നില്ല. നമ്മുടെ സംസ്ഥാനം പൊതുവിൽ മദ്യത്തിൽ മുങ്ങുകയാണ്. മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞ് വരുന്നു എന്നാണ് ആദരണീയനായ എക്സൈസ് വകുപ്പുമന്ത്രി ഇവിടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത്. സംസ്ഥാനത്തുടനീളം എക്സൈസ് ഡിപ്പാർട്ടുമെന്റ് നടത്തിയ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായിട്ടുണ്ടായ പോസിറ്റീവായ ഒരു കാര്യമാണെന്നാണ് ഇവിടെ സൂചിപ്പിച്ചത്. അങ്ങനെയാകാൻ യാതൊരു വഴിയുമില്ലെന്നാണ് എന്റെ അഭിപ്രായം. അത്രയും വിപുലമായ രീതിയിലുള്ള ബോധവൽക്കരണ പരിപാടി നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടില്ല. മദ്യവിരുദ്ധ വിമോചന പ്രസ്ഥാനത്തിന്റെ ആളുകൾ പകൽ മുഴുവൻ മദ്യത്തിനെതിരായ ക്യാമ്പയിൻ നടത്തിയശേഷം വൈകിട്ട് പൂസായി കിടക്കുന്ന കാഴ്ചയാണ് പലപ്പോഴും നമ്മൾ കാണുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രചാരണ പ്രവർത്തനങ്ങൾ ഉപരിതലത്തിൽ നടക്കുന്നുയെന്നുള്ളതല്ലാതെ വളരെ കാര്യമായ മാറ്റമുണ്ടാക്കാൻ ഈ പ്രചാരണ പ്രവർത്തനങ്ങൾക്കോ ബോധവൽക്കരണ പരിപാടികൾക്കോ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത. നമ്മുടെ സംസ്ഥാനം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ തോൽപ്പിച്ചുകൊണ്ട് മറ്റ് കാര്യങ്ങളിൽ ഒന്നാം സ്ഥാനത്ത് വന്നതുപോലെ ഇക്കാര്യത്തിലും വന്നു എന്നതാണ് ഇത് പറഞ്ഞ ഉടൻ അദ്ദേഹം പറഞ്ഞത്. അതിന്റെ അളവും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. ഏതായാലും യു.ഡി.എഫ്. സർക്കാരിന്റെ മദ്യ നയം ഇന്ന് പരക്കെ വിമർശന വിധേയമാകുകയാണ്. കേരളത്തിലെ മദ്യ രാജാക്കന്മാർക്കുവേ

ണ്ടിയുള്ള ഒരു നയമാണിതെന്ന് വിമർശകരെല്ലാം വളരെ ശക്തമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ മദ്യ നിരോധന സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. ഫാദർ തോമസ് തൈതോട്ടത്തിന്റെ വാക്കുകൾ ഈ പരാമർശത്തിന് ശക്തിപകരുന്ന ഒന്നാണ്. യു.ഡി.എഫ്. സർക്കാരിന്റെ എക്സൈസ് വകുപ്പുമന്ത്രി അബ്ക്കാരികളുടെ തടവറയിലാണെന്നാണ് അദ്ദേഹം പറയുന്നത്. ഖദറിന്റേയും ഗാന്ധിജിയുടെയും പാരമ്പര്യം ഉപേക്ഷിച്ച ഖദർ ധാരികളാണ് യു.ഡി.എഫ്. മന്ത്രിസഭയിലുള്ളത്. കൂടുതൽ ബാറുകൾക്ക് ലൈസൻസ് നൽകുമെന്ന് പറയുന്നവർ സർക്കാർ നടത്തുന്ന മദ്യശാലകൾ വേണ്ടെന്ന് വയ്ക്കുന്ന രീതിയാണ് കാണുന്നത്. ഇപ്പോൾ ബാറുകളുടെ എണ്ണം ദിവസേന വർദ്ധിച്ചുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 62 ബാറുകൾക്ക് അനുമതി നൽകിയെന്ന് മന്ത്രി തന്നെ പറയുകയുണ്ടായി. കോടതി ഇടപെട്ടതിനാലാണ് 14 ബാറുകൾക്ക് അനുമതി നൽകേണ്ടി വന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. സ്വകാര്യ മദ്യഷാപ്പ് നടത്താൻ താൽപര്യമുള്ള ബാർ ഉടമകൾ കോടതിയിൽ വാദം നടത്തുമ്പോൾ മിക്കവാറും എല്ലാ സന്ദർഭത്തിലും ഗവൺമെന്റ് ഭാഗം പരാജയപ്പെടുകയാണ്. ഏതെങ്കിലും ഒരു കേസിൽ ഗവൺമെന്റ് വിജയിച്ചതായി പറയാൻ സാധിക്കുമോ? നമ്മളെപ്പോഴും അവരുടെ മുമ്പിൽ തോറ്റ് കൊടുക്കുകയാണ്. പലപ്പോഴും മദ്യരാജാക്കന്മാരുടെ മുമ്പിൽ ഈ ഗവൺമെന്റ് തലകുനിച്ച് നിൽക്കുകയാണ്. മദ്യരാജാക്കന്മാരുടെ തടവറയിൽ ഗവൺമെന്റ് കിടക്കുന്നു എന്ന കാര്യം അത്ര ശക്തമായി ഞാൻ ഉന്നയിക്കുന്നില്ലെങ്കിലും ഏതാണ്ട് അതിൽ ഏറെക്കുറെ ശരിയില്ലേയെന്ന് തോന്നിപ്പോകുന്ന കാര്യങ്ങളാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. പത്ത് മുപ്പത് വർഷങ്ങൾക്കുമുമ്പ് മദ്യം എന്നുപറഞ്ഞാൽ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് നാട്ടിലെ

കള്ള്ഷാപ്പുകളും അവിടെപ്പോയി കള്ള് കുടിക്കുന്ന ആളുകളുമാണ്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്ന സ്ഥാപനങ്ങൾ ഒരു താലൂക്കിൽ ഒന്നോ അല്ലെങ്കിൽ പരമാവധി രണ്ടെണ്ണം മാത്രമാണ് അന്ന് ഉണ്ടായിരുന്നത്. എന്താ യിരുന്നാലും മദ്യം വിൽക്കുന്ന സ്ഥാപനം ഒന്നിൽ കൂടുതൽ ഉണ്ടാകാൻ വഴി യില്ല. വൻനഗരങ്ങളിൽ മാത്രമാണ് ഇതിനെക്കാൾ കൂടുതൽ ഉണ്ടായിരുന്നത്. ഇന്ന് ചെറിയ നഗരങ്ങളിൽപ്പോലും എത്രയോ എണ്ണമായി ഇത് വർദ്ധിച്ചിരി ക്കുകയാണ്. അതിനെക്കാളേറേ ഗ്രാമപ്രദേശങ്ങളിൽവരെ ഇന്ന് ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്ന ബാറുകൾ പെരുകിക്കൊണ്ടിരിക്കുകയാണ്. യാതൊരു ലക്കും ലഗാനുമില്ലാതെ ഇവ യ്ക്കെല്ലാം അനുമതി നൽകുന്നു എന്നതാണ് ഇവിടെ കാണുന്ന വസ്തുത. 18 വയസ്സ് എന്നത് 21 ആക്കി മാറ്റുന്ന ഈ ഭേദഗതി ഗവൺമെന്റ് കൊണ്ടുവരു മ്പോഴാണ് മദ്യം വാങ്ങുന്നതിന് ഏറ്റവും ചുരുങ്ങിയത് 18 വയസ്സ് വേണ്ടിയി രുന്നു എന്നുള്ള കാര്യം ജനങ്ങൾ മനസ്സിലാക്കുന്നത്. ഇവിടെ 18 വയസ്സ് എന്നത് 21 വയസ്സാക്കുന്നതുകൊണ്ട് വലിയ പ്രയോജനം ലഭിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. അത് മാത്രമല്ല ഇത് ഇരുപത്തിയൊന്നോ ഇരുപത്തി രണ്ടോ ഇരുപത്തിമൂന്നോ വയസ്സാക്കുന്നതിലും കാര്യമില്ല. ഇവിടെ ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് ഏറ്റവും പ്രധാനമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ബിവറേജസ് കോർപ്പോറേഷന്റെ മുമ്പിൽ നിൽക്കുന്ന ആളുകളിൽ മീശമുളയ്ക്കാത്ത കുട്ടികളുണ്ടോ, ചെറുപ്പക്കാരു ണ്ടോ എന്നെല്ലാം ആരാണ് പരിശോധിക്കുക? ബിവറേജസ് കോർപ്പറേഷ നിൽ മദ്യം വിതരണം ചെയ്യുന്ന ജീവനക്കാർ ഏതാണ്ട് യന്ത്രസമാനമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

അവർ മദ്യം വാങ്ങുന്ന ആളുകളുടെ മുഖത്തേയ്ക്ക് പോലും നോക്കുന്നില്ല. അവർ മദ്യം വാങ്ങുന്ന ആളുകൾ കൊടുക്കുന്ന പണം വാങ്ങി അതിന്റെ ബാലൻസ് കൊടുക്കുന്നു. അങ്ങനെ ബാലൻസ് കൊടുക്കുന്നതു മായി ബന്ധപ്പെട്ട ഒരുപാട് വാർത്തകൾ കേൾക്കാറുണ്ട്. മിക്കവാറും ബിവറേ ജസിന്റെ ഔട്ട്ലെറ്റിൽ വൈകുന്നേരങ്ങളിൽ ഒരു പങ്കുവയ്പ്പുണ്ട്. മദ്യം വാങ്ങാൻ വരുന്ന പലർക്കും രണ്ട് രൂപ മുതൽ അഞ്ച് രൂപ വരെ ബാലൻസ് കൊടുക്കേണ്ടിവരുന്ന പല കേസുകളിലും അത് കൊടുക്കാതെ വലിയൊരു തുകയാക്കി കട അടയ്ക്കുമ്പോൾ ഈ തുകയുടെ ഒരു പങ്ക് എല്ലാ ജീവന ക്കാർക്കും കിട്ടുന്നു. പല സ്ഥലങ്ങളിലും അതിന്മേൽ തർക്കങ്ങൾ ഉണ്ടാകാറു ണ്ട്. അങ്ങനെ മദ്യം വാങ്ങാൻ വരുന്നവർ എത്ര രൂപയാണ് കൊടുക്കുന്നതെ ന്നോ അതിന്റെ വില വർദ്ധനവോ സീരിയസ്സായി എടുക്കാറില്ല. കൊടുക്കുന്ന തുകയുടെ ബാലൻസ് പോലും ചോദിച്ച് വാങ്ങാൻ തയ്യാറാകാതെ വലി യൊരു നിധി കിട്ടിയതുപോലെ മദ്യവും കൊണ്ടോടുന്നൊരു കാഴ്ചയാണ് പലപ്പോഴും കാണാറുള്ളത്. ഒരു പഴയ സിനിമയിൽ മോഹൻലാൽ ഉൾപ്പെടെ യുള്ള സിനിമാതാരങ്ങൾ അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾ നിരാശയുടെ പടുകുഴിയിലേയ്ക്ക് നയിക്കപ്പെട്ട സന്ദർഭത്തിൽ മദ്യവും കൊണ്ടുവരുന്ന കൂട്ടുകാരനെ കാത്തിരിക്കുന്ന ഒരു രംഗമുണ്ട്. അവരുടെ സംഭാഷണം കേട്ടാൽ ഏതാണ്ട് വലിയൊരു കാര്യത്തിനുവേണ്ടിയാണ് കൂട്ടുകാരൻ പോയി രിക്കുന്നതെന്ന് തോന്നും. എന്നാൽ തിരികെ വരുന്ന സഹപ്രവർത്തകൻ മദ്യ മാണ് കൊണ്ടുവരുന്നതെന്ന് കാണുമ്പോഴാണ് അതിന്റെ വികാരപരമായ പ്രത്യേകത, മദ്യത്തോടുള്ള വല്ലാത്തൊരഭിനിവേശം എത്രഭയങ്കരമാണെന്ന് ബോദ്ധ്യപ്പെടുന്നത്. ഇന്ന് മദ്യം കഴിക്കാത്ത എത്രപേരുണ്ട്; എത്ര അളവി ലുണ്ട്; എത്ര ശതമാനം ആളുകൾ മദ്യം കഴിക്കുന്നു എന്നീ കാര്യങ്ങളെപ്പറ്റി

പറയാൻ സാധിക്കാത്തവിധം ഭീകരമായൊരു അവസ്ഥയിലേയ്ക്ക് കേരള ത്തിന്റെ സ്ഥിതി മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ റോഡപകടങ്ങളെപ്പറ്റി പറഞ്ഞു. ലോകത്തിൽവച്ച് റോഡപകടങ്ങളുടെയും ആത്മഹത്യകളുടെയും എണ്ണം പരിശോധിച്ചുനോക്കിയാൽ കേരളം ഏതാണ്ട് സർവ്വകാല റെക്കോർഡ് സ്ഥാപിച്ച് മുന്നോട്ടുപോവുകയാണെന്ന് മനസ്സിലാക്കാൻ സാധി ക്കും. അതുപോലെതന്നെ, മദ്യം ഉപയോഗിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന മാരക രോഗമായ ലിവർ ക്യാൻസർ ഉൾപ്പെടെ പണ്ട് വളരെ അപരിചിതമായിരുന്ന രോഗങ്ങൾ ഇന്ന് ഇവിടെ വളരെ സുപരിചിതമായിക്കഴി ഞ്ഞു. മാത്രമല്ല, ഇത്തരം രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടി രിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ മദ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന പണവും മദ്യപാനത്തിലൂടെ മാരകമായ അസുഖങ്ങൾ പിടിപെടുന്നവരുടെ ചികിത്സയ്ക്കുവേണ്ടി വിനിയോഗിക്കുന്ന പണവും കൂടി ചേർത്ത് ഏതാണ്ട് 20,000 കോടി രൂപയാണ് കേരളം ചെലവി ട്ടുകൊണ്ടിരിക്കുന്നത്. സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം ഇതു വരെ നേടിയിട്ടുള്ള വളർച്ചയും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി ഉയർത്തിപ്പിടിച്ച മാനുഷിക മൂല്യങ്ങളും കേരളത്തിന്റെ സൽപ്പേരും കളഞ്ഞു കുളിക്കുന്ന അവസ്ഥയിലേയ്ക്ക് ഇന്നത്തെ മദ്യത്തിന്റെ വിനിയോഗം മാറി ക്കൊണ്ടിരിക്കുകയാണ്. അക്ഷരാർത്ഥത്തിൽ കേരളം മദ്യത്തിൽ മുങ്ങുകയാ ണ്. ഒരു വിനോദത്തിനുവേണ്ടിയോ സന്തോഷപ്രദമായൊരു അന്ത രീക്ഷമുണ്ടായാലോ എന്തിന് സങ്കടകരമായ അവസ്ഥയിൽപോലും മദ്യമാണ് മുഖ്യകഥാപാത്രമായി എത്തുന്നത്. മുമ്പ് സമ്പന്നന്മാരുടെ ചടങ്ങുകളിൽ മാത്രമാണ് മദ്യം വിളമ്പിയിരുന്നതെങ്കിൽ ഇന്ന് സാധാരണക്കാരന്റെ വീടുക

ളിലും ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായി മാറിയിരിക്കുകയാണ്. അത്രയ്ക്കു മേൽ ജനങ്ങൾക്കിടയിൽ മദ്യം സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. മനുഷ്യസമുദായ ചരിത്രത്തിന്റെ ആദ്യകാലം മുതൽ  മദ്യം പല രൂപത്തിൽ നമ്മോടൊപ്പമുണ്ടായിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. എം.ടി. വാസുദേവൻ നായറുടെ രണ്ടാമൂഴം എന്ന പുസ്തകത്തിൽ നിരാശ നായ ഭീമൻ നിരാശ അകറ്റാൻ മദ്യം സേവിച്ച് കിടക്കുന്നതിനെക്കുറിച്ച് വളരെ മനോഹരമായി വിവരിക്കുന്നുണ്ട്. അങ്ങനെ ചരിത്രാതീത കാലത്തെ ഭാവന യിൽ ചിറകുവിരിച്ച ഇത്തരം കഥാപാത്രങ്ങൾപോലും മദ്യം ഉപയോഗിച്ചിരു ന്നു. അതുകൊണ്ട് മദ്യത്തിന്റെ ആസക്തിയിൽ നിന്ന് ജനങ്ങളെ മോചിപ്പി ക്കണമെങ്കിൽ പുതിയ മാർഗ്ഗങ്ങൾ സ്വീകരിച്ചേ മതിയാവൂ. പതിനെട്ട് വയസ്സ് ഇരുപത്തിയൊന്നാക്കി മാറ്റിയതുകൊണ്ടോ അധികമായി ഫീസ് ചുമത്തിയതു കൊണ്ടോ എക്സൈസ് കമ്മീഷണർക്ക് കൂടുതൽ അധികാരം നൽകിയതു കൊണ്ടോ കേവലമായ മറ്റേതെങ്കിലും നടപടി സ്വീകരിച്ചതുകൊണ്ടോ മദ്യ ത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന് തോന്നുന്നില്ല. അതു സംബന്ധിച്ച് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നയമെന്താണെന്ന് മനസ്സിലാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. വ്യത്യസ്തമായ അഭിപ്രായങ്ങളാണ് അത് സംബന്ധിച്ച് കേൾക്കുന്നത്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ലഭ്യത കുറച്ചു കൊണ്ടുവന്ന് സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയാണ് കോൺഗ്ര സ്സിന്റെ ലക്ഷ്യമെന്നായിരുന്നു മുമ്പ് പറഞ്ഞിരുന്നതെങ്കിൽ ഇപ്പോൾ ആ നില പാടിൽ ഉറച്ചുനിൽക്കുന്നുണ്ടോയെന്ന് അറിയില്ല. ഏതായാലും മദ്യവർജ്ജന മാണ് കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനത്തിന് അനുവദനീയമായിട്ടുള്ളത്, അതുതന്നെയാണ് കേരളത്തിൽ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കു ന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് ബോധവത്ക

രണവും വിപുലമായ പ്രചാരണ പ്രവർത്തനങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. അവിടെയാണ് നക്ഷത്രങ്ങളെന്ന് വിളിക്കുന്ന ഫിലിംസ്റ്റാറുകളുടെ സ്ഥാനം ഉറപ്പിക്കേണ്ടത്. മോഹൻലാൽ ഉൾപ്പെടെയുള്ള വൻകിട നടന്മാരൊക്കെ ഇതിനെ പ്രോത്സാഹിപ്പിക്കുകയല്ലേ ചെയ്യുന്നത്? നക്ഷത്രങ്ങളെന്ന് പറഞ്ഞാൽ ഈ പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങൾക്കും പ്രഭ ചൊരിഞ്ഞ് നിൽക്കേണ്ട ഒന്നാണ്. സ്റ്റാർ എന്ന സങ്കൽപ്പം തന്നെ അതാണ്. എന്നാൽ ഇവരെ സിനിമാ താരങ്ങൾ എന്ന് വിളിക്കുന്ന ഇവർ സമൂഹത്തിനാകെ വഴികാട്ടിയായി സമൂഹ ത്തിനാകെ പ്രഭ ചൊരിഞ്ഞ് പുതിയൊരു മാതൃകയായി നിലകൊള്ളേണ്ടവർ പണത്തിനുവേണ്ടി മദ്യകമ്പനികൾക്ക് പ്രചാരണം നൽകുന്നവരായാണ് നില കൊള്ളുന്നത്. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട പ്രചരണം വളരെ പ്രധാന പ്പെട്ടതാണ്. എന്നാൽ സമൂഹത്തിൽ ഏറ്റവും വിലമതിക്കുന്ന ആളുകൾ ഇത്തരം പ്രചരണ പ്രവർത്തനങ്ങൾക്കു പോകുമ്പോൾ അതിൽ ഇടപെടാൻ ആർക്കും കഴിയുന്നില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് കേരളത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ മദ്യത്തിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് കേരളജന തയെ മോചിപ്പിക്കാൻ വീര്യം കുറഞ്ഞ മദ്യത്തിലേയ്ക്ക് അവരെ പടിപടി യായി കൊണ്ടുവരികയാണ് ചെയ്യേണ്ടത്. ഏതാണ്ട് 30 വർഷങ്ങൾക്കുമുമ്പ് നമ്മുടെ നാട്ടിൽ കള്ളുഷാപ്പുകൾ മദ്യം വിളമ്പുന്ന കേന്ദ്രങ്ങളായിരുന്നുവെ ങ്കിൽ ഇന്ന് അവയുടെ എണ്ണം കുറയുകയും വിദേശനിർമ്മിത ഇന്ത്യൻ മദ്യം വിളമ്പുന്ന പ്രധാനപ്പെട്ട മേഖലകളായി മാറിയിരിക്കുകയുമാണ്. അതിന് സർക്കാർ തന്നെയാണ് അനുമതി കൊടുക്കുന്നത്. ഏതാണ്ട് ബിവറേജസിന്റെ ഔട്ട്ലെറ്റുകൾ രാവിലെ തുറന്നാൽ രാത്രിയാണ് അടക്കുന്നത്. എത്ര മണി ക്കൂറാണ് ആളുകൾ അവിടെ പണിയെടുക്കേണ്ടിവരുന്നത്. എത്ര മണിക്കൂ റാണ് അവിടെ മദ്യവിൽപ്പന നടത്തുന്നത്. എത്ര ആയിരം ആളുകളാണ് എല്ലാ

അർത്ഥത്തിലും അക്ഷമരായി വെയിലത്തും മഴയത്തും ഏത് പ്രതികൂലമായ സാഹചര്യങ്ങളേയും നേരിട്ടുകൊണ്ട് മദ്യം വാങ്ങാനായി ക്യൂവിൽ നിൽക്കുന്നത്. ഈവിധത്തിൽ മനുഷ്യന്റെ അദ്ധ്വാനശേഷി ബിവറേജസിന്റെ മുന്നിൽ നഷ്ടപ്പെടുകയാണ്. അതിനുപകരം വ്യത്യസ്തമായൊരു തലത്തിലേയ്ക്ക് അതിനെ കൊണ്ടുപോകാൻ കഴിയണം. ബഹുമാനപ്പെട്ട കോടതി ഇക്കാര്യത്തിൽ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമല്ലേ? മദ്യശാലകളിൽ വൈകിട്ട് അഞ്ച് മണിക്കുശേഷവും ബാറുകളിൽ വൈകിട്ട് ആറ് മണിക്കുശേഷവും മാത്രമേ മദ്യം വിളമ്പാൻ പാടുള്ളൂ എന്ന് നിയമം കൊണ്ടുവരികയാണെങ്കിൽ ഇവിടെ മെച്ചപ്പെട്ടൊരു തൊഴിൽ സംസ്കാരമുണ്ടാകും. ആ പാത പിന്തുടരാൻ സാധിക്കാത്തതെന്തുകൊണ്ടാണ്? അതിനുപകരം വയസ്സ് മാറ്റിയതുകൊണ്ട് യാതൊരു കാര്യവുമുണ്ടാകാൻ പോകുന്നില്ല. ഇവിടെ മദ്യഷാപ്പുകളിലും ബാറുകളിലും നടക്കുന്ന കാര്യങ്ങളെപ്പറ്റി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. ബാറുകളിൽ ബിവറേജസ് കോർപ്പറേഷന്റെയോ അല്ലെങ്കിൽ ഗവൺമെന്റ് കൊടുക്കുന്ന അംഗീകൃത മദ്യമാണോ വിൽക്കുന്നത്. അങ്ങനെയല്ലെന്നുള്ള കാര്യം വളരെ സ്പഷ്ടമാണ്. നമ്മുടെ ബാർ ഹോട്ടലുകൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറായി, എത്ര തുക മുടക്കാനും ചെലവഴിക്കാനും തയ്യാറായി കേരളത്തിൽ ഒരു അധോലോക സംഘം വരുമ്പോൾ ഇവിടെ പണം കായ്ക്കുന്ന മരങ്ങൾ ഉണ്ടാവുകയാണ്. ഈ രാജ്യത്ത് പണം കായ്ക്കുന്ന മരങ്ങൾ ഇല്ലെന്നാണ് പ്രധാനമന്ത്രി പറഞ്ഞത്. എന്നാൽ, ഇവിടെ പണം കായ്ക്കുന്ന മരങ്ങൾ ഉണ്ടെന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ഇവിടെ അനുദിനമെന്നോണം കോടിക്കണക്കിന് രൂപയാണ് അവർ സമ്പാദിക്കുന്നത്. ആ സമ്പാദ്യങ്ങളുടെയെല്ലാം പുറകിൽ കേരളത്തിലെ സാമാന്യജനങ്ങളുടെ കണ്ണുനീരാണ്, കേരളത്തിലെ സാമാന്യജ

നങ്ങളുടെ ആരോഗ്യമാണ് നമ്മുടെ സാംസ്കാരിക ജീവിതത്തിന്റെ അധ:പതനമാണിതെന്ന കാര്യം കാണാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഇവിടെ പണം എത്രതന്നെ ചെലവഴിക്കേണ്ടിവന്നാലും മദ്യമാഫിയാ സംഘം, അധോലോക സംഘങ്ങൾ ബാറുകൾ നടത്തുവാനുള്ള ലൈസൻസിനുവേണ്ടി അരയും തലയും മുറുക്കി ഭരണകേന്ദ്രങ്ങളെ വിറപ്പിച്ചുകൊണ്ടും സ്വാധീനമുറപ്പിച്ചുകൊണ്ടും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

അവർ വിൽക്കുന്ന മദ്യം ബിവറേജസിൽനിന്ന് കൊടുക്കുന്നതോ ഗവൺമെന്റ് അംഗീകൃത ഷാപ്പുകളിൽനിന്ന് കൊടുക്കുന്നതോ അല്ലെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അനധികൃതമായ മദ്യമാണ് ഇന്ന് വിറ്റഴിക്കുന്നത്. ബാർ ലൈസൻസ് എന്നുപറഞ്ഞാൽ അവിടെ താമസിക്കുന്ന ആളുകൾക്ക് മദ്യം വിളമ്പാനുള്ള ലൈസൻസാണ്. വൻകിട ഹോട്ടലുകളിൽ താമസിക്കുന്ന ആളുകൾക്ക് മദ്യം കൊടുക്കാനുള്ള കേന്ദ്രങ്ങളായിട്ടാണ് ലൈസൻസ് കൊടുക്കുന്നത്. എന്നാൽ അതുമാത്രമാണോ നമ്മുടെ ബാർ ഹോട്ടലുകളിൽ നടക്കുന്നത്? അവിടെ കൗണ്ടറുകൾ ഒന്നല്ല, രണ്ടല്ല, അതിനുമൊക്കെ അപ്പുറമാണ്. ഇവിടെ പറഞ്ഞതുപോലെ ബി.പി.എൽ.-കാരന് വാങ്ങാൻ ഒരു കൗണ്ടർ, എ.പി.എൽ.-കാരന് വാങ്ങാൻ വന്നാൽ വേറൊരു കൗണ്ടർ, അവിടെ താമസിക്കുന്നവർക്ക് കുടിക്കാൻ വേറൊരു കൗണ്ടർ അതെല്ലാം നമ്മുടെ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇത് എക്സൈസ് ഡിപ്പാർട്ടുമെന്റിനും പോലീസ് ഡിപ്പാർട്ടുമെന്റിനും അറിയാഞ്ഞിട്ടാണോ? ഇവിടെ നേരത്തെ പറഞ്ഞു, 18 വയസ്സാകാത്തവൻപോയി മദ്യം വാങ്ങിയാൽ അല്ലെങ്കിൽ മദ്യം വാങ്ങിച്ച് വാഹനമോടിച്ചാൽ കർക്കശമായ പരിശോധന ഉണ്ടാകുന്നുവെന്നുള്ളത് വേറുതെ പോഷ്ക്കാണ്. അങ്ങനെയൊന്നും നടക്കാറില്ല. ഇന്ന് ഏതെങ്കിലുമൊരു സ്ഥലത്ത് എക്സൈസ് പരി

ശോധന നടത്തുന്നുവെങ്കിൽ നമുക്ക് കൃത്യമായി മനസ്സിലാകും, തൊട്ടടുത്ത ബാറുകാരൻ മാസപ്പടി പോലീസിനും എക്സൈസിനും കൊടുത്തില്ലായെന്ന്. അതാണ് ഇവിടെ നടക്കുന്നത്. ഈ രംഗത്ത് നടക്കുന്ന അഴിമതി അതിഭയങ്കരമായി വളരുകയാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങ് ഇപ്പോൾ സംസാരിക്കുന്നതും, നേരത്തെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും മറ്റ് അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട ഒരുപാട് വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. മന്ത്രി ഇവിടെ അവതരിപ്പിച്ച മദ്യനയവുമായി ബന്ധപ്പെട്ട നിയമം, അബ്കാരി (ഭേദഗതി) ബിൽകൊണ്ട് സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിച്ചുവരുന്ന മദ്യഉപഭോഗം കുറയ്ക്കാനാണ് അതിന്റെ എമൗണ്ട് 25000 എന്നുള്ളത് മൂന്ന് ലക്ഷമാക്കിയതും പെനാൽറ്റികളൊക്കെ വർദ്ധിപ്പിച്ചതും. പക്ഷേ ഓരോ ദിവസവും മദ്യപാൻമാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇപ്പോൾ സ്ത്രീകൾ ഉൾപ്പെടെ മദ്യപിക്കുന്നുവെന്നുള്ളത് പരസ്യമായ രഹസ്യമായി വരുന്നുണ്ട്. അതും വർദ്ധിച്ചുവരുന്ന സ്ഥിതിയിലേയ്ക്ക് പോകുമ്പോൾ ഈ സംസ്ഥാനം സാംസ്ക്കാരിക മൂല്യച്യുതിയുടെ പരമോന്നതിയിലേയ്ക്ക് എത്തിപ്പോകുന്നുവെന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുപോലെതന്നെ ഈ നിയമം പാസ്സാക്കുന്നതിനേക്കാളുപരി വേണ്ടിയിരുന്നത് പെനാൽറ്റി കൂട്ടിയതുകൊണ്ടോ നിയമങ്ങൾ ഒരുപാട് കൊണ്ടുവന്നതുകൊണ്ടോ ഒരിക്കലും ഈ തിൻമകളിൽനിന്നും മാറുന്നില്ല. പക്ഷേ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ശക്തമായിട്ടുള്ള ബോധവൽക്കരണത്തിലൂടെ സ്കൂൾതലം മുതൽ മദ്യത്തിന്റെ വിപത്തിനെ സംബന്ധിച്ചും അതുവഴി കുടുംബം വഴിയാധാരമാകുന്ന ദൃശ്യങ്ങൾ ഉൾപ്പെടെ കാണിച്ച് അവരെ ബോധവാൻമാരാക്കാൻ ശ്രമിക്കണം. കുടിച്ചിട്ട് ഭാര്യയെ ഇടിക്കുന്നതും ആ

കുടുംബം തകർന്നുപോകുന്നതുമൊക്കെയാണ് സിനിമയിൽ കാണിക്കുന്നത്. അച്ഛൻ ദിവസവും കുടിച്ചിട്ട്, കിട്ടുന്ന 600 രൂപ മുഴുവൻ ഷാപ്പിൽ കൊടുത്തിട്ടാണ് വരുന്നതെന്നാണ് ഞങ്ങളുടെയൊക്കെ മുമ്പിൽ ദിവസവും ഭാര്യമാരും മക്കളുംവന്ന് പരാതി പറയുന്നത്. ഇതിന്റെ ടാക്സ് കൂട്ടിയാലും ഇതിന്റെ വില വർദ്ധിപ്പിച്ചാലുമെല്ലാം പാവപ്പെട്ട മനുഷ്യർക്ക് അന്നന്ന് കിട്ടുന്ന മുഴുവൻ കാശും അവിടെ കൊണ്ടുപോയി കൊടുത്തിട്ട് വരുന്ന സ്ഥിതിയാണുളളത്. അതുകൊണ്ട് മദ്യത്തിന് ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതിനേക്കാളുപരി സമഗ്രമായിട്ടുളള മദ്യവർജ്ജനത്തിനുവേണ്ടിയുളള ശക്തമായ ഇടപെടലും ബോധവൽക്കരണവും മനുഷ്യമനസ്സിലേയ്ക്ക് കൊച്ചുകുട്ടികളിൽ ഉൾപ്പെടെ ഇതിന്റെ വിപത്തിനെപ്പറ്റി മനസ്സിലാക്കിക്കൊടുക്കുന്നതിനുളള അവയർനെസ് ക്യാമ്പുകൾ നിരന്തരമായി ഉണ്ടാക്കുകയല്ലേ വേണ്ടതെന്നാണ് എനിക്ക് അങ്ങയോട് ചോദിക്കുവാനുളളത്.

ശ്രീ. പി. തിലോത്തമൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. നമ്മുടെ പുതിയ തലമുറയെവരെ നശിപ്പിക്കുന്ന ഒന്നായി അത് മാറുന്നുണ്ട്. ഞാൻ കഴിഞ്ഞ ദിവസം എസ്.എസ്.എൽ.സി.-ക്കും പ്ലസ് ടു-വിനും എ-പ്ലസ് വാങ്ങിയ കുട്ടികളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കാൻവേണ്ടി പോയപ്പോൾ ഒരു സ്കൂളിലെ പ്രഥമ അദ്ധ്യാപിക ആ ചടങ്ങിന് സ്വാഗതം അർപ്പിച്ചുകൊണ്ട് സംസാരിക്കുകയാണ്. അവർ പറഞ്ഞു, ഇതിനേക്കാളും മിടുക്കനായ ഒരു കുട്ടി ഇവിടെയുണ്ടായിരുന്നു. ആ കുട്ടിക്ക് എല്ലാ വിഷയത്തിനും എ-പ്ലസ് കിട്ടുമെന്നാണ് ടീച്ചേഴ്സുമെല്ലാവരും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ പരീക്ഷയോടടുത്ത ദിവസങ്ങളിൽ ആ കുട്ടി വളരെ നിസ്സംഗനായി ആരോടുമൊന്നും മിണ്ടാതെ അദ്ധ്യാപകരോടും പ്രതികരിക്കാതെ എല്ലാത്തിൽനിന്നും ഒഴിഞ്ഞ് ഒറ്റയ്ക്ക് നടക്കുകയാണ്. ആര് ചോദി

ച്ചിട്ടും ഒന്നിനും മറുപടി പറയുന്നില്ല. അദ്ധ്യാപകർ ചോദിക്കുന്നു, സുഹൃത്തുക്കൾ ചോദിക്കുന്നു, വേണ്ടപ്പെട്ടവരൊക്കെ ചോദിക്കുന്നു. കുട്ടി ഒന്നും മിണ്ടുന്നില്ല. പ്രഥമ അദ്ധ്യാപിക ആ കുട്ടിയുടെ വീട്ടിലേയ്ക്ക് പോകുമ്പോൾ ആ വീടിന്റെ അന്തരീക്ഷത്തിന്റെ പ്രത്യേകത അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കൂലിപ്പണിക്കാരനായ അച്ഛൻ ദിവസേന പണി കഴിഞ്ഞ് കിട്ടുന്ന പണത്തിന് മുഴുവൻ കുടിച്ചിട്ട് വീട്ടിൽ വന്ന് അമ്മയുമായി വഴക്ക് കൂടുകയാണ്. ഭക്ഷണം ഉണ്ടാക്കുന്നില്ല. പട്ടിണി കിടക്കേണ്ടിവരികയാണ്. ആ മാനസികമായ വ്യഥ മുഴുവൻ ഏറ്റുവാങ്ങി കുട്ടി സ്കൂളിലേയ്ക്ക് വരികയാണ്. എസ്.എസ്.എൽ.സി. എന്നുപറയുന്നത് വിദ്യാഭ്യാസ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടേണിംഗ് പോയിന്റാണ്. ആ രംഗത്ത് ആ കുട്ടിക്കുണ്ടാകുന്ന പരാജയം പ്രഥമ അദ്ധ്യാപിക അവിടെ വിവരിക്കുമ്പോൾ വാസ്തവം പറഞ്ഞാൽ വളരെ പ്രയാസം തോന്നുകയാണ്. ഇതുമാത്രമല്ല, നാടോടിയായ സ്ത്രീ കടത്തിണ്ണയിൽ കിടന്നുറങ്ങിയപ്പോൾ അവരോടൊപ്പം പാൽ കുടിച്ച് കിടന്ന മൂന്നുവയസ്സുകാരി ബാലികയെ കൊണ്ടുപോയി ക്രൂരമായി പീഡിപ്പിക്കുന്നതിന്റെ ചിത്രവും ഏതാനും ദിവസങ്ങൾക്ക് മുമ്പല്ലേ നമ്മൾ കണ്ടത്. അച്ഛൻ മകളെ പീഡിപ്പിക്കുന്നു, സഹോദരൻ സഹോദരിയെ പീഡിപ്പിക്കുന്നു. അവിടെ പ്രായഭേദമില്ല. ബാലികയെന്നോ പ്രായംചെന്നവരെന്നോ ഒരു ഭേദവുമില്ലാതെ പീഡനങ്ങളുടെ തുടർക്കഥകൾ കേരളത്തിൽ എമ്പാടും നടക്കുകയാണ്. ഇതുപോലെ സാംസ്ക്കാരിക രംഗത്ത് അധ:പതനങ്ങളുണ്ടായ ഒരു കാലം ഇതിന് മുമ്പുണ്ടായിട്ടുണ്ടോ? ഇത്തരം കാര്യങ്ങളിലൊക്കെ മുഖ്യവില്ലനായി മദ്യം വിലസുകയാണ്. മദ്യം ഉപയോഗിച്ചാൽ ആ മദ്യത്തിന്റെ ലഹരി വിടുന്നതുവരെ ആ വ്യക്തിയുടെ പേഴ്സണാലിറ്റിയിൽ മാനസികവും ശാരീരികവുമായ കാര്യങ്ങളിൽ എത്ര വ്യത്യസ്തമായ സ്ഥിതിവിശേഷമാണുണ്ടാകുന്നതെന്ന്

നമുക്കെല്ലാവർക്കും അറിയാം. പല രൂപത്തിലാണ്. ഇവിടെ പ്രിയങ്കരനായ എ. എം. ആരിഫ് ആദ്യം അനധികൃതമായി ഉണ്ടാക്കുന്ന മദ്യത്തിന്റെ പട്ടിക പറഞ്ഞു. വളരെ ശരിയാണ്. അധികമായി മദ്യം കഴിച്ചാൽ ആദ്യം ഭാര്യയ്ക്കായിരിക്കും ഇടി കൊടുക്കുന്നത്. മുട്ടിട്ട് നിരങ്ങി നടക്കുന്ന സ്ഥിതിവിശേഷവുമുണ്ടാകുന്നുണ്ട്. കരച്ചിൽ ഉണ്ടാകുന്നുണ്ട്, അട്ടഹസിക്കുന്നുണ്ട്. എന്തെല്ലാം രൂപങ്ങളാണ്. ഗവൺമെന്റ് ബിവറേജസുവഴി വിൽക്കുന്ന മദ്യത്തിന്റെ കണക്കുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. അതിനേക്കാൾ എത്രയോ അധികം മദ്യമാണ് ഇവിടെ അനധികൃതമായി ഉൽപ്പാദിക്കുന്നതെന്നുള്ള കാര്യത്തിൽ എന്തെങ്കിലും കണക്കുകകളുണ്ടോ? ഇവിടെ അതെല്ലാം ഉണ്ടാകുകയാണ്. അതുകൊണ്ട് മദ്യത്തിന്റെ വ്യാപനവും ലഭ്യതയും പരമാവധി കുറച്ചുകൊണ്ടുവരാൻ ഈ ഭേദഗതിക്ക് എങ്ങനെ കഴിയുമെന്ന കാര്യത്തിൽ നമുക്കുതന്നെ വ്യക്തതയില്ല. മന്ത്രിക്കുപോലും പറയാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. ലഭ്യത ഒരു പ്രധാനപ്പെട്ട വിഷയമാണ്. ബിവറേജസിന്റെ ഒരു ഔട്ട്ലെറ്റ് കുറഞ്ഞാൽ ആ ഔട്ട്ലെറ്റ് കുറയട്ടേയെന്ന് ഗവൺമെന്റ് തീരുമാനിക്കണ്ടേ. അത് എങ്ങനെയെങ്കിലും സ്ഥാപിച്ചേ മതിയാകൂ, പുനസ്ഥാപിച്ചേ മതിയാകൂവെന്ന് ഗവൺമെന്റിനുതന്നെ നിർബന്ധമാണ്. ഒരു ടൗണിൽ ബിവറേജസിന്റെ ഒരു ഔട്ട്ലെറ്റ് പോരേ; എന്തിന് രണ്ടെണ്ണം വേണം. ഒരു നഗരത്തിൽ ഇത്ര ബാറുകൾ പോരേ; ഇനിയും എത്രയെണ്ണം വേണമെന്ന് എന്തിനാണ് നിർബന്ധിക്കുന്നത്? വന്നുവന്ന് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽത്തന്നെ വരികയല്ലേ. അതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ? കള്ളുഷാപ്പുകൾ നടത്തി പണമുണ്ടാക്കിയ പഴയ ആളുകളെക്കുറിച്ച് പറയാറുണ്ട്, ഇത് കണ്ണുനീരിന്റെ പണമാണ്. അതുകൊണ്ട് അവർക്ക് തകർച്ചയേ ഉണ്ടാകുകയുള്ളൂ. സർക്കാരിന്റെ വരുമാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് മദ്യത്തിൽനി

ന്നുള്ള വരുമാനമെന്നുള്ളതുകൊണ്ട് അതിനെ പ്രോത്സാഹിപ്പിക്കാൻ നടത്തുന്ന നടപടികൾ ഈ ഗവൺമെന്റിന്റെ അധഃപതനത്തിലേ കലാശിക്കുകയുള്ളൂവെന്നുള്ള കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടോ? ഏതൊരു ഗവൺമെന്റിനും അതുതന്നെയായിരിക്കും ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇവിടെ പ്രായം 21 ആക്കിയതുകൊണ്ടോ അല്ലെങ്കിൽ പ്രചാരണ പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തിയതുകൊണ്ടോ മാത്രമായില്ല. നമ്മുടെ പൊതുസമൂഹത്തെ തയ്യാറാക്കി നിറുത്തിക്കൊണ്ട് വളരെ പ്രജണ്ടമായ പ്രചാരവേലയും ബോധവൽക്കരണ പരിപാടികളും വീര്യം കൂടിയ മദ്യത്തിന്റെ ലഭ്യത കുറയ്ക്കാൻ പ്രായോഗികമായ നടപടികളും വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ കള്ളുചെത്ത് വ്യവസായത്തെക്കുറിച്ച് ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. വമ്പൻ തകർച്ചയെ നേരിടുന്ന സന്ദർഭമാണ്. നാളികേരക്കൃഷിയെ മദ്യത്തിന്റെ ഇരിപ്പിടമെന്നാണ് വിളിക്കുന്നത്. അത് ചെത്തി കള്ളുണ്ടാക്കിയാണ് പ്രാചീന മലയാളികൾ ഏതാനും വർഷങ്ങൾക്കുമുമ്പ് മദ്യമായിട്ട് ഉപയോഗിച്ചുകൊണ്ടിരുന്നത്. ലഹരി കിട്ടുന്നുവെന്ന് മാത്രമല്ല, അതിനേക്കാളേറെ ആരോഗ്യകരമായ ഒരു പദാർത്ഥംകൂടിയായതുകൊണ്ട് അത് നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചിരുന്നില്ല. എന്നാൽ ഇന്ന് കേരളത്തിലെ നാളികേരക്കൃഷിയുടെ തകർച്ച കള്ളുചെത്ത് വ്യവസായത്തെ പ്രതികൂലമായി ബാധിച്ചുവെന്നതാണ് ഇവിടെ നമുക്ക് കാണാൻ കഴിയുന്നത്. ഇന്ന് തെക്കൻ കേരളത്തിലെ കള്ളുഷാപ്പുകളിലേയ്ക്ക് ആവശ്യമായ കള്ള് വേണമെങ്കിൽ പാലക്കാട്, കോഴിക്കോട് പ്രദേശങ്ങളിൽനിന്ന് വരണം. അതിന്റെയും അളവ് കുറഞ്ഞു. അതുമാത്രമല്ല, കള്ള് അല്ല ഇപ്പോൾ വരുന്നത്. മറ്റ് പലതുമാണ്. അതിന് ഓരോ പടവുകളിലും - കള്ള് ചെത്തുന്ന സ്ഥലത്ത്, എക്സൈസ് ഓഫീസ്സിൽ, ലക്ഷ്യസ്ഥാനത്ത് വരുന്നതി

നിടയിൽ എത്ര പോലീസ് സ്റ്റേഷനുണ്ടോ അവിടെയെല്ലാം പടി കൊടുത്ത് കളള് വ്യവസായം നടത്തുന്നയാൾ കള്ള് അല്ല കൊടുക്കുന്നത്, വിഷമാണ് കൊടുക്കുന്നതെന്നുള്ള രൂപത്തിലേയ്ക്കാണ് കാര്യങ്ങൾ വരുന്നത്. ഞാൻ അതിന്റെ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ട്. ഒരു ഷാപ്പ് നടത്തുന്നതിന് പോലീസ് സ്റ്റേഷനുകളിലും എക്സൈസ് ഉദ്യോഗസ്ഥൻമാർക്കും എത്ര പട വുകളിൽ കൈക്കൂലി കൊടുക്കേണ്ടിവരുന്നു. അതുകൊണ്ട് അവർ ആ രംഗം ഉപേക്ഷിക്കുകയാണ്.

ആയിരക്കണക്കിന് കള്ളുഷാപ്പുകളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് അവയുടെ എണ്ണം വളരെയധികം കുറഞ്ഞിരിക്കുകയാണ്. കള്ളുഷാപ്പുകൾ നവീകരണത്തിന്റെ പാതയിലേയ്ക്ക് എത്തിയില്ലെങ്കിൽ അവ പൂർണ്ണമായി നിലയ്ക്കും, ലക്ഷക്കണക്കിന് ആളുകളുടെ ജീവിതമാർഗ്ഗമായിരുന്ന ആ രംഗം ഇല്ലാതാകും. അതുകൊണ്ട് എക്സൈസ് ഡിപ്പാർട്ട്മെന്റും ഗവൺമെന്റും മുൻകൈയെടുത്ത് അവയെ കുറെക്കൂടി നവീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. വീര്യം കുറഞ്ഞ മദ്യത്തെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടെങ്കിൽ അത് പ്രായോഗികമായി നടപ്പിലാക്കുന്നതിനും അതിനെ പ്രോത്സാഹിപ്പിക്കാനുമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അല്ലാതെ അതിനെ നശിപ്പിച്ചുകൊണ്ട് ഈ പറയുന്ന രീതി യിലുള്ള വിഷം വിൽക്കാനല്ല അനുമതി കൊടുക്കേണ്ടത്.

ശ്രീ. ജി. സുധാകരൻ: സർ, ഏതാനും മാസം മുമ്പ് ഹൈക്കോടതിയിലെ ബഹുമാന്യനായ ഒരു ജഡ്ജി ഏതോ കാര്യം സംസാരിക്കുന്ന കൂട്ടത്തിൽ പട്ടണത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലുള്ള ഓല മേഞ്ഞ കള്ളുഷാപ്പുകൾ വളരെ മോശമാണെന്നും അത് പൊളിച്ചുകളയണമെന്നും ഇഷ്ടംപോലെ ആധുനിക മദ്യഷാപ്പുകൾ ഇവിടെയില്ലേ എന്നും ചോദിച്ചതായി വാർത്ത

വരികയും അതിന്മേൽ ചർച്ചയുണ്ടാവുകയും ചെയ്തതാണ്. ടെലിവിഷൻ ചർച്ചകളിൽ ശ്രീ. കെ. ബാബു അന്ന് അതിനെ ശക്തമായി എതിർക്കുകയുണ്ടായി, ഞാനും എതിർത്തതാണ്. ജഡ്ജിമാർക്ക് അത് പറയേണ്ട കാര്യമില്ല. ജഡ്ജി ഫോറിനടിച്ചോട്ടെ, നാട്ടുകാർ കള്ള് കുടിച്ചോട്ടെ എന്ന് ഞാൻ ടെലിവിഷനിൽ പറഞ്ഞു. അത് കോടതിയലക്ഷ്യമൊന്നുമല്ല. ആഗോളവൽക്കരണത്തിന്റെ സ്വാധീനം മദ്യമേഖലയിലും വന്നു. അതാണ് കള്ളുഷാപ്പുകൾ മോശം, ഓലകെട്ടിയത് മോശം എന്നു പറയുന്നത്. അങ്ങ് പറഞ്ഞ വിഷമില്ലാത്ത, ആരോഗ്യത്തിന് ഗുണകരമായ ഒന്നാന്തരം കള്ളും അതു പോലെ കപ്പയും കറിയും ഇത്തരം ഓല മേഞ്ഞ ചെറിയ ഷാപ്പുകളിലാണ് വിറ്റുകൊണ്ടിരുന്നത്. അന്നും നമ്മളാരും കഴിക്കാറില്ല, ആവശ്യമുള്ളവരേ കഴിക്കുകയുള്ളൂ. ഇതൊക്കെ മോശമാണെന്ന് പറഞ്ഞുകൊണ്ട് ഫോറിൻ സ്റ്റൈലിലേയ്ക്ക് മദ്യപാനത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ശ്രീ. കെ. ബാബു അല്ല അതിനുത്തരവാദി. ഇൻഡ്യൻ മെയ്ഡ് ഫോറിൻ ലിക്വർ എന്ന പേരുതന്നെ മാറ്റേണ്ടതാണ്. അത് ഫോറിൻ ലിക്വറല്ല, ഇൻഡ്യൻ മെയ്ഡാണ്. ഫ്രാൻസിലെ പ്രശസ്തമായ ചില പ്രൊവിൻസുകളിൽ മുന്തിരിങ്ങയിൽ നിന്ന് ലോകത്തെ ഏറ്റവും ഒന്നാന്തരം മദ്യമുണ്ടാക്കുന്നുണ്ട്. അതൊക്കെ ഒറിജിനലാണ്, അത് നമുക്കിവിടെ കിട്ടില്ല. ഇൻഡ്യൻ മെയ്ഡ് ഫോറിൻ ലിക്വറല്ല, അതിന് വേറെ എന്തെങ്കിലും പേരു കൊടുക്കണം. കല്യാണവീടുകളിലും മരണവീട്ടിലും വെള്ളമടിച്ചുകൊണ്ട് ഇപ്പോൾ എല്ലാവരും സായിപ്പിനെ അനുകരിക്കുകയാണ്. കുട്ടികളെയും അത് പഠിപ്പിക്കുകയാണ്. വാസ്തവത്തിൽ ഇത്തരത്തിലുള്ള വിദേശ സംസ്കാരത്തിന്റെ അമിതമായ ആധിപത്യം വിദ്യാഭ്യാസ മേഖലയിലും ബ്യൂറോക്രസിയിലും രാഷ്ട്രീയത്തിലും വന്നതിന്റെ ഫലമായി അല്പം അടിച്ചില്ലെങ്കിൽ മോശമാണ്, അടിക്കാത്തവർ മണ്ടൻമാരാണ് എന്ന

തരത്തിലൊരു സംസ്കാരം വന്നതിനും കള്ളുഷാപ്പുകൾ ഇല്ലാത്ത ഒരു സ്ഥിതിയിലേയ്ക്ക് എത്തിച്ചതിനും ഗവൺമെന്റുകളാണ് ഉത്തരവാദികൾ. ഒരു ഭാഗത്ത് ഇഷ്ടം പോലെ പണം ഗവൺമെന്റിന് വേണം, അതിനായി മദ്യം വിറ്റ് കാശുണ്ടാക്കുകയാണ്. മറുഭാഗത്ത് അതിനെതിരായി നമ്മൾ പ്രസംഗിക്കുകയും ചെയ്യുന്നു. പ്രതിപക്ഷവും ഭരണപക്ഷവും വ്യക്തമായി ഇത് ചർച്ച ചെയ്യേണ്ടതാണ്. ജനങ്ങളിൽ നിന്ന് നികുതി ഈടാക്കാതെ ഖജനാവിൽ പണമുണ്ടാക്കാനുള്ള മറ്റു മാർഗ്ഗങ്ങൾ ധാരാളമുണ്ട്. എന്റെ വീടിനടുത്ത് ഒരു ചെറിയ കുടിലിൽ താമസിച്ചിരുന്ന ഒരാൾക്ക് ഇപ്പോൾ ഒമ്പത് വീടുകളാണ്, എല്ലാംകൂടി പത്ത്-അമ്പത് കോടി രൂപയുടെ സ്വത്തുണ്ട്. റിയൽ എസ്റ്റേറ്റ് ബിസിനസ്സാണ്, ഇതും അബ്കാരിപോലെ തന്നെയാണ്. ഇവരിൽനിന്ന് ഗവൺമെന്റ് എന്തെങ്കിലും നികുതി വാങ്ങുന്നുണ്ടോ; ഗവൺമെന്റുകൾ ഇത് അന്വേഷിക്കുന്നുണ്ടോ? അനാവശ്യമായ റിയൽ എസ്റ്റേറ്റ് ബിസിനസ്സും മദ്യവ്യാപാരവും നിയന്ത്രിക്കാൻ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളും നടപടികളുമില്ലാതെ നമ്മൾ എന്തു പറഞ്ഞാലും ഇതൊക്കെ നടന്നുകൊണ്ടിരിക്കും. ഇതുസംബന്ധിച്ച് വളരെ സമഗ്രമായ, ഫിലോസഫിക്കലായി പറയുന്ന ആളാണ് അങ്ങ്. കള്ളുഷാപ്പ് നവീകരണമെന്ന് പറഞ്ഞതിലൂടെ അങ്ങ് എന്താണ് ഉദ്ദേശിക്കുന്നതെന്ന് കൂടി വ്യക്തമാക്കിയതിനുശേഷം ഞാൻ പറഞ്ഞ കാര്യങ്ങൾക്കൂടി ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കാൻ തയ്യാറുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ശ്രീ. ജി. സുധാകരൻ പറഞ്ഞത് തീർച്ചയായും ശരിയാണ്. വീര്യം കുറഞ്ഞ മദ്യത്തെ പ്രോത്സാഹിപ്പിക്കുക എന്നു പറഞ്ഞാൽ കള്ളിനെ പ്രോത്സാഹിപ്പിക്കുക എന്നാണ്. കള്ളുഷാപ്പുകളെ സംബന്ധിച്ച് കോടതി പറഞ്ഞത് നമ്മളെല്ലാവരും കേട്ടു. അതിന്റെ ഇംപാക്ട് വേറൊന്നാണ്. എന്നാൽ ഗവൺമെന്റ് മുൻകൈയെടുത്ത് എക്സൈസ്

ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽത്തന്നെ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളുമുണ്ടാക്കികൊടുത്തുകൊണ്ട് എല്ലാവർക്കും വന്ന് ഭക്ഷണം കഴിക്കുന്നതിനും മദ്യം വേണ്ടവർക്ക് അത് കഴിക്കുന്നതിനുമുള്ള സാഹചര്യമുണ്ടാക്കി കൊടുത്താൽ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ ഒഴുക്ക് ഒരു പരിധി വരെ തടയാൻ സാധിക്കും. മദ്യമെന്നു പറഞ്ഞ് ഇവിടെ വിഷമാണ് വിൽക്കുന്നത്. പരിശോധിക്കാൻ യാതൊരു സംവിധാനവുമില്ല. സംവിധാനങ്ങളുണ്ടെങ്കിലും അതൊന്നും ഫലപ്രദമായി നടക്കുന്നില്ല. അതുകൊണ്ട് കള്ളിനെ പ്രോത്സാഹിപ്പിക്കുക, കള്ളും കപ്പയും കക്കയിറച്ചിയും കരിമീനുമൊക്കെ നമ്മുടെ നാടിന്റെ ഒന്നാന്തരം വിഭവങ്ങളാണ്. കള്ള് ആവശ്യമുള്ളവർ കഴിച്ചാൽ മതി. എന്നാൽ ആ രംഗത്ത് പണിയെടുത്ത് ജീവിക്കുന്ന ഒരു ലക്ഷത്തിൽപ്പരം തൊഴിലാളികളും അനുബന്ധത്തൊഴിലാളികളുമുണ്ട്. അവരുടെ ജീവിതമാർഗ്ഗമാണ് ഇന്ന് ഏറ്റവും വലിയ കഷ്ടത്തിലായിരിക്കുന്നത്. കള്ളു വ്യവസായത്തെ സംരക്ഷിക്കണമെങ്കിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് മാത്രം മുൻകൈയെടുത്താൽ മതിയാകില്ല. ഗവൺമെന്റ് തന്നെ മുൻകൈയെടുക്കണം. ദീർഘകാല ലക്ഷ്യം വച്ചുകൊണ്ട് പ്രൊഡക്ടിവിറ്റി കൂടുതലുള്ള, ഉയരം കുറഞ്ഞ തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കണം. കയറുല്പാദനത്തിനാവശ്യമായ ചകിരിക്കുവരെ അന്യസംസ്ഥാനങ്ങളെ അഭയം പ്രാപിക്കേണ്ട സ്ഥിതിയിൽ കേരളത്തിന്റെ നാളികേര കൃഷിയെ സംരക്ഷിക്കുന്നതിന് ഒരു പുതിയ പദ്ധതിയുണ്ടാകണം. നീര ഉല്പാദനമോ കള്ളുല്പാദനമോ സമൃദ്ധമായി നമുക്കുണ്ടാക്കാം. കള്ളിൽ നിന്നും വേണമെങ്കിൽ ഒന്നാന്തരം മദ്യം ഗവൺമെന്റിന്റെ ഉത്തരവാദിത്തത്തിൽ ഇവിടെയുണ്ടാക്കാൻ കഴിയും. സ്വകാര്യ വ്യക്തികളെ ഏൽപ്പിക്കാതെ, സഹകരണ സംഘങ്ങൾക്ക് അതിന്റെ അപ്പെക്സ് ബോഡിവഴി നീരയും കള്ളും സംഭരിച്ച് മദ്യം ഉല്പാദിപ്പിക്കാൻ

കഴിയുമെങ്കിൽ ഇവിടത്തെ ഉപയോഗത്തിനുമാത്രമല്ല വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്ത് നല്ല വരുമാനം കേരളത്തിലെ കൃഷിക്കാർക്ക് നേടിക്കൊടുക്കാനും കഴിയും. കുറേപ്പേർക്ക് തൊഴിലും കൊടുക്കുന്നതിന് സാധിക്കും. അത്തരത്തിലുള്ള ചിന്തയിലേയ്ക്കും പ്രവർത്തനത്തിലേയ്ക്കുമാണ് ഗവൺമെന്റ് വരേണ്ടത്. സമ്പന്നർ അയാളുടെ വരുമാനത്തിന്റെ ചെറിയൊരു ശതമാനമാണ് മദ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത്. എന്നാൽ സാധാരണക്കാരായ തൊഴിലാളികൾ അവന്റെ വരുമാനത്തിന്റെ ഏറിയ പങ്കും ചിലപ്പോൾ മുഴുവനുംതന്നെ മദ്യത്തിനുവേണ്ടി ഉപയോഗിക്കുകയാണ്. അതിന്റെ ഫലം കേരളത്തിന്റെ വലിയൊരു വിഭാഗം വരുന്ന സാമാന്യജനങ്ങളുടെ തകർച്ചയാണ്. സാമൂഹ്യജീവിതത്തിൽ വല്ലാത്ത അരാജകത്വ വാഴ്ചയും വലിയൊരു സാമ്പത്തിക തകർച്ചയുമാണ് ഇവിടെയുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് നമ്മുടെ സാമൂഹ്യജീവിതത്തെ ഭദ്രമായി മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ, സാംസ്കാരികമായി നാം നേടിയെടുത്തിട്ടുള്ള നേട്ടങ്ങൾ നഷ്ടപ്പെടാതിരിക്കണമെങ്കിൽ, സാമ്പത്തികമായ മേൻമ നമുക്കുണ്ടാകണമെങ്കിൽ ഇന്നത്തെ ഈ ഭീഷണിയിൽ നിന്നും നമുക്ക് മോചിതരാകാൻ കഴിയണം. അതിന് അനുയോജ്യമായ ഒരു നയമാണ് മദ്യത്തെ സംബന്ധിച്ച് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. അല്ലാതെ കേവലമായ തൊലിപ്പുറത്തെ ചടങ്ങുകൾകൊണ്ടും നടപടികൾ കൊണ്ടും അത് മാറ്റിയെടുക്കാൻ കഴിയുമെന്ന വിചാരം എനിക്കില്ല. ഈ ഭേദഗതികൾ കൊണ്ട് കാര്യമായ ഒരു മാറ്റവും ഇവിടെ വരുത്താൻ കഴിയുമെന്ന പ്രതീക്ഷ എനിക്കില്ല. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച നിരാകരണപ്രമേയത്തെ ഞാൻ ശക്തമായി അനുകൂലിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ : 2013-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾത്തന്നെ കേരളത്തിലെ മദ്യപാനത്തെക്കുറിച്ചും കേരളത്തിന്റെ അവസ്ഥയെക്കുറിച്ചും വളരെ വസ്തുനിഷ്ഠമായി പ്രതിപാദിക്കുകയുണ്ടായി. നിരവധി കാര്യങ്ങളിൽ മാതൃകയായി മാറിയിട്ടുള്ള കേരളത്തിന്റെ ഒരു കറുത്ത മുഖമാണ് നമ്മുടെ മദ്യപാനമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. അതിനായി ചില കണക്കുകൾ അദ്ദേഹം ഇവിടെ അവതരിപ്പിച്ചു. അതൊന്നും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലെ കണക്കുകളല്ല. ദേശീയതലത്തിൽ പരിശോധിച്ചാൽ മദ്യത്തിന്റെ 16 ശതമാനം വിറ്റഴിക്കുന്നത് കേരളത്തിലാണ്. ഇക്കാര്യത്തിൽ കേരളം പഞ്ചാബിനെ പിന്തള്ളി. കാൽ നൂറ്റാണ്ടിനു മുമ്പ് മുന്നൂറിൽ ഒരാളാണ് മദ്യപിച്ചിരുന്നതെങ്കിൽ ഇന്നത് ഇരുപതിൽ ഒരാളായി മാറി. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് കേരളീയർ ഉപയോഗിക്കുന്നത്. ഇങ്ങനെയൊരു ഭീകരാവസ്ഥ നമ്മുടെ മുന്നിലുള്ളപ്പോൾ ഇതെങ്ങനെ കുറയ്ക്കാം എന്നുള്ളതിനെക്കുറിച്ചുള്ള ആലോചനയാണ് നാം നടത്തേണ്ടത്. മദ്യ നിരോധനം കേരളത്തിൽ മാത്രമല്ല ഒരു സ്ഥലത്തും പ്രാവർത്തികമല്ലെന്ന് ഞങ്ങളും അപ്പുറത്തിരിക്കുന്ന നിങ്ങളും പറയുന്നു. അതുകൊണ്ട് ഇവിടെ മദ്യവർജ്ജനമാണ് നടത്തേണ്ടത്. ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുകയും മദ്യം ഉപയോഗിക്കാനുള്ള സാഹചര്യങ്ങളില്ലാതാക്കുകയുമാണ് വേണ്ടത്. ഇവിടെ പ്രതിപക്ഷാംഗങ്ങളിൽ പലരും സംസാരിച്ചത് ഈ ഗവൺമെന്റ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്ന

തുകൊണ്ടാണ് ഇവിടെ മദ്യപാനം കൂടുന്നതെന്നാണ്. ബഹുമാന്യനായ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷണൻ പറഞ്ഞത് ഈ നിയമം കൊണ്ടുവന്നതുകൊണ്ട് മദ്യഷാപ്പുകളുടെ മുന്നിൽ നിൽക്കുന്ന ചെറുപ്പക്കാർ ഏജന്റുമാരെവച്ച് മദ്യം വാങ്ങുകയും അവർക്ക് കമ്മീഷൻ കൊടുത്ത് കൂടുതൽ മദ്യം ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്നാണ്, ഒരുപക്ഷേ ഉണ്ടായിരിക്കാം. പക്ഷേ, ഈ നിയമമാണ് കേരളത്തിൽ മദ്യപാനത്തിന്റെ ഉപയോഗം കൂട്ടുന്നതെന്ന് നമുക്ക് പറയാൻ സാധിക്കില്ല. ഞാൻ ഒരു ഗവൺമെന്റിനെക്കുറിച്ചും ആക്ഷേപം ഉന്നയിക്കുന്നതല്ല. ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും മുഖ്യമന്ത്രിമാരായിരുന്ന യു.ഡി.എഫ്. കാലഘട്ടത്തിൽ കേരളത്തിൽ അഞ്ചുവർഷക്കാലം കൊണ്ട് അനുവദിച്ചത് 73 ബാറുകളാണ്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയും ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ കേരളത്തിലെ മുഖ്യമന്ത്രിയും ശ്രീ. പി. കെ. ഗുരുദാസൻ കേരളത്തിന്റെ എക്സൈസ് വകുപ്പു മന്ത്രിയുമായിരുന്നപ്പോൾ അഞ്ചുവർഷം കൊണ്ട് കേരളത്തിൽ അനുവദിച്ചത് 159 ബാറുകളാണ്. ഞങ്ങളല്ല ബാറുകളുടെ എണ്ണം കൂട്ടിയത്. നിങ്ങൾ പറയുന്നത് ഈ കണക്ക് ആനുപാതികമാണെന്നാണ്. ഈ രണ്ടു വർഷത്തിനുള്ളിൽ ശ്രീ. കെ. ബാബു എന്തോ വലിയ കുറ്റം ചെയ്തതുപോലെയാണ് നിങ്ങൾ പറയുന്നത്.

ശ്രീ. ഇ. പി. ജയരാജൻ: ഞങ്ങൾ കൂടുതൽ ബാർ ലൈസൻസുകൾ കൊടുത്തിട്ടുണ്ടെങ്കിൽ നിങ്ങൾ വീണ്ടും അനുവദിക്കുന്നതെന്തിനാണ്; അതിന്റെ ആവശ്യമില്ലല്ലോ?

<u>ശ്രീ. ബെന്നി ബെഹനാൻ:</u> നിങ്ങൾ 159 എണ്ണം കൊടുത്തതിനുശേഷം ഇനി കൊടുക്കരുതെന്ന് പറയുന്നതിൽ എന്ത് മിടുക്കാണുള്ളത്. ഇവിടെ ശ്രീ. കെ. ബാബുവിന്റെ കാലഘട്ടത്തിൽ ഈ രണ്ടുവർഷത്തിനുള്ളിൽ കൊടുത്തത് 59 ബാറുകളാണ്. അതിൽ 39 എണ്ണം ബഹുമാനപ്പെട്ട കോടതിയുടെ ഇടപെടൽ മൂലമാണ് കൊടുക്കേണ്ടി വന്നതെന്നാണ് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സാധാരണ ഗതിയിൽ 20 ശതമാനം വർദ്ധനവ് ഉണ്ടായിരുന്നിടത്ത് ഈ കഴിഞ്ഞ രണ്ടു വർഷക്കാലമായി പതിനാററ ശതമാനം വർദ്ധനവ് മാത്രമേയുള്ളു. കഴിഞ്ഞ രണ്ട് വർഷമായി കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലേക്ക് വരുന്നതും ഈ വർദ്ധനവിന്റെ ഒരു കാരണമായി ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അതിനോട് നിങ്ങൾ യോജിക്കുമോ? ഈ ഗവൺമെന്റായാലും ഇടതുപക്ഷ മുന്നണി ഗവൺമെന്റായാലും മദ്യവർജ്ജനം എന്നുപറയുന്നത് തത്വത്തിൽ അംഗീകരിച്ചുകൊണ്ടുള്ള ഒരു നിയമത്തിലേയ്ക്ക് പോകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. ആ നടപടികളിൽ ഒന്നാണ് 18 വയസ്സ് എന്നുള്ളത് 21 വയസ്സായി ഉയർത്തിയത്. അത് മദ്യാസക്തി വർദ്ധിപ്പിക്കുന്നതിനു വേണ്ടിയല്ല. ഇന്ന് ചെറുപ്പക്കാരുടെ ഇടയിലാണ് മദ്യാസക്തി വർദ്ധിക്കുന്നത്. ആ മദ്യാസക്തി വർദ്ധിക്കുന്നത് കൊണ്ടുണ്ടാകുന്ന സാമൂഹ്യ ദുരന്തങ്ങൾ കണക്കിലെടുക്കണം. നമ്മുടെ ചെറുപ്പക്കാർ വഴിതെറ്റിപ്പോകുന്നു എന്ന ശക്തമായ അഭിപ്രായം ഞങ്ങൾക്കും നിങ്ങൾക്കുമുണ്ട്. ഇതിനേതെങ്കിലും ഗവൺമെന്റിനെ കുറ്റപ്പെടുത്തി നമുക്ക് മാറ്റാൻ പറ്റുമോ? കേരളത്തിലെ ജനങ്ങളുടെ മദ്യാസക്തി വർദ്ധിച്ചതും മദ്യപാനം കൂടിയതും കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലല്ല. അപ്പുറത്തിരി

ക്കുന്ന ബഹുമാനപ്പെട്ട മാർക്സിസ്റ്റു പാർട്ടിയുടെയും ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത് മദ്യപിക്കുന്നവർക്ക് മെമ്പർഷിപ്പ് കൊടുക്കാൻ പാടില്ലെന്നാണ്. മഹാത്മാഗാന്ധിയുടെ കാലഘട്ടംമുതൽ കോൺഗ്രസ്സിന്റെ ഭരണഘടനയിലും ഇത് എഴുതിവച്ചിട്ടുണ്ട്. നമുക്ക് ആത്മ പരിശോധന നടത്താം. നമ്മുടെ പാർട്ടികളുടെ ഭരണഘടനയോട് ആത്മാർത്ഥതയും സത്യസന്ധതയും കൂറും നീതിയും പുലർത്തുന്നുണ്ടെങ്കിൽ മദ്യം കഴിക്കുന്ന ആളുകൾക്ക് മെമ്പർഷിപ്പ് കൊടുക്കാതിരിക്കാനുള്ള ആർജ്ജവം കാണിക്കാൻ കേരളത്തിലെയോ ഇന്ത്യയിലോ ഉള്ള ഏതെങ്കിലും രാഷ്ട്രീയപാർട്ടി തയ്യാറാകുമോ? ഞാൻ പറയുന്നു, കോൺഗ്രസ് ഉൾപ്പെടെ, ശ്രീ. സി. ദിവാകരന്റെ പാർട്ടി ഉൾപ്പെടെ ഒരു പാർട്ടിയും തയ്യാറാകുകയില്ല. ഒരു പ്രധാന പാർട്ടിയുടെ സംസ്ഥാന സമ്മേളനത്തിൽ പോലും മദ്യപിച്ച് കടന്നുവന്ന് ബഹുമാനപ്പെട്ട നേതാക്കന്മാരെ പരസ്യമായി ആക്ഷേപിക്കുമ്പോൾ അതിലുള്ള വേദനകൊണ്ട് ആ നേതാവിനുപോലും, ‘മദ്യം കുടിച്ചാൽ അത് വയറ്റിൽ കിടക്കണം, അത് പുറത്തേയ്ക്ക് എടുക്കാനല്ല’ എന്ന് പരസ്യമായി പറയേണ്ടിവന്ന സാഹചര്യമുണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കണം. സാധാരണ ഓരോ രാഷ്ട്രീയ പാർട്ടിയുടെയും സംസ്ഥാന സമ്മേളനം നടക്കുമ്പോൾ അവിടെ സംസ്ഥാന പ്രസിഡന്റുമാരും സെക്രട്ടറിമാരും ആ പാർട്ടിയുടെ നയപ്രഖ്യാപനമാണ് നടത്തുന്നതെങ്കിൽ അന്ന് വേദനയോടുകൂടി കേരളം കേട്ടത് നയപ്രഖ്യാപനമല്ല, മദ്യപിച്ച് മുന്നിൽനിന്ന് കൂത്താടുന്ന സഹപ്രവർത്തകരായ സഖാക്കളെ പാർട്ടി സെക്രട്ടറി വാൺ ചെയ്യുന്നതാണ്. ഏത് പാർട്ടിയാണെങ്കിലും ഇതൊരു ആത്മ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്, ഞാൻ രാഷ്ട്രീയമല്ല പറയുന്നത്. മദ്യപിക്കുന്നവർ കോൺഗ്രസ്സിലും സി.പി.ഐ.-യിലും ജനതാദളിലും മാർക്സിസ്റ്റു പാർട്ടിയിലുമടക്കം

ഏതു പാർട്ടിയിലുമുണ്ട്. മദ്യവിരുദ്ധ സമിതിയുടെ ആളുകൾ മദ്യപിക്കുമോയെന്ന് എനിക്കറിയില്ല. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല, അതിനെക്കുറിച്ച് ആക്ഷേപം ഉന്നയിക്കാനുമില്ല. മദ്യപാനം അറിഞ്ഞോ അറിയാതെയോ നാം പ്രോത്സാഹിപ്പിക്കുന്നു. ഇത് എങ്ങനെ അവസാനിപ്പിക്കണമെന്നാണ് ചിന്തിക്കേണ്ടത്. അതിന് നിയമനിർമ്മാണമല്ല, ശക്തമായ ബോധവത്കരണമാണ് വേണ്ടത്.

ശ്രീ. ഇ. പി. ജയരാജൻ : സി.പി. ഐ.(എം)-ന്റെ ഒരു സമ്മേളനത്തിൽ ഇങ്ങനെ പറയേണ്ടിവന്നുവെന്ന് അങ്ങ് പറഞ്ഞു. അങ്ങനെ പറയാനുള്ള ആർജ്ജവം സി.പി.ഐ.(എം)-ന് മാത്രമേയുള്ളു. നിങ്ങളുടെ സമ്മേളനങ്ങൾ നടക്കുമ്പോൾ അവിടെ മുഴുവൻ കുടിച്ച് കൂത്താടലാണ്. അതിനെതിരെ പറയാൻ ഒറ്റയാൾ കാണുകയില്ല, പറഞ്ഞാൽ അടിപിടിയാകും. ഇത് പറയുവാനുള്ള ഞങ്ങളുടെ പാർട്ടിയുടെ ആർജ്ജവത്തെയും നിലപാടിനെയുമാണ് അംഗീകരിക്കേണ്ടത്. അത്രയും ശക്തമായ നിലപാട് ഈ വിഷയത്തിൽ എടുക്കുന്ന ഒരു പാർട്ടിയാണ് സി.പി.ഐ.(എം) എന്ന് നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. സി. പി. മുഹമ്മദ് : ഇത് വീണിടത്ത് കിടന്ന് വിദ്യ കാണിക്കലാണ്. 'കുടിയാന്മാരെ' സംരക്ഷിച്ചു എന്നു പറയുന്ന ഒരു പാർട്ടിയാണ് ഇപ്പോൾ കേരളത്തിൽ ഏറ്റവും അധികം 'കുടിയന്മാരെ' സംരക്ഷിക്കുന്നത്. അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ബെന്നി ബെഹനാൻ : ഞാൻ മാർക്സിസ്റ്റ് പാർട്ടി നേതൃത്വത്തിന്റെ ആർജ്ജവത്തെക്കുറിച്ചും കാഴ്ചപ്പാടിനെക്കുറിച്ചും അഭിപ്രായം പറയുന്നില്ല. പക്ഷേ, മാർക്സിസ്റ്റ് പാർട്ടിയുടെ ഒരു യോഗത്തിൽ ബഹുമാന്യനായ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയനെപ്പോലും മദ്യപിച്ചുവന്ന് ചോദ്യം ചെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ .........(ബഹളം)...........ഞങ്ങൾ പറഞ്ഞതല്ല.

........(ബഹളം)......... മുദ്രാവാക്യം വിളിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു സംസ്ഥാന സമ്മേളനത്തിൽപ്പോലും ഞങ്ങളുടെ പാർട്ടി പ്രസിഡന്റിനെതിരെ അത്തരത്തിൽ ആക്രോശിച്ച് മുദ്രാവാക്യം വിളിക്കുന്ന സാഹചര്യമുണ്ടാകാത്തതുകൊണ്ട് ഞങ്ങൾക്കിങ്ങനെ പറയേണ്ടിവന്നിട്ടില്ല. അങ്ങനെ പറഞ്ഞാൽ ഒരു സംശയവും വേണ്ട, ഇതിനെക്കാൾ കടുത്ത ഭാഷയിൽ പറയാനുള്ള ആർജ്ജവം കോൺഗ്രസ് പാർട്ടിക്കുണ്ട്. ഈ മദ്യാസക്തി എങ്ങനെ കുറയ്ക്കാം, അതിനുവേണ്ടി എങ്ങനെ ബോധവത്ക്കരണം നടത്താം എന്ന് നമുക്കാലോചിക്കാം. ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണംകൊണ്ടുമാത്രം കാര്യങ്ങൾ നടപ്പാക്കാൻ കഴിയുമെന്ന മിഥ്യാബോധം അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്ത് ഇരിക്കുന്നവർക്കുമില്ല.

പുകവലി കുറഞ്ഞുവെന്ന് ഇവിടെ എല്ലാവരും പറഞ്ഞു, ഞാൻ സമ്മതിക്കുന്നു. ഞാനും പുകവലിച്ചിരുന്ന ആളാണ്. ഞാൻ മാത്രമല്ല, അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ഒട്ടേറെ ആളുകൾ പുക വലിച്ചിരുന്നവരാണ്. ശ്രീ. എം. എ. ബേബിക്കറിയാം, നമ്മളൊക്കെ കോളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ പുകവലി എന്നത് ഒരു ഫാഷനായിരുന്നു. ആ കാലഘട്ടത്തിൽ കോളേജിൽ പഠിച്ചിരുന്ന 80-90 ശതമാനം ആൺകുട്ടികളെങ്കിലും പുകവലിച്ചിരുന്നു. അന്ന് പുകവലിക്കാത്ത ആൺകുട്ടികളെ ബോറന്മാരായിട്ടാണ് പെൺകുട്ടികൾ കണ്ടിരിന്നുത്. മാത്രവുമല്ല, പണ്ട് നമ്മുടെ വീടുകളിൽ അടിയന്തിരമോ കല്യാണമോ മറ്റേതെങ്കിലും ആവശ്യങ്ങളോ വന്നാൽ ട്രേയിൽ സിഗരറ്റും ബീഡിയും സപ്ലൈ ചെയ്യുമായിരുന്നു. അത് ആ കുടുംബത്തിന്റെ സ്റ്റാറ്റസ് സിമ്പലായിരുന്നു. ആ സാഹചര്യത്തിൽനിന്ന് ഇപ്പോൾ മാറ്റമുണ്ടായി. അന്ന് ചെയിൻ സ്മോക്കറായിരുന്ന എത്രയോ ആളുകളുണ്ടായിരുന്നു.

ഒരു ചെയിൻ സ്മോക്കറായിരുന്ന ശ്രീ. ആര്യാടൻ മുഹമ്മദ് പുകവലി നിർത്തി. ഞാനും പുകവലി നിർത്തി. നമ്മളെല്ലാം പുകവലി നിർത്തിയത് ജസ്റ്റിസ് നാരായണക്കുറുപ്പ് പുകവലിക്കെതിരെ ജഡ്ജ്മെന്റ് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലല്ല. അല്ലെങ്കിൽ നമ്മുടെ പട്ടണത്തിലോ വില്ലേജിലോ പൊതുസ്ഥലത്ത് പരസ്യമായി പുകവലിച്ച ഒരാളെ പോലീസ് പിടിച്ചുകൊണ്ടു പോയി 100 രൂപ പെറ്റിക്കേസ് അടിച്ചതിന്റെ പശ്ചാത്തലത്തിൽ പുകവലി നിർത്തിയതല്ല. നിയമത്തെ പേടിച്ചുമാത്രം പുകവലി നിർത്തിയവരല്ല നമ്മൾ. ശക്തമായ ബോധവത്ക്കരണത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർദ്ദേശീയ തലത്തിൽ പുകവലി കുറഞ്ഞുവരുന്നത്. അല്ലാതെ നിയമത്തിന്റെ അടിസ്ഥാന ത്തിൽ അല്ല. ആ ബോധവത്ക്കരണം നമ്മുടെ യുവജനങ്ങളിൽ നിന്ന് ആരം ഭിക്കാം എന്നാണ് യു.ഡി.എഫ്. ഗവൺമെന്റ് പറയുന്നത്. കാരണം യുവജന ങ്ങളാണ് ഏറ്റവും കൂടുതൽ മദ്യപാനത്തിലേയ്ക്ക് വഴുതിപോയിക്കൊണ്ടിരി ക്കുന്നത്. ഇന്ന് പുകവലി കുറഞ്ഞപ്പോൾ അറിഞ്ഞോ അറിയാതെയോ നമ്മുടെ ചെറുപ്പക്കാർ അതിനെക്കാൾ വലിയ വിപത്തായ മദ്യത്തെ ആശ്രയി ക്കുന്ന സാഹചര്യം നമ്മുടെ കലാലയങ്ങളിൽ ..........

<u>ശ്രീ. ഇ.പി. ജയരാജൻ</u>: സർ, നിയമനിർമ്മാണം നടത്തിയതുകൊണ്ടു മാത്രം ഇത്തരത്തിലുള്ള കുറ്റം ഇല്ലായ്മ ചെയ്യാൻ സാധിക്കില്ല എന്ന അങ്ങ യുടെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു. ഒരാളെ തൂക്കിക്കൊന്ന തുകൊണ്ട് മറ്റുള്ളവർ തെറ്റ് ചെയ്യാതിരിക്കുന്നില്ല. വധശിക്ഷ പരിഹാരമല്ല. സി.പി.ഐ (എം) ഒക്കെ ആ നിലപാട് എടുത്തിട്ടുള്ള പാർട്ടിയാണ്. വധ ശിക്ഷ നിയമവിധേയമാക്കുന്നതിനേക്കാൾ നല്ലത് ചിന്തിപ്പിക്കുന്നതിനുവേ

ണ്ടിയുള്ള സാഹചര്യം ഒരുക്കുക എന്നുള്ളതാണ്. ഇവിടെ ചെയ്യേണ്ടതും അതാണ്. പക്ഷെ ഇവിടെ ശിക്ഷ വർദ്ധിപ്പിക്കുക, കൂടുതൽ ജനങ്ങളി ലേയ്ക്ക് ഇത് എത്തത്തക്ക വിധത്തിലുള്ള നിലപാട് സ്വീകരിക്കുക കൂടുതൽ മദ്യശാലകൾ അനുവദിക്കുക, വിദേശ മദ്യഷാപ്പുകൾക്കും അതിന്റെ പ്രവർത്തനങ്ങൾക്കും വലിയ ശൃംഖല കൊടുക്കുക തുടങ്ങിയ കാര്യങ്ങളാണ് ഈ നിയമത്തിൽ ചെയ്തിരിക്കുന്നത്. ഇവിടെ 18 കോടിയോളം തെങ്ങുണ്ട്. അവ കള്ളുചെത്തിന് ഉപയോഗിക്കണം. കുടിക്കുന്ന ആളുകൾ കുടിക്കട്ടെ, അല്ലാത്തവർ കുടിക്കേണ്ട. അത്തരം നിലപാടിൽനിന്നുമാറി കേരളത്തെപ്പോ ലെയുള്ള ഒരു സംസ്ഥാനത്തിന്റെ പ്രകൃതിദത്തമായ സാഹചര്യങ്ങൾ കണ ക്കിലെടുക്കാതെ ഹൃദയം, കിഡ്നി തുടങ്ങിയ ആന്തരാവയവങ്ങളെ അങ്ങേ യറ്റം തകർക്കുന്ന മാരകമായ വിദേശ മദ്യം ഒഴുക്കുന്നതിനെതിരായിട്ടുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്, അതാണ് ചർച്ച ചെയ്യേണ്ടത്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഇവിടെ മദ്യം ഒഴുകുന്നത് ആദ്യമായിട്ടാ ണോ; ഇവിടെ ഏറ്റവും വലിയ മദ്യദുരന്തങ്ങൾ നടന്നത് നിങ്ങളുടെ കാല ഘട്ടത്തിൽ അല്ലേ? മണിച്ചൻ ഇവിടെ മദ്യദുരന്തം നടത്തിയതിന്റെപേരിൽ ഞാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയെ കുറ്റപ്പെടുത്തുന്നില്ല. മലപ്പുറത്തും മദ്യ ദുരന്തം ഉണ്ടായി. മണിച്ചന്റെ ഡയറിയിൽ ആരുടെയെങ്കിലുമൊക്കെ പേര് എഴുതിവ ച്ചതായി പേടിക്കുന്നുണ്ടെങ്കിൽ ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. മണിച്ച നാണ് മദ്യദുരന്തം ഉണ്ടാക്കിയത്. മലപ്പുറത്ത് മദ്യദുരന്തം ഉണ്ടായി. നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നതുകൊണ്ട് നിങ്ങൾ അതിനെ പ്രോത്സാഹിപ്പിച്ചു എന്നുപറ യാൻ ഞാൻ മുതിരുന്നില്ല. ഏത് കാലഘട്ടത്തിലും മദ്യദുരന്തം നടത്താൻ, വ്യാജമദ്യം വിൽക്കാൻ ആളുകളുണ്ടാകും. കാടിന്റെ ഉള്ളിൽപോയി വ്യാജ

മദ്യം ഉണ്ടാക്കുന്നതായി ഇവിടെ ചില അംഗങ്ങൾ സൂചിപ്പിച്ചു, അത് ശരിയാണ്. ഇത് ശ്രീ. കെ. ബാബു എക്സൈസ് വകുപ്പുമന്ത്രി ആയിരുന്നപ്പോൾ മാത്രം സംഭവിച്ചതാണോ? കാലാകാലങ്ങളായി ഇത് നടക്കുന്നുണ്ട്. ഇത് കുറയ്ക്കുന്നതിന് നിയമനിർമ്മാണങ്ങൾ ഉണ്ടാകണം, ബോധവത്ക്കരണം വേണം. സിനിമയിൽ മദ്യം കഴിക്കുന്ന സീൻ കാണിക്കുമ്പോൾ അവിടെ മദ്യം വിഷമാണ്, മദ്യം ഉപയോഗിക്കരുത് എന്ന് എഴുതിവയ്ക്കണമെന്ന് ഒരു നിയമം കൊണ്ടുവന്നു. അത് മദ്യാസക്തിയെ വർദ്ധിപ്പിക്കുകയില്ലല്ലോ. അപ്പോൾ ശ്രീ. എം. ചന്ദ്രനെപ്പോലെയുള്ള ആളുകൾ അത് സീരിയലുകൾക്കുകൂടി ബാധകമാക്കണം എന്നുപറഞ്ഞു. അത് സ്വാഗതം ചെയ്യേണ്ടതാണ്. പക്ഷെ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവായ എന്റെ സ്നേഹിതൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒന്നര മണിക്കൂർ പ്രസംഗിച്ചപ്പോൾ, മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായം 18 വയസ്സ് എന്നുള്ളത് 21 വയസ്സാക്കണം, മദ്യം സിനിമയിൽ ഉപയോഗിക്കുമ്പോൾ ബോധവത്ക്കരണത്തിനുവേണ്ടി അവിടെയൊരു അഡ്വർട്ടൈസ്മെന്റ് കാണിക്കണം എന്നുപറയുന്നതുകൊണ്ടാണ് കേരളത്തിലെ മദ്യാസക്തി വർദ്ധിക്കുന്നത് എന്ന് പറയുകയുണ്ടായി. എന്നാൽ അദ്ദേഹം ഇപ്പുറത്താണ് ഇരുന്നതെങ്കിൽ ഇത് പറയുമായിരുന്നില്ല. നമ്മുടെ ചെറുപ്പക്കാരുടെ ഇടയിൽ മദ്യാസക്തി കുറയ്ക്കുന്നതിനുവേണ്ടി ശക്തമായ ബോധവത്ക്കരണം വേണം, ക്യാമ്പസുകളിൽ അതിന്റെ പ്രവർത്തനം ആരംഭിക്കണം. യുവജന സംഘടനകൾ അത് ഏറ്റെടുക്കണം. ഡി.വൈ.എഫ് ഐ, യൂത്ത് കോൺഗ്രസ്സ്, എ.ഐ.വൈ.എഫ് തുടങ്ങിയ യുവജന പ്രസ്ഥാനങ്ങളുണ്ട്. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവച്ചുകൊണ്ട് യൂത്ത് കോൺഗ്രസ്സും ഡി.വൈ.എഫ്.ഐ-യും സംയുക്ത

മായി മദ്യാസക്തിക്കെതിരെ ശക്തമായ ഒരു പോരാട്ടവുമായി മുന്നോട്ടുപോകാൻ കഴിഞ്ഞാൽ കുറച്ചുകൂടി ആളുകളെ സ്വാധീനിക്കാൻ കഴിയും. അതല്ലാതെ യൂത്ത് കോൺഗ്രസ്സും ഡി.വൈ.എഫ്ഐ.-യും പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ടാണ് മദ്യത്തിനെതിരെ പ്രചരണം നടത്തുന്നതെങ്കിൽ വിശ്വസനീയത തകരും, ആളുകൾ മദ്യം കൂടുതൽ ഉപയോഗിക്കാൻ തുടങ്ങും. അതുകൊണ്ട് നമുക്ക് യോജിക്കാൻ കഴിയുന്ന കാര്യങ്ങളിൽ യോജിച്ചു പ്രവർത്തിക്കണം. നിയമസഭയിൽ ചർച്ചകൾ വരുമ്പോൾ മദ്യം വിഷമാണെന്ന് മാത്രം പറഞ്ഞാൽ പോരാ, മൂല്യശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്ന, ധർമ്മച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ തലമുറയെക്കുറിച്ച് പൊതുപ്രവർത്തകരായ നാം ആലോചിക്കണം. എന്തുകൊണ്ടാണ് മദ്യം പോലെയുള്ള കാര്യങ്ങളിലേയ്ക്ക് ചെറുപ്പക്കാർ ആകർഷിക്കപ്പെടുന്നത്? ചെറുപ്പക്കാർക്ക് മാതൃക കുറയുന്നു, വിശ്വാസ്യത നഷ്ടപ്പെടുന്നു. പൊതുപ്രവർത്തനത്തെക്കുറിച്ചും രാഷ്ട്രീയത്തെക്കുറിച്ചും ഭരണത്തെയും ഭരണകർത്താക്കളേയുംക്കുറിച്ചും ഇന്ത്യൻ സമൂഹത്തിലും പൊതുസമൂഹത്തിലും നമ്മുടെ നാട്ടിലുമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവ് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ മാത്രം ഉത്തരവാദിത്വമല്ല. ഈ വിലയിടിവിൽനിന്നും നമ്മുടെ പൊതുസമൂഹത്തിന് ഉണ്ടായിരിക്കുന്ന മൂല്യശോഷണത്തിൽനിന്നും ധർമ്മച്യുതിയിൽനിന്നും നമ്മുടെ ചെറുപ്പക്കാർക്ക് എങ്ങനെ മോചനമാർഗ്ഗം കണ്ടെത്താൻ കഴിയുമെന്ന് ആലോചിക്കുമ്പോൾ ചില സദാചാര മൂല്യങ്ങൾ നാം ഉയർത്തിപ്പിടിക്കണം. അതിന് അനുയോജ്യമായ പ്രത്യയശാസ്ത്രത്തെക്കുറിച്ച് ആലോചിക്കണം. ഇന്നും ഇന്ത്യയിൽ മദ്യാസക്തിക്കെതിരെ പോരാടാൻ കഴിയുന്ന ഏറ്റവും ആർജ്ജവമുള്ള പ്രത്യയശാസ്ത്രം മഹാത്മാ ഗാന്ധി ഉയർത്തിപ്പിടിച്ച പ്രത്യയ ശാസ്ത്രം തന്നെയാണ്. അത്

പ്രചരിപ്പിക്കാൻ കഴിയുമോയെന്ന് നമുക്കാലോചിക്കാം. ഇപ്പോൾ നിങ്ങളാരും മഹാത്മാ ഗാന്ധിക്ക് എതിരല്ല എന്ന് ഞങ്ങൾക്ക് അറിയാം.

ശ്രീ. സി. ദിവാകരൻ: നിങ്ങളല്ലേ ഇപ്പോൾ മഹാത്മാ ഗാന്ധിയെ ഉപേക്ഷിച്ചത്?

ശ്രീ. ബെന്നി ബെഹനാൻ: ഞങ്ങൾ ഗാന്ധിജിയെ ഉപേക്ഷിച്ചിട്ടില്ല. ഇനി ഉപേക്ഷിക്കാനും പോകുന്നില്ല. ഇപ്പോൾ നിങ്ങളുടെ പാർട്ടിയിലെ ചില യുവജനപ്രസ്ഥാനങ്ങൾ സമ്മേളനങ്ങൾ വരുമ്പോൾ മഹാത്മാ ഗാന്ധിയുടെ പടം വയ്ക്കാൻ തയ്യാറാകുന്നതിൽ ഞാൻ സന്തോഷിക്കുകയാണ്. നിങ്ങൾ ഗാന്ധിജിയുടെയും, പണ്ഡിറ്റ്ജിയുടെയും മൗലാനാ അബ്ദുൾ ഖാദറിന്റെയും പടം വയ്ക്കണം.

ശ്രീ. സി. ദിവാകരൻ: സർ, മഹാത്മാ ഗാന്ധിയെ ഇതുപോലൊരു ചർച്ചയിൽ വലിച്ചിഴച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. മഹാത്മാ ഗാന്ധി ഏതെങ്കിലും ഒരു പാർട്ടിയുടെ ആളല്ല, രാഷ്ട്ര പിതാവാണ്, നിങ്ങൾക്ക് ഒരു കുത്തകയും ഇല്ല. പാവപ്പെട്ട ആളുകളെ കൊന്നൊടുക്കുന്ന നിങ്ങൾക്ക് മഹാത്മാ ഗാന്ധിയുമായി എന്ത് ബന്ധമാണുള്ളത്?

ശ്രീ. സി. പി. മുഹമ്മദ് : സർ, മഹാത്മാ ഗാന്ധിയെ "*വാർദ്ധയിലെ കള്ള സന്ന്യാസി*" എന്നും നേതാജി സുഭാഷ് ചന്ദ്രബോസിനെ "*നേതാവല്ലവൻ ചെറ്റ, ജപ്പാൻകാരുടെ ചെരുപ്പ് നക്കി*" എന്നും കവിത എഴുതിയത് അവരാണ്. അവരിപ്പോൾ ഗാന്ധിജിയെ അംഗീകരിക്കുന്നെങ്കിൽ സ്വാഗതം.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. ദിവാകരൻ, ആരും മഹാത്മാ ഗാന്ധിയെ തള്ളിപ്പറഞ്ഞതായി ഞാൻ പറഞ്ഞില്ല. മദ്യാസക്തിക്കെതിരെ ഉയർത്തിപ്പിടിക്കാൻ കഴിയുന്ന ഏറ്റവും ആർജ്ജവമുള്ള പ്രത്യയശാസ്ത്രം മഹാത്മാ

ഗാന്ധിയുടേതാണ്. അത് നമ്മൾ സംയുക്തമായി ഏറ്റെടുത്തുകൊണ്ട്, ഉൾക്കൊണ്ടുകൊണ്ട് ഇതിനെതിരെ അവബോധമുണ്ടാക്കുന്നതിനുവേണ്ടി, ശക്തമായ ഒരു പ്രചരണം നടത്തുന്നതിനുവേണ്ടി നമ്മൾ മുന്നോട്ടുപോകണം എന്ന് പറഞ്ഞപ്പോൾ അങ്ങ് എന്നോട് ചോദിച്ചത് മഹാത്മാ ഗാന്ധിയെ ഞങ്ങൾ ഉപേക്ഷിച്ചില്ലേ എന്നാണ്. ഞങ്ങൾ ഉപേക്ഷിച്ചിട്ടില്ല, ഇപ്പോൾ നിങ്ങളുടെ പാർട്ടി സമ്മേളനങ്ങളിലും മറ്റും മഹാത്മാഗാന്ധിയുടെ പടം വയ്ക്കുന്നതിലുള്ള സംതൃപ്തി രേഖപ്പെടുത്തി എന്നുമാത്രമേയുള്ളൂ.

ശ്രീ. സി. ദിവാകരൻ: മഹാത്മാഗാന്ധി കോൺഗ്രസ് പാർട്ടിയെ പിരിച്ചു വിട്ടതല്ലേ?

ശ്രീ. ബെന്നി ബെഹനാൻ: സി.പി.ഐ.-ക്ക് നേതൃത്വം കൊടുക്കുന്ന ഊർജ്ജസ്വലനായ അങ്ങയെപ്പോലെയുള്ള ഒരു നേതാവ് ഇത്തരം കാര്യങ്ങളെക്കുറിച്ച് വസ്തുതാപരമല്ലാത്ത കാര്യങ്ങൾ പറയരുത് എന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് നമുക്ക് മദ്യാസക്തി കുറയ്ക്കുന്നതിനുവേണ്ടി എന്തുചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ: നിങ്ങളാണ് കൂടുതൽ ബാറുകൾ അനുവദിച്ചത്.

ശ്രീ. ബെന്നി ബെഹനാൻ: താമസിച്ചുവന്നതുകൊണ്ട് ശ്രീമതി ഇ.എസ്. ബിജിമോൾ എന്റെ പ്രസംഗം ആദ്യം മുതൽ കേട്ടില്ല. ഞങ്ങൾ കൂടുതൽ ബാറുകൾ അനുവദിച്ചിട്ടില്ല. ഞാൻ വീണ്ടും അതിന്റെ കണക്ക് പറയാം. നിങ്ങളുടെ കാലഘട്ടത്തിൽ അനുവദിച്ചത് 151, ഞങ്ങളുടെ കാലഘട്ടത്തിൽ 73. ശ്രീ. കെ. ബാബുവിന്റെ കാലഘട്ടത്തിൽ 59, അതിൽ 39 എണ്ണം കോടതി

വിധിയനുസരിച്ച് അനുവദിച്ചതാണ്. ഏതെങ്കിലും ഒരു അബ്കാരി കോൺട്രാക്ടർക്ക് ഇന്ന് കേരളത്തിൽ ഫൈവ്സ്റ്റാർ ഹോട്ടൽ കെട്ടാനുള്ള ആത്മധൈര്യം ഇല്ല. കാരണം ലൈസൻസ് കിട്ടില്ല എന്ന് അവർക്ക് അറിയാം. മുമ്പ് അങ്ങനെയായിരുന്നില്ല. കെട്ടിടങ്ങൾ കെട്ടിയതിനുശേഷം ലൈസൻസിന് അപേക്ഷിക്കുകയായിരുന്നു ചെയ്തിരുന്നത്. അങ്ങനെ ബാർ ലൈസൻസ് കിട്ടുമെന്ന പ്രതീക്ഷയോടുകൂടി ഒരു കെട്ടിടംപോലും പണിയാനുള്ള ആത്മധൈര്യം കേരളത്തിൽ ഇല്ലാതാക്കിയത് ഈ ഗവൺമെന്റിന്റെ നയമാണ്. അത് അംഗീകരിക്കാൻ തയ്യാറാകണം. നമ്മുടെ തൊഴിലാളി മേഖലയിൽ വ്യാപകമായ കള്ളവാറ്റ് നടക്കുന്നുണ്ട്. അങ്ങയുടെ നിയോജകമണ്ഡലത്തിൽ കള്ളവാറ്റ് ഇല്ലേ; ശ്രീമതി ഇ.എസ്. ബിജിമോൾ ആ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നതുകൊണ്ടാണ് അവിടെ കള്ളവാറ്റ് കൂടിയത് എന്ന് ഞാൻ പറയുന്നില്ല. ഇത് നമുക്ക് അവസാനിപ്പിക്കണം, എക്സൈസ് ഉദ്യോഗസ്ഥർ ശക്തമായി ഇടപെടണം. ഇവിടെ പറഞ്ഞു, എക്സൈസ് ഉദ്യോഗസ്ഥന്മാർ എല്ലാവരും നീതിബോധമുള്ളവരാണ്, ശ്രീ.കെ. ബാബുവിന്റെ കാലഘട്ടത്തിൽ മാത്രമാണ് എക്സൈസ് ഉദ്യോഗസ്ഥന്മാർ കള്ളവാറ്റ് പിടിക്കാത്തത്..........

ശ്രീ. എസ്. രാജേന്ദ്രൻ: സർ, വിവേചനരപമായി മദ്യഷാപ്പുകളുടെ മുൻപിൽ പെറ്റിക്കേസ് എഴുതുകയും ചില ആളുകളെ മാത്രം പിടിക്കുകയും ചിലരെ വെറുതെ വിടുകയും ചെയ്യാതെ വ്യാജമദ്യം വിൽക്കുന്ന എല്ലാവരേയും ഒരുപോലെ ശിക്ഷിക്കാൻ കഴിയുമോ?

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. എസ്. രാജേന്ദ്രൻ, നമുക്ക് അതിനൊക്കെ നിയമം വേണം. ഞാൻ ഒരു കാര്യം പറഞ്ഞോട്ടെ. ചാരായം

നിരോധിച്ചത് ശ്രീ. എ.കെ. ആന്റണിയാണ്. അദ്ദേഹത്തെ മറക്കരുത്. ആ നിയമം നടപ്പാക്കിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ആ നിയമം നടപ്പാക്കിയപ്പോൾ ഒളിഞ്ഞുനിന്നുകൊണ്ട് ശ്രീ. എ.കെ. ആന്റണിയെ വിമർശിക്കാൻ പോയവർ ആരാണ് എന്നതിനെക്കുറിച്ച് നിങ്ങൾ തന്നെ ആലോചിച്ചുനോക്കൂ. ഞങ്ങൾ ഇതിനൊന്നും കൂട്ട് നിന്നിട്ടില്ല. ഇങ്ങനെയൊക്കെ ഇവിടെ നടക്കുന്നുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ശ്രീ. എ.കെ. ആന്റണി ഭരിച്ചപ്പോഴും ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ചപ്പോഴും ശ്രീ. വി.എസ്. അച്ചുതാനന്ദൻ ഭരിച്ചപ്പോഴും ബഹുമാന്യനായ സഖാവ് നമ്പൂതിരിപ്പാട് ഭരിച്ചപ്പോഴും കെ. കരുണാകരൻ ഭരിച്ചപ്പോഴുമൊക്കെ വ്യാജവാറ്റും കള്ളച്ചാരായവുമൊക്കെ ഇവിടെ നടക്കുന്നുണ്ട്. അതിനെ നമുക്ക് എങ്ങനെ തടുക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാം. അതെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ കുറ്റമാണ്, യു.ഡി.എഫ്. ഗവൺമെന്റിന്റെ അബ്കാരി നയമാണ്, യു.ഡി.എഫ്. ഗവൺമെന്റ് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നതാണ്; ഇവിടെ പ്രായപരിധി 18 വയസ്സ് എന്നുള്ളത് 21 ആക്കിയതുക്കൊണ്ടാണ് ഇതെല്ലാം ഉണ്ടായത്, അല്ലെങ്കിൽ സിനിമാശാലകൾ പ്രദർശിപ്പിക്കുമ്പോൾ അവിടെ ബോധവത്ക്കരണത്തിനുവണ്ടി ഒരു ക്യാപ്ഷൻ എഴുതി വയ്ക്കുന്നതുകൊണ്ടാണ് ഇതെല്ലാമുണ്ടായത് എന്നുപറയുന്നതിനോടുള്ള വിയോജിപ്പാണ് രേഖപ്പെടുത്തുന്നത്. മദ്യപിക്കുന്ന ആളുകളേയും ശിക്ഷിപ്പിക്കാൻ ഈ നിയമം കൊണ്ട് സാധ്യമാകണം. വിദേശരാജ്യത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ, അവിടെ മുഴുവൻ കുടിയന്മാരുടെ നാടാണെന്നുള്ള സങ്കൽപ്പങ്ങളൊക്കെ ചെറുപ്പത്തിൽ നമുക്കുണ്ടായിരുന്നു. പക്ഷെ കേരളത്തിലെ മദ്യപാനവും വിദേശരാജ്യങ്ങളിലെ മദ്യപാനവും തമ്മിൽ വലിയ വ്യത്യാ

സമുണ്ട്. നമ്മളൊക്കെ വിദേശത്തുപോകുമ്പോൾ കാണുന്നതല്ലേ? അവിടെയൊക്കെ നിയമമുണ്ട്. അവിടെ മദ്യപിച്ചിട്ട് വണ്ടിയോടിക്കാൻ പാടില്ല. വണ്ടി ഓടിച്ചൂവെന്നറിഞ്ഞാൽ അവരുടെ ലൈസൻസിനെ ബാധിക്കും. ഇവിടെ മദ്യപിച്ച് വണ്ടിയോടിക്കുന്നവനെ പോലീസ് പിടിച്ചാൽ ആ പോലീസിനോട് ശുപാർശ ചെയ്യാൻ പോകുന്നവരും....... ഞാൻ ആരെയും മാറ്റിനിറുത്തി പറയുന്നതല്ല, നമ്മൾ പൊതുപ്രവർത്തകർ തന്നെയാണ്. നമ്മൾ പൊതുപ്രവർത്തകരാണ്, പോലീസിനോട് ശുപാർശ ചെയ്യാൻ പോകുന്നു. കഴിഞ്ഞ ദിവസം എറണാകുളം ജില്ലയിൽ രാവിലെ ഏഴര മണിക്ക് പോലീസ് വാഹനമോടിക്കുന്നവരെ ഊതിക്കുകയാണ്. എന്റെയടുത്ത്... ഞാൻ തുറന്ന് സമ്മതിക്കുന്നു. ഞാൻ ആ കാര്യത്തിൽ ഇടപെട്ടിട്ടൊന്നുമില്ല. രാവിലെ ഏഴര മണിക്ക് പോലീസ് ഊതിക്കുന്നു എന്ന് എന്റെയടുത്ത് ഒരാൾ ശുപാർശ ആവശ്യപ്പെട്ട് വിളിച്ചിരുന്നു. തലേ ദിവസം കള്ള് കുടിച്ചിട്ടുണ്ടോ എന്ന് അറിയാനാണ് പോലീസ് രാവിലെ ഊതിക്കുന്നത്. പല വിദേശ രാജ്യങ്ങളിലും ഇതുപോലുള്ള സംഭവങ്ങളുണ്ട്. അവിടെ തലേദിവസം മദ്യപിച്ചിട്ടുണ്ടെങ്കിൽ പിറ്റേ ദിവസം ഓഫീസിൽ പോകാൻ പാടില്ല എന്നുള്ള നിയമമുണ്ട്. അവർക്ക് നിയമത്തെ ഭയമുണ്ട്. ഇവിടെ നിയമത്തെപോലും ഭയപ്പെടാത്ത, ഒരു സമൂഹമായി നമ്മുടെ സമൂഹം വളരുമ്പോൾ സ്വാഭാവികമായും ആ നിയമ ത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, പൊതുപ്രവർത്തകന്മാരുടെ ആർജ്ജവ ത്തോടുകൂടി, അവന്റെ പ്രവർത്തനശൈലിയോടുകൂടി, അവരെ നിയമത്തിനുവിധേയരാക്കി മാറ്റാൻ നമുക്ക് കഴിയണം എന്നുള്ള തീരുമാന മെടുക്കണ്ടേ? കുംബളങ്ങിയിലുണ്ടായ ഒരു അനുഭവം ഞാൻ പറയാം. അവിടെ ബിവറേജ് കോർപ്പറേഷന്റെ ഒരു ഔട്ട്ലെറ്റ് തുടങ്ങിയപ്പോൾ അതിന്റെ മാനേജരെ മാലയിട്ട് അവിടത്തെ തൊഴിലാളി സുഹൃത്തുക്കളും

സ്നേഹിതന്മാരും തലയിൽ കയറ്റിവച്ച് അദ്ദേഹത്തിന് സിന്ദാബാദ് വിളിച്ച് അവിടെ കൊണ്ടുവന്നു. ഞാൻ മറ്റൊന്നുകൂടി പറയുന്നു. അവിടെ രണ്ട് യൂണിയനുകളാണുള്ളത്. നമുക്ക് അതിനെക്കുറിച്ച് അന്വേഷിക്കാം. അവിടെ ഐ.എൻ.ടി.യു.സി.യും സി.ഐ.ടി.യുവും ഉണ്ട്. ഐ.എൻ.ടി.യു.സി.യും സി.ഐ.ടി.യുവും കൂടി തീരുമാനിച്ച തീരുമാനമെന്താണെന്ന് അറിയാമോ? ബിവറേജ് കോർപ്പറേഷനിൽ വരുന്ന സാധനങ്ങൾ ഇറക്കുന്നതിനുവേണ്ടി ഇറക്കുകൂലിയും അട്ടിമറി കൂലിയും ഒന്നുമില്ലാതെ സംയുക്തമായി ഇറക്കി കൊടുക്കാൻ തീരുമാനിച്ചു. ഇത് അവിടെ നടന്ന സംഭവമാണ്. ബിവറേജ് കോർപ്പറേഷന്റെ മാനേജരെ പൂവിട്ട്, മാലയിട്ട് സ്വീകരിച്ച് സിന്ദാബാദ് വിളിക്കുന്ന സംസ്ക്കാരവും നമ്മുടെ നാട്ടിലുണ്ട്. ബിവറേജ് കോർപ്പറേഷ നിൽ വരുന്ന മദ്യക്കുപ്പികൾ കൂലിരഹിതമായി ഇറക്കികൊടുക്കുന്ന ഐ.എൻ. ടി.യു.സി.യും സി.ഐ.ടി.യുവും ഉൾപ്പെടെയുള്ള തൊഴിലാളിവർഗ്ഗവും നമുക്കുണ്ട്. ഇതാണ് നമ്മുടെ സമൂഹമെങ്കിൽ, അതിന് ഇവിടെ ഏതെങ്കിലും ഒരു വ്യക്തിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതിന്റെ ഉത്തരവാദിത്വം നമുക്ക് മാറ്റാൻ സാധിക്കില്ല. അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. നമുക്ക്, പൊതു പ്രവർത്തകർക്ക് ഏറ്റെടുക്കാം. പൊതു പ്രവർത്തകർക്ക് കുറച്ചുംകൂടി ശക്ത മായി ഇതിനകത്ത് ഇടപെടാൻ സാധിക്കുമോ, നമുക്ക് നിയമനിർമ്മാണം നടപ്പാക്കാൻ സാധിക്കുമോ, ഇതിനുവേണ്ടി നിയമസഭയിലിരിക്കുന്ന പാർട്ടിക ളുമായി ആലോചിക്കാം. മദ്യവർജനത്തിനനുകൂലമായി ശക്തമായ ഒരു പൊളിറ്റിക്കൽ ക്യാമ്പയിൻ വേണമെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് പറയുന്നു. പലതിനും മാതൃക കാണിച്ച ബഹുമാനപ്പെട്ട സ്പീക്കറാണ് ഇവിടെ ഇരിക്കുന്നത്. ഇവിടത്തെ ഭരണകക്ഷി-പ്രതിപക്ഷ നേതാക്കൾ ഉൾപ്പെടെ കേരളത്തിൽ അങ്ങോളമിങ്ങോളം മദ്യവർജ്ജനത്തിനനുകൂലമായി

ഒരു പൊളിറ്റിക്കൽ ക്യാമ്പയിൻ നടത്താം. മദ്യം ഘട്ടംഘട്ടമായി കുറയ്ക്കുന്നതിനായി, ആക്ഷേപങ്ങൾ പറയാനല്ല, ആരോപണങ്ങൾ ഉന്നയിക്കാനുമല്ല. നിങ്ങളുടെ കാലഘട്ടത്തിൽ കൊടുത്ത നമ്പർ ഞങ്ങളും, ഞങ്ങളുടെ കാലഘട്ടത്തിൽ കൊടുത്ത നമ്പർ നിങ്ങളും പരസ്പരം തെരുവിഥീകളിൽ നിന്ന് വിളിച്ചുപറഞ്ഞാൽ, ഇതെല്ലാം നമ്മൾ കള്ളന്മാരാണ്, നമ്മൾ കുഴപ്പക്കാരാണ്, ഇവരൊക്കെ നമ്മളെ കളിപ്പിക്കാൻ വരുന്നവരാണ് അതുകൊണ്ട് മദ്യം കൊടുക്കും. അതുകൊണ്ട് നമുക്ക് ആലോചിക്കണം. ഇത് മർമ്മറിംഗ് ക്യാമ്പയിനിലൂടെ മാത്രമേ സാധിക്കുകയുള്ളു. അത് വാർത്താമാധ്യമങ്ങളിലൂടെമാത്രം വരുന്ന ക്യാമ്പയിൻ അല്ല. ഇവിടെ 'Cigarette smoking is injurious to health' എന്ന് എഴുതിയ വാർത്താമാധ്യമങ്ങളിൽ കൂടി വന്ന ക്യാമ്പയിനിൽ നിന്നുമാത്രമല്ല, അതിന് ശക്തമായൊരു മർമ്മറിംഗ് ക്യാമ്പയിൻ കൂടി ഉണ്ടായിരുന്നു. 'ചെവിയോട് ചെവി' എന്ന മർമ്മറിംഗ് ക്യാമ്പയിന് ആർക്കാണ് നേതൃത്വം കൊടുക്കാൻ കഴിയുന്നത്? രാഷ്ട്രീയ പാർട്ടികൾ നേതൃത്വം കൊടുക്കണം. പല ക്യാമ്പയിനും ശക്തമായി പ്രചരിപ്പിക്കാനുള്ള മെഷിനറി നമുക്കാണുള്ളത്. ഇവിടെ പാവപ്പെട്ട മദ്യവർജ്ജിത സമിതിക്കാർ ഏതെങ്കിലും ജാഥ നടത്തിയാൽ അവരുടെ ജാഥയ്ക്ക് കിട്ടുന്ന ആളുകളല്ലല്ലോ നമ്മുടെ ജാഥയ്ക്ക് കിട്ടുന്നത്. വളരെ കുറച്ച് മാത്രമല്ലേ കിട്ടുകയുള്ളൂ. അതുകൊണ്ട് നമുക്ക് മദ്യപാനം അവസാനിപ്പിക്കണം. ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. പല വിദേശരാജ്യങ്ങളിലും സ്റ്റുഡന്റ്ഷിപ്പ് എന്നുപറഞ്ഞാൽ 23 വയസ്സാണ്. ഇവിടത്തെ പ്രായപരിധി എന്നുപറയുന്നത് 21 വയസ്സാണ് വച്ചിരിക്കുന്നത്. പല വിദേശ രാജ്യങ്ങളിലും

23 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ക്ലബ്ബുകളിൽ പ്രവേശനമില്ല. അവിടെ പോകുമ്പോൾ അവരുടെ ഐഡന്റിറ്റി കാർഡ് ചോദിക്കും. 23 വയസ്സിൽ കുറവുള്ള കുട്ടികളാണെങ്കിൽ ക്ലബ്ബുകളിലും പ്രവേശനം അനുവദിക്കില്ല. അവിടെ മദ്യപിക്കാൻ പാടില്ല. മദ്യപിച്ചാൽ ശക്തമായ നടപടി സ്വീകരിക്കും. നമ്മുടെ പ്രായപരിധി 21 വയസ്സെന്നുള്ളത് കൂട്ടണം. ഇതിന്റെ പ്രായപൂർത്തി വോട്ടവകാശം എന്തെങ്കിലുമാണോ 21 വയ്ക്കാൻ?

ശ്രീ. പി.കെ. ഗുരുദാസൻ: മദ്യം ഉപയോഗിക്കുന്നതിനും മദ്യം കൈകാര്യം ചെയ്യുന്നതിനുമുള്ള പ്രായപരിധി 21 വയസ്സായി നിജപ്പെടുത്തുകയാണ്. 18 വയസ്സ് പൂർത്തിയായ ഒരാൾ തൊഴിലാളിയാണ്. അത് വർക്ക്മെൻസ് ആക്ടും, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടും അനുസരിച്ച് ഒരു തൊഴിലാളിക്ക് 18 വയസ്സ് എന്നാണ് കണക്ക്. അതാണ് അതിന്റെ ഡെഫനിഷൻ. 18 നും - 21 നും ഇടയ്ക്ക് പ്രായപരിധിയുള്ള ഒരു തൊഴിലാളി മദ്യത്തിന്റെ കച്ചവടവോ മറ്റോ നടത്തുന്നതിന് ഇത് തടസ്സമാകില്ലേ? യഥാർത്ഥത്തിൽ ഇത് പൗരാവകാശ ലംഘനമല്ലേ?

ശ്രീ. ബെന്നി ബെഹനാൻ: ഞാൻ ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യസന്ധത പൂർണ്ണമായി അംഗീകരിക്കുന്നു. അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ അംഗീകരിക്കുന്നു. ചുരുങ്ങിയത്, 18 നും- 21നും വയസ്സിനിടയ്ക്കുള്ള ഒരു തൊഴിലാളി മദ്യക്കച്ചവടത്തിന് പോകാതെ മറ്റേതെങ്കിലും പണിക്ക് പോകട്ടെ എന്ന് നമുക്ക് തീരുമാനിക്കാം. രാഷ്ട്രീയ പാർട്ടികളായ നമുക്ക് ഒരു തീരുമാനമെടുത്ത്, അങ്ങയെപോലെ സി.ഐ.ടി.യു. -ന്റെ നേതാവും ഇപ്പുറത്തിരിക്കുന്ന ഐ.എൻ.ടി.യു.സി. നേതാക്കളും ശ്രീ. പാലോട് രവി

പോലെയുള്ള ആളുകൾ, 18 നും- 21നും ഇടയ്ക്ക് പ്രായമുള്ളവർ മദ്യക്കച്ച വടത്തിന് പോകണ്ട, ആ തൊഴിൽ മേഖലയുമായി ബന്ധപ്പെടണ്ട എന്ന തീരുമാനമെടുത്താൽ ആ തീരുമാനത്തെ അതിജീവിക്കാൻ രാഷ്ട്രീയ പ്രബുദ്ധതയുള്ള കേരളത്തിലെ ആളുകൾ വിസമ്മതിക്കും. അതും പൗരാവകാശലംഘനമാണോ എന്ന്.......

ശ്രീ. പാലോട് രവി: 18 നും- 21നും വയസ്സിന് ഇടയിൽ പ്രായമുള്ള ഏതാണ്ട് ലക്ഷോപലക്ഷം വരുന്ന കുട്ടികൾ തൊഴിലില്ലായ്മ കാരണം രാജ്യം വിട്ടുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ്. കേരളത്തിലെ ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനമെന്ന് പറയുന്നത് സംസ്ഥാന ഗവൺമെന്റിന് നിയന്ത്രണമുള്ള വളരെ സുസ്ഥിരമായ ഒരു തൊഴിലുള്ള മേഖലയാണ്. പ്രതിപക്ഷത്തിരുന്ന് ബഹുമാന്യനായ അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റിന്റെ സംരക്ഷണമുള്ള ഒരു മേഖലയിൽ ഈ തൊഴിലില്ലാത്ത സംസ്ഥാനത്ത് 21 വയസ്സുള്ള ചെറുപ്പക്കാർ ജോലിക്ക് വരാൻ പാടില്ല എന്നുള്ള ഒരു സമീപനം സ്വീകരിക്കുന്നത് ശരിയണോ?

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. പാലോട് രവി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഇതൊന്നും ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലല്ല. ഞാൻ വേറൊന്ന് ചോദിക്കട്ടെ. ഇവിടെയിരിക്കുന്നവർ ആരും മദ്യപിക്കില്ല എന്ന് നമുക്കറിയാം. പക്ഷെ മദ്യപിക്കില്ല എന്ന ഒരു ദൃഢപ്രതിജ്ഞ നിയമസഭയിൽ വച്ച് ഒന്നുകൂടി ആവർത്തിക്കാൻ നമ്മൾ തയ്യാറാകണം. മദ്യപാനത്തിനെതിരെ മദ്യം ഘട്ടംഘട്ടമായി കുറയ്ക്കണം, മദ്യാസക്തി കുറയ്ക്കണം എന്നൊക്കെ വളരെ ആവേശത്തോടുകൂടി സംസാരിക്കുന്ന നമുക്ക് നിയമസഭയിൽ ഇരിക്കുന്ന ഒരംഗം പോലും, ഇനി ഒരിക്കലും മദ്യപിക്കില്ല, മദ്യപിക്കുമെന്ന്

ഞാൻ പറയുന്നില്ല, മദ്യത്തെ പ്രോത്സാഹിപ്പിക്കില്ല എന്ന ഒരു തീരുമാനം. അപ്പോൾ പൗരാവകാശമെന്നോ........ ശ്രീ. പി.കെ. ഗുരുദാസൻ സൂചിപ്പിച്ചതു പോലെയുള്ള വ്യക്തിപരമായ സ്വാതന്ത്ര്യം, പൗരസ്വാതന്ത്ര്യം, സംഘടനാ പരമായ സ്വാതന്ത്ര്യം, രാഷ്ട്രീയമായ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യമൊക്കെ കൂടുമ്പോഴാണ് നമുക്ക് നിയന്ത്രിക്കാൻ സാധിക്കാതെ വരുന്നത്.

ശ്രീ. സി.പി. മുഹമ്മദ്: ഇവിടെ മദ്യനയത്തിന്റെ കാര്യങ്ങളൊക്കെ പറഞ്ഞു. ഇന്ന് സമാന്തരമായി മയക്കുമരുന്ന്, കഞ്ചാവ് അടക്കമുള്ള വലിയ റാക്കറ്റ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചുറ്റിപ്പറ്റി നിൽപ്പുണ്ട്. കേരള ത്തിൽ ഇന്ന് കോടിക്കണക്കിന് രൂപയുടെ കഞ്ചാവാണ് പിടിക്കുന്നത്. ഇതിനെതിരായി കൂടിയുള്ളയൊരു പ്രവർത്തനം വേണ്ടേ?

ശ്രീ. പാലോട് രവി: യഥാർത്ഥത്തിൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളെ കൊണ്ടുവരുന്നതിനെക്കുറിച്ച് കോൺഗ്രസ്സ്-സി.പി.എം. ഉൾപ്പടെയുള്ള പ്രസ്ഥാനങ്ങൾ ദേശീയാടിസ്ഥാന ത്തിൽ അഭിപ്രായം പ്രകടിപ്പിച്ചുകഴിഞ്ഞു. എന്തുകൊണ്ട് വിഷം വിൽക്കുന്ന മദ്യമുതലാളിമാരിൽനിന്ന്, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പണം പിരിക്കില്ല, അവരുടെ പണം വേണ്ട എന്നൊരു തീരുമാനമെടുക്കാൻ അത്തരത്തിലുള്ള ഒരു കൺസൻസസ് ഉണ്ടാക്കാൻ നമുക്ക് കഴിയുന്നില്ല.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി കൂടി പറഞ്ഞതിനുശേഷം ഞാൻ അഭിപ്രായം പറയാം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സഭയ്ക്കകത്ത് രണ്ട് ഭാഗത്തുമിരിക്കുന്നവരിൽ മദ്യപിക്കില്ല എന്നും മദ്യത്തെ പ്രോത്സാഹിപ്പിക്കില്ല എന്നും പറയാൻ തയ്യാറുള്ളവരുണ്ടോ എന്നാണ് അങ്ങയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചത്. പലരും മിണ്ടാതെയിരിക്കുകയും ചെയ്തു. ഒരു കാര്യം ഞാൻ

തുറന്നു പറയുന്നു. മദ്യപിക്കില്ല എന്നും, മദ്യത്തെ പ്രോത്സാഹിപ്പിക്കില്ലായെന്നും പറയാൻ 100 ശതമാനവും ഞാൻ തയ്യാറാണ്. എന്റെ പാർട്ടിയും ആ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. വിശ്വാസപരമായി എല്ലാനിലയിലും എന്റെ പാർട്ടിയും ഞാനും ആ നിലപാടിൽ ഉറച്ചുനിൽക്കുന്നു. അതിന് രണ്ട് അഭിപ്രായമില്ല.

ശ്രീ. ബെന്നി ബെഹനാൻ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പ്രത്യയശാസ്ത്രപരമായി, സംഘടനാപരമായി എല്ലാ പാർട്ടിക്കാരും അതിൽ ഉറച്ചുനിൽക്കുന്നു. അതുകൊണ്ട് അങ്ങയോട് എനിക്ക് ഉപദേശിക്കാനുള്ളത് പാർട്ടിയെ നമ്മൾ തൽക്കാലം മാറ്റി നിറുത്തുക. അങ്ങ് പ്രതിജ്ഞ എടുത്തോ. മറ്റേത് നമുക്ക് ഒന്നുംകൂടി ആലോചിച്ചതിനുശേഷം എടുക്കുന്നതായിരിക്കും നല്ലത്. എന്റെ പാർട്ടിയും പാടില്ല എന്ന് ഞാൻ നേരത്തെ തീരുമാനിച്ചതാണ്. അത് ഭരണഘടനയിലുണ്ട്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് ലക്ഷക്കണക്കിന് അനുയായികളുണ്ട്. ആ അനുയായികളെല്ലാവരും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയെപ്പോലെ ആണ് എന്ന വിശ്വാസം അങ്ങേയ്ക്കും ഉണ്ടാകരുത് എന്ന് അങ്ങയുടെ സ്നേഹിതനായ ഞാൻ ഉപദേശിക്കുകയല്ല, എന്റെ ഒരു അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

ഇവിടെ ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ച മയക്കുമരുന്നിന്റെ കാര്യം ശരിയാണ്. ഇപ്പോൾ മയക്കുമരുന്നിന്റെ ഉപയോഗം മുമ്പത്തെക്കാൾ വളരെ കൂടുതലാണ്. ഇതിന്റെ കാരണം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. മുമ്പ് മയക്കുമരുന്ന് ഉപയോഗിക്കുന്നവർ സമൂഹത്തിൽ വളരെ വിരളമായിരുന്നു. അന്ന് മയക്കുമരുന്ന് ലഭിക്കാത്തതുകൊണ്ടുമാത്രമല്ല. മുൻകാലങ്ങളിൽ

ആളുകൾ അത് ആഗ്രഹിച്ചിരുന്നില്ല. ഇന്ന് ഡിമാന്റ് കൂടുന്നതിനാൽ സപ്ലൈയും കൂടുന്നു. സാംസ്കാരികമായ ഔന്നത്യം ധാർമ്മികമായ ഉന്നത മൂല്യങ്ങൾക്കുകൂടുതൽ ശക്തി നൽകുന്ന പ്രേരണ അന്ന് സമൂഹത്തിലുണ്ടാ യിരുന്നു. ഇന്ന് അത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ നഷ്ടപ്പെടലിനെ ക്കുറിച്ച് നമ്മൾ വളരെ ഗൗരവമായി ആലോചിക്കണം. ഇവിടെ യു.ഡി. എഫ്.-ന്റെ മാനിഫെസ്റ്റോയെക്കുറിച്ച് പറഞ്ഞു. എത്രയോ മാനിഫെസ്റ്റോ ഭരണപക്ഷവും പ്രതിപക്ഷവും ഇറക്കിയിട്ടുള്ളതാണ്. നമ്മളാരും ഇവിടെ മദ്യത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടില്ല. നിങ്ങൾ അധികാര ത്തിൽ വന്നപ്പോൾ 151 ബാറുകൾ അനുവദിച്ചപ്പോഴും നിങ്ങളുടെ മാനി ഫെസ്റ്റോയിൽ ബാറുകൾ അനുവദിക്കില്ലെന്നും കുറയ്ക്കുമെന്നുമാണ് പറഞ്ഞിരുന്നത്. ഇപ്പോൾ നിങ്ങൾ പറയുന്ന കാരണം ആനുപാതികമായി വർദ്ധനവുണ്ടായി എന്നാണ്. ആനുപാതികം എന്ന വാക്കിന്റെ അർത്ഥത്തെ മുൻനിർത്തി മുന്നോട്ട് പോകണമോ അതോ എന്ത് ആനുപാതികമായ വർദ്ധ നവുണ്ടെങ്കിലും എന്ത് പ്രേരണയുണ്ടെങ്കിലും എന്ത് സാഹചര്യമുണ്ടെങ്കിലും ഇനിയിത് അനുവദിക്കില്ല എന്ന് തീരുമാനിക്കണോ? ഞാൻ ശ്രീ. കെ. ബാബു വിനോട് പറയുന്നത് ഏത് സാഹചര്യമുണ്ടായാലും ഇനി ബാറുകൾ അനുവദിക്കില്ലെന്ന് പറയാൻ യു.ഡി.എഫ്. സർക്കാർ പ്രതിജ്ഞാബദ്ധമാക ണമെന്നാണ്. ഇനിയും ബാറുകൾ അനുവദിക്കില്ലെന്ന് തീരുമാനമെടുക്കണം. ഇവിടെ ശ്രീ. പാലോട് രവി സംഭാവന വാങ്ങുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിച്ചു. ഇവിടെ ചെത്തുതൊഴിലാളി സംഘടനയുണ്ട്. അവർക്ക് എത്രയോ അസറ്റുണ്ട്. അതുപോലെ നിങ്ങൾക്കും ഞങ്ങൾക്കുമൊക്കെയുണ്ട്. ഇതൊക്കെ മാറ്റാൻ ആരെങ്കിലും തയ്യാറാകുമോ? ഇവിടെ വ്യാജമദ്യം

വിൽക്കുന്നവരെയും അബ്കാരി കോൺട്രാക്ടർമാരെയും സാമ്പത്തിക സ്രോതസായി കാണാതിരിക്കാനുള്ള ഒരു കാഴ്ചപ്പാട് നമ്മുടെ മനസിലുണ്ടാകണം. അവരെ സാമ്പത്തിക സ്രോതസായി കണ്ടാൽ പലപ്പോഴും നമ്മൾ അവർക്ക് വഴങ്ങേണ്ടിവരുന്നു. അത് ഭരണപക്ഷത്തിരിക്കുന്നവർ മാത്രമാണോ ആലോചിക്കേണ്ടത്; പ്രതിപക്ഷത്തുള്ളവരും അതിനെക്കുറിച്ച് ആലോചിക്കണം. അതുകൊണ്ട് സാമ്പത്തിക സ്രോതസായി ഇവരെ കാണുകയില്ലെന്ന തീരുമാനം കേരളത്തിന്റെ രാഷ്ട്രീയ പ്രബുദ്ധതയുടെ അടിസ്ഥാനത്തിലെടുത്താൽ ഇവിടെ പലതും പൂട്ടിപ്പോകും. അങ്ങനെ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യമായതിനാൽ രാഷ്ട്രീയപ്പാർട്ടികൾതന്നെ ആത്മപരിശോധന നടത്തി ഇത്തരം കാര്യങ്ങളെക്കുറിച്ച് സമൂഹത്തിൽ അവബോധമുണ്ടാക്കി നമ്മൾ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ മാറ്റിവച്ചുകൊണ്ട് ഒറ്റക്കെട്ടായി നിന്നാൽ ഇന്നുകാണുന്ന മദ്യാസക്തി കുറയ്ക്കാൻ കഴിയും. പല രാജ്യങ്ങളിലും ചെയ്യുന്നത് അതാണ്. മിസോറാമിൽ ഞാനും ശ്രീ. സി. ദിവാകരനും പോയിരുന്നു. മിസോറാം ഡ്രൈ സ്റ്റേറ്റാണ്. എന്നാൽ അവിടെ മദ്യാസക്തി കേരളത്തെക്കാൾ കൂടുതലാണ്. ഗവർണ്ണർ ശ്രീ. വക്കം പുരുഷോത്തമൻ അത് മാറ്റുന്നതിനുവേണ്ടി ആലോചിക്കുകയാണ്. മുമ്പ് തമിഴ്നാടിനെയും ഡ്രൈ സ്റ്റേറ്റായി പ്രഖ്യാപിച്ചപ്പോൾ വ്യാജമദ്യം വർദ്ധിക്കുന്നതായാണ് കണ്ടത്. നമ്മൾ പ്രതിസന്ധിയിലാണ്, നമുക്ക് മദ്യനിരോധനമല്ല മദ്യവർജ്ജനമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. നിയമം അടിച്ചേൽപ്പിച്ച് മദ്യവർജ്ജനം നടപ്പാക്കാൻ സാധ്യമല്ല. ഒരു ബോധവൽക്കരണം നടത്തുകയാണ് വേണ്ടത്. ശ്രീ. കെ. ബാബു ഇവിടെ ചൂണ്ടിക്കാണിക്കുന്നത്, ഞങ്ങൾ ഈ നിയമത്തിലൂടെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത് ബോധവൽക്കരണം കലാലയങ്ങളിൽനിന്നും ആരംഭിക്കാമെന്നാണ്. സ്കൂളുകളുടെ പരിസരത്തു

നിന്നും മദ്യശാലകൾ മാറ്റി സ്ഥാപിക്കണം. സ്കൂളുകളിൽ എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ്, എൻ.എസ്.എസ്, യുവജന സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ ഇവയെല്ലാം ഇതിനായി പ്രചരണം നടത്തണം. സ്കൂളുകളിൽ അസംബ്ലി കൂടുമ്പോൾ ഇക്കാര്യത്തിൽ കുട്ടികളെക്കൊണ്ട് പ്രതിജ്ഞയെടുപ്പിക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. വൈവിധ്യമാർന്ന രീതികളിൽ മനുഷ്യന്റെ മനസിലേയ്ക്ക് മദ്യം വിഷമാണ് എന്ന സന്ദേശം എത്തിക്കാൻ കഴിയുന്ന ശക്തമായ ചിന്തകൾ ഉയർത്തുന്നതിനുവേണ്ടിയുള്ള വാക്കുകളും പ്രചരണങ്ങളും ഏറ്റെടുക്കാൻ നമുക്ക് കഴിയുമോ? അങ്ങനെവന്നാൽ മദ്യത്തിന്റെ ഉപയോഗം ഒരു പരിധിവരെ കുറയ്ക്കാൻ കഴിയും. ബഹുമാന്യനായ കെ. ബാബു ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞതുപോലെ പലതിനും മാതൃകയായി മാറിയ കേരളത്തിന്റെ ഈ കറുത്ത മുഖം നമുക്ക് മാറ്റിയെടുക്കണം. കരുനാഗപ്പള്ളിയിലാണ് ബിവറേജസ് കോർപ്പറേഷൻവഴി ഏറ്റവും കൂടുതൽ മദ്യം വിൽക്കുന്നത് എന്നതുകൊണ്ട് ശ്രീ. സി. ദിവാകരനാണോ അതിനുത്തരവാദി.; ഒരിക്കലുമല്ല. കണക്കുകളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ മദ്യം ഉപയോഗിക്കുന്ന പ്രദേശം അങ്കമാലിയാണ്. അതിനുത്തരവാദി ശ്രീ. ജോസ് തെറ്റയിലുമല്ല. സിഗരറ്റ് സ്മോക്കിംഗ് തെറ്റാണെന്നത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറി. അതുപോലെ മദ്യം ഉപയോഗിക്കുന്നത് തെറ്റാണെന്ന സംസ്കാരം വളർത്തിയെടുക്കാൻ കഴിയുന്ന തലത്തിൽ നമ്മുടെ മനസാക്ഷിയെ ഉയർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് ഈ ബിൽ സഹായകരമായി മാറട്ടെ എന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: 2013-ലെ അബ്കാരി (ഭേദഗതി)ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പുതിയ ഭേദഗതിയെ സംബന്ധിച്ച് വിശദമായ ചർച്ച ഇവിടെ നടന്നുകഴിഞ്ഞു. ഈ ബിൽ കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യം കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യത്തിന്റെ ഉപഭോഗം, പ്രത്യേകിച്ച് വിദേശ മദ്യത്തിന്റെ ഉപഭോഗം കുറക്കുന്നതിനുവേണ്ടിയാണെന്നാണ് പറയുന്നത്. ചർച്ചയിൽ പങ്കെടുത്ത രാഷ്ട്രീയ പാർട്ടികളെ പ്രതിനിദാനം ചെയ്യുന്ന എല്ലാ ആളുകളും മദ്യത്തിനെതിരായ നിലപാടാണ് സ്വീകരിച്ചത്. മുസ്ലീം ലീഗ് മദ്യ നിരോധനമാണ് നടപ്പിലാക്കേണ്ടതെന്ന് പറഞ്ഞെങ്കിലും കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി മദ്യവർജ്ജനമാണ് അഭികാമ്യമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും മദ്യനിരോധനം പ്രായോഗികമല്ല മദ്യവർജ്ജനമാണ് നടപ്പിലാക്കേണ്ടതെന്ന അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്. ഇരു മുന്നണികളും തത്വത്തിൽ മദ്യവർജ്ജനമെന്ന നിർദ്ദേശം അംഗീകരിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ്. മദ്യവർജ്ജനമെന്ന വലിയ ലക്ഷ്യത്തിനുവേണ്ടി ഇരുമുന്നണികളുടെ കാലത്തും ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പ്രധാനമായും കേരളത്തിൽ മദ്യവുമായി ബന്ധപ്പെട്ട് കൊണ്ടുവന്ന ഒരു നയം ശ്രീ. എ.കെ. ആന്റണി നടപ്പിലാക്കിയ ചാരായ നിരോധനമാണ്. എല്ലാ ഗ്രാമങ്ങളിലും ചാരായ ഷാപ്പുകൾ ആരംഭിച്ചിരിക്കുന്നതിനാൽ തൊഴിലാളികൾ ചാരായം കുടിച്ച് മരിക്കുകയാണ്, അവരുടെ ജീവിതം തകർക്കുകയാണ് എന്നുപറഞ്ഞുകൊണ്ടാണ് ശ്രീ. എ.കെ. ആന്റണി ചാരായം നിരോധിച്ചത്. ശ്രീ. എ.കെ. ആന്റണി ചാരായം നിരോധിച്ചതിനുശേഷം കേരളത്തിലെ മദ്യ ഉപഭോഗം കുറഞ്ഞിട്ടുണ്ടോ? മദ്യനയമെ

ന്നാൽ അത് വിദേശ മദ്യനയമാകാൻ പാടില്ല. ഇപ്പോൾ ഗവൺമെന്റിന്റെ മദ്യനയമെന്നത് വിദേശമദ്യത്തെ പ്രോത്സാഹിപ്പിക്കലാണ്. ശ്രീ. എ.കെ. ആന്റണി ചാരായം നിരോധിച്ചതിനുശേഷം കേരളത്തിലെ ആളുകളുടെ മദ്യപാനശീലം കുറഞ്ഞിട്ടുണ്ടോ? ഇല്ല. അതിനുശേഷം യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നു. ആറായിരത്തിലധികം കള്ള് ഷാപ്പുകളു ണ്ടായിരുന്നതിൽ നിരവധി കള്ള് ഷാപ്പുകൾ പൂട്ടി. ഇവിടെ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞോ? 25 വർഷം മുമ്പ് മദ്യ വിൽപ്പനയിലൂടെ കേരളത്തിലെ ഖജനാവിലേക്കെത്തിയത് 100 കോടി രൂപയാണ്. എന്നാൽ കഴിഞ്ഞ വർഷത്തെ കണക്ക് പ്രകാരം 7860.12 കോടി രൂപയാണ് മദ്യവിൽപ്പനയിലൂ ടെയുള്ള വരുമാനം. 100 കോടി രൂപ 25 വർഷം മുമ്പ് വരുമാനമുണ്ടായിരുന്ന മേഖലയിൽനിന്നും വിദേശ മദ്യം മാത്രം വിറ്റ വകയിലാണ് 7860.12 കോടി രൂപ ലഭിച്ചത്. ചാരായം നിരോധിച്ചതുകൊണ്ടും കള്ള് ഷാപ്പുകൾ അടച്ചതു കൊണ്ടും കേരളത്തിലുണ്ടായ മാറ്റം 100 കോടി രൂപയുടെ വിൽപ്പനയുണ്ടാ യിരുന്ന വിദേശ മദ്യം 7860 കോടിയായി വർദ്ധിച്ചു എന്നല്ലാതെ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. അതാണ് ഞാൻ പറഞ്ഞത് വിദേശ മദ്യനയമാണ് നടപ്പാക്കപ്പെടുന്നതെന്ന്. വിദേശ മദ്യ ലോബിയുടെ ഇടപെടലുകൾ വ്യാപക മായി മദ്യനയത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. കേരള ഗവൺമെന്റ് വിദേശ മദ്യം നിർമ്മിക്കുന്നില്ലെന്ന് നിങ്ങൾക്കറിയാം. എന്നാൽ വിദേശ മദ്യം നിർമ്മിക്കുന്നത് വിജയ് മല്യയെപ്പോലെയുള്ള വമ്പൻമാരായ ആളുകളാ ണെന്ന് എല്ലാവർക്കുമറിയാം. സർക്കാർ നേരിട്ട് വിദേശമദ്യം ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റാലും ഉല്പാദിപ്പിക്കുന്നത് ആരാണെന്ന് നമുക്കെല്ലാ

വർക്കുമറിയാം. അവരുടെ ഏറ്റവും വലിയ ഔട്ട്ലെറ്റുകൾ ആരംഭിക്കുന്ന സ്ഥലം കേരളമാണ്. ശ്രീ. എ.കെ. ആന്റണി ചാരായം നിരോധിച്ചതുകൊണ്ടും കള്ള് ഷാപ്പുകൾ അടച്ചതുകൊണ്ടും കേരളത്തിലുണ്ടായ മാറ്റം 100 കോടി രൂപയുടെ വിൽപ്പനയുണ്ടായിരുന്ന വിദേശ മദ്യം 7860 കോടിയായി വർദ്ധിച്ചു എന്നതാണ്. കഴിഞ്ഞ പത്ത് വർഷംകൊണ്ട് വിദേശമദ്യ ചില്ലറ വില്പനയിലൂടെ ബിവറേജസ് കോർപ്പറേഷൻ വഴി സർക്കാരിന് ലഭിച്ച തുക 32064.20 കോടി രൂപയാണ്. അത്രയും വലിയ വർദ്ധനവ് നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്നു. ഇത് ഗവൺമെന്റ് ഖജനാവിലേയ്ക്ക് വന്നതാണ്. രാഷ്ട്രീയപാർട്ടികളുടെ വരുമാന സ്രോതസായി വിദേശ മദ്യലോബിയുടെ സംഭാവന മാറ്റാൻ പാടില്ലെന്ന് ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞത് നല്ല കാര്യമാണ്. പക്ഷേ നമ്മുടെ ഗവൺമെന്റിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന വിധത്തിൽ സമ്പദ്ഘടനയെ പിടിച്ചുനിർത്തുന്ന ഒരു ഘടകമായി വിദേശ മദ്യ വിൽപ്പന കേരളത്തിൽ മാറിയിരിക്കുന്നു എന്ന വസ്തുത മുന്നിൽ കാണാതെ മദ്യവർജ്ജനം എന്ന കാര്യത്തിൽ നമ്മുടെ ഹിപ്പോക്രസി അവസാനിപ്പിക്കാൻ തയ്യാറാകണം. കേരളത്തിന്റെ പ്രധാനമായ വികസനങ്ങളെല്ലാം നടക്കുന്നത് ഈ വരുമാനംകൂടി ഉപയോഗപ്പെടുത്തിക്കൊണ്ടാണ്. ഏതെങ്കിലുമൊരു ഗവൺമെന്റ് അതിൽനിന്നും പിൻമാറാൻ തയ്യാറാകുമോ? ആരും തയ്യാറാകില്ല.

ഇവിടെ കള്ളുഷാപ്പുകളും ചാരായഷാപ്പുകളും അടച്ചു. എല്ലാ പഞ്ചായത്തിലും ത്രീ-സ്റ്റാർ ഹോട്ടലുകൾ തുടങ്ങിയത് ടൂറിസത്തിന്റെ പേരിലാണ്. ടൂറിസം വികസിക്കുന്നതിനെന്തിനാണ് ബാർ ഹോട്ടലുകളും ത്രീ-സ്റ്റാർ ഹോട്ടലുകളും. പുതിയ ബാറുകൾ അനുവദിച്ചു. അങ്ങ് അനുവദിച്ചിരിക്കുന്ന

ബാർ ഹോട്ടലുകൾക്ക് നൽകിയിരിക്കുന്ന ലൈസൻസ് പ്രകാരമുള്ള കൗണ്ട റുകൾ മാത്രമായി നിജപ്പെടുത്താൻ അങ്ങയുടെ അധികാരം ഉപയോഗിച്ചു കൊണ്ട് 24 മണിക്കൂർ കൊണ്ട് അങ്ങേയ്ക്ക് സാധിക്കുമോയെന്ന് ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്. നിൽപ്പൻ കൗണ്ടറുകൾ ഏറ്റവും കൂടുതലുള്ളത് കേരളത്തിലാണ്. ത്രീ-സ്റ്റാർ ഹോട്ടലുകളിൽ മറ്റൊരു വാതിൽ എന്തിനാണ്; അങ്ങ് മൂൻകൂർ ജാമ്യമെടുക്കരുത്. ഇപ്പോൾ അങ്ങാണ് മന്ത്രി. മുൻസർക്കാരിന്റെ കാലത്താണെന്ന് പറഞ്ഞ് തടിയൂരാൻ ശ്രമിക്കരുത്. തൃശൂർ ടൗണിലെ ഒരു ബാറിന്റെ ഒരു വാതിൽ മത്സ്യമാർക്കറ്റിലേയ്ക്കാണ്. അവിടെ എത്തുന്ന ആളുകൾക്ക് കുടിക്കാൻവേണ്ടി പുലർച്ചെ അഞ്ച് മണിക്ക് തുറക്കും. അതിന് നിയമമുണ്ടോ; കുടിക്കാനുള്ള സൗകര്യം ചെയ്തുകൊടു ത്തിരിക്കുകയാണ്. അതവിടെ മാത്രമല്ല. ഇന്നും ഞാൻ വെല്ലുവിളിക്കുന്നു, കേരളത്തിലെ ത്രീ-സ്റ്റാർ ഹോട്ടലുകൾ ആരംഭിച്ചിരിക്കുന്ന എല്ലാ ഹോട്ടലുക ളിലും ബാർ ഹോട്ടലുകൾ തുടങ്ങുമ്പോൾ ഏതെങ്കിലും ഒരു എക്സൈസ് ഉദ്യോഗസ്ഥന് ബാർ ഹോട്ടലിൽ കയറി പരിശോധിക്കാനുള്ള ധൈര്യമുണ്ടോ, ചങ്കൂറ്റമുണ്ടോ? ഇവിടെ എക്സൈസ് കമ്മീഷണർ ഉൾപ്പെടെയുള്ള ഉദ്യോഗ സ്ഥരുണ്ട്. എല്ലാ ബാർ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കുമ്പോൾ ബാറിന്റെ കൗണ്ടർ എവിടെയായിരിക്കണം, ആ കൗണ്ടറിന്റെ ഹൈറ്റ് എത്രയാ യിരിക്കണം, അവിടേയ്ക്കുള്ള പാസ്സേജ് എങ്ങനെയായിരിക്കണം തുടങ്ങി എല്ലാ കാര്യങ്ങളും കൃത്യമായി പറയുന്നുണ്ട്. അതിനുവിരുദ്ധമായി ടൂറിസ ത്തിന്റെ മറവിൽ ആരംഭിച്ച എല്ലാ ത്രീ-സ്റ്റാർ ഹോട്ടലുകളിലും ജനതാ കൗണ്ടർ എന്ന പേരിൽ എല്ലാ ഹോട്ടലുകളിലും ബാറിന് പ്രത്യേകമായി കൗണ്ടർ ആരംഭിച്ച് ചാരായഷാപ്പിനും കള്ളുഷാപ്പിനും പകരമായി ജനതാ

കൗണ്ടറുകൾ കേരളത്തിൽ ആരംഭിച്ചിരിക്കുന്നു. ഇന്നത്തെ നിയമപ്രകാരം 24 മണിക്കൂറിനുള്ളിൽ എക്സൈസ് കമ്മീഷണർ വിചാരിച്ചാൽ അടച്ചുപൂട്ടാൻ കഴിയും. ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. അങ്ങ് പുതിയ ബാർ ആരംഭിച്ചോളൂ. ആരംഭിച്ച ബാറുകളിൽ അഡീഷണൽ കൗണ്ടറുകൾ ഇല്ലാതിരിക്കാൻ വേണ്ടിയെങ്കിലുമുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ യെന്ന് ഞാൻ അങ്ങയോട് ചോദിക്കുകയാണ്. അങ്ങനെ കഴിയുമെങ്കിൽ അങ്ങ് അവതരിപ്പിച്ച ഭേദഗതിയുടെ ഉദ്ദേശ്യശുദ്ധിയെ ഞാൻ ചോദ്യം ചെയ്യില്ല. പക്ഷേ ഇവിടെ ചെയ്യേണ്ട കാര്യമതാണ്. മുൻകാല ഗവൺമെന്റ് ചെയ്തിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് വേറെകാര്യം. എല്ലാ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിരിക്കാം. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. പക്ഷേ, ഇന്ന് ഞാൻ അങ്ങയോട് ചോദിക്കുന്ന കാര്യം അങ്ങേയ്ക്ക് കഴിയുമോ എന്നാണ്. കഴിയാത്തതിനുകാരണം വിദേശ മദ്യലോബികളുടെ കയ്യിലാണ് കേരളത്തിലെ വിദേശ മദ്യവിൽപ്പനയും മദ്യനയവും കുടികൊള്ളുന്നത്. ഇതൊരു നിസ്സാരമായ വിഷയമല്ല. കഴിഞ്ഞ വർഷം 67000 കെയ്സ് മദ്യത്തിന്റെ വിൽപ്പന കുറഞ്ഞുവെന്ന് ഇവിടെ പറഞ്ഞു. ഇത് ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണ്. 67000 കെയ്സ് മദ്യത്തിന്റെ വിൽപ്പന കുറഞ്ഞുവെന്ന് കണക്കുണ്ട്. വിൽപ്പന കുറയാൻ കാരണം ഒന്നുകിൽ അനധികൃതമായി ബാറുകളിലൂടെ സെക്കൻസ് മദ്യം ഒഴുക്കിയിട്ടുണ്ടാകും. അല്ലെങ്കിൽ വൻതോതിൽ നികുതി വെട്ടിപ്പ് നടന്നിട്ടുണ്ടാകും. കേരളത്തിൽ വിദേശ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടില്ല, കൂടിയിട്ടേയുള്ളൂ. കണക്കു പ്രകാരം 67000 കെയ്സ് മദ്യത്തിന്റെ വിൽപ്പന കുറഞ്ഞിട്ടുണ്ടെങ്കിൽ അങ്ങത് അന്വേഷണ വിധേയമാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട്

അഭ്യർത്ഥിക്കുന്നു. 67000 കെയ്സ് മദ്യത്തിന്റെ വിൽപ്പന കുറഞ്ഞതിനുകാരണം മദ്യപാനാസക്തി കുറഞ്ഞതല്ല. മറിച്ച് അതിന്റെ പിന്നിൽ മറ്റെന്തെങ്കിലും വിധത്തിലുള്ള കാര്യങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന കാര്യം അന്വേഷിക്കണം. അഴിമതി ആരോപണമായി പറയുന്നില്ല. പക്ഷേ, 67000 കെയ്സ് മദ്യത്തിന്റെ വിൽപ്പന കുറഞ്ഞിട്ടുണ്ടെങ്കിൽ അതിനുകാരണം മദ്യപാനാസക്തി കുറഞ്ഞതല്ലെന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുന്നു. മദ്യം വാങ്ങുന്നതിനുള്ള കുറഞ്ഞ പ്രായം 21 വയസ്സിൽ നിന്ന് 24 വയസ്സാക്കി യിട്ട് യാതൊരു കാര്യവുമില്ല. കൊട്ടാളി ശങ്കരദാസ് എന്നൊരാൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. മഴ പെയ്യരുതെന്നും വേലി മാറണമെന്നും കൊട്ടാളി ശങ്കരദാസ് ഉത്തരവിടും. ഉത്തരവിട്ടാൽ മഴ പെയ്യാതിരിക്കുകയോ വേലി മാറു കയോ ചെയ്യുമോ. ചുറ്റും മദ്യം ഒഴുകിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ കുട്ടിക ളോട് മദ്യം കുടിക്കരുതെന്ന് പറഞ്ഞതുകൊണ്ട് മാത്രം കാര്യമില്ല. കത്തോ ലിക്കാ സഭ ഇപ്പോൾ തീരുമാനമെടുക്കും. വലിയ വിഭാഗം ആളുകൾ മദ്യപിക്കുന്നുണ്ടെന്നും അത് കുറയ്ക്കാൻ വേണ്ടി ശ്രമിക്കുകയാണെന്നും അവർ പറയുന്നു. കത്തോലിക്ക സഭ കുടുംബ സംഗമവും നൊവേനയും പോലുള്ള ധാരാളം പരിപാടികൾ നടത്തുന്നുണ്ട്. മുസ്ലീം സംഘടനകളും ധാരാളം പരിപാടികൾ നടത്തുന്നുണ്ട്. ഇതിനുപുറമേ എസ്.എൻ.ഡി.പി.യും എൻ.എസ്.എസ്.-ഉം ഉണ്ട്. എല്ലാവരും വലിയ തത്വങ്ങൾ പറയുന്നുണ്ട്. എന്നാൽ മദ്യപാനാസക്തി കൂടിക്കൊണ്ടിരിക്കുകയാണ്. ഇത് രാഷ്ട്രീയ പാർട്ടികളുടെ ഉത്തരവാദിത്തം മാത്രമാണോ; രാഷ്ട്രീയ പാർട്ടികൾ പല പ്പോഴും മതത്തെക്കാൾ കൂടുതലായി ഇക്കാര്യങ്ങളിൽ ഇടപെടുന്നവരാണ്. എന്നാൽ മതസ്ഥാപനങ്ങൾക്കുപോലും തടയാൻ പറ്റാത്തവിധം അവരുടെ

കൈകളിൽ നിന്ന് പോയിരിക്കുകയാണ്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ആളോഹരി മദ്യ ഉപയോഗമുള്ള സംസ്ഥാനം പഞ്ചാബായിരുന്നു. ഇപ്പോൾ അത് കേരളമായി മാറി. ഇതൊരു അഭിമാനകരമായ കാര്യമല്ല. എന്നാൽ ഒന്നാമതായി ഇതിനുകാരണം ഗവൺമെന്റാണ്. ഗവൺമെന്റ് മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ ആവശ്യമായ നടപടികളല്ല ചെയ്യുന്നത്, വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള  നടപടികളാണ് ചെയ്യുന്നത്. എക്സൈസ് വകുപ്പ് ചില കാര്യങ്ങളെല്ലാം ചെയ്യുന്നുണ്ട്. അതൊക്കെ തട്ടിപ്പാണ്. എല്ലാ സ്ഥലത്തും കാശു കൊടുത്ത് കുറെ പരിപാടികൾ സംഘടിപ്പിക്കുന്നുവെന്നല്ലാതെ ആത്മാർത്ഥമായി അവരാരും തന്നെ മദ്യാസക്തി കുറയ്ക്കാൻ  വേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നില്ല. ഇവിടെ അട്ടപ്പാടിയിൽ കള്ളവാറ്റ് ധാരാളം ഉണ്ടെന്ന് പറഞ്ഞു. ഞാൻ എക്സൈസ് വകുപ്പുമന്ത്രിയോട് പറയുന്ന കാര്യം, അവിടെ കള്ളവാറ്റ് നിരോധിക്കണമെങ്കിൽ രണ്ട് ബാർ തുടങ്ങുന്നതിന് ലൈസൻസ് കൊടുത്താൽ മതിയെന്നാണ്. അനങ്ങാതിരിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർ ചുണക്കുട്ടന്മാരായി ഇറങ്ങി കള്ളവാറ്റ് തടയും. അതാണ് അതിന്റെ പ്രത്യേകത. ബാർ ഉണ്ടെങ്കിൽ ബാർ ഉടമസ്ഥൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടതുകൊടുത്ത് പിടിപ്പിക്കേണ്ടവരെ പിടിപ്പിക്കും. അവിടെ എല്ലാ ഊരുകളിലും കള്ള വാറ്റ് ഉണ്ടെന്ന കാര്യം എല്ലാവർക്കുമറിയാം. എന്താണ് അത് പിടിക്കാത്തത്; ഞാനവിടെ ബാർ അനുവദിക്കാൻ വേണ്ടി പറഞ്ഞതല്ല, തെറ്റിദ്ധരിക്കണ്ട. എക്സൈസ് ഡിപ്പാർട്ടുമെന്റ് കള്ളവാറ്റ് പിടിക്കുന്നത് കള്ളവാറ്റ് തടയാനല്ല. അവിടത്തെ ബാർ ഉടമസ്ഥന്മാരുടെ കച്ചവടം  കുറയാതിരിക്കാൻ വേണ്ടി അവരുടെ പടി പറ്റുന്ന എക്സൈസ് ഉദ്യോഗസ്ഥന്മാർ അവർക്ക് വേണ്ടി പണിയെടുക്കുന്നവരായി മാറിയിരിക്കുന്നു. ഇത് ആർക്കാണ് നിഷേധിക്കാൻ കഴിയുന്നത്. എക്സൈസ്

ഡിപ്പാർട്ടുമെന്റ് ബാറുകൾക്കെതിരെ ഒരു ചുക്കും ചെയ്യുന്നില്ലല്ലോ. ബഹുമാന പ്പെട്ട മന്ത്രി കെ. ബാബു ചെത്തുവ്യവസായതൊഴിലാളികൾക്ക് വേണ്ടി ധാരാളം കാര്യങ്ങൾ ചെയ്ത ആളാണെന്ന കാര്യം ഞാൻ നിഷേധിക്കില്ല. ധാരാളം കാര്യങ്ങൾ എനിക്ക് നേരിട്ടറിയാം. എന്റെ താലൂക്കിൽ ഞാൻ ചെത്തുതൊഴിലാളി യൂണിയന്റെ പ്രസിഡന്റാണ്. കള്ളുഷാപ്പ് അടച്ചിട്ടു. തൊഴിലാളി സംഘടനകൾ ചേർന്നുകൊണ്ട് ഷാപ്പ് നടത്താൻ തീരുമാനിച്ചു. ശുദ്ധമായ കള്ള് മാത്രമേ  വിൽക്കാൻ പറ്റുള്ളുവെന്ന് തീരുമാനിച്ചു. അവിടെ കള്ള് വിൽപ്പനയുമായി ബന്ധപ്പെട്ട് പ്രായോഗികമായ ചില കാര്യങ്ങൾ ചെയ്യാൻ വന്നപ്പോൾ മന്ത്രി ചെയ്തുകൊള്ളാൻ പറഞ്ഞു. പക്ഷേ അവിടെയൊരു എക്സൈസ് ഉദ്യോഗസ്ഥൻ വിസമ്മതിച്ചു.  കാരണമെന്താണ്, കള്ളിന്റെ കച്ചവടം അവിടെ കൂടിയാൽ പഞ്ചായത്തുകളിൽ ആരംഭിച്ചിരി ക്കുന്ന  ബാറുകളിലെ കച്ചവടം കുറയും. അങ്ങനെ കുറഞ്ഞാൽ ബാർ ഉടമ സ്ഥന്മാർക്ക് പ്രതിദിനം വലിയ നഷ്ടമുണ്ടാകും. അതിനുവേണ്ടി എക്സൈസ് വകുപ്പിലെ മാന്യന്മാർ മന്ത്രിമാർ പറഞ്ഞാൽപ്പോലും കേൾക്കാതെ കള്ളു ഷാപ്പുകൾക്കെതിരെയാണ് അവരുടെ അധികാര പ്രയോഗം. എവിടെ നിന്നാണ് ഈ അധികാരം കിട്ടിയത്. ഇവിടെ കള്ളക്കള്ള് വിൽക്കുന്നു. ഏതെങ്കിലും പാവപ്പെട്ട തൊഴിലാളികൾ കള്ളക്കള്ള് ഉൽപ്പാദിപ്പിക്കുന്നുണ്ടോ? ഇല്ല. അവർ ശുദ്ധമായ കള്ള് ഉൽപ്പാദിപ്പിക്കുന്നവരാണ്. തൊഴിലാളി സംഘടനകൾ നടത്തുന്ന ഷാപ്പുകൾ മാന്യമായി നടത്താൻ മന്ത്രി തന്നെ ഇടപെട്ട് വേണ്ട സംവിധാനം ഒരുക്കാൻ പറയുമ്പോൾ മന്ത്രിയെ മറികടന്നു കൊണ്ട് എക്സൈസ് ഉദ്യോഗസ്ഥന്മാർ നിയമം കൊടുമ്പിരികൊണ്ട് പിടിച്ചിരി ക്കുകയാണ്. അവരെല്ലാം തന്നെ വിദേശ മദ്യലോബിക്കുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഇവിടെ കള്ളുഷാപ്പ്  അടപ്പിക്കുന്നതും കള്ളുഷാപ്പിൽ

കള്ള് വരാതിരിക്കുന്നതിന് ശ്രമിക്കുന്നതും ചാരായം നിരോധിച്ചതിനെ പ്രോത്സാഹിപ്പിക്കുന്നതും കള്ളവാറ്റിനെ പ്രോത്സാഹിപ്പിക്കുന്നതും ചില പ്പോൾ എതിർക്കുന്നതുമൊക്കെ വിദേശമദ്യലോബിക്കുവേണ്ടി മാത്രമാണ്. എക്സൈസ് ഡിപ്പാർട്ടുമെന്റ് വിദേശ മദ്യലോബിക്കുവേണ്ടിയുള്ള എൻഡിറ്റി യായി മാറി. മന്ത്രിമാർ മാറിയതുകൊണ്ടുമാത്രം അത് മാറാത്ത സാഹചര്യം നമ്മുടെ കേരളത്തിൽ ഉണ്ടായിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പാലോട് രവി,.....അങ്ങ് കുറേ പ്രാവശ്യം എഴുന്നേറ്റതാണ്. ശ്രീ. വി.എസ്. സുനിൽകുമാർ സംസാരിക്കൂ.

<u>ശ്രീ. പാലോട് രവി</u>: സർ,

<u>മി. സ്പീക്കർ:</u> ശ്രീ. പാലോട് രവി, പ്ലീസ് സിറ്റ് ഡൗൺ. അങ്ങ് കുറേ പ്രാവശ്യം എണിറ്റു. ശ്രീ. വി. എസ്. സുനിൽകുമാർ സംസാരിക്കൂ. മൂന്നു മണിക്കൂർ കഴിഞ്ഞു. സോറി.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അതുകൊണ്ട് മദ്യ ഉപഭോഗ ത്തിന്റെ തോത് കേരളത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ മൊത്തം മദ്യ ഉപഭോഗത്തിന്റെ 16% കേരളത്തിലാണ്. ഇവിടെ നേരത്തെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചിരുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കാര്യം കൂടി സൂചിപ്പിക്കേണ്ടതുണ്ട്. ഇൻഡ്യയിൽ ഉൽപ്പാദിപ്പിക്കപ്പെ ടുന്ന മരുന്നിന്റെ 27% ഉപയോഗിക്കുന്നത് കേരളീയരാണ്. കേരളത്തിലെ മദ്യ ത്തിന്റെ ഉപഭോഗം മൊത്തം ഇൻഡ്യയിലെ ഉപയോഗത്തിന്റെ 16 ശതമാനമാ ണെങ്കിൽ ഇൻഡ്യയിൽ മൊത്തം ഉപയോഗിക്കുന്ന മരുന്നിന്റെ ഉപഭോഗ ത്തിന്റെ തോത് കേരളത്തിൽ 27 ശതമാനമായി മാറിയിരിക്കുകയാണ്.

അതിലെ പ്രധാനപ്പെട്ട വില്ലൻ എന്നുപറയുന്നത് മദ്യമാണ്. ഇവിടെ ഉപയോഗിക്കുന്ന മദ്യം....

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാനിപ്പോൾ കൺക്ലൂഡ് ചെയ്യാം. എല്ലാവരും പ്രസംഗിച്ചല്ലോ, എന്നോട് മാത്രം കൺക്ലൂഡ് ചെയ്യാൻ പറയുന്നതെന്താണ്?. അങ്ങ് പറഞ്ഞാൽ ഞാൻ കേൾക്കാം. അങ്ങ് എന്നോടു മാത്രം വിവേചനം കാണിക്കരുത്. അങ്ങ് പല തവണയായി വിവേചനം കാണിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. എന്നോട് വിവേചനം കാണിക്കരുത്.

മി. സ്പീക്കർ: ആവശ്യമില്ലാത്ത വിഷയങ്ങൾ സംസാരിക്കരുത്. ഒരു കാര്യം ചെയ്യൂ. താങ്കൾ സംസാരിച്ചോളൂ. അതിനുശേഷം ഇവിടെ ആൾ പാർട്ടീ മീറ്റിംഗിന്റെ ഡിസിഷൻ ഞാൻ പറയാം. നിങ്ങൾക്ക് അത് ബാധകമല്ലെങ്കിൽ ഓ.കെ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എനിക്കു മുമ്പ് സംസാരിച്ച ആൾ 25 മിനിട്ട് സംസാരിച്ചു. ഞാൻ സംസാരിച്ച് തുടങ്ങിയിട്ട് 15 മിനിട്ട് ആയതേയുള്ളൂ. അപ്പോഴേയ്ക്കും അങ്ങ് നിയന്ത്രിക്കാൻ വരുന്നു. അങ്ങു പറഞ്ഞാൽ ഞാൻ ഇരിക്കാം. ഒരു കുഴപ്പവുമില്ല. ഞാൻ ഗൗരവമായ ഒരു കാര്യമാണ് പറയുന്നത്, നമ്മുടെ രാജ്യത്ത് മരുന്നിന്റെ ഉപയോഗം 27 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട കാരണം മദ്യപാനമാണ്. എല്ലാവരും വിശദീകരിച്ചതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. ഇവിടെ കൊടുക്കുന്ന മദ്യത്തിന്റെ ശുദ്ധത പരിശോധിക്കാൻപോലും സംവിധാനമില്ല. ഇവിടെ പാവപ്പെട്ട തൊഴിലാളികളുടെ കൂലി 550, 600, 700 രൂപ

യായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ദിവസം എക്സൈസ് ഡിപ്പാർട്ടു മെന്റ് വിദേശ മദ്യത്തിന്റെ വില വർദ്ധിപ്പിച്ചാൽ അടുത്ത ദിവസം കേരള ത്തിൽ കൂലി വർദ്ധിക്കും. കാരണം കേരളത്തിലെ തൊഴിലാളികൾക്ക് മദ്യം ഒഴിവാക്കാൻ പറ്റാത്ത ഒരു ഘടകമായി വന്നിരിക്കുന്നു. തൊഴിലാളി കൂലി കൂടുതൽ ചോദിക്കും. അവന് കൊടുക്കുന്ന മദ്യം അവനെ നശിപ്പി ക്കുന്നതാണ്, പക്ഷെ അതിനകത്തെ വിഷാംശം കുറയ്ക്കാനെങ്കിലും ഉള്ള സംവിധാനം വേണ്ടേ? പൂർണ്ണമായിട്ടും രാസപദാർത്ഥങ്ങൾ ചേർത്ത മദ്യം കേരളത്തിൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ന് ഉപയോഗിച്ചുകൊണ്ടി രിക്കുന്ന മദ്യത്തിന്റെ സിംഹഭാഗവും വേണ്ടത്ര പരിശോധനകളില്ലാതെ രാസ പദാർത്ഥങ്ങളടങ്ങിയതാണ്. അങ്ങനെയുള്ള വിദേശ മദ്യം വ്യാപകമായി കൊടുത്തുകൊണ്ട് നമ്മുടെ കേരള ജനതയെ പൂർണ്ണമായും രോഗികളാക്കുക യാണ്. കഴിഞ്ഞ ദിവസം കെട്ടിടം നിർമ്മിക്കുന്ന ഒരാൾ പറഞ്ഞ ഒരു കാര്യം മലയാളികളെ പഴയതുപോലെ ജോലിക്ക് കിട്ടുന്നില്ല, കിട്ടിയാൽതന്നെ പണ്ട ത്തെപ്പോലെ അവന് സ്റ്റാമിനയില്ല എന്നാണ്. അതിനുകാരണം പറയുന്നത് തലേദിവസം രാത്രി പണി കഴിഞ്ഞതിനുശേഷം മദ്യപിക്കുന്നു. 8 മണിക്കൂർ അവന് കാര്യക്ഷമമായി ജോലി ചെയ്യാൻപോലും സാധിക്കാത്ത വിധത്തിൽ നമ്മുടെ നാട്ടിലെ പാവപ്പെട്ട തൊഴിലാളികളുടെ ആരോഗ്യം തകർന്നുകൊണ്ടി രിക്കുന്നുവെന്നുള്ളത് നമ്മുടെ രാജ്യത്തിന്റെ ഉൽപ്പാദന വ്യവസ്ഥയെപ്പോലും തകരാറിലാക്കുന്നുവെന്ന വസ്തുത ഗവൺമെന്റ് മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ട് ഗവൺമെന്റിന്റെ ഖജനാവിലേയ്ക്ക് വരുന്ന പണം മാത്രം വച്ചു കൊണ്ട് ഈ ഡിപ്പാർട്ട്മെന്റിനെ വിലയിരുത്തുന്നത് ശരിയല്ല. ഇവിടെ പല കമ്മീഷനുകളുമുണ്ട്, ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനെ ഇവിടെ നിയോഗിച്ചി

രുന്നു. കമ്മീഷനെ നിയോഗിക്കുന്നത് അവസാനിപ്പിക്കണം. എത്ര കമ്മീഷനുകളെ നമ്മൾ നിയോഗിക്കുന്നു. ജസ്റ്റിസ് ഉദയഭാനു കമ്മീഷനെക്കുറിച്ചിവിടെ പറഞ്ഞു. കള്ളിനെ പ്രോത്സാഹിപ്പിക്കണമെന്നു പറഞ്ഞിട്ട് നടന്നില്ല. ഇവിടെ വീര്യം കുറഞ്ഞ മദ്യമായ ബിയറിനെയും വൈനിനേയും പ്രോത്സാഹിപ്പിക്കണം. ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര ബിയർ പബ്ബുകൾ അനുവദിച്ചു; അനുവദിച്ചിട്ടുണ്ടോ? ബാറുകൾക്കുപകരം അത് അനുവദിച്ചുകൂടേ? പക്ഷെ ഇവിടെ ഉദയഭാനു കമ്മീഷൻ പറഞ്ഞതുപോലെ കള്ളിന്റെ കാര്യത്തിൽ നേരത്തെ ശ്രീ. പി. തിലോത്തമൻ ഇവിടെ സൂചിപ്പിച്ചു, ആയുർവേദത്തിന്റെ ചരക സംഹിതയിൽപ്പോലും കള്ള് എന്നു പറയുന്ന പാനീയത്തെക്കുറിച്ച് പറയുന്നുണ്ട്. അതിന്റെ ആരോഗ്യദായകമായ ഘടകങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അത് പൂർണ്ണമായും പ്രകൃതിദത്തമായി ഉൽപ്പാദിപ്പിക്കുന്ന ഒരു മദ്യമാണ്. ആ മദ്യത്തെക്കുറിച്ചാണ് ജസ്റ്റിസ് ഉദയഭാനു പഠിച്ചത്. കള്ളിനെ പ്രോത്സാഹിപ്പിക്കണം, ശുദ്ധമായ കള്ള് കൊടുക്കണം, മലയാളികളുടെ പരമ്പരാഗതമായ ശീലങ്ങളുടെ ഭാഗമാണ്, അവനെ വിദേശ മദ്യം പ്രോത്സാഹിപ്പിക്കരുത്, നാട് നശിക്കും, മദ്യപാനം ഉപേക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിലും മദ്യവർജ്ജനത്തിലേയ്ക്ക് വരണം. അവന് വീര്യം കുറഞ്ഞ മദ്യം ലഭ്യമാക്കണം. അതിനുതകുന്ന വിധത്തിൽ മദ്യനയം കൊണ്ടുവരണമെന്ന് അദ്ദേഹം പറഞ്ഞിട്ട് എത്രയോ വർഷമായി. പക്ഷേ ആ മദ്യനയമല്ല, വിദേശ മദ്യനയമാണ് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് വിദേശ മദ്യത്തിന്റെ ഉപഭോഗം വൻതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ നേരത്തെ ശ്രീ. സി. പി. മുഹമ്മദ് സൂചിപ്പിച്ചതുപോലെ കേരളത്തിലെ മദ്യത്തെക്കാൾ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നമ്മുടെ ക്യാമ്പസ്സുകളിലെ മയക്കുമരുന്നാണ്. മയക്കുമരുന്ന് - കഞ്ചാവ്

ലോബികൾ വ്യാപകമായി ക്യാമ്പസ്സുകളിൽ പിടിമുറുക്കിയിരിക്കുന്നു. നമ്മുടെ സർക്കാരുകളും ജഡ്ജിമാരുമൊക്കെതന്നെ ക്യാമ്പസ്സിൽ നിന്ന് രാഷ്ട്രീയ സംഘടനകളെയും വിദ്യാർത്ഥി സംഘടനകളെയും ആട്ടിപ്പായിച്ചു. അവിടെയെല്ലാമിപ്പോൾ അദ്ധ്യാപകരുൾപ്പെടെയുള്ള വലിയ ലോബികളാണ് മയക്കുമരുന്നുവിൽപ്പന നടത്തുന്നത്. കഴിഞ്ഞ ദിവസം തൃശ്ശൂരിൽ സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകന്റെ കൈയിൽനിന്നും 1.5 കിലോഗ്രാം കഞ്ചാവാണ് പിടിച്ചെടുത്തത്. അദ്ദേഹമാണ് കഞ്ചാവ് കുട്ടി കൾക്ക് കൊടുത്തുകൊണ്ടിരുന്നത്. നമ്മുടെ സംസ്ഥാനത്തെ പല സ്കൂളുക ളിലും, വനിതാ കേളേജുകളുൾപ്പെടെ പല കോളേജുകളിലും മയക്കുമരുന്ന് വ്യാപകമായി ലഭിക്കുകയാണ്. തിരുവനന്തപുരം ജില്ലയിലെ പോലീസ് കമ്മീഷണറായ ശ്രീ. പി. വിജയൻ, ഐ.പി.എസ്സ്., തൃശ്ശൂരിൽ അദ്ദേഹം കമ്മീ ഷണറായിരിക്കുന്ന സമയത്ത് ക്യാമ്പസ്സുകളിൽ പ്രത്യേകിച്ച് അഡോളസന്റ് പിരീഡിലെ കുട്ടികൾ മദ്യത്തിനും മയക്കുമരുന്നിനും അറിയാതെ അടിമകളാ യിക്കൊണ്ടിരിക്കുന്ന കേസ്സുകളുണ്ടായിട്ടുള്ളതായി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ വിഷയം ഗൗരവമായി എടുക്ക ണമെന്ന് അദ്ദേഹം ഒരു യോഗത്തിൽ പറയുകയുണ്ടായി. പോലീസ് ഉദ്യോഗ സ്ഥന്മാർ രാഷ്ട്രീയക്കാരെക്കാൾ കൂടുതലായി ഇത്തരത്തിലുള്ള അനധികൃത മായ കാര്യങ്ങൾ അറിയുന്നവരാണ്. അങ്ങനെ സത്യസന്ധരായ ധാരാളം ഉദ്യോഗസ്ഥന്മാർ ഇതിനുവേണ്ടി രംഗത്തുവരുന്നുണ്ട്. അതുകൊണ്ട് ഇത്തരം നിയമങ്ങളിൽ പ്രായപരിധി 20, 21 വയസ്സ് എന്നാക്കലല്ല പ്രധാനം, അത് വലിയ ബോധന രീതിയാക്കി നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റേണ്ടതുണ്ട്. നമ്മുടെ കരിക്കുലത്തിലും സിലബസ്സിലും മദ്യപാനവുമായി

ബന്ധപ്പെട്ടുകൊണ്ട് അതിന്റെ വിരുദ്ധ വശങ്ങളെ പഠിപ്പിക്കാനും അത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമല്ലായെന്നും നമ്മുടെ യഥാർത്ഥ സംസ്കാര മെന്താണെന്ന് പഠിപ്പിക്കുന്ന തരത്തിലുമായിരിക്കണം. വിദ്യാഭ്യാസത്തിന്റെ കരിക്കുലത്തിലും സിലബസ്സിലും മാറ്റം വരുത്താനാവശ്യമായ രീതിയിൽ അടിത്തട്ടിൽനിന്നുതന്നെ തുടങ്ങേണ്ട ഒരു പ്രക്രിയയാണ് ഈ പറയുന്ന ബില്ലിന്റെ അമെന്റ്മെന്റിന് ആധാരമായിരിക്കുന്ന കാര്യം. ഇതുകൊണ്ട് തൊലിപ്പുറത്തെ ചികിത്സ മാത്രമാണാകുന്നത്. ഇത് ഇനിയും നമ്മുടെ നാട്ടിൽ വിദേശ മദ്യലോബിയെ സഹായിക്കാൻ മാത്രമേ സഹായിക്കുകയു ള്ളൂ, ആ നിലയിലേയ്ക്ക് നമ്മുടെ എക്സൈസ് ഡിപ്പാർട്ട്മെന്റ് മാറിയിരിക്കു ന്നു. അതിനെ മാറ്റാൻ അങ്ങേയ്ക്ക് കഴിയുമോ എന്ന ചോദ്യത്തിന് മറുപടി ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഇപ്പോഴുള്ള ബാറുകളിലെ അനധികൃത കൗണ്ടറുകൾ അങ്ങേയുടെ അധികാര മുപയോഗിച്ച് നിർത്തലാക്കുന്നതിനുള്ള ഉത്തരവിറക്കാൻ, അതിനെ നിയന്ത്രിക്കാൻ നടപടിയെടുക്കാൻ, എക്സൈസുകാർക്ക് കഴിയുമോയെന്ന് ഒരിക്കൽകൂടി വെല്ലുവിളിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവരോടും ഈ സന്ദർഭത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. ധാരാളം നിർദ്ദേശങ്ങളും വിമർശനങ്ങളുമുണ്ടായി. ഞങ്ങൾ വന്നതിനുശേഷം ആവിഷ്കരിച്ച മദ്യനയ ത്തിന്റെ കാതലായിട്ടുള്ള കാര്യം ഒന്ന്, പുതിയ കെ.എസ്.ബി.സി. ഔട്ട്ലെറ്റു കൾ അനുവദിക്കില്ല. രണ്ട്, ബാർ ലൈസൻസ് നൽകുന്നതിന്റെ നിയന്ത്രണം.

ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് ഇല്ലാതാക്കി, ഫോർ സ്റ്റാർ ഹോട്ടലുകൾക്കും ലൈസൻസ് കൊടുക്കില്ലെന്ന് തീരുമാനിച്ചു. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കുമാത്രമെ ബാർ ലൈസൻസ് കൊടുക്കുന്നുള്ളൂ. അതിനും 10 മുറി വേണമെന്നുള്ള വ്യവസ്ഥയായിരുന്നത് 25 മുറി വേണമെന്ന വ്യവസ്ഥ കൊണ്ടുവന്നു. അതുപോലെ ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ വെട്ടിക്കുറച്ചു. കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽ നിന്നും 15 ലിറ്ററായി കുറച്ചു. മദ്യം വിൽക്കുന്നതിനോ ഉപയോഗി ക്കുന്നതിനോ ഉള്ള പ്രായ പരിധി 18 വയസ്സിൽ നിന്ന് 21 വയസ്സായി ഉയർത്തി. അതാണ് ഈ ബില്ലിലെ ഒരു ഭേദഗതി. പുതിയ ബാർ ലൈസൻസുകൾ നൽകുന്നതിന് ദൂരപരിധി നിയമം കൊണ്ടുവന്നു. ഇവിടെ നേരത്തെ ശ്രീ. പി. തിലോത്തമൻ പറഞ്ഞു. ഒരു ബാറും വേറൊരു ബാറും തമ്മിലുള്ള ദൂരപരിധി ഞങ്ങൾ കൊണ്ടുവന്നു. നേരത്തെ അത് ഉണ്ടായിരുന്നില്ല. അബ് കാരി സ്ഥാപനങ്ങൾ പുതിയതായി ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനം കൂടിവേണമെന്ന വ്യവസ്ഥ കൊണ്ടുവന്നു. ഇത്തരം കാര്യങ്ങൾ ഞങ്ങൾ പുതിയതായി കൊണ്ടുവന്നതാണ്. പക്ഷെ ഞങ്ങൾ ആവിഷ്കരിച്ച ഈ മദ്യനയം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദാക്കി. ഇത് ഞാൻ രാവിലെ ഇവിടെ വിശദീകരിച്ചതാണ്. ഇപ്പോൾ അത് സുപ്രീംകോടതിയുടെ പരിഗണനയിലാണ്. അതുപോലെതന്നെ ഇൻഡ്യയി ലാദ്യമായി പാൻ പരാഗ് നിരോധിച്ച സംസ്ഥാനം കേരളമാണ്. വിദ്യാലയങ്ങ ളുടെ 400 മീറ്റർ ദൂരപരിധിയിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും ഈ ഗവൺമെന്റ് നിരോധിച്ചു. അതോടൊപ്പംതന്നെ ബോധവൽക്കരണ പ്രവർത്ത നങ്ങൾക്ക് വളരെയധികം മുൻതൂക്കം കൊടുത്തു. 25 ലക്ഷം രൂപയാണ്

മുൻകാല ഗവൺമെന്റിന്റെ കാലഘട്ടത്തിലെല്ലാം ബോധവൽക്കരണത്തിന് നൽകിയിരുന്നത്. ഞങ്ങൾ വന്നതിനുശേഷം അത് 2 കോടി രൂപയായി ഉയർത്തി. അപ്പോൾ ബോധവൽക്കരണ പ്രവർത്തനത്തിൽ ഞങ്ങളുടെ ആത്മാർത്ഥമായ നിലപാട് മനസ്സിലാക്കാൻ സാധിക്കും. ഞാൻ രാവിലെ അതിനെക്കുറിച്ച് വളരെ വിശദമായി സംസാരിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. സ്കൂളുകൾ കേന്ദ്രീകരിച്ചുകൊണ്ട് ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിക്കുകയും ആ ക്ലബ്ബുകൾക്ക് ചെറിയ തോതിലുള്ള ധനസഹായം നൽകുകയും ചെയ്തു. അതുകൂടാതെ കോളേജ് തലത്തിൽ എൻ.എസ്സ്.എസ്സുമായി സഹകരിച്ചുള്ള പ്രവർത്തനം, സ്റ്റുഡന്റ് പോലീസു മായി സഹകരിച്ചുള്ള പ്രവർത്തനം, കുടുംബശ്രീയുമായി സഹകരിച്ചുള്ള പ്രവർത്തനം, ഇങ്ങനെയെല്ലാ സന്നദ്ധ സംഘടനകളുമായി സഹകരിച്ചു കൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് വളരെയധികം മുൻതൂക്കം നൽകുകയാണ്.

നമ്മുടെ സംസ്ഥാനത്ത് ഒരു ഭാഗത്ത് ഇതെല്ലാം ലിബറലൈസ് ചെയ്യണ മെന്നുപറയുന്നവരുണ്ട്. മറുഭാഗത്ത് ഇതെല്ലാം നിരോധിക്കണമെന്ന് പറയുന്ന വരുമുണ്ട്. ഇത് രണ്ടും പ്രായോഗികമല്ലാത്തതുകൊണ്ടാണ് ഇതിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാനും ബോധവത്ക്കരണം കൂടുതൽ ശക്തിയായി നട ത്താനും ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ പ്രയോജനം എന്താണെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നോടു ചോദിച്ചു. ഞാൻ അതിന് രാവിലെ മറുപടി പറഞ്ഞു. എന്നാലും അങ്ങയുടെ ശ്രദ്ധയ്ക്കുവേണ്ടി പറയാം. 2010-11-ൽ 16 ശതമാനമായിരുന്നു വർദ്ധനവിന്റെ തോത്. 2011-12 -ൽ വർദ്ധനവിന്റെ തോത് 11 ശതമാനായി കുറഞ്ഞു. ഇത് വിൽപ്പനയിലെ

കുറവല്ല. 2012-13-ൽ ഒരു ശതമാനമായി കുറഞ്ഞു. 2013-14 മെയ് മാസം വരെ വിൽപ്പനയിൽ ഒരു ശതമാനം കുറഞ്ഞിട്ടുണ്ട്. എന്നുമാത്രമല്ല, ടാക്സിന്റെ കാര്യത്തിൽ നെഗറ്റീവ് ഗ്രോത്താണ് ഈ മേഖലയിലുള്ളത്. അപ്പോൾ വിൽപ്പന കുറഞ്ഞല്ലോ. ഞങ്ങൾ ബോധവത്ക്കരണം നടത്തിയതിന്റെ ഒരു ചെറിയ പ്രയോജനം ഉണ്ടായിട്ടുണ്ട്. ഇനി ഒരു കാര്യം കൂടി സൂചിപ്പിക്കാനുള്ളത് ഇതിന്റെ ആരോഗ്യകരമായ പ്രശ്നങ്ങളെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ ഉന്നയിച്ചു. കഴിഞ്ഞ ദിവസം സബ്ജക്ട് കമ്മിറ്റി VIII-ന്റെ മീറ്റിംഗ് കൂടിയപ്പോൾ ഒരു തീരുമാനമെടുത്തിട്ടുണ്ട്. എക്സൈസ്, ആരോഗ്യം, സാമൂഹ്യ നീതി എന്നീ മൂന്നുവകുപ്പുകളുമായിച്ചേർന്ന് ആരോഗ്യ വകുപ്പുസെക്രട്ടറിയുടെ നേതൃത്വത്തിൽ മദ്യപാനം കൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും അത് റിപ്പോർട്ട് ചെയ്യാനും ചുമതലപ്പെടുത്തിയിരിക്കുകയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിക്കുമ്പോൾ ശ്രീ. എം. ചന്ദ്രൻ ഇടപെട്ടുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞു ടി.വി. സീരിയലുകളിലും ടി.വി.യിൽ വരുന്ന സിനിമകളിലുമൊന്നും മദ്യപാനം ആരോഗ്യത്തിന് ഹാനികരമാണ് എന്ന് എഴുതിക്കാണിക്കുന്നില്ലായെന്ന്. കേരളാ ഗവൺമെന്റിന് അങ്ങനെയൊരു തീരുമാനമെടുക്കാൻ സാധിക്കില്ല. അത് ഇന്ത്യാ ഗവൺമെന്റിന്റെ അധികാരപരിധിയിൽ വരുന്നതാണ്. അബ്കാരി ആക്ടിന്റെ 55(1)-വകുപ്പിന്റെ പരിധിയിൽ ടി.വി. സീരിയലുകൾ ഉൾപ്പെടുത്തുവാൻ കഴിയില്ല. Wireless Broadcasting and other like form of communication – അത് യൂണിയൻ ലിസ്റ്റിൽപ്പെടുന്ന ഒരു കാര്യമാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഇതുസംബന്ധിച്ചൊരു തീരുമാനമെടുക്കാൻ സാധിക്കില്ല. ഇതുമാത്രമല്ല, അദ്ദേഹം പറഞ്ഞതിൽ ഒരു പ്രശ്നം

കൂടി ഉദിക്കുന്നുണ്ട്. എം.ജി.ആർ. മദ്യപിക്കുന്ന സീനുകൾ അഭിനയിച്ചിട്ടില്ല എന്നു പറഞ്ഞു. അത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനെക്കൂടി ബാധിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ആ കാര്യത്തിലൊരു നിലപാടെടുക്കുന്നത് എത്രത്തോളം പ്രായോഗികമാണെന്നുള്ളതിനെക്കുറിച്ച് പൊതുവായി ചർച്ചചെയ്യേണ്ട ഒരു വിഷയമാണ്. ഏതായാലും സംസ്ഥാന ഗവൺമെന്റിന് ഈ കാര്യത്തിൽ ഒരു നിയമം കൊണ്ടുവരാൻ സാധിക്കില്ല. പിന്നെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ മറ്റൊരു കാര്യം ഞങ്ങൾ ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനെ നിയമിച്ചപ്പോൾ അതിന്റെ ടേംസ് ഓഫ് റഫ റൻസ് വളരെ വൈകിയാണ് തീരുമാനിച്ചതെന്നുപറഞ്ഞു. അത് തെറ്റാണ്. 23-01-2013-നാണ് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷനെ നിയോഗിച്ചത്. കേരള ച രിത്രത്തിൽ ഏതൊരു കമ്മീഷന്റേയും ടേംസ് ഓഫ് റഫറൻസ് തീരുമാനിക്കു ന്നതിനേക്കാൾ വേഗത്തിൽ അതായത് 04.03.2013-ന് ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് ഞങ്ങൾ തീരുമാനിച്ച് അദ്ദേഹത്തെ അറിയിക്കുകയും അദ്ദേഹം കേരളം മുഴുവൻ സിറ്റിംഗ് നടത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പിന്നീട് ഇവിടെ പലരും പറഞ്ഞ കാര്യം, ഞങ്ങൾ കള്ളുഷാപ്പുകൾ അടച്ചുപൂട്ടിക്കുകയാണ്, ഞങ്ങളുടെ നയം ചെത്തു വ്യവസായത്തിന് എതിരാണ് എന്നൊക്കെയാണ്. യഥാർത്ഥത്തിൽ ഞാൻ ഈ സഭയുടെ അറിവിനുവേണ്ടി പറയുകയാണ് 2009-10-ൽ 5214 കള്ളുഷാപ്പുകളും 2010-11-ൽ 5211 കള്ളുഷാപ്പുകളും 2011-12-ൽ 5195 കള്ളുഷാപ്പുകളും കേരളത്തിൽ പ്രവർത്തിച്ചിരുന്നു. ഈ വർഷം 5194 കള്ളാഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങളുടെ നയമെന്താണെന്നുള്ളത് ശ്രീ. വി. എസ്. സുനിൽകുമാറിനോട് ചോദിച്ചാലറിയാം. കള്ളുചെത്ത്

വ്യവസായത്തെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഞങ്ങൾ വൃക്ഷക്കരംവരെ ഒഴിവാക്കികൊടുത്തിട്ടുണ്ട്. ആദ്യമായിട്ടാണ് കേരളചരിത്രത്തിൽ വൃക്ഷക്കരം ഒഴിവാക്കി പ്രവർത്തനരഹിതമായ ഷാപ്പുകൾ നടത്തുവാനുള്ള അനുവാദം കൊടുത്തത്. തൃശ്ശൂർ താലൂക്കിൽ വർഷങ്ങളായി പ്രവർത്തിക്കാതിരുന്ന ഷാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഞങ്ങൾ വന്നതിനുശേഷം ഒരു കള്ളുഷാപ്പും അടച്ചുപൂട്ടിയിട്ടില്ല. ഈ ഗവൺമെന്റ് കള്ളുചെത്ത് വ്യവസായത്തെ തകർക്കാൻ ഉദ്ദേശിക്കുന്ന ഗവൺമെന്റല്ല, മറിച്ച് കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിക്കണമെന്നാഗ്രഹിക്കുന്ന ഗവൺമെന്റാണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ ഗവൺമെന്റ് കള്ളുചെത്ത് വ്യവസായത്തിന് നൽകിയതിനെക്കാൾ കൂടുതൽ സംരക്ഷണം ഈ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിട്ടുണ്ട് എന്നുള്ളത് ഞാൻ പറയേണ്ട കാര്യമില്ല, ശ്രീ. വി.എസ്. സുനിൽ കുമാർ സത്യസന്ധമായി പറഞ്ഞാൽ മതി. അപ്പുറത്തുള്ള ആളുകളെയാണ് ഞാൻ സാക്ഷിയായി പറയുന്നത്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഓരോ വർഷവും മദ്യത്തിന്റെ അളവിൽ കുറവുവന്നിട്ടുണ്ടെന്ന് അങ്ങുപറഞ്ഞു. ഇവിടെ എഴുതിക്കിട്ടിയ ഒരു മറുപടിയിൽ പറയുന്നത് 2011, 2012 എന്നീ വർഷങ്ങളിലും 2013 മെയ് മാസം അവസാനംവരെ ബിവറേജസ് കോർപ്പറേഷൻ വഴി എന്തുതുകയുടെ മദ്യമാണ് വിൽപ്പന നടത്തിയിട്ടുള്ളത് എന്ന ചോദ്യത്തിന് ഇപ്പോൾ കിട്ടിയിട്ടുള്ള ഉത്തരം 2010-11-ൽ 6730 കോടി രൂപ, 2011-12-ൽ 7860 കോടി രൂപ, 2012-13-ൽ 8818 കോടി രൂപ എന്നാണ്. എല്ലാവർഷവും വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ. കെ. ബാബു: ഞാൻ വർദ്ധനവിന്റെ തോതിലുള്ള കുറവാണ് പറഞ്ഞത്. പിന്നെ ഇവിടെ ഹോളോഗ്രാമിന്റെ കാര്യം ശ്രീ. കോടിയേരി ബാല കൃഷ്ണൻ പറഞ്ഞു. ഹോളോഗ്രാം സംബന്ധിച്ച് യഥാർത്ഥത്തിൽ ഞങ്ങൾ മനഃപൂർവ്വം കൊണ്ടുവന്ന ഒരു മാറ്റമല്ല. ഹോളോഗ്രാമിന്റെ കാര്യത്തിൽ സൂപ്പർവിഷൻ നടക്കുന്നില്ലയെന്ന് എക്സൈസിലെ വിജിലൻസ് വിഭാഗവും സി.ആന്റ്.എ.ജി.യുമൊക്കെ ചൂണ്ടിക്കാണിച്ചു. അതുകൊണ്ട് ഡിപ്പാർട്ടുമെന്റു തന്നെ ഈ ലേബലുകളുടെ നിർമ്മാണവും വിതരണവും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും നിർവ്വഹിക്കണമെന്ന് ശുപാർശ ചെയ്തു. ഇത് ഞാൻ മുമ്പിവിടെ പറഞ്ഞിട്ടുള്ള കാര്യമാണ്. സമയക്കുറവുമൂലം ആവർത്തി ക്കുന്നില്ല. ഞങ്ങൾ അതുകൊണ്ട് സി-ഡിറ്റിനെ ഒഴിവാക്കാൻ ശ്രമിച്ചില്ല. സി-ഡിറ്റിനെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ഇതിലൊരു മാറ്റം വരുത്താൻ ശമിച്ചു. ആ മാറ്റത്തിന്റെ ഭാഗമായി ഇത് കുറച്ചുകൂടി എഫിഷ്യന്റാക്കാനാണ് ശ്രമിച്ചത്. ഹോളോഗ്രാം എന്നുപറയുന്നത് ഒരു സെക്യൂരിറ്റി ഫീച്ചർ മാത്രമാണ്. ഞങ്ങൾകൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ട്രാക്ക് ആന്റ് ട്രെയിസ് ഉൾപ്പെടെയുള്ള 23 ഫീച്ചറുകളുള്ള സംവിധാനമാണ്. അതിനകത്ത് ഒറിജിനൽ ലേബലാണെങ്കിൽ ഡയൽ ചെയ്യുമ്പോൾ അത് റെസ്പോണ്ട് ചെയ്യും. ഇല്ലെങ്കിൽ റെസ്പോണ്ട് ചെയ്യില്ല. ആ രൂപത്തിലുള്ള 23 സംവിധാന ങ്ങൾ കൊണ്ടുവരാനാണ് ഞങ്ങൾ ഉദ്ദേശിച്ചത്. ഇന്ത്യ കറൻസി അടിക്കുന്ന തുപോലെ സുരക്ഷിതമായിട്ടുള്ള സംവിധാനങ്ങളോടുകൂടി കറൻസി അടിക്കുന്ന പേപ്പറിൽ ലേബൽ അടിക്കാനുള്ള സംവിധാനമാണ് ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുപാട് പ്രചരണങ്ങൾ നടക്കുന്നുണ്ട്. ആ പ്രചരണമെല്ലാം അടിസ്ഥാനരഹിതമാണ്. ഞാനും സി-ഡിറ്റിന്റെ വകുപ്പുമന്ത്രി

ശ്രീ. കെ. സി. ജോസഫും കൂടിയാലോചിച്ച് സി-ഡിറ്റിന്റെ ഉദ്യോഗസ്ഥന്മാരും ബിവറേജസിന്റെ ഉദ്യോഗസ്ഥന്മാരും പുതിയ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വൈദഗ്ദ്ധ്യമുള്ള എക്സ്പെർട്ടിനെയുംകൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇപ്പോൾ ആ കമ്മിറ്റി രൂപീകരിച്ച് പല യോഗങ്ങളും നടത്തി ഇനി അതിന്റെ ടെണ്ടർ ഫൈനലൈസേഷനിലേക്ക് പോകുകയാണ്. ഒരുകാര്യംകൂടി സൂചിപ്പിക്കാനുള്ളത് സി-ഡിറ്റ് എന്നുപറയുന്നത് ബിവറേജസ് കോർപ്പറേഷന്റെ പ്രിന്റിംഗ് നടത്തുന്ന ഒരു ഏജൻസിയാണ്. സെക്യൂരിറ്റി ലെവൽ വേണ്ടത് ബിവറേജസ് കോർപ്പറേഷനാണ്. ബിവറേജസ് കോർപ്പറേഷന്റെ ലേബലുകൾ എത്രത്തോളം സുരക്ഷിതമാണെന്ന് തീരുമാനിക്കാനുള്ള അവകാശം ബിവറേജസ് കോർപ്പറേഷനില്ലേ? കെ.എസ്.ബി.സി.യിൽ 60 കോടി ബോട്ടിൽ മദ്യമാണ് ഒരു വർഷം വിൽക്കുന്നത്. അതിനകത്ത് ഒരു ലേബൽ തെറ്റായി ഉപയോഗിച്ചാൽ 120 രൂപ സർക്കാരിന് നഷ്ടമുണ്ടാകും. അതുകൊണ്ട് 60 കോടി മദ്യക്കുപ്പികളിൽ ലേബൽ ഒട്ടിക്കുമ്പോൾ അത് കുറച്ചുകൂടി സുരക്ഷിതമായിട്ടുള്ള സെക്യൂരിറ്റി ലെവൽ ആയിരിക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചതിൽ എന്താണ് തെറ്റ്? ആ തീരുമാനം ഞങ്ങൾ ഏകപക്ഷീയമായിട്ടെടുത്തതല്ല. സി.ആന്റ്.എ.ജി.എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എടുത്തതാണ്. മദ്രാസിലുള്ളതുപോലെ എക്സൈസ് ഡിപ്പാർട്ടുമെന്റ് ഒരു പ്രസ്സ് സ്ഥാപിക്കണമെന്നാണ് സി.ആന്റ്.എ.ജി. പറഞ്ഞിരിക്കുന്നത്. ഞങ്ങൾ അതിന് പോയില്ല. സി-ഡിറ്റ് ഒരു പൊതുമേഖലാ സ്ഥാപനമായതുകൊണ്ട് സി-ഡിറ്റിനെക്കൂടി ഉൾക്കൊണ്ടുകൊണ്ട്......., ഹോളോഗ്രാം എന്നുപറയുന്നത് ഒരു ഫീച്ചർ മാത്രമാണ്, 23 ഫീച്ചറുള്ള ഒരു സംവിധാനം കൊണ്ടുവരാൻ ആലോചിക്കുന്നു. ഇതിനെതി

രായി പ്രതിഷേധിക്കുന്നത് ആരാണ്; ഇതിനെതിരായി വാർത്തകളുണ്ടാക്കുന്നത് ഇതിലുള്ള ഒരു കോൺട്രാക്ടറാണ്. ഒരു കോൺട്രാക്ടറുടെ താൽപ്പര്യത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് 60 കോടി മദ്യക്കുപ്പികളിൽ ലേബലൊട്ടിക്കുന്ന സംവിധാനം കുറ്റമറ്റതാക്കുന്നതിൽ നിന്ന് പിന്നോട്ടുപോകണമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ കോൺട്രാക്ടറെ അതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി സി-ഡിറ്റിനെത്തന്നെ പൂർണ്ണമായി ഏൽപ്പിച്ചുകൂടേ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ. ബാബു: സർ, ഞാനും അതുതന്നെയാണ് പറഞ്ഞത്. സി-ഡിറ്റിനെ ഒഴിവാക്കാൻ തീരുമാനിച്ചിട്ടില്ല. സി-ഡിറ്റിനെക്കൂടി ഉൾക്കൊണ്ടുകൊണ്ട് ഈ കാര്യത്തിൽ മുന്നോട്ടുപോകാനാണ് തീരുമാനിച്ചത്. സി-ഡിറ്റുമായി അതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ നിന്നും സി-ഡിറ്റിനെ ഒഴിവാക്കുന്ന പ്രശ്നമില്ല. പക്ഷെ ഒരു തെറ്റിദ്ധാരണ, ഒരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമമുണ്ടായി. ആ പുകമറ സൃഷ്ടിച്ചത് നിലവിലുള്ള കോൺട്രാക്ടറാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതലായി ഇപ്പോൾ വിശദീകരിക്കുന്നില്ല.

ബാർ ലൈസൻസുകൾ കൊടുത്തതിനെക്കുറിച്ച് ഇവിടെ മെമ്പർമാരെല്ലാം പറഞ്ഞു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, നിങ്ങളെല്ലാവരും പ്രസംഗിച്ചപ്പോൾ ഞങ്ങൾ ബാർ ലൈസൻസുകൾ ഒരുപാട് കൊടുത്തുവെന്നും ബിവറേജസ് കോർപ്പറേഷൻ വഴി മദ്യമൊഴുക്കിയെന്നും പറയുകയുണ്ടായി. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെ എല്ലാവരും ഇപ്പോൾ ചാർട്ട് ചെയ്ത ഫ്ളൈറ്റിൽ വന്നിറങ്ങിയവരാണെന്ന് എനിക്കുതോന്നി. ഇത്രയും കാലം നിങ്ങളാരും ഇവിടെ ഉണ്ടായിരു

ന്നില്ലെന്നാണ് എനിക്ക് തോന്നിയത്. ഇത്രയുംകാലം നിങ്ങളാരും ഇവിടെ ഉണ്ടായിരുന്നില്ലല്ലോ; കേരളത്തിൽ കൂടുതൽ ബാർ ലൈസൻസ് കൊടുത്തതിലും ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിൽപ്പന കൂടിയതിലുമൊന്നും നിങ്ങൾക്ക് ഒരു ഉത്തരവാദിത്വവുമില്ലല്ലോ; ഈ രണ്ടുകൊല്ലംകൊണ്ട് ഞങ്ങൾക്കല്ലേ ഇതിന്റെയെല്ലാം ഉത്തരവാദിത്വം? ദയവായി കണക്കുകൾ പറയിപ്പിക്കരുത്. ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ഗവൺമെന്റ്..........

ശ്രീ. സി. ദിവാകരൻ: സർ, ......(മൈക്ക് ഓഫ്)......

ശ്രീ. കെ. ബാബു: സർ, ഞാൻ പറയാം, ഞാൻ അതിലേക്കാണ് വരുന്നത്. ഞാൻ അതിലേക്ക് വരാം. 2006-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിപ്പോകുമ്പോൾ അഞ്ച് കൊല്ലംകൊണ്ട് 73 ബാർ ലൈസൻസാണ് കൊടുത്തത്. നിങ്ങൾ അഞ്ച് കൊല്ലം ഭരിച്ച് പുറത്തുപോകുമ്പോൾ 153 ബാർ ലൈസൻസായി. മറ്റൊരു കണക്ക്, ഈ ഗവൺമെന്റ് നിലവിൽ വന്നതിനു ശേഷം ബിവറേജസ് കോർപ്പറേഷന്റെ ഒരൊറ്റ ഔട്ട്ലെറ്റുപോലും തുടങ്ങിയില്ല. എൽ.ഡി.എഫ്. 38 എണ്ണം തുടങ്ങി. അപ്പോൾ ഞങ്ങളാണോ മദ്യമൊഴുക്കിയത്?

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ......(മൈക്ക് ഓഫ്)......

ശ്രീ. കെ. ബാബു: സർ, ആ കാലഘട്ടത്തിലാണ് ബിവറേജസ് കോർപ്പറേഷൻ ആരംഭിച്ചത്. അത് ചാരായ നിരോധനത്തെത്തുടർന്നുവന്ന കാലഘട്ടമാണ്. ഞങ്ങൾ 59 ബാർ ലൈസൻസ് കൊടുത്തു. അപ്പോൾ നിങ്ങൾ ആക്ഷേപം പറഞ്ഞു. ഇതിൽ മനസ്സിലാക്കേണ്ട ഒരു കാര്യം, 39 ബാർ ലൈസൻസ് കൊടുത്തത് ബഹു. ഹൈക്കോടതി കണ്ടംപ്റ്റ് എടുത്തതിന്റെ

അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ്. ബാക്കിയുള്ളതിൽ പലതും ഫൈവ് സ്റ്റാർ ഹോട്ടലുകളാണ്. ഇനി ഞാനൊരു കാര്യം ചോദിക്കട്ടെ, ഇവിടെ തുടർന്നുവന്ന നയം ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കൊടുക്കലല്ലേ; ഞങ്ങൾ എന്തിനാണ് അതിൽ മാറ്റം വരുത്തുന്നത്; നിങ്ങൾ പറഞ്ഞോ മാറ്റം വരുത്താൻ; കേരളത്തിലെ ആരും പറഞ്ഞില്ലല്ലോ മാറ്റം വരുത്താൻ. ഇനി കൂണുപോലെ കൂടുതൽ ബാർ ഹോട്ടലുകൾ വരാൻ പാടില്ലെന്ന് ഞങ്ങൾ തീരുമാനിച്ചു. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ മാറ്റങ്ങളെല്ലാം വരുത്താൻ തീരുമാനിച്ചത്. എന്നുമാത്രമല്ല, പഞ്ചായത്തുകൾക്ക് അധികാരം നൽകി. അപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്, സംസ്ഥാന ഗവൺമെന്റിന് ഒരു നയവുമില്ല എന്നാണ്. സംസ്ഥാന ഗവൺമെന്റ് മാത്രമല്ല ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്, പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇക്കാര്യത്തിൽ ഭാഗഭാക്കുകളാകണം എന്നാണ് ഞങ്ങൾ തീരുമാനിച്ചത്. അതുകൊണ്ടാണ് ഞങ്ങളുടെ തെരഞ്ഞെടുപ്പ് വാഗ്ദാനം പോലെ പഞ്ചായത്തുകൾക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം നൽകിയത്. പക്ഷെ, നിർഭാഗ്യവശാൽ കുറേ പഞ്ചായത്തുകൾ ഗവൺമെന്റ് ആഗ്രഹിച്ച സദുദ്ദേശത്തിനനുസരിച്ച് തീരുമാനമെടുത്തില്ല. അങ്ങനെയൊരു പോരായ്മയുണ്ടായി. ഇവിടെ നിയമവിരുദ്ധമായി ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. ഞാൻ ഈ സഭയിൽ വച്ച് പറയുകയാണ്, നിയമവിരുദ്ധമായി കേരളത്തിൽ ഏതെങ്കിലുമൊരു ബാർ ഹോട്ടൽ പ്രവർത്തിക്കുന്നുങ്കിൽ 24 മണിക്കൂറിനുള്ളിൽ അത് അടച്ചുപൂട്ടും, യാതൊരു സംശയവുമില്ല.

ബാർ ഹോട്ടലുകളിൽ പരിശോധന നടത്തുന്നുണ്ടോയെന്ന് ഇവിടെ ചോദിച്ചു. ധാരാളം പരിശോധനകൾ ഈ കാലഘട്ടത്തിൽ നടത്തിയിട്ടുണ്ട്. ഒരു മുട്ടുവിറയലുമില്ല. ബാർ ഹോട്ടലുകളിൽ സർവ്വീസ് ഡെസ്ക്ക് അനുവദിച്ചു, ഞങ്ങളല്ല സർവ്വീസ് ഡെസ്ക്ക് അനുവദിച്ചത്. അതുപോലെ ഇപ്പോൾ നിലവിലുള്ള ലൈസൻസുകളെല്ലാം കൊടുത്തത്, ബാർ ഹോട്ടലുകളിലെ ബാർ മുറികളിൽ അഡീഷണൽ കൗണ്ടറുകൾ അനുവദിച്ചത് 17-06-2009-ലാണ്, ഞങ്ങളല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, 2009-ൽ അനുവദിച്ചത് തെറ്റാണെങ്കിൽ ഇപ്പോൾ അങ്ങേയ്ക്കത് അടച്ചുകൂടേ? കാരണം അങ്ങയുടെ നയം അനാവശ്യമായ കൗണ്ടറുകൾ നിരുത്സാഹപ്പെടുത്തുക എന്നുള്ളതാണ്. ആര് അനുവദിച്ചാലും ഈ കൗണ്ടറുകളെല്ലാംതന്നെ നിയമവിരുദ്ധമായ കൗണ്ടറുകളാണ്. അത് നിർത്തലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ അങ്ങേയ്ക്ക് അനുവാദമില്ലേ?

ശ്രീ. കെ. ബാബു: സർ, ശ്രീ. വി. എസ്. സുനിൽ കുമാർ, താങ്കൾ ഇപ്പുറത്തിരുന്ന സമയത്ത് ആ നയം തെറ്റാണെന്ന് പാർലമെന്ററി പാർട്ടി യോഗത്തിൽ പറഞ്ഞാൽപോരായിരുന്നോ? നിങ്ങളുടെ പാർലമെന്ററി പാർട്ടി യോഗത്തിൽ ഇത് തെറ്റാണ്, ഇത് ചെയ്യരുതെന്ന് പറഞ്ഞുകൂടായിരുന്നോ? നിങ്ങൾ കൊടുത്തിട്ട് ഞങ്ങളെ ഏൽപ്പിക്കുകയാണോ; വരട്ടെ ആലോചിക്കാം. ബാർ ഹോട്ടലുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നില്ലെന്ന് പറഞ്ഞല്ലോ, മുട്ടുവിറയ്ക്കുമെന്ന് പറഞ്ഞില്ലേ? ഈ വർഷം 199 ബാർ ഹോട്ടലുകളിൽ ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. ഒരു മുട്ടുവിറയലുമില്ല.

ശ്രീ. സി. ദിവാകരൻ: സർ, ......(മൈക്ക് ഓഫ്)...... ഏതെങ്കിലും ബാർ ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. ബാബു: സർ, ബാർ ലൈസൻസ് ക്യാൻസൽ ചെയ്തിട്ടില്ല. ഫൈൻ ഇട്ടിട്ടുണ്ട്. ബാർ ഹോട്ടലുകൾക്കാണ് കച്ചവടത്തിൽ ഗുണം ലഭിച്ച തെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. അത് തെറ്റാണ്. ബിവറേ ജസ് കോർപ്പറേഷന്റെ കച്ചവടം കുറഞ്ഞിട്ടില്ല. അതുപോലെതന്നെ 18 വയസ്സ് 21 വയസ്സാക്കി. 18 വയസ്സുകാരെ എങ്ങനെയാണ് നിയന്ത്രിച്ചിരുന്നത്; സർട്ടി ഫിക്കറ്റ് നോക്കിയിട്ടാണോ; അല്ലല്ലോ. അപ്പോൾ 21 വയസ്സ് ഒരു ചെറിയ മാറ്റമാണ്, നമുക്ക് നോക്കാം. നമ്മളെല്ലാവരുംകൂടി ശ്രമിച്ച് ഈ കാര്യത്തിൽ ഒരു മാറ്റമുണ്ടാക്കാൻ കൂട്ടായ പരിശ്രമം നടത്താം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

2013-ലെ അബ്കാരി (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗ ണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശത്തിനനുസരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 2013-ലെ 32-ാം നമ്പർ ഓർഡിനൻസായ 2013-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ;

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: 2013-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ തള്ളിയിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങയുടെ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ അവതരിപ്പിച്ച 2(ബി) ഭേദഗതി സഭ തള്ളിയിരിക്കുന്നു.

2013-ലെ അബ്കാരി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ: അടുത്ത ബിൽ എടുക്കുന്നതിനുമുമ്പ് ചെറിയൊരു കാര്യം എനിക്ക് പറയാനുണ്ട്. ഈ മാസം 7-ാം തീയതി ചേർന്ന പാർട്ടി നേതാക്കന്മാരുടെ യോഗത്തിൽ സഭ അനിയന്ത്രിതമായി നീണ്ടുപോകുന്നത്

ശരിയല്ലെന്നും കഴിയുന്നിടത്തോളം 3.00 മണിക്കെങ്കിലും സഭ അവസാനിപ്പി ക്കുന്നതായിരിക്കും നല്ലതെന്നും അഭിപ്രായപ്പെട്ടു. ചിലപ്പോൾ അവിചാരിത മായ കാരണങ്ങളാൽ സഭ നീണ്ടുപോയിയെന്നുവരും. ഇത് ബില്ലാണ്. ഞാൻ ഒരിക്കൽ പറഞ്ഞത് വീണ്ടും ആവർത്തിക്കുകയല്ല. അനിഷ്ടമായ കാര്യം പറയുന്നത് ആർക്കും ഇഷ്ടമല്ലെന്ന് എനിക്ക് നന്നായറിയാം. അതു കൊണ്ട് ആരുടെയും വിരോധത്തിനുവേണ്ടി പറയുന്നതല്ല. ബില്ലിന്റെ ചർച്ചയിൽ വരുന്ന നിരാകരണവും ഭേദഗതിയും ഡിസെന്റിംഗുമെല്ലാം കാല ങ്ങളോളം ചർച്ചയാകും. ബില്ലുകൾക്ക് അലോട്ട് ചെയ്തിട്ടുള്ള സമയമുണ്ട്. അത് മൂന്ന് മണിക്കൂറാണ്. ആ മൂന്ന് മണിക്കൂറിനുള്ളിൽ അത് തീർക്കണം. പക്ഷെ ചില സമയങ്ങളിൽ അത് സാധ്യമല്ലെന്നുവരും. ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ പ്രസംഗിക്കുന്ന ആൾ മാത്രം പോരാ. അതിലൊരു പങ്കാളി ത്തം വരണമെങ്കിൽ തീർച്ചയായിട്ടും ചോദ്യവും ഉത്തരവുമെല്ലാം വേണം. പക്ഷെ, ചോദ്യം ചോദിക്കുന്നയാൾ പത്തുമിനിട്ട് പ്രസംഗിക്കുക, അതിനു പിന്നെ പത്തുമിനിട്ട് മറുപടി പറയുക, എല്ലാംകൂടിയാകുമ്പോൾ നീണ്ടുപോകും. ഇതൊന്നും പ്രത്യേകമായി നിയന്ത്രിക്കാൻ സാധ്യമല്ല. ഇവി ടെയിന്ന് പത്തും പതിനഞ്ചും മിനിട്ട് ഇടപെട്ട് സംസാരിച്ചവരുണ്ട്. ആരു ടെയും പേര് പറയുന്നതിനുവേണ്ടിയല്ല. ഇതെങ്ങനെയാണ് തീരുന്നത്? ഇനിയൊരു ബിൽകൂടി എടുക്കാനുണ്ട്. നാലുപേർ സംസാരിക്കാനുണ്ട്. സമ യമിപ്പോൾ 3.30 ആയി. ഇനിയും ബില്ലുകൾ വരും. ഇതിലൊരു നിയന്ത്രണം വേണം. ഈ ബില്ലുകൾക്കുവേണ്ടി അലോട്ട് ചെയ്തിട്ടുള്ള മൂന്ന് മണിക്കൂർ കൂടാതെ അധികമായി ഒരു മണിക്കൂർകൂടി എടുത്താൽ നാല് മണിക്കൂർ കിട്ടും. അപ്പോൾത്തന്നെ എട്ടുപേർ വന്നാലും ഒരാളിന് അരമണിക്കൂർ ലഭി

ക്കും. അതിനപ്പുറമായി സഭയ്ക്കുള്ളിൽ സംസാരിക്കാൻ സാധ്യമാണോ? ഞാൻ ഈ വിഷയം സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. 30 മിനിട്ട് എന്നത് ചിലപ്പോൾ 35 മിനിട്ടും 40 മിനിട്ടുമാകും. ഇതെല്ലാം സംഭവിക്കാം. കുറച്ചെല്ലാം അങ്ങോട്ടുമിങ്ങോട്ടും വന്നുപോകും. അതുകൊണ്ട് കൃത്യമായി നാല് മണിക്കൂറിനുള്ളിൽ തീർക്കണമെന്നൊന്നും ഞാൻ പറയുന്നില്ല. ഇവിടെ ഇരിക്കുന്ന എല്ലാവർക്കും അത് അസൗകര്യമാണ്. നമ്മൾ സംസാരിക്കുമ്പോൾ നമ്മുടെ നിയമം അപ്പോൾ പാർട്ടിയും മുന്നണിയുമൊന്നുമില്ല, പക്ഷേ മറ്റുള്ളവർ സംസാരിക്കുമ്പോൾ അസ്വസ്ഥത. എല്ലാവരുടെയും മുന്നിൽ ഞാൻ ഈ വിഷയം വയ്ക്കുകയാണ്. സംസാരിക്കുന്ന സമയത്ത് ചോദ്യങ്ങൾ ചോദിക്കണം. ചോദ്യങ്ങൾകൂടി ചോദിക്കുമ്പോഴേ ബില്ലിന്റെ ചർച്ച ഫലപ്രദമായി വരികയുള്ളൂ. പക്ഷെ ചോദിക്കുന്ന ആൾ ചോദ്യമല്ല ചോദിക്കുന്നത്. അതാണ് ഇവിടെയുള്ള പ്രശ്നം. നമുക്കൊരുപാട് കാര്യങ്ങൾ അറിയാം. എല്ലാംകൂടി ചോദ്യത്തിനൊപ്പം പറഞ്ഞാൽ കുഴയും. അത്രയേയുള്ളൂ. അതുകൊണ്ട് ചോദ്യം ചോദിക്കുമ്പോൾ സംസാരിക്കുന്നയാൾ അനുവദിക്കാതിരിക്കുകയൊന്നും വേണ്ട, അതെല്ലാം വേണം. പക്ഷെ എല്ലാ കാര്യത്തിലും സ്വയം നിയന്ത്രണം വേണം.

ബില്ലിന്റെ ചർച്ച എന്നു പറഞ്ഞാൽ നിരാകരണമാണോ, ഭേദഗതിയാണോ, ഡിസെന്റിംഗാണോ, അതിന്റെ അർത്ഥം സമയപരിധിയില്ലാതെ ചർച്ച ചെയ്യാനുള്ളതല്ല, ബില്ലുകൾക്ക് അലോട്ട് ചെയ്തിട്ടുള്ള സമയമുണ്ട്, അത് മൂന്ന് മണിക്കൂറാണ്. ആ മൂന്നു മണിക്കൂറിനുള്ളിൽ അത് തീർക്കണം. ചിലപ്പോൾ അങ്ങനെ സാധ്യമല്ലാതെവരും. ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കു

മ്പോൾ പ്രസംഗിക്കുന്ന ആൾ മാത്രം പോരാ? അതിലൊരു പങ്കാളിത്തം വേണമെങ്കിൽ ചോദ്യോത്തരങ്ങൾ വേണം. പക്ഷേ ചോദ്യം ചോദിക്കുന്നയാൾ പത്ത് മിനിറ്റ് പ്രസംഗിക്കും, അതിന് മറുപടി പറയാൻ പത്ത് മിനിറ്റെടുക്കും. ഇതെല്ലാം കൂടിയാകുമ്പോഴാണ് നീണ്ടുപോകുന്നത്. ഇതൊന്നും പ്രത്യേകമായി നിയന്ത്രിക്കാൻ സാദ്ധ്യമല്ല. ഇന്നിവിടെ ചോദിച്ചവരെല്ലാം പത്ത് പതിനഞ്ചു മിനിറ്റുവരെ സംസാരിച്ചവരുണ്ട്, ഇടയ്ക്ക് ഇടപ്പെട്ടവരുണ്ട്. അപ്പോൾ ഇതെങ്ങനെയാണ് തീരുന്നത്. ഇനി ഒരു ബിൽ കൂടിയുണ്ട്. നാലു പേർ സംസാരിക്കാനുണ്ട്. സമയം ഇപ്പോൾത്തന്നെ 3.30 മണിയായി. ഇനിയും ബില്ലുകൾ വരും. ബില്ലിനായി അലോട്ട് ചെയ്തിട്ടുള്ളത് 3 മണിക്കൂറാണെങ്കിലും അധികമായി ഒരു മണിക്കൂർ കൂടി കൊടുത്താലും രണ്ടു ബില്ലുകൾക്കും കൂടി നാലു മണിക്കൂർ കിട്ടും. ചർച്ചയ്ക്ക് 8 പേരുണ്ടെങ്കിൽ ഒരാൾക്ക് അര മണിക്കൂർ വീതം ലഭിക്കും. സഭയ്ക്കുള്ളിൽ അതിനപ്പുറം സംസാരിക്കണമെങ്കിൽ സാദ്ധ്യമാണോ? ഞാൻ ഈ നിർദ്ദേശം സഭയുടെ മുമ്പിൽ വയ്ക്കുകയാണ്. ഒരംഗം കൃത്യമായി 30 മിനിറ്റിനുള്ളിൽ നിർത്തണമെന്ന് പറഞ്ഞാൽ, ചിലപ്പോൾ 35 മിനിറ്റും 40 മിനിറ്റുമൊക്കെമായി പോകുന്നത് സ്വാഭാവികമാണ്. കൃത്യമായി 4 മണിക്ക് തീർക്കണമെന്നൊന്നും പറയുന്നില്ല. ഇപ്പോൾ ഇരിക്കുന്ന എല്ലാ അംഗങ്ങൾക്കും ഒരു അസൗകര്യമുണ്ട്. നമ്മൾ സംസാരിക്കുമ്പോൾ നിയമവും പാർട്ടിയും മുന്നണിയുമൊന്നുമില്ല. പിന്നെ മറ്റുള്ളവർ സംസാരിക്കുമ്പോൾ അസ്വസ്ഥതയാണ്. അതുകൊണ്ട് ഈ നിർദ്ദേശം എല്ലാവരുടേയും മുമ്പിൽ വയ്ക്കുകയാണ്. ചോദ്യങ്ങൾ കൂടി ചോദിച്ചാലേ ബില്ലിന്റെ ചർച്ച ഫലപ്രദമാകുകയുള്ളൂ. പക്ഷേ ചോദിക്കുന്നയാൾ ചോദ്യമല്ല ഇവിടെ ചോദിക്കുന്നത് അതാണ് പ്രശ്നം.

നമുക്കൊരുപാട് കാര്യങ്ങൾ അറിയാം, എല്ലാംകൂടി ചോദ്യരൂപത്തിൽ ചോദിച്ചാൽ കുഴയും. അത്രയേയുള്ളൂ. അതുകൊണ്ട് ചോദ്യം ചോദിക്കുമ്പോൾ സംസാരിക്കുന്നയാൾ അനുവദിക്കാതിരിക്കുകയൊന്നും വേണ്ട, അതെല്ലാം വേണം. പക്ഷേ എല്ലാ കാര്യത്തിലും ഒരു സ്വയം നിയന്ത്രണം വേണം.

2. **2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ**.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ക്രമപ്രശ്നം**

ശ്രീ. എ. കെ. ബാലൻ : സർ, ഇവിടെ അവതരിപ്പിക്കുന്ന 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന് ഒരു ക്രമപ്രശ്നം ഞാൻ ഉന്നയിച്ചിരുന്നു. ബില്ലിലെ ക്ലോസ് 3 പ്രകാരം പ്രധാന ആക്ടിലെ 235-ാം വകുപ്പ് ഭേദഗതി ചെയ്യുകയാണ്. സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വസ്തു നികുതി ഈടാക്കുന്നതിൽ നിന്ന് മുനിസിപ്പാലിറ്റികളെ പരിപൂർണ്ണമായി ഒഴിവാക്കുകയാണ് സർക്കാർ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ഭരണഘടനയുടെ 73, 74 ഭേദഗതികൾ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാനുള്ളതാണ്. ഭരണഘടനാ ഭേദഗതിയെത്തുടർന്ന് നിലവിൽ വന്ന മുനിസിപ്പാലിറ്റികളുടെ വരുമാനം ചോർത്തുന്ന ഈ ഭേദഗതി ഭരണഘടനാ വിരുദ്ധമാണ്. ഇതിന്റെ ഭാഗമായി സ്വാശ്രയ സ്ഥാപനങ്ങളിൽ

നിന്നും സി.ബി.എസ്.ഇ. സ്ഥാപനങ്ങളിൽ നിന്നും കോടിക്കണക്കിന് രൂപ യാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിട്ടിയത്. അത് ഇല്ലാതാക്കുകയാണ് ഈ ഭേദഗതിയുടെ ഭാഗമായിട്ടുണ്ടാകുന്നത്. രണ്ടാമത്തേത്, ബില്ലിലെ ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിലെ 447-ാം വകുപ്പിൽ 7, 8, 9 എന്നീ ഉപവകുപ്പു കൾ ചേർക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത് പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പ്രസ്തുത മുനിസിപ്പൽ കൗൺസിലിന്റെ അനുവാദമില്ലാതെ കള്ള് ഷാപ്പ് തുടങ്ങാൻ സാധ്യമല്ല. കള്ള് ചെത്ത് തൊഴിലാളികളുടെ സഹക രണസംഘങ്ങൾക്ക് കള്ള് ഷാപ്പ് നടത്താനുള്ള അവകാശം ഭരണഘടനയുടെ 97-ാം ഭേദഗതി ആക്ട് പ്രകാരം ഭരണഘടനാപരമായ അവകാശമാണ്. ഈ ബിൽ നിയമമാകുമ്പോൾ ഇത്തരം സഹകരണ സംഘങ്ങളുടെ ഭരണ ഘടനപരമായ അവകാശം ഹനിക്കുന്ന തരത്തിലേ മുനിസിപ്പൽ കൗൺസിലു കൾക്ക് പ്രവർത്തിക്കാൻ കഴിയൂ. മാത്രമല്ല, മുസ്ലീം ലീഗിന് സ്വാധീനമുള്ള പഞ്ചായത്തുകൾക്ക്............

മി. സ്പീക്കർ: അത് നിയമത്തിലില്ല, അത് ബില്ലിലില്ല.

ശ്രീ. എ. കെ. ബാലൻ: സർ, മുസ്ലീം ലീഗിന് സ്വാധീനമുള്ള പഞ്ചായ ത്തുകൾക്ക് അധികാരം കൊടുത്താൽ, എന്റെ പാർട്ടിയുടെ നയമിതാണെന്ന് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറഞ്ഞു, ഈ അധികാരം കൊടു ത്തുകഴിഞ്ഞാൽ എത്ര കള്ളുഷാപ്പുകളുണ്ടാകും?

മി. സ്പീക്കർ: മന്ത്രി അവതരിപ്പിക്കുന്ന ബിൽ ഗവൺമെന്റിന്റെ ബില്ലാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഒറ്റ കള്ളു ഷാപ്പ് പോലുമുണ്ടാകില്ല. കള്ള് ഷാപ്പില്ലാതായിക്കഴിഞ്ഞാൽ ആയിരക്കണക്കിന് തൊഴിലാളികളാണ് പട്ടിണി

യിലാവുക. പിന്നെ ഇവിടെ വിദേശമദ്യത്തിന്റെ ഒഴുക്കായിരിക്കും. അതു കൊണ്ട് ഈ ഭേദഗതി തികച്ചും ഭരണഘടനാവിരുദ്ധമാണ്. ഇത് അംഗീകരി ക്കാൻ സാധിക്കുന്നതല്ല. ഞാൻ പറഞ്ഞതിൽ തെറ്റുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കർക്ക് തോന്നുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന് 1999-ൽ വരുത്തിയ ഭേദഗതി വഴി കൂട്ടിച്ചേർത്തിട്ടുള്ള 235-ാം വകുപ്പ് പ്രകാരം സർക്കാർ വകയോ എയ്ഡഡോ സർക്കാരിന്റെ ധനസഹായ ത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെ ങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രമുപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിട ങ്ങളും വസ്തു നികുതി, സേവന ഉപനികുതി എന്നിവയിൽ നിന്നും മുമ്പ് തന്നെ ഒഴിവാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളോടൊപ്പം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമുപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥി കൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളുമാണ് ഇപ്പോഴത്തെ ബില്ലിൽ വസ്തു നികുതിയിൽ നിന്നും സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയി ട്ടുള്ളത്. 1999 മുതൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥ ഭരണഘടനയുടെ 73, 74 ഭേദഗതികൾ നിലവിൽ വന്നശേഷം ആക്ടിൽ ചേർത്തിട്ടുള്ളതിനാലും ആയതിന്റെ ഭരണഘടന സാദ്ധ്യത ഇതുവരെ ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്തതി നാലും ഇപ്പോൾ ചേർക്കുന്ന വ്യവസ്ഥയും ഭരണഘടനയ്ക്ക് വിരുദ്ധമല്ലാ

ത്തതും ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയില്ലാത്തതുമാണ്. ഒരു പ്രത്യേക നികുതി ചുമത്തുന്നതിൽ നിന്നുള്ള അധികാരമുപയോഗിച്ചുതന്നെ ചില പ്രത്യേക വിഭാഗങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനും സർക്കാരിന് അധികാരമുള്ളതിനാൽ നികുതി ഒഴിവാക്കൽ ഏർപ്പെടുത്തുന്നതുമൂലം മുനിസിപ്പാലിറ്റികൾക്ക് വരുമാനം കുറയുമെന്ന കാരണത്താൽ മാത്രം അത് ഭരണഘടനാ വിരുദ്ധമാകുന്നില്ല. രണ്ടാമത്തേത് ഭരണഘടനയുടെ 97-ാം ഭേദഗതി മുഖേന എല്ലാ ഭാരത പൗരന്മാർക്കും ഭരണഘടനയുടെ 19(1)(സി) അനുച്ഛേദ പ്രകാരം നൽകിയിട്ടുള്ള സമാജങ്ങളോ യൂണിയനുകളോ രൂപീകരിക്കുന്നതിനുള്ള അധികാരത്തോടൊപ്പം സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള അധികാരങ്ങളും നൽകിയിരിക്കുന്നു. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 19(2) പ്രകാരം പൗരന്മാർക്കുള്ള പ്രസ്തുത അധികാരത്തിന്മേൽ നിയന്ത്രണങ്ങൾ നിയമം വഴി ചുമത്തുന്നതിനുള്ള അധികാരം സർക്കാരിനുണ്ട്. അപ്രകാരം നിയന്ത്രണങ്ങൾ ചുമത്തുന്നതുമൂലം പൗരന്മാരുടേയോ സഹകരണ സംഘങ്ങളുടേയോ ഭരണഘടനാപരമായ അവകാശം ഹനിക്കപ്പെടുന്നില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബിൽ അവതരിപ്പിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങളാണ് ശ്രീ. എ. കെ. ബാലൻ പറഞ്ഞത്. അത് നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വേറെ കാര്യങ്ങളാണ്. ഭരണഘടനയുടെ ഫണ്ടമെന്റൽ റൈറ്റുമായി ബന്ധപ്പെട്ടാണ് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അതിനാണ് ഞാൻ മറുപടി പറഞ്ഞത്. അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടായിരുന്നില്ല.

മി. സ്പീക്കർ: 2013-ലെ കേരള മുനിസിപ്പിലാറ്റി (ഭേദഗതി) ബില്ലിന് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിരിക്കുന്ന തടസ്സവാദം പ്രസ്തുത ബില്ലിലെ ഖണ്ഡം 3-ഉം 4-ഉം ഭരണഘടനയ്ക്ക് വിരുദ്ധമാണെന്നതാണ്. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിലെ 235-ാം വകുപ്പിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കന്ററിതലം വരെയുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമുപയോഗിക്കുന്നതുമായ കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്നും ഈ ഭേദഗതി മൂലം ഒഴിവാക്കിയിട്ടുണ്ട്. ഇതിനകം തന്നെ പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങൾ, മതപഠനശാലകൾ, സർക്കാർ വകയോ എയ്ഡഡോ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ സ്ഥാപന ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പൊതുതാല്പര്യം പരിഗണിച്ച് ചില സ്ഥാപനങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുവാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്ന ശ്രീ. എ. കെ. ബാലന്റെ തടസ്സവാദം നിലനിൽക്കുന്നില്ല. 97-ാം ഭേദഗതി പ്രകാരം ഭരണഘടനയിൽ കൂട്ടിച്ചേർത്ത അനുച്ഛേദം 43(ബി) പ്രകാരം "The state shall endeavour to promote voluntary formation, autonomous functioning, democratic control and professional management of co-operative societies" എന്നാണ് പറയുന്നത്. ബില്ലിന്റെ

ഖണ്ഡം 4 പ്രകാരം സഹകരണ സംഘങ്ങൾക്ക് കള്ള് ഷാപ്പ് നടത്താൻ അവകാശം ഹനിക്കപ്പെടുമെന്ന ശ്രീ. എ. കെ. ബാലന്റെ വാദം മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ നിലനിൽക്കുന്നതല്ല. ആയതിനാൽ പ്രസ്തുത തടസ്സവാദവും തള്ളുന്നു. അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നമ്മുടെ നഗരസഭകളിൽ 10-20 വർഷങ്ങളായി വസ്തു നികുതി പരിഷ്ക്കരണം നടത്തിയിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-ൽ വസ്തു നികുതി പരിഷ്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും അതിലുള്ള ചില അപാകതകൾ കാരണം പൊതുജനങ്ങളിൽ നിന്ന് ധാരാളം പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രധാനമായും, ചില മുനിസിപ്പാലിറ്റികളിൽ 800 മുതൽ 900 ശതമാനം വരെ വർദ്ധനവുണ്ടാവുകയും ചില മുനിസിപ്പാലിറ്റികളിൽ ഇപ്പോൾ കിട്ടിയിരുന്നതിനെക്കാൾ വളരെ കുറഞ്ഞു പോവുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ ശ്രീ. കെ. കുട്ടി അഹമ്മദ്

കുട്ടി ചെയർമാനായുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റിയെ ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തി. ആ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതികൾ സ്വീകരിച്ചിട്ടുള്ളത്. അതനുസരിച്ച് 2013 ഏപ്രിൽ 13-ാം തീയതി 2013-ലെ കേരള മുനിസിപ്പൽ (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചു. അതിൽ പ്രധാനമായിട്ടുള്ള കാര്യങ്ങൾ, മുൻകാലങ്ങളിൽ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട നികുതി നിശ്ചയിച്ചിരുന്നത്. ഇപ്പോൾ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നർണ്ണയിക്കുന്നത്. ഓരോ അഞ്ചുവർഷം കഴിയുമ്പോഴും പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ നികുതി പിരിവിന് പ്രാബല്യമുണ്ടാകും. അഞ്ച് വർഷം കഴിഞ്ഞാൽ നികുതി പിരിവിൽ വർദ്ധനവ് ഉണ്ടാകും. ഓരോ വർഷവും അഞ്ച് ശതമാനമെന്ന നിരക്കിൽ വർദ്ധനവ് വരുത്തി അപ്രകാരം അഞ്ച് വർഷം പൂർത്തിയാക്കുമ്പോൾ 25 ശതമാനം വർദ്ധനവ് വരുന്ന രീതിയിലാണ് പുതുക്കി നിശ്ചയിക്കേണ്ടത്. അഞ്ച് വർഷം കൂടുമ്പോൾ സർക്കാർ അനുമതിയില്ലാതെ അതാത് കൗൺസിലുകൾക്ക് നികുതി പുതുക്കി നിശ്ചയിക്കാവുന്നതാണ്. മുൻകാലങ്ങളിൽ ഇതുപോലുള്ള അധികാരം കൗൺസിലുകൾക്ക് നൽകിയിരുന്നില്ല. ഓരോ പ്രാവശ്യം നികുതി പുതുക്കുമ്പോഴും സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതായി വന്നിരുന്നു. പക്ഷേ, ഇപ്പോൾ കൗൺസിലുകൾക്ക് ഇതിനുള്ള അധികാരം നൽകുകയാണ് ചെയ്തത്. പാർപ്പിടാവശ്യങ്ങൾക്കും നിലവിലുള്ള കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി ആദ്യമായി നിർണ്ണയിക്കുമ്പോൾ തൊട്ടുമുമ്പ് നിലവിലുണ്ടായിരുന്ന നികുതിയിൽ ഏറ്റവും കുറഞ്ഞത് 25 ശതമാനം വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ പരമാവധി വർദ്ധനവ് 60 ശതമാനത്തിൽ അധികരിക്കാൻ പാടില്ല.

പഴയ നിയമത്തിൽ അതേ റേറ്റ് തന്നെയാണെങ്കിലും പലപ്പോഴും അത് കുറവായിരുന്നു. എങ്കിലും മിനിമം 25 ശതമാനം വർദ്ധനവെങ്കിലും വേണം അതുപോലെ മാക്സിമം 60 ശതമാനത്തിൽ കൂടാനും പാടില്ല. കൊമേഴ്സ്യൽ കെട്ടിടങ്ങളുടെ നികുതി കുറഞ്ഞത് 25 ശതമാനമെങ്കിലും വർദ്ധിപ്പിക്കേണ്ടതും എന്നാൽ 150 ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. ഇപ്പോൾ 1000 രൂപ ടാക്സ് കിട്ടുന്നുണ്ടെങ്കിൽ ചുരുങ്ങിയത് 1025 രൂപയെങ്കിലും മിനിമം ടാക്സ് വേണം. മാക്സിമം 2500-രൂപയിൽ കൂടാനും പാടില്ല. മാർബിൾ അതുപേലെ വിട്രിഫൈഡ് ഗ്ലേസ് ടൈൽസ് തുടങ്ങിയവ ഉപയോഗിച്ചുള്ള തറയ്ക്ക് അടിസ്ഥാന വസ്തു നികുതിയിൽ ഉണ്ടായിരുന്ന വർദ്ധനവ് ഒഴിവാക്കി. പല കൊമേഴ്സ്യൽ സ്ഥാപനങ്ങളും വിട്രിഫൈഡ് ടൈൽസോ മാർബിളോ ഇട്ടിട്ടുണ്ടെങ്കിൽ അതിന് അഡീഷണലായി ചാർജ്ജുണ്ടായിരുന്നു അതും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റേതെങ്കിലും വിലകൂടിയ സാധനങ്ങൾകൊണ്ട് നിർമ്മിച്ച, 250 ച. മീറ്റർ വരെ വിസ്തീർണ്ണമുള്ള തറയക്ക് നികുതി വർദ്ധനവ് ഒഴിവാക്കിയിട്ടുണ്ട്. ഉടമസ്ഥർ വാടകയ്ക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന അമ്പത് ശതമാനം, എഴുപത്തിയഞ്ച് ശതമാനം എന്നിങ്ങനെയുള്ള അധികനികുതി വർദ്ധനവ് ഒഴിവാക്കി. വസ്തു നികുതി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് നികുതിദായകരുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് റിട്ടേൺ സമർപ്പിക്കുന്ന ഫോറങ്ങൾ ലളിതമാക്കി. പഴയ കാലത്ത് എട്ട് പേജുള്ള സെൽഫ് അസ്സെസ്മെന്റ് എന്ന ഫോം ഒരാൾക്കുപോലും പൂരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. വലിയ എഞ്ചിനീയർമാർക്കുപോലും ഫോം പൂരിപ്പിക്കാൻ പ്രയാസമായിരുന്നു. അതിപ്പോൾ സിംപ്ലിഫൈ ചെയ്ത് ചെറിയൊരു

റിട്ടേണായി മാറ്റിയിട്ടുണ്ട്. നികുതി റിട്ടേൺസ് സമർപ്പിക്കുന്നത് സംബന്ധിച്ച വീഴ്ചകൾക്ക് ഭാരിച്ച പിഴ ചുമത്തണമെന്ന് നിഷ്കർഷിച്ചിരുന്ന വ്യവസ്ഥ ഒഴിവാക്കി. 447-ാം വകുപ്പിലുള്ള ഭേദഗതിയെന്ന് പറയുന്നത്, അബ്കാരി ഷാപ്പ് തുടങ്ങുന്നതിനുള്ള അനുമതിയാണ്. നഗരസഭാ പ്രദേശത്തെ അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട നഗരസഭയുടെ മുൻകൂർ അനുവാദം നിർബന്ധമാക്കുന്നതിനും പൊതുതാൽപ്പര്യാർത്ഥം അബ്കാരി ഷാപ്പുകൾ മാറ്റി സ്ഥാപിക്കുവാനോ അടപ്പിക്കുവാനോയുള്ള അധികാരങ്ങൾ നൽകിയിട്ടുള്ള വ്യവസ്ഥകൾ ചേർക്കുന്നതിനുംവേണ്ടിയാണ് 447-ാം വകുപ്പ് ഭേദഗതി ചെയ്യുന്നത്. ഇതാണ് ബില്ലിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇനിയെന്തെങ്കിലുമുണ്ടെങ്കിൽ ചർച്ചകൾക്കുശേഷം പറയാം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, പുതിയതായി ഷാപ്പുകൾ ആരംഭിക്കുന്നതിനാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി ആവശ്യപ്പെടുന്നതെന്നും നിലവിലുള്ള ഷാപ്പുകൾക്ക് അത് ബാധകമല്ലായെന്നുമാണ് അബ്കാരി നയം പ്രഖ്യാപിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്. ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അനുസരിച്ച് നിലവിലുള്ള ഷാപ്പുകൾക്ക് പബ്ലിക്ക് ഇന്ററസ്റ്റിന്റെ അടിസ്ഥാനത്തിൽ ഷാപ്പുകൾ ക്ലോസ് ചെയ്യാനുള്ള അവകാശം വേണമെന്നാണ് ഇതിനകത്ത് എഴുതിയിരിക്കുന്നത്. ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തിന് നേർവിപരീതമാണിത്. അടച്ചുപൂട്ടാനും ഷാപ്പുകൾ ഷിഫ്റ്റ് ചെയ്യാനും മുനിസിപ്പാലിറ്റികൾക്കെല്ലാം അവകാശമുണ്ടെന്നാണ് ഇതിനകത്ത് എഴുതിയിരിക്കുന്നത്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റിക്ക് പോയി വന്നതിനുശേഷമാണ് ഭേദഗതികൾ അവതരിപ്പിക്കുന്നത്. ഈ സന്ദർഭത്തിൽ ഇത്തരം ഇടപെടലുകൾ

സാധ്യമല്ല. ബഹുമാനപ്പെട്ട ശ്രീമതി ഇ. എസ്. ബിജിമോൾക്ക് ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, I move that— “This House resolves to disapprove The Kerala Municipality (Amendment) Ordinance, 2013 (Ordinance No. 33 of 2013)”. പത്ത് വർഷക്കാലമായി നിരന്തരമായ ഒരാഗ്രഹമെന്നുള്ള നിലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള അസൗകര്യങ്ങളും അതുമായി ബന്ധപ്പെട്ട് വന്ന ഭേദഗതികളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇതിന്റെ അപാകതകൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനുവേണ്ടി ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായിട്ടുള്ള കമ്മിറ്റിയെ ചുമതലപ്പെടുത്തിയത്. ആ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതികൾ സഭയിലേക്ക് ഇപ്പോൾ വരുന്നതെന്നാണ് ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മന്ത്രി നടത്തിയ പ്രസംഗത്തിൽ സൂചിപ്പിച്ചത്. കഴിഞ്ഞ പ്രാവശ്യത്തെ ബില്ലും ഇപ്രാവശ്യത്തെ ബില്ലുമായി താരതമ്യം ചെയ്യുമ്പോൾ മനസ്സിലാകുന്നത് ഇത് ആത്മാവ് നഷ്ടപ്പെട്ട ഒരു ബില്ലാണ്. ആത്മാവ് നഷ്ടപ്പെട്ട്, യഥാർത്ഥ സ്പിരിറ്റിൽ നിന്ന് പൂർണ്ണമായി ഇല്ലായ്മ ചെയ്തുകൊണ്ടാണ് മുനിസിപ്പാലിറ്റി ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വളരെ മനോഹരമായി പറഞ്ഞു, തറയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ഒഴിവാക്കിയിട്ടുണ്ട്, മാർബിൾ, ഗ്രാനൈറ്റിന് നികുതി വർദ്ധനവ് ഒഴിവാക്കിയിട്ടുണ്ട്, വാടകയ്ക്ക് കൊടുത്തിട്ടു

ണ്ടെങ്കിൽ നികുതി വർദ്ധനവ് ഒഴിവാക്കിയിട്ടുണ്ട്, അങ്ങനെ നികുതി വർദ്ധനവ് ഒഴിവാക്കിയെന്ന് പറയുന്ന പ്രയോഗം ഏതാണ്ട് ഒമ്പതോളം കാര്യങ്ങളിൽ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് ഒഴിവാക്കൽ തന്നെയാണ്. എന്തെങ്കിലും തരത്തിലുള്ള ഒരു ലാഭം മുൻസിപ്പാലിറ്റികൾക്ക് ബില്ലിന്റെ ഭേദഗതിയിലൂടെ ഉണ്ടാകുന്നില്ല. അവരുടെ അവകാശ അധികാരങ്ങൾ യഥാവിധം വിനിയോഗിക്കുന്നതിന് അവർക്കുണ്ടായിരുന്ന അവകാശങ്ങളെ ഗവൺമെന്റ് ഇടപെട്ട് ഒഴിവാക്കുന്ന രംഗമാണ് ഈ ഭേദഗതി വരുമ്പോൾ........ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് എന്ന രൂപത്തിൽ കൊണ്ടുവന്ന ബില്ലിൽ യഥാർത്ഥത്തിൽ വാണിജ്യാടിസ്ഥാനത്തിൽ  കച്ചവടം ചെയ്യുന്ന വൻകിട സ്ഥാപനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പുതിയ ബിൽ വളരെ സഹായകരമാണ്. ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായിട്ടുള്ള കമ്മിറ്റി നൽകിയിട്ടുള്ള ശുപാർശകളിൽ പോലും ഇത്തരം കാര്യങ്ങൾ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹം കുറേക്കൂടി നിലപാടുകൾ സുതാര്യമായി എടുക്കുന്ന വ്യക്തിയെന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ ശുപാർശയിൽ വാണിജ്യാടിസ്ഥാനത്തിൽ ഇതെല്ലാം ഒഴിവാക്കിക്കൊടുക്കണമെന്ന് പറയുന്നതിനോട് നമുക്ക് ഒരിക്കലും യോജിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ഒട്ടനവധി ശുപാർശകളും കഴിഞ്ഞ ബില്ലിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തികൊണ്ട് വരുന്നുവെന്നുള്ളതുകൊണ്ടാണ് യഥാർത്ഥത്തിൽ ഈ ബില്ലിനോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തേണ്ടി വരുന്നത്. നമ്മുടെ നാട്ടിലെ അടിസ്ഥാന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനോ പരിഹാരം ഉണ്ടാക്കുന്നതിനോ ഉത്തരവാദിത്തപ്പെട്ട ഗവൺമെന്റുകൾ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാതെ മനോഹരമായി ആ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്ന കാഴ്ച ഏറ്റവും പ്രത്യ

ക്ഷമായ ഉദാഹരണമാണ്. നാട്ടിലെ ഗുരുതരമായ ഒരുപാട് പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ട മന്ത്രിയും ഗവൺമെന്റും നിഷ്ക്രിയമായിരിക്കുന്ന ഒരു സാഹചര്യമുണ്ട്. ശുചിത്വം ആരുടെ ഉത്തരവാദിത്വമാണ്? അത് മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, പഞ്ചായത്ത് എന്ന് പറഞ്ഞുകൊണ്ട് ഒഴിയുകയാണ്. ഇനി അവർ നടപ്പിലാക്കാൻ ശ്രമിച്ചിട്ടോ എന്തെങ്കിലുമൊന്ന് ചെയ്യാൻ ശ്രമിച്ചിട്ടോ ഉണ്ടെങ്കിൽ അതെല്ലാം പരാജയപ്പെട്ടുപോകുന്ന സാഹചര്യം ഉണ്ടായി. വേണ്ടത്ര പഠന നിരീക്ഷണങ്ങളില്ലാതെ വളരെ ദ്രുതഗതിയിൽ ചില പേരുകൾ സമ്പാദിക്കുന്നതിന്റെ ഭാഗമായി തട്ടികൂട്ടിയ കലാപരിപാടിയെന്ന നിലയിൽ പലപ്പോഴും പദ്ധതികൾ പരാജയപ്പെട്ട് പെരുവഴിയിൽ നിൽക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്. വിശദമായ ചർച്ചയും പഠനവും ഇതുമായി ബന്ധപ്പെട്ട്........... ഈ ബില്ലിൽ തന്നിട്ടുള്ള നിർദ്ദേശങ്ങളിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. വാട്ടർ മാനേജ്മെന്റ്, വേസ്റ്റ് മാനേജ്മെന്റ്, വാട്ടർ അഷ്വറൻസ് അടക്കമുള്ള കാര്യങ്ങളിൽ ......... ഫ്ളാറ്റുകളുടെ കൂമ്പാരമായി യഥാർത്ഥത്തിൽ കേരളം മാറിക്കൊണ്ടിരിക്കുകയാണ്. കേരളത്തെ സംബന്ധിച്ച് ഏറ്റവും കൂടുതൽ ദൗർലഭ്യം ഉണ്ടാകുന്നത് സ്ഥലത്തിന്റെ കാര്യത്തിലാണ്. മൂന്നര കോടിയോളം വരുന്ന കേരളീയർക്ക് താമസിക്കുന്നതിനാവശ്യമായ സ്ഥലങ്ങളില്ലായെന്ന കാരണത്താൽ പലപ്പോഴും അതുണ്ടാക്കുന്ന വെല്ലുവിളികൾ പ്രത്യേകിച്ച് നഗരവത്ക്കരണത്തിന്റെ ഭാഗമായി നമ്മുടെ മണ്ണും മണ്ണിന്റെ ഗുണനിലവാരവും അതിന്റെ സാധ്യതകളുമെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമങ്ങൾ അതിവേഗം നഗരങ്ങളായി മാറുന്നു. അങ്ങനെ നഗരങ്ങളായി മാറുമ്പോൾ ശാസ്ത്രീയമായ നിരീക്ഷണ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ യഥേഷ്ടമായി ഇതെല്ലാം കെട്ടിപ്പൊക്കുന്നതിന് ആവശ്യമായ അനുമതികൾ പഞ്ചായത്തുകൾ, നഗരസഭകൾ,

മുനിസിപ്പാലിറ്റികൾ തുടങ്ങിയവരാണ് നൽകുന്നതെന്ന കാരണം പറഞ്ഞ് കയ്യുംകെട്ടി ഗവൺമെന്റുകൾ നോക്കുകുത്തികളായി മാറി നിൽക്കുമ്പോൾ യഥാർത്ഥത്തിൽ നമുക്ക് നഷ്ടമാകുന്നത്.......... പരിസ്ഥിതിയെയും, പരിസ്ഥിതി ആഘാതങ്ങളെയും, വേസ്റ്റ് മാനേജ്മെന്റിനെയും, വാട്ടർ മാനേജ്മെന്റിനെയും, വാട്ടർ സ്കേഴ്സിറ്റിയെയും, വാട്ടർ അഷ്വർ ചെയ്യാൻ കഴിയാത്തതുമായി ബന്ധപ്പെട്ട് പിന്നീട് നമ്മൾ വിലപിക്കുന്നുണ്ട്.. ഇക്കഴിഞ്ഞ വരൾച്ച കാലഘട്ടത്തിൽ ഫ്ളാറ്റുകളിൽ വെള്ളം എത്തിക്കുന്ന ടാങ്കർ ലോറി ഉടമകൾ പണിമുടക്കിയതിനുശേഷം ഒരു ഗവൺമെന്റിനെ വെല്ലുവിളിക്കുകയും മുട്ടുകുത്തിക്കുകയും ചെയ്യുന്ന കാഴ്ച കണ്ടു. ഇത്തരം കാര്യങ്ങളിൽ, ജനങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട മുഴുവൻ ഉത്തരവാദിത്വങ്ങളും അടുത്ത ആളുകളെ ഏൽപ്പിച്ചതിനുശേഷം ഞങ്ങളൊന്നും ഇതിന് ഉത്തരവാദികളല്ലായെന്ന രൂപത്തിൽ ഇതെല്ലാം മുനിസിപ്പാലിറ്റികളാണ്, പഞ്ചായത്തുകളാണെന്ന തരത്തിൽ മാറി നിൽക്കുന്ന ഒരു ദയനീയമായ സാഹചര്യമാണ്. ഇന്ന് രാവിലെ മുതൽ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതുപോലെ സമാന സ്വഭാവമുള്ള ടാക്സ് മാറ്റിവച്ചാൽ................ഇതുപോലെയുള്ള മറ്റൊരു വിഷയമാണ് ഇതിൽ രണ്ടാമതായി പറയുന്ന അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുവാദം വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നം. അത് ഇന്നുരാവിലെ നിയമസഭ ചർച്ച ചെയ്തുകഴിഞ്ഞു. മണിക്കൂറുകൾ ചർച്ച ചെയ്തിട്ടുപോലും ഒരു സമവായത്തിലെത്താൻ കഴിയാതെ ഏകപക്ഷീയമായി ബില്ലുമായി പോകുന്ന സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടാകുന്നു എന്നുപറയുന്നത് കേരള നിയമസഭയ്ക്ക് ഭൂഷണമാണോ? കേരളം എത്രയോ കാര്യങ്ങളിൽ നമ്മുടെ രാജ്യത്തിനും

ലോകത്തിനും മാതൃക സൃഷ്ടിച്ചിട്ടുള്ള സംസ്ഥാനമാണ്. ആ കേരള സംസ്ഥാനം ഇന്ന് അപമാനിതമായി തല കുമ്പിട്ട് നിൽക്കുന്ന സാഹചര്യത്തിൽ തങ്ങളുടെ ഉത്തരവാദിത്തങ്ങളിൽ നിന്ന് വളരെ തന്ത്രപരമായി ഗവൺമെന്റുകൾ ഒഴിവാകുകയും ഇത് പഞ്ചായത്തിന്റേതാണ് മുനിസിപ്പാലിറ്റിയുടേതാണ് എന്നുപറഞ്ഞ് പോകുകയും ചെയ്യുന്നത് ഭൂഷണമല്ല എന്നതാണ് ഈ നിരാകരണ പ്രമേയത്തിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിലേയ്ക്ക് പ്രധാനമായും വയ്ക്കുന്നത്. 233-ഉം 235-ഉം വകുപ്പുകളുടെ ഭേദഗതിയിൽ സർക്കാർ സ്കൂളുകൾ, സർക്കാർ അംഗീകാരം നൽകിയിട്ടുള്ള സ്കൂളുകൾ എന്നുപറയുന്നത് കുട്ടികളുടെ കയ്യിൽ നിന്നും ആയിരവും പതിനായിരവും ലക്ഷവും സംഭാവനയായി വാങ്ങി പണിതിട്ടുള്ള സ്ഥാപനങ്ങളിൽ എയ്ഡഡും അൺ എയ്ഡഡും ഒന്നിച്ച് പ്രവർത്തിക്കുന്ന സ്കൂളുകളുണ്ട്. എയ്ഡഡ് സ്കൂളുകളോട് ചേർന്ന് അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഈ ബില്ലിനകത്തെ അവരോടുള്ള സമീപനം എന്തായിരിക്കണം? ഇങ്ങനെ കോടിക്കണക്കിന് രൂപ മുടക്കി പണിയുന്ന ഫൈവ് സ്റ്റാർ സംവിധാനങ്ങളെ വെല്ലുന്ന മണിമാളികകളും മന്ദിരങ്ങളും പണിതതിനുശേഷം (അതിന് അവരാരും കല്യാണമണ്ഡപം എന്നുള്ള പേരൊന്നും ഇടുന്നില്ല) അതൊക്കെ സ്കൂളാണെന്ന് ഒരു കാരണം പറഞ്ഞതിനുശേഷം ഇതൊക്കെ യഥാർത്ഥത്തിൽ കല്യാണമണ്ഡപങ്ങൾക്ക് തുല്യമായ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ സൗകര്യപ്രദമായ രൂപത്തിൽ ആളുകൾക്ക് വാടകയ്ക്ക് കൊടുക്കുകയും ലക്ഷങ്ങളും കോടികളും അതിന്റെ പേരിൽ

പിരിക്കുകയും ചെയ്യുന്ന ആളുകളെ വഴിവിട്ട് സഹായിക്കലാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യമെന്ന സംശയവും ഈ ബില്ല് വായിച്ച് പോകുമ്പോൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. അതുകൊണ്ടാണ് ഈ ബില്ല് അവതരിപ്പിക്കുന്നതിനെതിരെ ശ്രീ. എ. കെ. ബാലൻ നിയമസഭയിൽ ക്രമപ്രശ്നം ഉന്നയിക്കേണ്ട സാഹചര്യമുണ്ടായത്. ഇത് കേൾക്കുമ്പോൾത്തന്നെ ആരെയോ സഹായിക്കുന്നതിനുവേണ്ടി തട്ടിക്കൂട്ടിക്കൊണ്ടുവന്ന ഒരു ബില്ലാണെന്ന് തോന്നും. ഈ ബില്ല് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുവന്നതാണ്; ഈ ഗവൺമെന്റിന് ഇതുമായി ബന്ധമൊന്നുമില്ല; നിങ്ങൾ കൊണ്ടുവന്ന അതേ നിർദ്ദേശങ്ങൾ ഞങ്ങൾ ഒന്നുകൂടി പരിഷ്കരിക്കുമ്പോൾ അതിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള ഒരു നിർദ്ദേശങ്ങളോടും നമുക്ക് യോജിക്കാൻ കഴിയുകയില്ല എന്നാണ്. ഓരോ ബില്ല് നിയമസഭയിൽ അവതരിപ്പിക്കപ്പെടുമ്പോഴും ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്ന വ്യാജേന ആരുടെ താൽപ്പര്യങ്ങളെയാണ് ഗവൺമെന്റ് സംരക്ഷിക്കാൻ ശ്രമിക്കുന്നത്? ഗവൺമെന്റ് ഏത് ഫണ്ട് വിനിയോഗിക്കുമ്പോഴും മാനേജുമെന്റുകൾ ഒരു സമ്മതപത്രം ഗവൺമെന്റിന് കൊടുക്കണം. സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 10 ലക്ഷം രൂപയോ ഒരു ആഡിറ്റോറിയമോ ഒരു സ്കൂൾ കെട്ടിടമോ പണിയുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിലോ എം.പി. ഫണ്ടിലോ മറ്റ് ഇതര ഫണ്ടുകളിലോ സ്കൂളിന് അനുവദിച്ചിട്ടുണ്ടെങ്കിൽ ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്കൂളിന് ഹാൻഡ് ഓവർ ചെയ്യുന്ന സമ്മതപത്രം ജില്ലാ കളക്ടറുടെ മുമ്പിലേയ്ക്ക് ലഭിച്ചെങ്കിൽ മാത്രമെ പണം അവിടെ വിനിയോഗിക്കാൻ കഴിയൂ എന്ന

പുതിയ വ്യവസ്ഥ വന്നിട്ടുണ്ട്. ഇതൊന്നും ഇപ്പോൾ ഈ പറയുന്ന കാര്യങ്ങളിൽ ബാധകമാകുന്നില്ല. നഗരസഭയുടെ കാര്യങ്ങളിലേയ്ക്ക് എത്തിച്ചേരുമ്പോൾ ഇവിടെ എയിഡഡും അൺ എയിഡഡും ഒന്നിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ എയിഡഡിന് എന്ന വ്യാജേന വാങ്ങുന്ന ആനുകൂല്യങ്ങൾ അൺ എയിഡഡിൽ കൊള്ളയ്ക്കുവേണ്ടി ആളുകൾ ഇതിനെ ഉപയോഗിക്കുന്നുണ്ടെങ്കിൽ നമുക്ക് അത്തരം കാര്യങ്ങളോട് ഒരു വിധത്തിലും യോജിക്കാൻ കഴിയുകയില്ല. ഞാൻ പിടിച്ചിടത്തുതന്നെ കാര്യങ്ങൾ നിർത്തും എന്നുപറയുന്ന ഒരു കടുംപിടിത്തം അവസാനിപ്പിച്ചുകൊണ്ട് ഈ ബില്ലിന്റെ ദൗർബല്യങ്ങൾ എന്താണെന്ന് മനസ്സിലാക്കി ദൗർബല്യമില്ലാത്ത ഒരു ബില്ല് അവതരിപ്പിക്കുന്നതിന് മന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു നല്ല പഠനവും ഇടപെടലും ഉണ്ടാകണം. നമ്മുടെ സമൂഹത്തിന്റെ വളർച്ചയെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ഈ പറയുന്ന അധികാര വികേന്ദ്രീകരണമാണ്. അധികാര വികേന്ദ്രീകരണത്തിനൊക്കെ ഒരുപാട് അർത്ഥങ്ങളും സ്വപ്നങ്ങളുമൊക്കെ കണ്ട ആളുകളുണ്ട്. എന്നാൽപ്പോലും അധികാര വികേന്ദ്രീകരണം എന്നുപറഞ്ഞ് രണ്ടാം ഭാഗത്തിൽ അങ്ങ് അവതരിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ മുൻകൂർ അനുവാദമുണ്ടാകണമെന്നാണ്. ഗവൺമെന്റ് ഇടപെട്ടിട്ടും നിയമസഭയിൽ ഇത്രമാത്രം ചർച്ചകൾ ഉണ്ടായിട്ടും എത്ര ബാറുകൾ അനുവദിച്ചിരിക്കുന്നു? നൂറ് കണക്കിന് ബാറുകൾ നമ്മുടെ സംസ്ഥാനത്ത് പുതിയതായി ഉണ്ടാകുന്നു. മന്ത്രി പറഞ്ഞത് എന്താണെന്ന് എനിക്കറിയില്ല. അദ്ദേഹം ഇവിടെ കുറെ കണക്കുകളൊക്കെ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. ബാബു. എം. പാലിശ്ശേരി എട്ടാം നിയമസഭാ സമ്മേളനത്തിലും

ഒൻപതാം സമ്മേളനത്തിലും ഇതുമായി ബന്ധപ്പെട്ട് കൊടുത്തിട്ടുള്ള ചോദ്യങ്ങളുടെ ഉത്തരം ശരിയാണോ എന്ന് ഒന്നുകൂടി പരിശോധിച്ചാൽ ഞെട്ടിപ്പിക്കുന്ന കണക്കുകളാണ്. ഇന്നുരാവിലെ ഏറ്റവും കൂടുതൽ ആളുകൾ ആവർത്തിച്ച് കേട്ടത് കെ.സി.ബി.സി. (കേരള കാത്തലിക് ബിഷപ് കോൺഫറൻസ്) യുടെ പേരാണ്. അവരാണ് ഇക്കാര്യത്തിൽ ശക്തമായ ചില നിലപാടുകളും അഭിപ്രായങ്ങളും പൊതുസമൂഹത്തിന്റെ മുമ്പിലേയ്ക്ക് പറഞ്ഞത്. മദ്യനയവുമായി ബന്ധപ്പെട്ട് വളരെ ശക്തമായ ചില അഭിപ്രായങ്ങൾ പറഞ്ഞു. ഇന്ന് ചർച്ച ചെയ്തപ്പോൾ ബഹുമാന്യനായ മന്ത്രിയടക്കമുള്ള ആളുകൾ പറയുന്നത് ഇത് കെ.സി.ബി.സി. യുടെ ശുപാർശയാണെന്നാണ്. കേരള കാത്തലിക് ബിഷപ് കോൺഫറൻസ് പറഞ്ഞിരിക്കുന്നത് ഇങ്ങനെ പഞ്ചായത്തിനും കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കുമൊക്കെ കൊടുത്തുകഴിഞ്ഞാൽ അവർ ലൈസൻസ് കൊടുക്കില്ല എന്ന പ്രതീക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തെറ്റാണെന്ന് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുകയാണ്. കെ.സി.ബി.സി.യുടെ ചെയർമാനായ ആർച്ച് ബിഷപ്പുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് പഞ്ചായത്തുകളിലേയ്ക്ക് വരുമ്പോൾ അവിടെ 50 ശതമാനം സ്ത്രീകളുണ്ട്. സ്ത്രീകൾ അവിടെയുണ്ടെന്ന കാരണത്താൽ ഈ ലൈസൻസുകൾ കൊടുക്കില്ല എന്നൊരു പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. ഈ ലൈസൻസുകൾ കൊടുക്കുന്നതിന് കാരണം മദ്യത്തിനെതിരെ കടുത്ത നിലപാടുകൾ എടുക്കേണ്ട സ്ത്രീകൾ അംഗങ്ങളായുള്ള സമിതികൾ ഇതിനെതിരെ ശക്തമായ നിലപാടുകൾ എടുക്കുന്നു. സ്റ്റാന്റിംഗ് കമ്മിറ്റിയുടെയൊക്കെ മുമ്പിലേയ്ക്ക് കൊണ്ടുപോയി ഇതിന്റെ സാധ്യതകളെ

അട്ടിമറിക്കുന്നതിന് എല്ലാ പഴുതുകളും അതിൽ തയ്യാറാക്കി വച്ചിട്ടുണ്ടായിരുന്നുവെന്ന അപകടം പിന്നീടാണ് കെ.സി.ബി.സി. അടക്കമുള്ള മുഴുവൻ സംഘടനകൾക്കും ബോധ്യപ്പെട്ടത്. അതിന്റെ അടിസ്ഥാനത്തിൽ അവർ പറയുന്നത് ഇതിന്റെ സ്ക്രൂട്ടണൈസേഷൻ എന്നുപറയുന്നത് തീർച്ചയായും ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. യഥേഷ്ടം ബാറുകൾ അനുവദിക്കുന്നതിന് ആവശ്യമായ ലൈസൻസുകൾ ഇത്തരത്തിൽ പഞ്ചായത്തിന് കൊടുത്തതുപോലെ മുനിസിപ്പാലിറ്റികൾക്കുകൂടി അബ്കാരി ഷാപ്പുകളും ബാറുകളും സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അതിന്റെ അധികാരം കൊടുക്കുന്ന ലൈസൻസ് അപകടം വരുത്തിവയ്ക്കുന്ന താണെന്നാണ് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാകുന്നത്. ഓരോന്നും ഓരോരുത്തരുടെ കയ്യിൽ ഇരിക്കുന്നതുകൊണ്ട് പലപ്പോഴും റിപ്പീറ്റ് ചെയ്ത ബില്ലുകളായി നിയമസഭയ്ക്കുള്ളിൽ വരികയാണ്. പഞ്ചായത്ത് മിനിസ്റ്റർ അവതരിപ്പിച്ച അതേ ബില്ലുതന്നെ വീണ്ടും മറ്റ് മന്ത്രിമാർ അവതരിപ്പിക്കുന്നുവെന്ന റെപ്പറ്റീഷൻ ഉണ്ടെങ്കിൽപ്പോലും ഒന്ന് നടപ്പിലാക്കിയതിന്റെ പാളിച്ചകൾ എന്താണ്, എന്തൊക്കെയാണ് അവിടെ നടന്നിട്ടുള്ളത്, എന്തൊക്കെ ആരോപണങ്ങളാണ് അതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ളതെന്ന് നോക്കുന്നില്ല. ഇവിടെ പ്രകടിപ്പിച്ച ഒരു ആശങ്ക ഏറ്റവും പ്രസക്തമാണ്. ഷാപ്പുകൾക്ക് സൗന്ദര്യം പോര എന്നുള്ളതുകൊണ്ട് മാന്യമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും ഷാപ്പുകളുണ്ടെങ്കിൽ അതൊക്കെ പൂട്ടിയേക്കാമെന്നുപറഞ്ഞ് ഏതെങ്കിലും പഞ്ചായത്തുകളോ നഗരസഭകളോ നിലപാടുകളുമായി പോകുന്ന സാഹചര്യമുണ്ടായാൽ നമ്മുടെ രാഷ്ട്രീയ സമവായങ്ങൾ നഷ്ടപ്പെട്ടുപോകുന്നതിന് കാരണമായി മാറുമെന്ന് ഈ നിരാകരണ പ്രമേയത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുന്നു.

ഒരു ബാലൻസ്ഡ് പൊളിറ്റിക്കൽ സിറ്റുവേഷനുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. ഏറെ ആക്രമണ സ്വഭാവമുള്ളതോ ഏകപക്ഷീയമായോ നിലപാടുകൾ എടുക്കുന്ന രാഷ്ട്രീയ സമീപനങ്ങളാണെന്ന് നമുക്ക് പറയാൻ കഴിയില്ല. എന്നാൽ പലപ്പോഴും അത്തരം സമീപനങ്ങളുള്ള രാഷ്ട്രീയപാർട്ടികളും ഉണ്ടാകാം. എന്നാൽ വ്യത്യസ്തമായി, ബാലൻസ്ഡായ രാഷ്ട്രീയ സമീപനങ്ങൾ, പൊതു സമീപനങ്ങൾ, പൊതുവിഷയങ്ങളിലുള്ള സമീപനങ്ങൾ എടുക്കുന്ന കാര്യത്തിൽ ഉന്നത രാഷ്ട്രീയ ചിന്തകൾ പുലർത്തുന്ന കേരള നിയമസഭയ്ക്ക് കഴിയുന്നുണ്ടെന്ന് നമുക്ക് അഭിമാനിക്കാം. അതിന്റെ ചില അനുകൂലനങ്ങൾ ഇന്നുരാവിലെ നടന്ന ബില്ലിന്റെ ചർച്ചയുടെ ഭാഗമായി ഉണ്ടാവുകയും ചെയ്തു. എന്നാൽ ബാലൻസ് ചെയ്തുകൊണ്ടുള്ള ആ പോക്കിനെ ഏകപക്ഷീയമായി പഞ്ചായത്തുകൾ ഖണ്ഡിക്കുന്ന സാഹചര്യങ്ങളുണ്ടായാൽ അല്ലെങ്കിൽ മുനിസിപ്പാലിറ്റികൾ അവരുടെ കയ്യിലുള്ള ഭൂരിപക്ഷം പ്രയോജനപ്പെടുത്തിക്കൊണ്ട് ഖണ്ഡിക്കുന്ന സാഹചര്യമുണ്ടായാൽ അത് നാളെ ജാതി-മത-രാഷ്ട്രീയ-വർഗ്ഗ-വർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചേരിതിരിഞ്ഞ് നമ്മുടെ സമൂഹത്തിന്റെ ക്രമസമാധാനം നഷ്ടപ്പെടുന്ന തരത്തിൽവരെ കാര്യങ്ങളെത്തുമെന്ന അഭിപ്രായമാണ് ഇക്കാര്യത്തിൽ എനിക്കുള്ളത്. അതുകൊണ്ട് ഏറ്റവും ബഹുമാന്യനായ മന്ത്രി, അങ്ങ് വാശിപിടിച്ച് ഒരു ബില്ല് അവതരിപ്പിക്കുന്നുവെന്നുള്ളതിനെക്കാളപ്പുറം അത് വായിച്ചാൽ ഒരു ബില്ലിനുവേണ്ടിയുള്ള ഒരു ബില്ലാണെന്ന് തോന്നും. അതിനപ്പുറം ഈ ബില്ലിൽ അതിന്റെ ആത്മാവിനെയും ഘടനയെയും യഥാർത്ഥ സ്പിരിറ്റിനെയും നഷ്ടപ്പെടുത്തിക്കൊണ്ട് അങ്ങ് അവതരിപ്പിക്കുന്ന

ഈ ബില്ല് പിൻവലിക്കുന്നതിനും വിശദമായി ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ പരിമിതികൾ മനസ്സിലാക്കുന്നതിനും തയ്യാരാകണം. അധികാരങ്ങൾ മുനിസിപ്പാലിറ്റിക്ക് കൊടുക്കണ്ടെന്ന യാതൊരു അഭിപ്രായങ്ങളുമില്ല. എന്നാൽ എന്തൊക്കെയാകാം. അവർക്ക് എന്തെല്ലാം പരിമിതികളുണ്ട് പഞ്ചായത്തിന് കൊടുത്ത് അവർ നടപ്പിലാക്കിയപ്പോഴുള്ള പരിമിതികൾ എന്താണെന്ന് തിരിച്ചറിഞ്ഞ് ആ പരിമിതികളുടെ അടിസ്ഥാനത്തിൽ തീർച്ചയായും ഭേദഗതികൾ നമുക്ക് ആവശ്യമാണ്. 10 വർഷമായി എല്ലാ ആളുകളും ഒരുപോലെ ആഗ്രഹിക്കുന്നതും നിർവ്വഹണഘട്ടത്തിലെത്തിയപ്പോൾ പ്രതിസന്ധിയുണ്ടായതുമായ ഒട്ടനവധി പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ആ പ്രശ്നങ്ങളെ അതിന്റെ യഥാവിധി കാണാനും ഉൾക്കൊള്ളാനും ആ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗവൺമെന്റ് ബാദ്ധ്യസ്ഥരാണ്. എന്നാൽ അതിന്റെ മറവിൽ ഏതെങ്കിലും തൽപ്പര കക്ഷികളെ സഹായിക്കുന്നതാകരുത് ഒരു ഗവൺമെന്റിന്റെ താൽപ്പര്യം എന്നുസൂചിപ്പിച്ചുകൊണ്ട് എന്റെ നിരാകരണ പ്രമേയം അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, 2013-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ബില്ലിൻമേലുള്ള നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ നഗരസഭകൾക്കുള്ള മുഖ്യ വരുമാനം നികുതിയാണ്. പല വിധത്തിലുള്ള ഇളവുകൾ ഒഴിവാക്കിക്കൊണ്ട് ആ വരുമാനത്തിൽ വലിയ തോതിലുള്ള കുറവ് സംഭവിക്കാൻ ഇടയുണ്ടെന്നാണ് ഈ ഭേദഗതിയിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. ഹയർ സെക്കന്ററി തലം വരെയുള്ള സർക്കാർ എയ്ഡഡ് സ്കൂളുകളെയും അനുബന്ധ സ്ഥാപനങ്ങളെയും നികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതിലുണ്ട്. അംഗീകൃത

സ്കൂളുകളും അനുബന്ധ സ്ഥാപനങ്ങളും എന്ന് പറയുമ്പോൾ സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളെക്കാളും കൂടുതൽ സ്വാശ്രയ സ്കൂളുകളാണ് വരുന്നത്. അവർ കൂടുതൽ തുക മുടക്കി കെട്ടിടങ്ങൾ നിർമ്മിക്കുന്നു. വിദ്യാഭ്യാസ ആവശ്യത്തിന് മാത്രമല്ല, മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനും വാടകയ്ക്ക് കൊടുക്കുന്നതിനുമായി നിരവധി കെട്ടിടങ്ങൾ പട്ടണ പ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്നതായി കാണാൻ സാധിക്കും. ഇതിന് നികുതിയിളവ് നൽകേണ്ടതുണ്ടോ? ഇത്തരത്തിൽ നികുതി ഇളവ് നൽകുന്നതിലൂടെ നഗരസഭകൾക്ക് വൻ തോതിൽ വരുമാന നഷ്ടമുണ്ടാകുന്നു. ഇത് നല്ല ഉദ്ദേശത്തോടുകൂടിയല്ല എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഒരു പ്രത്യേക വിഭാഗത്തെ സഹായിക്കുന്നതിനു വേണ്ടിയോ അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയോ ഉള്ള ഒരു നിർദ്ദേശമായി മാത്രമേ ഇതിനെ പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

നഗരസഭാ അതിർത്തിയിൽ അബ്കാരി ഷോപ്പുകൾ തുടങ്ങുന്നതിന് മുനിസിപ്പാലിറ്റിയുടെ അംഗീകാരം ഉണ്ടാകണമെന്നത് അബ്കാരി ബില്ലിന്മേലുള്ള ചർച്ചയിൽ പ്രധാനമായും ഉന്നയിച്ച കാര്യമാണ്. കേരളത്തിൽ സമഗ്രമായ ഒരു അബ്കാരി നിയമം ഇതുവരെ ഉണ്ടായിട്ടില്ല. അത്തരം ഒരു സാഹചര്യത്തിൽ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ലൈസൻസ് നൽകുന്നതിനുള്ള അധികാരം വിട്ട് കൊടുക്കുന്നുവെന്ന് പറഞ്ഞാൽ ഒരു കേന്ദ്രത്തിൽനിന്ന് തീരുമാനിക്കുന്നതിനുപകരം നിരവധി കേന്ദ്രങ്ങളിൽനിന്നും ലൈസൻസ് നൽകുന്നതിനായി അധികാരം വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ വന്നാൽ എന്താണ് സംഭവിക്കുക എന്ന കാര്യവും ഇവിടെ വ്യക്തമാണ്. ചില പ്രത്യേക താൽപര്യം വച്ചുകൊണ്ട് ചില പഞ്ചായത്തുകളിൽ ലൈസൻസ് തന്നെ കൊടുക്കേണ്ടതില്ലെന്ന് തീരുമാനിക്കാം. അബ്കാ

രി നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് കള്ള്ചെത്ത് മേഖലകളിൽ നേരത്തെ രൂപീകരിച്ച സഹകരണ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കാനുള്ള അനുവാദം നിഷേധിച്ച അനുഭവം ഇവിടെ ഉണ്ടായിട്ടുണ്ട്. സഹകരണ സ്ഥാപങ്ങൾക്കോ മറ്റ് ലൈസൻസുള്ളവർക്കോ കള്ള് ഷാപ്പുകൾ നടത്താൻ സാധിക്കാത്ത ഒരു സ്ഥിതി ഇവിടെ വന്നുചേരും. ലൈസൻസുകൾ നൽകുന്നതിന്റെ കാര്യ ത്തിലും മറ്റും പല വിധത്തിലുള്ള അഴിമതികൾ നടക്കുന്നുണ്ട്. ബാറുകൾക്ക് ലൈസൻസ് നൽകുന്നതിൽ അഴിമതിയുണ്ടെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചു.

അബ്കാരി ഷോപ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് അഴിമതി കേന്ദ്രീകരിക്കണമെന്ന അഭിപ്രായത്തിനല്ല, മറിച്ച് അത് വികേന്ദ്രീക രിക്കുന്നതിനാണ് ഇത് ഇടയാക്കുന്നത്. അതായത് ഒരു കേന്ദ്രത്തിലാണ് അഴിമതിയെങ്കിൽ ഇത് നിരവധി കേന്ദ്രങ്ങളിൽ അഴിമതിക്കിടയാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ഭേദഗതി അഴിമതി വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പംതന്നെ കള്ളുഷാപ്പുകളും മറ്റും നടത്തു ന്നതിനുള്ള അവകാശം നിഷേധിക്കുന്നതിനും അതുവഴി അവിടെ ജോലിചെ യ്യുന്ന പതിനായിരക്കണക്കിന് ആളുകളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടു ത്തുന്നതിനും ഇടയാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരി ക്കുന്ന ഷാപ്പുകൾക്ക് പ്രത്യേക ലൈസൻസ് എടുക്കേണ്ട കാര്യമില്ല. മറ്റൊരു മാർഗ്ഗത്തിലൂടെ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഷാപ്പുകളുടെ പ്രവർത്തനാനുമതി നിഷേധിക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ ഇതിൽ കൊണ്ടുവന്നിരിക്കുകയാണ്. നിലവിൽ പ്രവർത്തിക്കുന്ന അബ്കാരി ഷാപ്പുകൾക്ക് പതിനഞ്ച് ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട് അത് മാറ്റി

സ്ഥാപിക്കാനോ അല്ലെങ്കിൽ നിർത്തലാക്കാനോ ഈ നിയമം അനുവാദം നൽകുകയാണ് ചെയ്യുന്നത്. ഇതെല്ലാം പരിഗണിക്കുമ്പോൾ ഇവിടെ ഗുണത്തെക്കാളേറെ ദോഷമാണുള്ളത്. ഇവിടെ ഒരു ഭാഗത്ത് നഗരസഭകൾക്ക് വരുമാനം കുറയുകയും, മറുഭാഗത്ത് ഷാപ്പുകളുടെ പ്രവർത്തനത്തെയും തൊഴിലാളികളുടെ ജോലിയെയുമെല്ലാം ദോഷകരമായി ബാധിക്കുന്ന വിധത്തിലാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഇത് സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇപ്പോൾ പകർച്ചവ്യാധിയെക്കുറിച്ചും മാലിന്യക്കൂമ്പാരങ്ങൾ കൊണ്ടുണ്ടാകുന്ന പ്രയാസങ്ങളെ സംബന്ധിച്ചുമെല്ലാം ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നമ്മുടെ നഗരസഭകളുടെ അനുഭവമെന്താണ്? മിക്ക നഗരസഭകളിലും മാലിന്യ സംസ്കരണത്തിന് ഫലപ്രദമായ ഒരു സംവിധാനമില്ലെന്ന് കാണാം. സമ്പൂർണ്ണ ശുചിത്വത്തെക്കുറിച്ച് സംസാരിക്കുന്നുണ്ടെങ്കിൽപ്പോലും ഇപ്പോഴും പ്രധാനപ്പെട്ട നഗരസഭകളിലും കോർപ്പറേഷനുകളിലും മാലിന്യം നീക്കം ചെയ്യാൻ സാധിക്കുന്നില്ല. ഇതിന്റെ ഫലമായി കൊതുകുകൾ പെരുകുകയും പനിയും മറ്റ് മാരക രോഗങ്ങളും വ്യാപിക്കുകയുമാണ് ചെയ്യുന്നത്. ഇത്തരം കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കാനും നടപടി സ്വീകരിക്കാനും ബാദ്ധ്യതപ്പെട്ട നഗരസഭകൾക്ക്, അല്ലെങ്കിൽ അതിന് നേതൃത്വം നൽകേണ്ട ഗവൺമെന്റിന് സാധിക്കുന്നില്ല എന്ന കാര്യം പ്രത്യേകം പരിഗണിക്കേണ്ട വിഷയമാണ്.

അഴിമതിയെക്കുറിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു ക്ലാർക്ക് അല്ലെങ്കിൽ ഒരു പോലീസ് ഉദ്യോഗസ്ഥൻ നടത്തുന്ന അഴിമതി ഒരു ചർച്ചാവിഷയമല്ലാതെ മാറിയിട്ടുണ്ട്. പക്ഷേ നഗരസഭകളെ സംബന്ധിച്ചിടത്തോളം ചെറിയ ആവശ്യങ്ങൾക്കുവേണ്ടി പോകുന്ന ആളുകൾ പോലും

കാശ് മുടക്കാൻ നിർബന്ധിതരാകുന്നു. അങ്ങനെ കാശ് മുടക്കിയില്ലെങ്കിൽ, അവർക്ക് കൈക്കൂലി നൽകിയില്ലെങ്കിൽ കാര്യങ്ങൾ യഥാസമയം നടപ്പി ലാക്കി കിട്ടാത്ത സാഹചര്യം ഉണ്ടാകുകയാണ് ചെയ്യുന്നത്. അത്തരമൊരു സാഹചര്യത്തിൽ ഇപ്പോൾ നിർദ്ദേശിക്കപ്പെട്ട ഈ ഭേദഗതി അഴിമതി ഇല്ലാതാ ക്കാൻ സഹായകമാകുന്നതല്ല, മറിച്ച് അഴിമതി വർദ്ധിപ്പിക്കാൻ ഇടയാ ക്കുന്നതാണെന്ന കാര്യം പ്രത്യേകം പരിഗണിക്കേണ്ടതായിട്ടുണ്ട് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നിരാകരണ പ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-7-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. പലരും സംസാരിച്ച് കഴിഞ്ഞ കാര്യമായതിനാൽ ദീർഘമായി സംസാരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ ബിൽ നഗരസഭകളുടെ വരുമാന വർദ്ധനവിനെ സഹാ യിക്കാനെന്ന പേരിൽ അൺ എയ്ഡഡ് ലോബിയെ സഹായിക്കാനുള്ള ഒരു ഭേദഗതിയായിട്ടാണ് എനിക്ക് തോന്നുന്നത്. ഇത്തരം സ്ഥാപനങ്ങൾ ഒഴിവാ ക്കാൻ നിലവിൽ വ്യവസ്ഥയുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശ ദീകരിച്ചത്. പക്ഷേ, ഈ ഭേദഗതിയിൽ "സർക്കാരിന്റെ അംഗീകാരമുള്ള വിദ ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്കുവേണ്ടി മാത്രം ഉപയോഗി ക്കുന്ന കെട്ടിടങ്ങളും അനുബന്ധ സ്ഥാപനങ്ങളും" എന്നാണ് പറഞ്ഞിരിക്കു ന്നത്. 'അംഗീകാരമുള്ള' എന്ന് പറയുമ്പോഴാണ് ഇതിലൊരു വ്യത്യാസം വരു ന്നത്. സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളെന്ന് പറയുന്നതും സർക്കാരിന്റെ

അംഗീകാരമുള്ളതെന്ന് പറയുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അത് അൺ എയ്ഡഡ് സ്ഥാപനങ്ങളെ ഈ നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാക്കുന്നത്. യഥാർത്ഥത്തിൽ അതിന്റെ ആവശ്യമുണ്ടോ? ഇവിടെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ഥാപനങ്ങളൊക്കെ കോടിക്കണക്കിന് രൂപയുടെ ആസ്തിയുള്ളതും വലിയതോതിൽ ഫീസ് വാങ്ങുന്നതുമായ സ്ഥാപനങ്ങളാണ്. അത്തരം സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കിക്കൊടുക്കേണ്ട യാതൊരാവശ്യവുമില്ല. പിന്നെ എന്തിനാണ് ഇങ്ങനെയൊരു വ്യവസ്ഥ കൊണ്ടുവരുന്നത്? അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. മുനിസിപ്പാലിറ്റികളുടെ വരുമാന വർദ്ധനവിനുവേണ്ടി ഒരു ഭേദഗതി കൊണ്ടുവരുമ്പോൾ തീർച്ചയായും നഗരസഭകൾക്കും വരുമാന വർദ്ധനവുണ്ടാകണം. അതേസമയം ചെറിയ വീട് വച്ച് താമസിക്കുന്ന ആളുകൾക്ക് വൻതോതിൽ നികുതി വർദ്ധനവ് ഉണ്ടാകാനും പാടില്ല. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അൺ എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഈ ഭേദഗതി വൻ തോതിൽ അഴിമതി നടത്തുന്നതിനു ഇടയാക്കും. അവർക്കുമാത്രമേ ഇത് ഗുണം ചെയ്യുകയുള്ളൂ. നികുതി അടക്കുന്നതിന് സാമ്പത്തികമായി ബുദ്ധിമുട്ടുള്ളവരല്ല അവർ. പിന്നെ എന്തിനാണ് അവരെ ഒഴിവാക്കുന്നതെന്ന ചോദ്യത്തിന് തൃപ്തികരമായ ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടില്ല.

നഗരങ്ങളിലെ പ്രധാനപ്പെട്ട പ്രശ്നം അൺ എയ്ഡഡ് സ്ഥാപനങ്ങളെ ഒഴിവാക്കിക്കൊടുക്കുകയല്ല. ഇന്ന് നഗരങ്ങളിൽ വലിയ കെട്ടിടങ്ങൾ വരുന്നു. നഗരത്തിന്റെ സ്വാഭാവിക വികാസത്തെ തടസ്സപ്പെടുത്തുന്ന, ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ള സ്ഥാപനങ്ങളാണ് അതിൽ പലതും. പല ഫ്ളാറ്റുകളിലും കുടിവെള്ളം ലഭ്യമല്ല. ഗുരുവായൂർ

പോലുള്ള ചെറിയ നഗരത്തിൽപ്പോലും നൂറുകണക്കിന് വലിയ കെട്ടിടങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം കെട്ടിടങ്ങൾക്കാവശ്യമായ കുടിവെള്ളം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാണോ എന്നുള്ള കാര്യം പരിശോധി ക്കാൻ നിലവിൽ വ്യവസ്ഥയില്ല. അതിൽനിന്ന് വരുന്ന മാലിന്യങ്ങൾ സംസ്ക രിക്കുന്നതിനുള്ള സംവിധാനമെന്താണ്? ഇതൊക്കെ വലിയ ചോദ്യങ്ങളാണ്. കേരളത്തിലെ നഗരങ്ങളിൽ കാണുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ടതുണ്ട്.

അനധികൃതമായി ഉണ്ടാക്കിയ കെട്ടിടങ്ങൾക്ക് നിയമവിധേയത്വം നൽകുന്നതിന് ഒരു നിയമം കൊണ്ടുവരികയുണ്ടായി. ഒരു കെട്ടിടം നിർമ്മി ക്കുന്ന സമയത്തുള്ള ചെറിയ വയലേഷനുകൾ പരിഹരിക്കുന്നതിനല്ല; മറിച്ച് എല്ലാ നിയമങ്ങളേയും വയലേറ്റ് ചെയ്തുകൊണ്ട് വൻതോതിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് നിയമവിധേയത്വം നൽകുന്നതിനാണ് നിയമം കൊണ്ടുവന്നത്. അതൊക്കെ നമ്മുടെ നഗരങ്ങളിൽ കാണുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ തന്നെ യാണ്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്.

മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് ലൈസൻസ് നൽകുന്നതിനുള്ള അധികാരം പഞ്ചായത്തുകളിലേയ്ക്ക് കൊണ്ടുവന്നതിനെക്കുറിച്ചും അതിന്റെ റിസൽട്ടിനെപ്പറ്റിയും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ആ റിസൽട്ട് ഒട്ടും അഭികാമ്യമായിട്ടുള്ളതല്ല. പഞ്ചായത്തുകളിൽ അങ്ങനെ യൊരു ഭേദഗതി കൊണ്ടുവന്നെങ്കിലും മിക്കവാറും പഞ്ചായത്തുകൾ പ്രശ്നം വന്ന സ്ഥലങ്ങളിലൊക്കെ മദ്യഷാപ്പുകൾ അനുവദിക്കുന്നതിന് അനുമതി കൊടുക്കുകയാണ് ചെയ്തത്. അതിൽ ഒരു മാറ്റവും കൊണ്ടുവരാൻ സാധിച്ചി ട്ടില്ല. നഗരസഭയിൽ ഇത്തരമൊരു ഭേദഗതി കൊണ്ടുവരുമ്പോഴും ഫലത്തിൽ ഒരു മാറ്റവും ഉണ്ടാകാൻ പോകുന്നില്ല. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതു

പോലെ അഴിമതി കൂടുതൽ വികേന്ദ്രീകരിക്കുകയാണ് ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്നത്. മദ്യത്തിന്റെ ഉപഭോഗം കേരളത്തിൽ ഉണ്ടാക്കുന്ന സാമൂഹ്യ പ്രശ്നങ്ങളെപ്പറ്റി നേരത്തെ വിശദീകരിക്കുകയുണ്ടായി. ഭരണ-പ്രതിപക്ഷഭേദമന്യേ ആ കാര്യങ്ങൾ അംഗീകരിക്കുകയുണ്ടായി. പക്ഷേ, അതൊരു യാഥാർത്ഥ്യമായി ഇപ്പോഴും നിൽക്കുകയാണ്. മദ്യം നിരോധിച്ചതുകൊണ്ട് മദ്യപാനം അവസാനിക്കുമെന്ന അഭിപ്രായക്കാരനല്ല ഞാൻ. മദ്യവർജ്ജനം തന്നെയാണ പരിഹാരമാർഗ്ഗം. മദ്യപാനത്തിനെതിരായി ശക്തമായ ബോധവൽക്കരണം ഉണ്ടാകണം. മദ്യത്തിന്റെ ഉപയോഗത്തിൽ പഞ്ചാബിനെ പിന്നിലാക്കി കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നുവെന്ന വാർത്ത അഭിമാനാർഹമായ കാര്യമല്ല. ഇതൊക്കെയാണെങ്കിൽപ്പോലും യു.ഡി.എഫ്-ഗവൺമെന്റിന്റെ ഭരണകാലത്ത് ഷാപ്പുകൾ അനുവദിക്കുന്നതിൽ ചില വ്യവസ്ഥകൾ കൊണ്ടുവന്നുവെന്നാണ് വളരെ പ്രധാനപ്പെട്ട കാര്യമായി പറയുന്നത്. പക്ഷേ, രണ്ട് വർഷം കൊണ്ട് 59 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുവെങ്കിലും 62 ഹോട്ടലുകൾക്ക് ലൈസൻസ് അനുവദിച്ചതായിട്ടാണ് മന്ത്രി രേഖാമൂലം നൽകിയിട്ടുള്ള മറുപടിയിൽ വ്യക്തമാക്കുന്നത്. 62 ഹോട്ടലുകളിൽ പുതുതായി ബാർ ലൈസൻസ് അനുവദിക്കുന്നു.

കേരളത്തെ സംബന്ധിച്ചിടത്തോളം എൽ.ഡി.എഫ്/യു.ഡി.എഫ്. ഗവൺമെന്റുകളുടെ വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് മദ്യത്തിൽ നിന്നുള്ള വരുമാനമാണ്. അത് സംസ്ഥാനത്തിന്റെ വരുമാനത്തെ നിർണ്ണയിക്കുന്നുവെന്നത് അഭിമാനാർഹമായ കാര്യമല്ല. എക്സൈസ് വകുപ്പ് മദ്യത്തിനെതിരായി പ്രചരണം നടത്തുമെന്ന് പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല. 25 ലക്ഷം രൂപ മുതൽ രണ്ട് കോടിയോളം രൂപ ഇതിനായി മാറ്റി വച്ചതുകൊണ്ട് മദ്യത്തി

നെതിരായിട്ടുള്ള പ്രചരണം ശക്തമായി നടത്താൻ കഴിയില്ല. മദ്യപാനം സമൂഹത്തെയും കുടുംബങ്ങളെയും ചെറുപ്പക്കാരെയും ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. അത് അവസാനിപ്പിക്കുന്നതിന് ഈ ഭേദഗതി കൊണ്ട് കഴിയില്ലെന്നാണ് എന്റെ നിരീക്ഷണം. ഈ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വ്യക്തികളെയും സഹായിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന ഒരു നിയമമാണിത്. നേരത്തെ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രോപ്പർട്ടി ടാക്സ് ചുമത്തിക്കൊണ്ടിരുന്നത്. വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പ്രോപ്പർട്ടി ടാക്സ് ചുമത്തുമ്പോൾ ഉണ്ടാകുന്ന അപാകതകളും അശാസ്ത്രീയതയും കണക്കിലെടുത്തുകൊണ്ടാണ് 2011-ൽ ഇതിനനുസൃതമയി ഒരു ചട്ടം കൊണ്ടുവന്നത്. പക്ഷേ ആ ചട്ടത്തിന് നിയമസാധുതയില്ലെന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും ശ്രീ. കെ. എം. മാണി അടക്കമുള്ള അന്നത്തെ പ്രതിപക്ഷനേതാക്കന്മാർ നിയമസഭയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെയാണ് 2011-ൽ ഒരു നിയമം കൊണ്ടുവന്നത്. പക്ഷേ, ആ നിയമത്തിലും ചില അപാകതകളുണ്ടായിരുന്നു. ആ അപാകതകൾ പരിഹരിക്കുക എന്നതൊഴിച്ചാൽ ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ മറ്റ് കാര്യങ്ങളൊന്നും നടന്നിട്ടില്ല. ഇപ്പോൾ പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പ്രോപ്പർട്ടി ടാക്സ് പിരിക്കാനാണ് തീരുമാനിക്കുന്നത്. 2011-ൽ ഉണ്ടാക്കിയ ആക്ടിന്റെ അടിസ്ഥാനത്തിൽ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി പ്രോപ്പർട്ടി ടാക്സ് പിരിക്കുന്നതിന് ചില അപാകതകൾ ഉണ്ടായിരുന്നു. അതിൽ ഒന്ന്

ലോക്കൽ ബോഡികളുടെ വരുമാനം കുറഞ്ഞിരുന്നു. മറ്റൊന്ന്, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ വാടകയ്ക്ക് ഒരു കെട്ടിടമെടുത്താൽ വാടകക്കാരൻ അതിൽ എന്തെങ്കിലും ഇന്റീരിയർ ഡെക്കറേഷൻ നടത്തിയാൽ അതായത് അവിടെ വുഡ് പാനലിംഗ് നടത്തുകയോ ടൈൽസ് ഇടുകയോ മോടിപിടിപ്പിക്കുകയോ ചെയ്താൽ സ്വാഭാവികമായി അതിന്റെ ടാക്സ് കൊടുക്കേണ്ടത് കെട്ടിട ഉടമസ്ഥനാണ്. അങ്ങനെയുള്ള ചില അപാകതകളുണ്ടായിരുന്നു. അത് അപ്രായോഗികമാണ്. അത്തരം അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവൺമെന്റിനും എല്ലാവർക്കും ലഭിച്ച ചില പരാതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിയമഭേദഗതി കൊണ്ടുവരണമെന്ന് ഗവൺമെന്റ് ആലോചിച്ചത്. .

നമുക്കറിയാം, ഇവിടെ 1,000 രൂപയ്ക്കോ 2,000 രൂപയ്ക്കോ വാടകയ്ക്ക് കെട്ടിടം എടുത്ത്  വാടകക്കാരൻ പണം മുടക്കി ഇന്റീരിയർ ഡെക്കറേഷൻ നടത്തി വീട് മോടിപിടിപ്പിക്കുമ്പോൾ ആ മോടി പിടിപ്പിക്കുന്നതിനനുസരിച്ച്...... എ.സി.വച്ചാലും വുഡ് പാനലിംഗ് നടത്തിയാലും ടൈൽസിട്ടാലും അന്ന് ടാക്സുണ്ടായിരുന്നു. സ്വാഭാവികമായും അതിന്റെ ഉടമസ്ഥന് ടാക്സ് കൊടുക്കുമ്പോൾ നഷ്ടം വരുന്നു. ഇത് അപ്രായോഗികമായ ഒന്നായിരുന്നു. അതുകൊണ്ടാണ് ഇപ്പോൾ അതൊക്കെ മാറ്റി ഇതിനൊരു ക്ലിപ്തതയുണ്ടാക്കി കുറച്ചുകൂടി സുതാര്യമാക്കിയത്. ഇതിന്റെ നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനുവേണ്ടി ഇപ്പോൾ സെൽഫ് ഡിക്ലറേഷനാണ് നൽകുന്നത്. നമുക്കുതന്നെ ഡിക്ലയർ ചെയ്യാം. അതിന്റെ അടിസ്ഥാനത്തിൽ 1993 മുതൽ പത്തിരുപത് വർഷക്കാലമുണ്ടായിരുന്ന അപ്രായോഗികമായ, അശാസ്ത്രീയമായ നടപടിക്രമങ്ങൾ മാറ്റി ദീർഘവീക്ഷണത്തോടുകൂടി, ശാസ്ത്രീയമായി പ്രോപ്പർട്ടി ടാക്സ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ചില നിബന്ധനകൾ ഏർപ്പെ

ടുത്തി. ഒരു സ്ക്വയർ ഫീറ്റിന് അഞ്ച് രൂപ മുതൽ 15 രൂപവരെ. അതിനൊരു വർദ്ധനവുണ്ടാകാം. വർദ്ധനവുണ്ടായാലും അഞ്ചുവർഷം അഞ്ചുശതമാനം വർദ്ധനവ്....... കൂടിവന്നാൽ 60 രൂപവരെ വർദ്ധനവുണ്ടാകത്തക്ക രീതിയിൽ വളരെ പ്രയോജനകരമായ ഒരു നിയമമാണ് ഇതിൽ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് പല മെച്ചങ്ങളുമുണ്ട്. ഒന്ന്, നമ്മുടെ സഹകരണ സ്ഥാപന ങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അഞ്ചുവർഷക്കാലത്തുള്ള വരുമാനമാർഗ്ഗത്തെക്കുറിച്ച് ഒരു ധാരണ കിട്ടും. അതനുസരിച്ച് അവരുടെ പദ്ധതികൾ ആവിഷ്കരിക്കുവാനും അവരുടെ വരുമാനം എന്താണെന്ന് മന സ്സിലാക്കി അത് ചെലവ് ചെയ്യാനും സാധിക്കും. നേരത്തെ ഈ ഭേദഗതിയില്ലാ ത്തതുകൊണ്ട് 2011-ൽ പാസ്സാക്കിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ പല മുനിസിപ്പാലിറ്റികൾക്കും ശമ്പളം കൊടുക്കുവാൻപോലും കാശുണ്ടായിരുന്നില്ല.

50 ലക്ഷം രൂപ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അൺടൈഡ് ഫണ്ട് കൊടുത്തു. കോടതിയിൽ ജീവനക്കാർ കൊടുത്തിരി ക്കുന്ന മുനിസിപ്പാലിറ്റികളുടെ കേസ്സുകൾക്ക് അനുകൂലമായി വിധിവന്ന് കണ്ടംപ്റ്റ് ഓഫ് കോർട്ടായിരിക്കുന്ന കാര്യങ്ങൾക്കുപോലും കൊടുത്ത് തീർക്കാൻ പറ്റാത്ത രീതിയിലായിലുന്നു ഈ 50 ലക്ഷം രൂപ. അപ്പോൾ സ്വാ ഭാവികമായും മുനിസിപ്പാലിറ്റികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കും വരുമാനം വർദ്ധിക്കണം. ഇന്ന് ആ വരുമാനം നമുക്ക് കൂട്ടുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് മാത്രമല്ല, വ്യക്തികൾക്കും ഇതിന്റെ അടിസ്ഥാനത്തിൽ പ്രയോജനം കിട്ടുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ വരുത്തിയിരിക്കുന്ന ഭേദഗ തികൾ സ്വാഗതാർഹമാണ്.

നേരത്തെ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പിന്നിൽ വിവേചനം ആവശ്യമില്ലായെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഈ ടാക്സിൽനിന്നും ഒഴിവാക്കുക. അതിൽ കൃത്രിമമോ അഴിമതിയോ തട്ടിപ്പോ നടക്കുന്നുണ്ടോയെന്ന് അന്വേഷിക്കാനുള്ള ക്രമീകരണത്തിനുവേണ്ടി എഫക്ടീവ് മെത്തേഡ്സ് നടപ്പാക്കേണ്ടത് ഗവൺമെന്റാണ്. അത് ഗവൺമെന്റ് നോക്കണം. സംസ്ഥാനത്ത് കുട്ടികൾ എയ്ഡഡ് സ്കൂളുകളിൽ മാത്രമല്ല പഠിക്കുന്നത്. എയ്ഡഡ് സ്കൂളുകളിൽ കാലാകാലങ്ങളായി കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. നമ്മുടെ ആരുടെയും കുറ്റംകൊണ്ടല്ല. ഇവിടെയുള്ള ആളുകൾപോലും കുട്ടികളെ അയയ്ക്കുന്നത് മറ്റ് പല സ്ഥാപനങ്ങളിലാണ്. അതുകൊണ്ടാണ് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പൊതുവെ കൊടുക്കുന്ന, മറ്റ് സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന ഇളവ് കൊടുക്കുന്നതുകൊണ്ട് അവർക്കും അതുപോലെ കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലിലുള്ള ആളുകൾക്കും ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. അത് കൊടുക്കണമെന്ന അഭിപ്രായമാണുള്ളത്.

മറ്റൊന്ന് അബ്കാരി മേഖലയാണ്. അബ്കാരി സ്ഥാപനങ്ങൾ സ്കൂളിനടുത്ത് പാടില്ല, അതിന് കൂടുതൽ ടാക്സ് ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളാണ് ഇന്ന് രാവിലെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി അവതരിപ്പിച്ച ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പലരും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വാർഷിക വാടകമൂല്യം (എ.ആർ.വി.) അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ടാക്സ് ചുമത്തിക്കൊണ്ടിരുന്നപ്പോൾ 800 ശതമാനമൊക്കെയാണ് ടാക്സ്

വന്നുകൊണ്ടിരുന്നത്. വളരെ അശാസ്ത്രീയമായിരുന്ന ടാക്സായിരുന്നു. അതുമാറ്റി പ്ലിന്റ് ഏരിയ അടിസ്ഥാനത്തിലാക്കി. പ്ലിന്റ് ഏരിയ അടിസ്ഥാനത്തി ലാക്കിയപ്പോൾ 2011-ൽ ഉണ്ടായിരുന്ന ചില അപ്രായോഗികതകളുണ്ടായിരു ന്നു. ആ അപ്രായോഗികതകൾ മാറ്റി കുറച്ചുകൂടി ശാസ്ത്രീയമായി ജന ങ്ങൾക്ക് പ്രചോദനം നൽകുന്ന......... നമ്മുടെ മുനിസിപ്പാലിറ്റികൾക്കും ഇതുകൊണ്ട് പ്രയോജനമുണ്ട്. അതുകൊണ്ട് മുനിസിപ്പാലിറ്റികളുടെ വരു മാനം കൂടുന്നു. അവർക്ക് കുറച്ചുകൂടി ദീർഘവീക്ഷണത്തോടുകൂടി അഞ്ചു വർഷക്കാലത്തേയ്ക്ക് അവരുടെ വരുമാനം ഇന്നതായിരിക്കും എന്നതിനെക്കുറിച്ച് ധാരണയുണ്ടാകും. അതുകഴിഞ്ഞാൽ എത്രമാത്രം വരു മാനം കിട്ടും. ഇത് ഗവൺമെന്റല്ല തീരുമാനിക്കുന്നത്. ഗവൺമെന്റ് ഒരു ഗൈഡ് ലൈൻ കൊടുത്തതിനുശേഷം ഓരോരോ മുനിസിപ്പാലിറ്റികളും എത്ര ശതമാനം ടാക്സ്..... അഞ്ച് രൂപയ്ക്കും 16 രൂപയ്ക്കുമിടയ്ക്കുള്ള ടാക്സ് തീരുമാനിക്കാനുള്ള ഉത്തരവാദിത്വവും അധികാരവും മുനിസിപ്പാലിറ്റുകൾക്കു ള്ളതുകൊണ്ട് ആ മുനിസിപ്പാലിറ്റികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്കും അവരുടെ വരുമാനത്തെക്കുറിച്ചും അവർക്ക് ലഭിക്കാൻ പോകുന്ന തിനെക്കുറിച്ചും ഒരു ധാരണയുണ്ട്. പല കെട്ടിടങ്ങൾക്കും അശാസ്ത്രീയ മായും അന്യായമായും ടാക്സ് ഏർപ്പെടുത്താറുണ്ട്. പലപ്പോഴും ഇതിനെക്കു റിച്ച് പരാതികൾ വരാറുണ്ട്. അന്യായമായി ടാക്സ് ഏർപ്പെടുത്തി ആളുകളെ ഹരാസ് ചെയ്യുന്ന ഒരു സമീപനം അറിഞ്ഞോ അറിയാതെയോ..... എല്ലാ ഉദ്ദേ ്യാഗസ്ഥൻമാരുമെന്ന് പറയുന്നില്ല...... നമ്മുടെ സമൂഹത്തിലുണ്ടായിരുന്നു. അതെല്ലാം മാറ്റി കുറച്ചുകൂടി ഒരു അടിസ്ഥാനമുണ്ടാക്കി ഇത്തരമൊരു ഭേദ ഗതി കൊണ്ടുവന്നതിന് ഞാൻ ഗവൺമെന്റിനെ അനുമോദിക്കുകയും എന്റെ ഭേദഗതി ഇവിടെ അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് ഞാൻ നിറുത്തുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ച എല്ലാവരോടും നന്ദി പറയുന്നു. രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കുവാനുള്ളത്. ശ്രീമതി ഇ. എസ്. ബിജിമോൾ സംസാരിച്ച പ്പോൾ ഈ ബിൽ ആരെയോ സഹായിക്കാനായി കൊണ്ടുവന്ന ബില്ലാണെ ന്നാണ് പറഞ്ഞത്. വാസ്തവത്തിൽ സഹായിക്കാൻ കൊണ്ടുവന്ന ബിൽ ത ന്നെയാണ്. മുനിസിപ്പാലിറ്റികളേയും പൊതുജനങ്ങളേയും സാധാരണക്കാ രേയും സഹായിക്കാനുള്ള ബില്ലാണ്. 2011-ലെ ബിൽ നിയമമാക്കിയപ്പോൾ ഒരാളും ടാക്സ് കൊടുത്തില്ല. എല്ലാവരും കോടതിയിൽ പോയി. കോടതി യിൽ പോയ ആളുകൾക്കൊക്കെ സ്റ്റേ കൊടുത്തു. അതിനുശേഷം അതിന് ടാക്സുമില്ല, ഇൻക്രീസുമില്ല, ഒന്നുമില്ല. എറണാകുളംപോലെയുള്ള കുറച്ച് മുനിസിപ്പാലിറ്റികളിൽ 2011-ലെ ഒറിജിനൽ നിയമപ്രകാരം ടാക്സ് ചാർജ് ചെയ്യുകയാണെങ്കിൽ അവർ ഇപ്പോൾ നൽകിയിരുന്ന ടാക്സിൽ എത്രയോ ശതമാനം കുറവായിരുന്നു. ഞങ്ങൾക്ക് കിട്ടുന്ന ടാക്സ് കുറവാണെന്ന് അവി ടത്തെ മുനിസിപ്പൽ ചെയർമാൻമാരും മേയർമാരുമെല്ലാവരും ബഹളമുണ്ടാ ക്കി. തിരുവനന്തപുരം, പാലക്കാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളിലൊക്കെ വളരെ വലിയ രീതിയിലുള്ള ഇൻക്രീസ്..... അതൊരിക്കലും കൃത്യമല്ല, ശാസ്ത്രീയമല്ലായെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇത് കൊണ്ടുവന്നിട്ടുള്ളത്.

അൺഎയ്ഡഡ് സ്ഥാപനങ്ങളിലെ നികുതി ഒഴിവാക്കുന്നതിനെപ്പറ്റി യാണ് എല്ലാവരും ഇവിടെ സംസാരിച്ചത്. സർക്കാരിൽനിന്ന് അനുമതി കിട്ടിയിട്ടുള്ള എയ്ഡഡ് അല്ലാത്ത സ്ഥാപനങ്ങളെല്ലാം സാമ്പത്തികമായി ഉയർന്നുനിൽക്കുന്ന അല്ലെങ്കിൽ അധികം ഫീസ് വാങ്ങുന്നവരല്ല. സാമുദാ

യിക സംഘടനകൾ നടത്തുന്നതുണ്ട്, യത്തീംഖാനകളുണ്ട്. അവിടെ പാവപ്പെട്ട കുട്ടികൾ പഠിക്കുന്നുണ്ട്. സാധാരണക്കാരായ ജനങ്ങളിൽനിന്നും പിരിവെടുത്തിട്ടാണ് അവിടെ പഠിപ്പിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, യത്തീംഖാനയൊക്കെ നടത്തുന്ന അൺഎയ്ഡഡ് കോളേജുകളുണ്ട്. അത് ഒഴിവാക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആദ്യം സ്കൂളിന്റെ കാര്യം നോക്കാം. കോളേജുകളുണ്ട്, സഹകരണ മേഖല നടത്തുന്ന കോളേജുകളുണ്ട്. അവരൊന്നും വലിയ ഫീസ് ചാർജ് ചെയ്യുന്നില്ല. അവരെയൊക്കെ സഹായിക്കേണ്ടതായിട്ടുണ്ട്. പക്ഷേ മുനിസിപ്പാലിറ്റിയുടേയും കോർപ്പറേഷന്റെയും സാമ്പത്തികസ്ഥിതികൂടി പരിശോധിക്കണം. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന അൺഎയ്ഡഡായിട്ടുള്ള കുറേയധികം സ്ഥാപനങ്ങളുണ്ട്. അമിതമായി ഫീസ് വാങ്ങുന്ന സ്ഥാപനങ്ങൾക്ക് എങ്ങനെയാണ് ടാക്സ് ഏർപ്പെടുത്താൻ സാധിക്കുകയെന്ന് സബ്ജക്ട് കമ്മിറ്റിയിൽ ആലോചിച്ച് വേണ്ടത് ചെയ്യാം. അബ്കാരി ലൈസൻസിന്റെ അധികാരം മുനിസിപ്പാലിറ്റികൾക്ക് കൊടുക്കണമെന്നാണ് ഒരു വിഭാഗം പറയുന്നത്. കൊടുക്കണ്ടായെന്നാണ് മറ്റൊരു വിഭാഗം പറയുന്നത്. മുനിസിപ്പാലിറ്റികൾക്ക് അധികാരം ധാരാളം കൊടുത്തുകൊണ്ടിരിക്കുകയാണ്. ലൈസൻസ് കൊടുക്കുവാനും മറ്റുമുള്ള കഴിവുകൾ മുനിസിപ്പാലിറ്റികൾക്കുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഇത് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിൽ ഇനി എന്തെങ്കിലും പ്രശ്നങ്ങൾ വരികയാണെങ്കിൽ അത് മാറ്റാം. പക്ഷേ ഇപ്പോൾ തൽക്കാലം മുനിസിപ്പാലിറ്റികളിൽത്തന്നെ ഇരിക്കട്ടെ എന്നാണ് ഇതിനെപ്പറ്റി പറയുവാനുള്ളത്. കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ മറ്റുള്ള കാര്യങ്ങൾ ചർച്ച ചെയ്യാം.

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ...........

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ......സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2013 ജൂൺ മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.30-ന് പിരിഞ്ഞു.)

***********